## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച:

ശ്രീ. എം.പി. അബ്ദു സമദ് സമദാനി: സർ, " 2015 മാർച്ച് 6-ാം തീയതി ആദരണീയനായ ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു."

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

(സർവ്വശ്രീ. സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, മുല്ലക്കര രത്നാകരൻ, കെ. രാജു, കെ. അജിത്, ഇ. കെ. വിജയൻ, വി. ശശി, കെ. വി. അബ്ദുൾ ഖാദർ, എ. എം. ആരിഫ്, ബാബു എം. പാലിശ്ശേരി, എ. കെ. ബാലൻ, എം. ചന്ദ്രൻ, കെ. ദാസൻ, ബി. ഡി. ദേവസ്സി, പി. കെ. ഗുരുദാസൻ, എം. ഹംസ, ജെയിംസ് മാത്യു, കെ. കെ. ജയചന്ദ്രൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കെ. നാരായണൻ, എ. പ്രദീപ്കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, റ്റി.വി. രാജേഷ്, രാജു എബ്രഹാം, സാജു പോൾ, എസ്. ശർമ്മ, ബി. സത്യൻ, പി. ശ്രീരാമകൃഷ്ണൻ,

ജി. സുധാകരൻ, കെ. വി. വിജയദാസ്, ശ്രീമതിമാർ ഗീതാ ഗോപി, കെ. കെ. ലതിക, കെ. എസ്. സലീഖ,)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയ അവതാരകനായ ശ്രീ. എം. പി. അബ്ദു സമദ് സമദാനിക്ക് സംസാരിക്കാം. അതിനുമുമ്പ് ചെയർ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. സാധാരണ ഉള്ളതുപോലെ ഇന്ന് 3 മണിക്കൂർ ഡിസ്കഷൻ അല്ല. ഇന്നലത്തെ ബി.എ.സി. തീരുമാനമനുസരിച്ച് 6 മണിക്കൂർ ഡിസ്കഷനാണ്. വളരെ സമയമെടുക്കും. അതുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ കൃത്യസമയം പാലിക്കണം. എന്നാൽ മാത്രമേ ഇന്ന് രാത്രി അവസാനിപ്പിക്കാൻ പറ്റൂ എന്നതാണ് ഒരു കാര്യം. രണ്ട്, ഇപ്പോൾ ആരംഭിക്കുന്ന ഡിസ്കഷൻ 1.30-ന് അവസാനിപ്പിച്ച് ഒരു മണിക്കൂർ ഉച്ചഭക്ഷണത്തിനായ് പിരിയുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് വീണ്ടും സഭ 2.30-ന് ആരംഭിക്കും. അംഗങ്ങൾ ദയവായി കൃത്യസമയം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: സർ, ആദരണീയനായ ഗവർണ്ണർ ശോഭനമായ ഒരു ഭരണകൂടത്തിന്റെ ശോഭനമായ ഒരു പ്രതിനിധാനമാണ് തന്റെ പ്രഭാഷണത്തിലൂടെ ഈ മഹത്തായ സഭയിൽ നിർവ്വഹിക്കുകയുണ്ടായത്. സാമൂഹികമായി വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ച ഈ സർക്കാർ അതിന്റെ നാല്

വർഷം പിന്നിട്ട് അവസാനത്തെ വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഗവർണ്ണർ നടത്തിയ പ്രസംഗവും അതോടൊപ്പംതന്നെ മറ്റൊരു നാഴികക്കല്ലുപോലെ നമ്മെ വിഷാദത്തിലേയ്ക്ക് നയിച്ച മുൻസ്പീക്കറുടെ നിര്യാണവും ഈയവസരത്തിൽ എല്ലാവരുടെയും മനോമുകുരത്തിൽ ഉള്ള കാര്യമാണ്. ഈ സഭയുടെയും കേരള രാഷ്ട്രീയത്തിന്റെയും കാർത്തിക നക്ഷത്രം പോലെ നാല് വർഷം ഈ സഭയുടെ അമരത്തും നാല് പതിറ്റാണ്ടോളം കേരളത്തിലെ പൊതുപ്രവർത്തനത്തിലും നിറസാന്നിദ്ധ്യമായി നിന്ന അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാടിലുള്ള വിഷാദം ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ പ്രകടിപ്പിച്ച വാക്കുകളോട് ചേർന്നുനിന്നുകൊണ്ട് ഞാൻ ഹൃദയപൂർവ്വം ഇവിടെ പ്രത്യേകം രേഖപ്പെടുത്താനുംകൂടി ഈയവസരം ഉപയോഗപ്പെടുത്തുകയാണ്.

ഗവർണ്ണറുടെ പ്രസംഗത്തിൽ ഈ ഗവൺമെന്റിന്റെ ഒട്ടേറെ നേട്ടങ്ങളിലേക്ക് വെളിച്ചംവീശി, നാല് വർഷം കഴിഞ്ഞ് പുതിയൊരു വർഷത്തിലേയ്ക്ക് കുതിക്കാൻവേണ്ടി ഈ സർക്കാർ ഒരുങ്ങി നില്ക്കുമ്പോൾ ഭൂതകാലം തിളക്കമുള്ളതാണ്, ശോഭനമായ ഭാവിയുടെ ചക്രവാളവും അപ്രകാരം തന്നെയാണ്. ആ ചക്രവാളത്തിലേയ്ക്ക് പുതിയ പക്ഷങ്ങളുയർത്തി പറക്കുന്ന രാജാളി പക്ഷിയുടെ എല്ലാവിധ ആരോഹണ വ്യഗ്രതയോടുമാണ് ഈ സർക്കാർ അതിന്റെ അവസാന

വർഷത്തേയ്ക്ക് പ്രവേശിക്കുന്നത് എന്നു പറയുന്നതിൽ അഭിമാനമുണ്ട്. ഐ.ടി. സാക്ഷരതയിൽ ഒന്നാം സ്ഥാനം ഈ സംസ്ഥാനം ആർജ്ജിച്ചു. ഇലക്ട്രോണിക് യുഗത്തിലേയ്ക്ക് കേരളത്തെ നയിച്ച ഗവൺമെന്റ് എന്ന ബഹുമതിയാണ് ഈ സർക്കാരിനെ നാളെ ചരിത്രകാരൻ രേഖപ്പെടുത്താനിരിക്കുന്നത്, അതൊരു യുഗപ്പകർച്ചയാണ്. ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേയ്ക്കുള്ള ധന്യമായ സൗഭാഗ്യ സമ്പൂർണ്ണമായിട്ടുള്ള പ്രവേശനമാണ്. അതോടൊപ്പംതന്നെ പശ്ചിമഘട്ട മലനിരകളിൽ പ്രധാനപ്പെട്ട പല പ്രദേശങ്ങൾക്കും ലോകപൈതൃക പദവി, സ്മാർട്ട് സിറ്റി അനങ്ങാതെ കിടന്നിടത്തുനിന്ന് ജീവൻവച്ച് അത് മുന്നോട്ട് കുതിക്കാൻ തുടങ്ങി. ക്രമസമാധാന പാലന മേഖലയിൽ വളരെ വലിയ നേട്ടങ്ങളുണ്ടാക്കി. ചൂഷണം നടത്തി വന്ന ആളുകളുടെ പുലിമടകളിലേയ്ക്ക് 'ഓപ്പറേഷൻ കുബേര' പോലുള്ള വലിയ സംവിധാനങ്ങളിലൂടെ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ നടപടികളുടെ ഫലമായി കടന്നു ചെല്ലാൻ സാധിച്ചു. യുവാക്കളെ സംരംഭകരാക്കി, കേരളീയ സമൂഹത്തിന് പേടി സ്വപ്നമായിരുന്ന ലോട്ടറി - അതിന് മാനുഷിക മുഖം നല്കി. കാരുണ്യ ലോട്ടറിയുടേതുപോലെ എപ്പോഴും പാവങ്ങളോടൊപ്പം നില്ക്കുന്ന രാഷ്ട്രീയത്തെയാണ് ഇനിയുള്ള കാലം ആളുകൾ പിന്തുണയ്ക്കുക. വലിയ മാറ്റമാണ് രാഷ്ട്രീയത്തിൽ സംഭവിച്ചു

കൊണ്ടിരിക്കുന്നത് എന്നത് ഞാൻ ഈ മഹോന്നതമായ സഭയിൽ ഇത്രയും പ്രബുദ്ധരായിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്കു മുമ്പിൽ പറയുന്നത് അനുചിതമായിരിക്കും. പക്ഷെ രാഷ്ട്രീയത്തിലെ ചലനവേഗങ്ങളെക്കുറിച്ച് നമ്മളൊക്കെ വളരെ ബോധവാന്മാരാണ്. കൃഷിക്ക് നല്കിയ ഊന്നൽ, ജൈവ കൃഷി, നീരയുടെ ഉല്പാദനം, വിദേശ രാജ്യങ്ങളിലെ ആഭ്യന്തര നടപടികളിൽപ്പെട്ട് വിഷമിച്ച പ്രവാസികൾക്ക് നല്കിയ സുരക്ഷാ നടപടികൾ, നിതാഖാത്ത് അടക്കം സേവനാവകാശനിയമം, ഭൂരഹിതരില്ലാത്ത കേരളം, റോഡ് വികസനം ഇതൊക്കെയായി എന്നല്ല ഞാൻ പറയുന്നത്. ഇതെല്ലാം വലിയ കാൽ വെയ്പു കളാണ്. ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. റോഡുവികസനത്തിൽ സംഭവിച്ചിട്ടുള്ള അദ്ഭുതപൂർവ്വമായിട്ടുള്ള മാറ്റം - 1204 കിലോമീറ്റർ രാജ്യാന്തര നിലവാരത്തിലേയ്ക്കുയർത്താൻ 5100 കോടിരൂപയുടെ സമഗ്ര പദ്ധതി, മൂന്ന് സ്ഥലങ്ങളിൽ മെഡിക്കൽ കോളേജുകൾ തുടങ്ങി. 10-30 വർഷങ്ങൾക്കു മുമ്പാണ് കേരളത്തിൽ മെഡിക്കൽ കോളേജ് എന്ന ആശയം ഉണ്ടായിരുന്നത്. മെഡിക്കൽ കോളേജ് എന്നുപറയുമ്പോൾ മെഡിക്കൽ വിദ്യാഭ്യാസത്തെ പൊതുമേഖലയിലേയ്ക്ക് കൊണ്ടുവരുന്നുവെന്ന വളരെ വിപ്ലവകരമായൊരു കാഴ്ചപ്പാട് അതിന്റെ ഉള്ളടക്കമായിട്ടുണ്ട്. അതോടൊപ്പം സാധാരണക്കാർക്ക് സൗജന്യമായി ചികിത്സ

ലഭിക്കുന്നുവെന്നുള്ളതുകൊണ്ട് കാരുണ്യത്തിന്റെ ഇരട്ടത്തലകളുള്ള സംവിധാനമാണ് മെഡിക്കൽകോളേജിലൂടെ വന്നത്. സർക്കാരിന്റെ ഈ നടപടികളിൽ ഇതിനൊക്കെയുള്ള വകുപ്പുണ്ടോ ഇല്ലയോ എന്നുള്ള വിമർശനങ്ങൾ സ്വാഭാവികമായും പല തലത്തിൽനിന്നും ഉയർന്നുവന്നിരുന്നു. സൗകര്യമില്ലാത്തിടത്ത് മെഡിക്കൽ കോളേജ് തുടങ്ങുകയാണോ എന്ന ആശങ്കയുണ്ടായിരുന്നു. ആശങ്ക പ്രകടിപ്പിച്ചത് തെറ്റാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ഈ മെഡിക്കൽ കോളേജുകളൊക്കെ വലിയ പ്രതീക്ഷ ഉയർത്തി. ഈ സഭ അറിയണം, ഇക്കഴിഞ്ഞ ഒന്നാം വർഷ എം.ബി.ബി.എസ്. പരീക്ഷയ്ക്ക് 93 ശതമാനം വിജയം നേടിക്കൊണ്ട് കേരളത്തിലെ സകല മെഡിക്കൽ കോളേജുകളെയും മഞ്ചേരി മെഡിക്കൽ കോളേജ് പിറകിലാക്കി. ഈ സർക്കാരിന്റെ കാഴ്ചപ്പാടിന്റെ കൂടെ യുവതലമുറയുടെ സ്വപ്നങ്ങളോടൊപ്പം, അഭീഷ്ടങ്ങളോടൊപ്പം ചെറുപ്പക്കാർ എങ്ങനെ ചിന്തിക്കുന്നുവെന്ന് നോക്കി അതിനോടൊപ്പം പറക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. **'മുഹബത്ത് മുഝേ ഉൻ ജവാനോം സേ ഹെ. സിതാരോം പെ ജോ ഡാൽത്തെ ഹെ കമന്ത്'** (ആകാശത്തിലെ നക്ഷത്രങ്ങളെ വേട്ടയാടി പിടിക്കുന്ന ചെറുപ്പക്കാരോടാണെനിക്കിഷ്ടം. ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലും വേട്ടയാടി പിടിക്കാൻ തുനിയുന്ന പുതിയ യൗവനം). ആ യുവകേരളത്തിന്റെ

സ്വപ്നസാക്ഷാത്ക്കാരങ്ങളോട് ബന്ധപ്പെട്ടുനിൽക്കാത്ത ഒരു രാഷ്ട്രീയ സംവിധാനത്തിനും ഇനി കേരളത്തിലും ഇന്ത്യയിലും മറ്റെവിടെയും പിടിച്ചുനിൽക്കാൻ കഴിയില്ല. അവരെ കുറ്റപ്പെടുത്തി തടിതപ്പാൻ എളുപ്പമാണ്. ചെറുപ്പക്കാർ അങ്ങനെയാണ്. പുതിയ പരിവർത്തനത്തിന്റെ അലകളോടൊപ്പം സഞ്ചരിക്കാനും പാരമ്പര്യത്തിലെ നന്മകളെ അതോടൊപ്പം പരിരംഭണം ചെയ്യാനുമുള്ള വളരെ കടുത്ത പ്രതിസന്ധിയാണ് പുതിയ രാഷ്ട്രീയ പ്രവർത്തകരെ കാത്തിരിക്കുന്നത്. അതോടൊപ്പം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ഇന്നൊവേഷൻ കൗൺസിൽ, വൈദ്യുതി രംഗത്തും സൗരോർജ്ജ ഉല്പാദനത്തിലും ഉണ്ടായിട്ടുള്ള വലിയ മാറ്റങ്ങൾ, താലൂക്കുകൾ, സാമൂഹ്യനീതി വകുപ്പിൽ സാധാരണക്കാരെ സഹായിക്കാൻ സാംസ്ക്കാരിക വകുപ്പിൽ നിശ്ശബ്ദമായി നടത്തിയിട്ടുള്ള കേരളീയ സംസ്ക്കാരത്തിന്റെ സാഹിത്യത്തിന്റെ പരിപോഷണത്തിന് ഉതകുന്ന നടപടികൾ, സ്പോർട്സ് - വിവാദങ്ങളും നേട്ടങ്ങളും അതിന്റെ വഴിക്കുനടക്കും. നാഷണൽ ഗെയിംസ് നടന്നപ്പോൾ വിവാദങ്ങളുണ്ടായി. പക്ഷെ കേരളത്തിന് സ്പോർട്സിൽ തിളക്കമുള്ള നേട്ടങ്ങളുണ്ടായി. അവിടെ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ചെറുപ്പക്കാരുടെ പ്രതീക്ഷകളെ സർക്കാരിന് സാക്ഷാത്ക്കരിക്കാൻ സാധിച്ചു. ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപ നിരക്കിൽ

25 കിലോ അരിയും 2 രൂപ നിരക്കിൽ ഗോതമ്പും നൽകി. മലയാളം സർവ്വകലാശാല കൊണ്ടുവന്ന അതേ സർക്കാർ തന്നെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് സർവകലാശാല കേരളത്തിൽ കൊണ്ടുവന്നു. ഇതെല്ലാം അടിവരയിട്ടു പറയേണ്ട കാര്യങ്ങളാണ്. സമയപരിമിതികൊണ്ട് ഞാൻ ഇതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ മുതിരുന്നില്ല. മലയാളം സർവകലാശാലയെന്നു പറയുമ്പോൾ, സർവകലാശാലയല്ല, സ്വന്തം മാതൃഭാഷയോട് അവജ്ഞ തോന്നിത്തുടങ്ങിയ ഒരു സമൂഹത്തിൽ, ആ മാതൃഭാഷയുടെ അഭിമാനത്തിന്റെ വെന്നിക്കൊടി ഉയരത്തിൽ പറപ്പിക്കുകയാണ്. ഞാൻ പൂന്താനം ദിനാഘോഷത്തിൽ പങ്കെടുക്കാൻ കഴിഞ്ഞ ആഴ്ച മലയാളം സർവ്വകലാശാലയിൽ പോയിരുന്നു. അവിടെയുണ്ടായിട്ടുള്ള ഗവേഷണങ്ങളും പ്രവർത്തനങ്ങളും അക്കാദമിക അന്തരീക്ഷത്തിന്റെ നറുമണവും ഏതൊരു വിജ്ഞാന സ്നേഹിയെയും ഏതൊരു മാതൃഭാഷാകുതുകിയെയും വളരെയേറെ അഭിമാനംകൊള്ളിക്കുന്ന അന്തരീക്ഷമാണ് അവിടെ കാണാൻ സാധിച്ചത്. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതും, പരിസ്ഥിതിക്കുകൊടുത്ത ഊന്നൽ, പുകക്കുഴലില്ലാത്ത വ്യവസായമാണ് കൊണ്ടുവരിക എന്ന് പ്രഖ്യാപിക്കാൻ ഒരു വ്യവസായമന്ത്രി കാട്ടിയ ധൈര്യവുമെല്ലാം ചരിത്രത്തിലെ രേഖകളാണ്. അതോടൊപ്പം തൊഴിൽ വകുപ്പിൽ ഉണ്ടായിട്ടുള്ള

മാറ്റങ്ങൾ, ഇന്ത്യ സന്ദർശിക്കുന്ന അമേരിക്കൻ പ്രസിഡന്റ് ശ്രീ. ഒബാമയുടെ പ്രസംഗത്തിൽപോലും ആകെ പരാമർശിക്കുന്ന വളരെ പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് കേരളത്തിലെ കായലോരങ്ങളെക്കുറിച്ചാണ്. നഗരക്ഷേമ വകുപ്പിൽ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന്റെ മേഖലയിൽ, റവന്യൂ മേഖലയിൽ പോക്കുവരവ് അന്നുതന്നെ തീർത്ത് രജിസ്റ്റർ ചെയ്യുന്ന ആധാരത്തിന് പട്ടയം നൽകാനുള്ള നടപടികൾ അങ്ങനെ ഒരുപാട് കാര്യങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ, കേരളത്തെ ആഗോളവ്യാപാര കേന്ദ്രമാക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. റിസൾട്ട് ഓറിയന്റഡ് ആയിട്ടുള്ള ഒരു അഡ്മിനിസ്ട്രേഷനാണ് ഈ ഗവൺമെന്റ് നാല് കൊല്ലം ഇവിടെ കാഴ്ചവച്ചത് എന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. രാഷ്ട്രീയത്തെപ്പറ്റി വളരെ പ്രധാനപ്പെട്ടൊരു നിർവ്വചനം ഉണ്ട്: 'Politics is the art of making results' (ഫലങ്ങളുണ്ടാക്കുന്ന ഒരു കലയാണ് രാഷ്ട്രീയം). ഫലങ്ങൾ സൃഷ്ടിക്കണം. നിഷേധാത്മകത രാഷ്ട്രീയത്തിന്റെ ഒരു ഉള്ളടക്കമായി അധികകാലം കൊണ്ടുനടക്കാൻ കഴിയില്ല. രാഷ്ട്രീയം രാഷ്ട്രീയമാകുന്നത് അതിന്റെ ഫലസിദ്ധിയുടെ ഉരക്കല്ലിൽവച്ച് അതിനെ പരിശോധിക്കുമ്പോൾ അതിനുള്ള തിളക്കത്തിന്റെ അടിസ്ഥാനത്തിലാണ്. 4 കൊല്ലത്തെ ഈ ഗവൺമെന്റിന്റെ ഫലസിദ്ധിയെക്കുറിച്ച് ഓർക്കുമ്പോൾ, ഞാൻ

കവിയെ ഓർക്കുന്നു. **മേലാൽ ഇബാസ് ദേഖ് കേ കുഛ് ഫയ്സല ന കർ** (പുറത്തുള്ള അടയാളങ്ങൾ നോക്കിയിട്ട് തീരുമാനം എടുക്കരുത്). '**മൈം കോൻസാ ദരഖ്ത് ഹ്ഹും യെ ഫൽ ബതായേഗാ'** (ഏത് മരമാണ് എന്ന് അതിൽ കായ്ക്കുന്ന കനി കണ്ടിട്ടുവേണം മനസ്സിലാക്കാൻ). ചക്ക കണ്ടിട്ടുവേണം പ്ലാവാണെന്നും മാമ്പഴം കണ്ടിട്ടുവേണം മാവാണെന്നും മനസ്സിലാക്കാൻ. തീർച്ചയായും ശ്രീ. ഉമ്മൻചാണ്ടി നേതൃത്വം കൊടുക്കുന്ന സർക്കാർ അതിന്റെ ഫലങ്ങളിലൂടെ നാളെ അറിയപ്പെടാൻ പോകുന്ന സർക്കാരാണെന്ന് ഭാവിയിലേയ്ക്ക് നോക്കിക്കൊണ്ട് പറയാൻ അഭിമാനമുണ്ട്. പരിവർത്തനത്തിന്റെ, വികസനത്തിന്റെ, വളർച്ചയുടെ ഒരു വലിയ ട്രാക്ക് റിക്കോർഡാണ് ആണ് ഇവിടെ സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളത്. സാധാരണക്കാരന് ആനുകൂല്യം കൊടുത്ത സർക്കാരാണ്. സാധാരണക്കാരന് ആനുകൂല്യമെന്ന് പറയുമ്പോൾ, ഒരു മലയാളിക്ക് ഏതെങ്കിലും രീതിയിൽ ഒരു ആനുകൂല്യം ഈ സർക്കാരിൽനിന്ന് കിട്ടിയിട്ടുണ്ടാകും. തല മൊട്ടയടിച്ച് ക്യാൻസറിന്റെ ശസ്ത്രക്രിയയ്ക്ക് ചിത്ര ഹോസ്പിറ്റലിലേയ്ക്കോമറ്റോ പോകുന്ന എത്രയോ കുഞ്ഞുങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. അവരുടെ അച്ഛനും അമ്മയ്ക്കും നിവൃത്തിയില്ല. അപ്പോഴാണ് കാരുണ്യ ലോട്ടറി വരുന്നത്. അതിനോട് അഭിപ്രായവ്യത്യാസം ആർക്കുമില്ല. ഒരുപാട് കുഞ്ഞുങ്ങളുടെ രോഗം മാറ്റിക്കൊടുത്ത ഒരു

സംവിധാനമാണത്. ലോട്ടറിക്ക് അങ്ങനെയൊരു മുഖം നൽകപ്പെട്ടു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഈ മുഖ്യമന്ത്രിയുടെ നയം തീർച്ചയായും സാധാരണക്കാരനോടൊത്ത് സഞ്ചരിക്കുന്നതാണ്. ജനത്തോടുള്ള സാമീപ്യ സമ്പർക്ക സൗഭാഗ്യത്തെ തന്റെ രാഷ്ട്രീയത്തിന്റെ ഉള്ളടക്കമാക്കി മാറ്റാൻ കഴിഞ്ഞ മുഖ്യമന്ത്രിയാണ് ഈ ഗവൺമെന്റിന് നേതൃത്വംകൊടുത്തത്. 4 കൊല്ലം വളരെ വിവാദങ്ങളും പ്രശ്നങ്ങളും പ്രയാസങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട്. വലിയ വലിയ പ്രയാസങ്ങൾക്കിടയിലൂടെയുള്ള നേട്ടങ്ങളാണ് ഈ ഗവൺമെന്റിന്റെ തിളക്കം കൂട്ടുന്നത്. ഈ നേട്ടങ്ങളുടെ പൊലിമ വർദ്ധിപ്പിക്കുന്നത്, ആ പ്രാതികൂല്യങ്ങളുടെ അലമാലകളെ ഭേദിച്ചുകൊണ്ടുള്ളതാണത്. തിരമാലയിൽ മുങ്ങാതെ ആ തിരമാലകളിലൂടെ രക്ഷപ്പെട്ടുപോകുന്നതല്ല വൈദഗ്ദ്ധ്യമെന്നു പറയുന്നത്. തിരമാലകളിൽ മുങ്ങി ഉണർന്ന് എഴുന്നേറ്റുവരുന്നതാണ് വൈദഗ്ദ്ധ്യമെന്നുപറയുന്നത്. ആ തിരമാലകളിൽ മുങ്ങി എഴുന്നേറ്റുവരണം. **തൂഫാൻ കിസ് സിദ് സേ ബച് കേ ഗുസർനാ നഹീ കമാൽ** തിരമാലകളിൽപെട്ടിട്ട് രക്ഷപ്പെട്ട് വരുന്നതല്ല വൈദഗ്ദ്ധ്യം. **മോജോം മെ ഗറക് ഹോകെ** തിരമാലകളിൽ മുങ്ങി **ഉഭർനാ കമാൽ ഹെ** ഉടനെ തലയുയർത്തി പൊങ്ങി വരണം. അങ്ങനെ വരുന്നതാണ് വൈദഗ്ദ്ധ്യമെങ്കിൽ നാല് കൊല്ലം ആ സമർദ്ധമായ രാഷ്ട്രീയമാണ് ഒരു സമർത്ഥനായ

കപ്പിത്താന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് പറയുന്നതിലും അഭിമാനമുണ്ട്. രാഷ്ട്രീയത്തിൽ മാറ്റങ്ങളൊക്കെ ഉണ്ടാകും. ഓരോ പാർട്ടികൾക്കും മാറ്റങ്ങൾവരുന്നു. കേരള രാഷ്ട്രീയം ഇന്നൊരു പ്രത്യേക സന്ധിയിലാണ്. അഖിലേന്ത്യാ രാഷ്ട്രീയം മാറി മറിഞ്ഞുവരുമ്പോൾ അതിനനുസരിച്ചുള്ള മാറ്റങ്ങൾ ജനങ്ങൾ തന്നെ കൊണ്ടുവരും. ലോകത്തിന്റെ 6/1 കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഭരിച്ച കാലമുണ്ടായിരുന്നു. ഇന്ന് അങ്ങനെയല്ല എങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടി നശിച്ചതിൽ നമ്മളാരും സന്തോഷിക്കുന്നില്ല. മാത്രവുമല്ല കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ തകർച്ചയാണ് ലോകത്തെ ഇന്നത്തെ നിർഭാഗ്യമായ ഏകധ്രുവലോകത്തിലേക്ക് നയിച്ച ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്ന് ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. അതുകൊണ്ട് അതിലൊന്നും സന്തോഷിക്കുന്നവരല്ല നമ്മൾ. പക്ഷേ ലോകത്ത് ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുമ്പോൾ അതിനെ ഉൾക്കൊള്ളാൻ ജനംതന്നെ സജ്ജരാകുന്നുണ്ടെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ആ ജനത്തിന്റെ സന്നദ്ധതയാണ് ലോകത്ത് കാണാൻ സാധിക്കുന്നത്. ഇന്ത്യാ രാജ്യത്ത് 2015 ജനുവരി 21 മുതൽ 25 വരെ സ്വിറ്റ്സർലണ്ടിലെ ദാവോസ് (Davos)-ൽ നടന്ന ലോക സാമ്പത്തിക ഉച്ചകോടിക്ക് തൊട്ടുമുമ്പ് ഓക്സ്ഫോഡ് ചാരിറ്റി എന്ന സംഘടന പുറത്തുവിട്ട കണക്കുണ്ട്. ഞെട്ടിപ്പിക്കുന്ന സാമ്പത്തിക

അസമത്വങ്ങളാണ് ലോകത്ത് നടക്കുന്നത്. 2009-ൽ 44 ശതമാനമാണ് മുതലാളിമാർ ലോകത്ത് വർദ്ധിച്ചതെങ്കിൽ 2014 ആയപ്പോൾ 48 ശതമാനമായി. 2015-ൽ ഇത് 50 ശതമാനം കവിയുമെന്നാണ് കണക്കാക്കുന്നത്. ലോകത്ത് സാമ്പത്തിക മാന്ദ്യമാണ്. ഇത് കണ്ടിട്ടുവേണം ഈ കുളത്തിലിറങ്ങാനും നൗകയെ മുന്നോട്ട് കൊണ്ടുപോകാനും. അതിന് സാധിച്ചില്ലെങ്കിൽ, രാഷ്ട്രീയ പാർട്ടികൾക്കും സർക്കാരുകൾക്കും എല്ലാവർക്കും മുമ്പിലുള്ള വലിയ ഭീഷണിയാണിത്. ഇന്ത്യയിലും ഇത് വലിയൊരു കാലാവസ്ഥയാണ് സൃഷ്ടിക്കുന്നത്. അതിനനുസരിച്ച് നിൽക്കാൻ സാധിക്കണം. കോർപ്പറേറ്റ് വൽക്കരിക്കപ്പെട്ട ഭരണകൂടങ്ങൾ, ഭരണാധികാരികൾ തന്നെ മുതലാളിമാർ ആകുന്ന ദുരവസ്ഥ! സോവിയറ്റ് റഷ്യയുടെ ഭരണാധികാരിയായ വ്ലാഡ്മിർ പുടിന്റെ വരുമാനത്തിന്റെ കണക്ക് കേട്ടാൽ ഞെട്ടിപ്പോകും. ഭരണാധികാരി അത്ര വലിയ മുതലാളിയായി മാറുകയാണ്. ആ രീതിയിലുള്ള കോർപ്പറേറ്റ് വൽക്കരണം വരികയും, പാവപ്പെട്ട ജനം പുറന്തള്ളപ്പെടേണ്ട ഒരു അധികപ്പറ്റ് - 'Excess disposablility'- ആ പദം പ്രയോഗിച്ചിട്ടുള്ളത് കനേഡിയൻ സാംസ്കാരിക നിരൂപകനായ വെരിയർ എൽവിൻ ആണ്. ജനത്തെ ഒരു അധികപ്പറ്റായി കാണുമ്പോൾ ജനം തന്നെ രാഷ്ട്രീയത്തെ തിരുത്തും. ഡൽഹിയിൽ മാറ്റം ഉണ്ടായി. രണ്ടുവർഷം മുൻപ് ആം ആദ്മി പാർട്ടി ആദ്യമായി വന്നപ്പോൾ

നാളെ വരാൻ പോകുന്ന രാഷ്ട്രീയത്തിന്റെ ചൂണ്ടുപലകയാണ് അതെന്ന് മാതൃഭൂമിയിൽ ഒരു ലേഖനം ഞാൻ എഴുതിയിരുന്നു. ഇത്ര വലിയ പ്രാധാന്യം അതിന് നൽകണമോയെന്ന് ചിലർ എന്നോട് ചോദിച്ചു. പാർട്ടിയല്ല ജനങ്ങളുടെ ഉള്ളിലുണ്ടാകുന്ന ഒരു വികാരമാണ് പ്രശ്നം. സാധാരണക്കാരനെ Excess ആയി കാണുമ്പോൾ ഏത് തലത്തിൽ നിന്നാണെങ്കിലും അതിനെ ജനം തിരുത്തും. ഏതൊരു മഹാത്മാഗാന്ധിയെ യാണോ ഇന്ന് ഇന്ത്യയുടെ മുഖ്യധാരയിൽ നിന്നും പുറന്തള്ളാൻ ശ്രമിക്കുന്നത് ആ ഗാന്ധിയുടെ തിരിച്ചുവരവാണ് ഡൽഹിയിലെ തെരഞ്ഞെടുപ്പ് ഫലം കാണിക്കുന്ന തെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ രാഷ്ട്രീയമാണ് ഇന്ത്യയിൽ നിത്യവും പ്രസക്തമായി വരുന്നത്. പാർട്ടിയല്ല പ്രശ്നം ജനങ്ങളുടെ വികാരമാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ പ്രതിസന്ധിയുടെ മുൻപിൽ ഗാന്ധിജിയും നെഹ്റുവും നിൽക്കുന്നു. അവരുടെ കാഴ്ചപ്പാടുകൾ ഇന്ത്യാ രാജ്യത്ത് ചോദ്യം ചെയ്യപ്പെടുന്ന ഒരു അവസ്ഥയിലേയ്ക്ക് പോകുമ്പോൾ രാഷ്ട്രീയപാർട്ടികളുടെ ഉത്തരവാദിത്തം വർദ്ധിക്കുകയാണ്. അവരുടെ ആശയങ്ങളുടെ സമന്വയം ഉൾക്കൊണ്ടുകൊണ്ട് ഇന്ത്യയ്ക്ക് മുന്നോട്ട് പോകാൻ കഴിയണം. ആ രണ്ടുപേരെ മാറ്റി നിർത്തിക്കൊണ്ട് ഇന്ത്യക്ക് മുന്നോട്ട് പോകാൻ ഒരിക്കലും സാധിക്കുകയില്ല. ഇവർക്ക് രണ്ടു പേർക്കും ഒരേ കാഴ്ചപ്പാട് ആയിരുന്നില്ല. ഗാന്ധിജി

ഒരു അടിയുറച്ച മതവിശ്വാസിയായിരുന്നു. നെഹ്റു ആജ്ഞേയവാദിയായിരുന്നു. ഗാന്ധിജി ഏറെ പ്രാധാന്യം നൽകിയത് ഗ്രാമങ്ങൾക്കായിരുന്നു, നെഹ്റു അങ്ങനെയായിരുന്നില്ല, അദ്ദേഹം ഏറെക്കുറെ നഗരങ്ങളുടെ കാര്യങ്ങളിൽ താൽപ്പര്യമെടുത്ത ആളായിരുന്നു. കുടുംബാസൂത്രണത്തിന്റെ കാര്യത്തിൽപ്പോലും ഗാന്ധിജിയുടെ അഭിപ്രായമായിരുന്നില്ല നെഹ്റുവിന് ഉണ്ടായിരുന്നത്. കുടുംബാസൂത്രണം പ്രചരിപ്പിക്കാൻ നെഹ്റുവിനെ കാണാൻ വന്ന ഒരാളിനോട് 'നിങ്ങൾ ഗാന്ധിജിയെ പോയി കാണൂ; എന്നാണ് നെഹ്റു പറഞ്ഞത്. ഗാന്ധിജിയെ പോയി കണ്ടിട്ടും ഗാന്ധിജിയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. എന്നിട്ടും ഇവർ രണ്ടുപേരും ഒന്നിച്ച് ഈ രാജ്യത്തിന് നൽകിയ ഒരു ദർശനമുണ്ട്. ആ ദർശനമാണ് ഭാരതത്തിന് ഏറ്റവും കരണീയമായിട്ടുള്ളത്. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും തത്ത്വങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ടുപോകാൻ സാധിക്കണം. ഗാന്ധിജിയുടെ കേരള സന്ദർശന വേളയിൽ അദ്ദേഹത്തിന് സ്വാഗതം അരുളിക്കൊണ്ട് 'മഹാത്മാവ്' വന്നിരിക്കുന്നുവെന്ന് സ്വാഗത പ്രാസംഗകൻ പറഞ്ഞ സമയത്ത് 'ഞാൻ മഹാത്മാവല്ല, ഒരു തോട്ടിയാണ്' എന്നാണ് പ്രസംഗം തുടരുന്നതിനിടയിൽ വേദിയിൽ എഴുന്നേറ്റ് നിന്ന് ഗാന്ധിജി പ്രതികരിച്ചത്. ആ വാക്കാണ് ഇന്ത്യൻ രാഷ്ട്രീയത്തെ മുന്നോട്ട് നയിച്ചത്. നിങ്ങൾ എന്ത്

തീരുമാനമെടുക്കുമ്പോഴും ഇന്ത്യയിലെ ഏറ്റവും പാവപ്പെട്ടവനെക്കുറിച്ച് ഓർക്കണമെന്ന് ഗാന്ധിജി പറഞ്ഞു. പാവപ്പെട്ടവനെക്കുറിച്ച് കുറെയൊക്കെ ഓർക്കാൻ കഴിഞ്ഞ നാലുവർഷത്തെ ഭരണത്തിനിടയ്ക്ക് ഈ സർക്കാരിന് സാധിച്ചുവെന്നുള്ളതാണ് എന്റെ വാക്കുകൾക്ക് ഇവിടെ നിൽക്കുമ്പോൾ ധൈര്യം പകരുന്ന ഒരു സംഗതി. ഞാൻ ആത്മാർത്ഥമായി അതിൽ വിശ്വസിക്കുന്നു. പാവപ്പെട്ടവർക്ക് ആശ്വാസം കിട്ടുന്ന ഒരു ചികിത്സാ സഹായമായിക്കൊള്ളട്ടെ, മറ്റ് എന്തുമായിക്കൊള്ളട്ടെ. ഗാന്ധിജിയെപ്പോലുള്ളവരുടെ രാഷ്ട്രീയത്തെ തിരിച്ചറിയാൻ നമുക്ക് സാധിക്കണം, ഇന്ത്യയെ ആ ബഹുസ്വരതയിലേയ്ക്ക് കൊണ്ടുപോകുവാൻ സാധിക്കണം. ബഹുസ്വരതയില്ലെങ്കിൽ ഇന്ത്യയ്ക്ക് നിലനിൽക്കാൻ സാധിക്കുകയില്ല. ഇന്ത്യ എല്ലാം ഉൾക്കൊണ്ട രാജ്യമാണ്. ഇന്ത്യയിലെ പാർലമെന്റ് മന്ദിരത്തിന്റെ മകുടത്തിൽ ദേവനാഗിരി ലിപിയിൽ ഒരു ഉപനിഷത്ത് സൂക്തം കൊത്തി വച്ചിട്ടുണ്ട്- ***"അയം നിജ പരോവേദി ഗണാനാമു ലഘുചേതസാം, ഉദാര ചരിതാനാം തു വസുദേവ കുടുംബകം"*** മറ്റൊരു മകുടത്തിനകത്ത് ഖുർആൻ-ലെ സൂക്തം അറബിയിലും കൊത്തിവച്ചിട്ടുണ്ട്. ഇന്ത്യയിലെ നിയമനിർമ്മാണ സഭയുടെ ആസ്ഥാനത്ത് ഇവ രണ്ടും കൊത്തിവച്ചതുകണ്ട് ഞാൻ അത്ഭുതപ്പെട്ടു നിന്നുപോയിട്ടുണ്ട്. എന്താണ് ആ വാക്കിലൂടെ ലോകത്തോട് ഭാരതം പറഞ്ഞത്?

ഞാൻ മാത്രം എന്ന് വിശ്വസിക്കുന്നത് ലഘു മനസ്സിനെയാണ്. ഉദാര ചരിതാനാം - വിശാലമായി ചിന്തിക്കുന്നവർക്ക് ലോകമാണ് തറവാട്. ആ നിലയ്ക്ക് ഇന്ത്യ ബഹുസ്വരതയെ കൈവിട്ടു കൂടാ. ഇന്ത്യയെ ബഹുസ്വരതയിൽ നിലനിർത്തേണ്ട ഉത്തരവാദിത്വം എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമുണ്ട്. ഏറ്റവും പുതിയ ചുവരെഴുത്ത് അതാണ്. പാർട്ടികളുടെ വ്യത്യാസമല്ല, ആശയങ്ങളുടെ വ്യത്യാസമാണ്. ഇന്ത്യയെ ഒന്നിച്ച് കൊണ്ടുപോകാൻ സാധിക്കണം. സംസ്കൃത ഭാഷ ഇന്ത്യയെ ധന്യമാക്കി, ഇന്ത്യയിലെ എല്ലാ ഭാഷകൾക്കും പദങ്ങൾ നൽകി. വാങ്മേയ മധുതിഷ്ഠതി - വാക്കുകളിൽ തേൻ പുരട്ടാൻ സംസ്കൃതം ഇന്ത്യക്കാരെ പഠിപ്പിച്ചു. സംസാരിക്കുന്ന ഓരോ വാക്കിലും തേൻ പുരട്ടണം. ആ രീതിയിലുള്ള സുഗന്ധമാണ് സംസ്കൃതം നൽകിയത്. ആ രാജ്യം തന്നെയാണ് എല്ലാം ഉൾക്കൊണ്ടു നിന്നത്. ഞാൻ ഈ അടുത്തകാലത്ത് യു.എ.ഇ-യിൽ ദുബായ് ദേശീയ ദിനാചരണത്തിൽ പങ്കെടുക്കാൻ പോയപ്പോൾ ഭരണാധികാരികളുടെ ചിത്രം തൂങ്ങിക്കിടക്കുന്നത് കണ്ടു. അതിന്റെ ചുവട്ടിൽ അത് തൂക്കിയിട്ട ഏജൻസിയുടെ പേര് കണ്ടു. ഒരു കാലത്ത് ഇന്ത്യയിൽ കോളിളക്കം ഉണ്ടാക്കിയ, അയ്യായിരം ദിവസം ഒറ്റ തീയേറ്ററിൽ ഓടിയ ഒരു ഹിന്ദി ചലച്ചിത്രത്തിന്റെ പേരാണ് ആ ഏജൻസിയുടേത്. അയ്യായിരം ദിവസം ഒരു സിനിമ ഒരു തീയേറ്ററിൽ ഓടുക എന്നുപറഞ്ഞാൽ ലോക സിനിമയുടെ ചരിത്രത്തിലെ ഒരു

നാഴിക്കല്ലാണ്. അതുപറഞ്ഞു കഴിയുമ്പോൾത്തന്നെ ആളുകളുടെ മനസ്സിൽ ആ സിനിമയുടെ പേര് ഓടിയെത്തും. ഷോലെ എന്നാണ് ആ സിനിമയുടെ പേര്. അതൊരു അറബി പദമാണ്. അതുപോലെതന്നെയാണ് നമ്മൾ പറയുന്ന ജയ് ഹിന്ദ്. ഹിന്ദ് എന്നുപറഞ്ഞാൽ ഒരു അറബി പദമാണ്. അറബികളായ സ്ത്രീകൾക്ക് ആയിരക്കണക്കിന് വർഷങ്ങൾക്കുമുൻപ് ഹിന്ദ് എന്ന പേരുണ്ടായിരുന്നു. ഞാൻ പറഞ്ഞുകൊണ്ടുവരുന്നത്, ബഹുസ്വരതയെ ആഘോഷിച്ച, എല്ലാം സ്വാംശീകരിച്ച, ഗാന്ധിജിയുടെ നാട് ഒരു തരത്തിലും പുറന്തള്ളപ്പെട്ടുകൂടാ. അതനുസരിച്ചുള്ള സമവായം, ബഹുസ്വരതയുടെ സമവായം ഉണ്ടാക്കാൻ നമുക്ക് സാധിക്കണം. രാഷ്ട്രീയത്തെ നമുക്ക് ശുദ്ധീകരിക്കാൻ സാധിക്കണം. ഇക്കണോമിക്സിൽ ഒരു തത്ത്വമുണ്ട് - 'bad money drives good'- ചീത്ത പണം നല്ല പണത്തെ പുറത്താക്കും. അത് രാഷ്ട്രീയത്തിൽ സംഭവിക്കരുത്. രാഷടീയ ശുദ്ധിയും മഹിമയും നിലനിർത്തുവാനും സാധിക്കണം. അതാണ് ഡൽഹി പോലുള്ള തെരഞ്ഞെടുപ്പ് ഫലം സൂചിപ്പിക്കുന്നത്. തലസ്ഥാനത്തുള്ള വരുടെ തല ശരിയായ സ്ഥാനത്ത് തന്നെയാണെന്നാണ് ഡൽഹിയിലെ തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ എനിക്ക് ഓർമ്മ വന്നത്. തല ശരിയായ സ്ഥാനത്ത് ഉള്ളതുകൊണ്ടാണ് ശരിയായ രീതിയിൽ വോട്ടവകാശം വിനിയോഗിക്കാനും അവർക്ക് ഈ രാജ്യത്തെ

അതിന്റേതായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും സാധിച്ചത്. യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ നാലുകൊല്ലം ഈ രാഷ്ട്രീയമാണ് ഇവിടെ പുലർത്തിയത്. അതുകൊണ്ടാണ് കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ 80 നിയമസഭാ മണ്ഡലങ്ങളിൽ വിജയം നേടാൻ ഐക്യജനാധിപത്യ മുന്നണിക്ക് സാധിച്ചത്. ജനകീയ ആലംബത്തിന്റെ ആൽ മരമാകാൻ ഈ സർക്കാരിന് സാധിച്ചുവെന്നുള്ളതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണമായി എനിക്കുതോന്നുന്നത്. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. വളരെ സുപ്രധാനമായ ഈ സന്ദർഭത്തിൽ ഒന്നുരണ്ടു നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സർക്കാരിന്റെ മുൻപിൽ ഈ സഭയുടെ മുൻപിൽ വയ്ക്കാനുണ്ട്. ഒന്ന് വരാൻ പോകുന്ന വരൾച്ച വളരെ ഗുരുതരമായിട്ടുള്ള ഒന്നാണ്. അതിനെ നേരിടുന്നതിന് വളരെ ദിശാബോധത്തോടുകൂടിയുള്ള നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിക്കണം. മഴവെള്ളം സംഭരിക്കുന്നതിൽ പറ്റിയ തകരാറാണ് കേരളത്തിന്റെ ജലക്ഷാമത്തിനുള്ള അടിസ്ഥാന കാരണം. ആഴത്തിലേയ്ക്കുള്ള ചികിത്സയാണ് വേണ്ടത്. വേരിലെ രോഗത്തിന് ഇലയിൽ മരുന്ന് തളിക്കുന്ന പണി നിർത്തണം. മഴ വെള്ളം സംഭരിക്കുകയാണെങ്കിൽ ഒരൊറ്റ വീട്ടമ്മയും വെള്ളത്തിനായി കുടവുമെടുത്ത് മൈലുകൾ താണ്ടേണ്ട സാഹചര്യം വരികയില്ല. കടലിലേയ്ക്ക് ഒഴുക്കി

വിടുന്ന മഴവെള്ളം സംഭരിക്കാൻ സമഗ്രമായ പദ്ധതി വേണം. മറ്റൊന്ന്, വിഷം തീണ്ടിയ പച്ചക്കറി കേരളത്തിലേയ്ക്ക് കടക്കാതിരിക്കാൻ അതിശക്തമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്. ധീരമായ നടപടികൾ എടുത്ത മുഖ്യമന്ത്രിയാണ് ഈ നാട് ഭരിക്കുന്നത്. കേരളത്തിലേയ്ക്ക് വരുന്ന പച്ചക്കറിയെ കേരളത്തിന്റെ അതിർത്തിയിൽ വച്ച് തടയാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചില്ലെങ്കിൽ ഒരോ വീട്ടിലും ഓരോ ക്യാൻസർ രോഗി എന്നതാണ് കേരളത്തെ കാത്തിരിക്കുന്ന ദുരന്തം. ഇപ്പോൾത്തന്നെ അത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും സർക്കാരിന്റെ ശ്രദ്ധ അതിലേയ്ക്ക് പതിയണം. തോന്നിയതുപോലെ ഒന്നും കയറ്റി അയയ്ക്കാൻ ഇവിടെ ആർക്കും അവകാശമില്ല. അമേരിക്കയിലേയ്ക്ക് കൊച്ചിയിൽ നിന്നും ഇഷ്ടം പോലെ ചെമ്മീൻ അയയ്ക്കാൻ സാധിക്കുകയില്ല, തോന്നിയതുപോലെ ചെമ്മീൻ കയറ്റി അയച്ചാൽ അത് തിരിച്ചയയ്ക്കും. അതുപോലെതന്നെ വിഷം ചേർത്ത പച്ചക്കറികൾ കേരളത്തിന്റെ വിപണി തൊടാതിരിക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം മൂലധന ചെലവ് വർദ്ധിപ്പിക്കണം. High cost economy ആയി നമ്മുടെ സമ്പദ്ഘടന മാറാതിരിക്കാൻ നടപടി ഉണ്ടാകണം. സർക്കാർ ഭൂമി നാമമാത്ര പാട്ടത്തിന് ഉപയോഗിക്കുന്ന ആളുകളുണ്ട്. അവരിൽനിന്ന് വിപണി നിലവാരത്തിൽ

പാട്ടം വാങ്ങി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. ഇതൊക്കെയാണെങ്കിലും കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് വളരെയേറെ വളർന്നിരിക്കുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ നിരക്കിനെക്കാൾ ഉയർന്ന് 9.89 ശതമാനമായി വളർന്നിരിക്കുകയാണ്. ഈ ഗവൺമെന്റ് നേടിയ വിജയത്തിന്റെ തിളക്കത്തിൽ സർക്കാരിനെ അഭിനന്ദിക്കുന്നതോടൊപ്പം ഇനിയും കൂടുതൽ ഉയരങ്ങളിലേയ്ക്ക് പോകാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു. ഈ ഗവൺമെന്റിന് തകർച്ച ഉണ്ടാകുകയില്ല. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ സർക്കാർ നിൽക്കുന്നത് അടിസ്ഥാനത്തോട് ചേർന്നുകൊണ്ടാണ്. ഉയർന്ന കെട്ടിടത്തെ മാത്രമേ വീഴ്ത്താൻ സാധിക്കുകയുള്ളൂ, അടിക്കല്ലിനെ താഴ്ത്താൻ സാധിക്കുകയില്ല. അടിക്കല്ല് എപ്പോഴും ഭൂമിയോട് ചേർന്നാണ് നിൽക്കുന്നത്. അടിസ്ഥാന വർഗ്ഗത്തോട് ചേർന്ന് നിൽക്കുന്ന സർക്കാരാണ് ഇത്. അതിനെ വീഴ്ത്താൻ സാധിക്കുകയില്ല. മാത്രവുമല്ല ഇല പോയാൽ മരങ്ങൾക്ക് തണൽ നൽകാൻ സാധിക്കുകയില്ല. പൂത്ത് നിൽക്കുന്ന, കായ് മരമായി ശോഭിച്ച് നിൽക്കുന്ന ഈ സർക്കാർ ജനകീയ ക്ഷേമപ്രവർത്തനങ്ങളായി മുന്നോട്ട് മുന്നോട്ട് കുതിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് നിയമസഭയിൽ വായിപ്പിച്ച നയമില്ലാത്ത, അവാസ്തവ പ്രഖ്യാപനങ്ങൾ നിറഞ്ഞ പ്രമേയത്തെ ഒരിക്കലും ആർക്കും അനുകൂലിക്കാൻ കഴിയില്ല. ഈ പ്രസംഗം വായിക്കുമ്പോൾ "നന്ദി ആരോടു ചൊല്ലേണ്ടു ഞാൻ?" എന്ന് കവിപറഞ്ഞതുപോലെ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഇവിടെ ഗവർണ്ണർമാർ നടത്തിയ പ്രസംഗങ്ങളുടെ ആവർത്തനമാണ് റിട്ടയേഡ് ജസ്റ്റിസ് ശ്രീ. പി. സദാശിവം മാർച്ച് ആറാം തീയതി ഇവിടെ നടത്തിയത്. 2013 ഫെബ്രുവരി ഒന്നാം തീയതി ശ്രീ. എച്ച്.ആർ. ഭരദ്വാജും 2014 ജനുവരി മൂന്നാം തീയതി ശ്രീ. നിഖിൽ കുമാറും നടത്തിയ പ്രസംഗങ്ങളുടെ ആവർത്തനങ്ങൾ ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചതാണ് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ ഏറ്റവും മഹത്തായ നേട്ടം. ഇതിന് ചില ഉദാഹരണങ്ങൾ ഇവിടെ പറയാം. 2014-ൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ജനസമ്പർക്ക പരിപാടിക്ക് അവാർഡ് കിട്ടിയതിനെ സംബന്ധിച്ച് പേജ് രണ്ടിന്റെ രണ്ടാം ഖണ്ഡികയിൽ പറഞ്ഞതുതന്നെ ഇപ്പോഴും കൊടുത്തിട്ടുണ്ട്. 2013-ലും 2014-ലും പറഞ്ഞ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയെ സംബന്ധിച്ച്

ഇത്തവണ വീണ്ടും മൂന്നാമത്തെ ഖണ്ഡികയിൽ ആവർത്തിച്ചിട്ടുണ്ട്. അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല, അത് പ്രവർത്തനക്ഷമമല്ല. പ്രഖ്യാപിച്ചതിൽ ഒരുകാര്യവും ചെയ്യാൻ കഴിയാത്ത ഗവൺമെന്റ് മൂന്ന് പ്രാവശ്യമായി പറഞ്ഞ കാര്യങ്ങൾതന്നെ ആവർത്തിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ സംബന്ധിച്ച് 2014-ലെ പ്രസംഗംതന്നെ ഇപ്പോഴും ആവർത്തിച്ചിരിക്കുകയാണ്. ഗോവർദ്ധിനി പദ്ധതി 2013-ൽ പറഞ്ഞതാണ്. അത് ഇപ്രാവശ്യവും ഖണ്ഡിക 8-ൽ ആവർത്തിച്ചിരിക്കുകയാണ്. അങ്ങനെ ഒട്ടനവധി ഉദാഹരണങ്ങൾ പറയാനുണ്ട്. സമയക്കുറവുള്ളതുകൊണ്ട് ഞാൻ അവ ആവർത്തിക്കുന്നില്ല. ദിശാബോധമില്ലാത്ത ഗവൺമെന്റാണ് ഉമ്മൻചാണ്ടി ഗവൺമെന്റ് എന്ന് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ നിന്ന് ആർക്കും ബോധ്യമാകുന്നതാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തിട്ടുള്ള സകല നേട്ടങ്ങളേയും നാല് വർഷംകൊണ്ട് തകർത്തുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. അതിൽ ഏറ്റവും വലിയ പ്രശ്നമായി ഉയർന്നുവന്നിട്ടുള്ളത്, ഈ സർക്കാരിന്റെ നാല് കൊല്ലക്കാലത്തെ അഴിമതിയാണ്. ഉമ്മൻചാണ്ടി സർക്കാർ അഴിമതിയിൽ ജനിച്ച്, അഴിമതിയിൽ വളർന്ന്, അഴിമതിയിൽ മരിക്കുന്ന ഒരു സർക്കാരാണ്. ആലിബാബയുടേയും നാൽപ്പത് കള്ളൻമാരുടേയും കഥ പറഞ്ഞതുപോലെ മുഖ്യമന്ത്രി

ഉൾപ്പെടെയുള്ള 21 മന്ത്രിമാരും അഴിമതി ആരോപണത്തിന് വിധേയരായിരുന്നു. പ്രതിപക്ഷത്തുള്ളവർ മാത്രമല്ല ഭരണപക്ഷത്തുള്ള നേതാക്കന്മാരും ഈ സഭയിൽ വച്ച് മന്ത്രിമാർക്കെതിരായി അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്ന ഒരു സ്ഥിതിവിശേഷം ഈ കാലഘട്ടത്തിലല്ലാതെ വേറെയൊരു സന്ദർഭത്തിലുമുണ്ടായിട്ടില്ല. ഏത് ഭരണി തുറന്നുനോക്കിയാലും അതിൽ ഏതെങ്കിലുമൊരു മന്ത്രിക്കെതിരായ അഴിമതി ആരോപണമുണ്ടാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നുതന്നെ പാമോയിൽ അഴിമതിയിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ പേരിലുണ്ടായിരുന്ന വിജിലൻസ് കേസ് അട്ടിമറിച്ചു കൊണ്ടാണ്. പിന്നീട് ഏറ്റവും കുപ്രസിദ്ധമായ സോളാർ തട്ടിപ്പും ട്രാവൻകൂർ ടൈറ്റാനിയം അഴിമതിയും പാറ്റൂർ ഭൂമി തട്ടിപ്പുമുണ്ടായി. ഇപ്പോൾ സജീവമായി ചർച്ചയിലുള്ളത് ബാർ കോഴയാണ്. നയപ്രഖ്യാപനത്തിൽ ആദ്യം ദേശീയ ഗെയിംസിന്റെ ഖ്യാതിയെക്കുറിച്ചാണ് വർണ്ണിച്ചിരിക്കുന്നതെങ്കിൽ അതെല്ലാം അഴിമതിയുടെ കൂത്തരങ്ങായി മാറ്റിയ ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ കാലയളവിൽ മന്ത്രിമാർ മാത്രമല്ല, "എമ്പ്രാനല്പം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും" എന്ന് കുഞ്ചൻനമ്പ്യാർ പാടിയതുപോലെ എല്ലാ ഉദ്യോഗസ്ഥൻമാരുടെ പേരിലും അഴിമതി ആക്ഷേപങ്ങളും നടപടികളും ഉയർന്നുവന്നിട്ടുള്ള ഒരു കാലഘട്ടം

കൂടിയാണിത്. ഇവിടെ ചീഫ് സെക്രട്ടറിയും ഡി.ജി.പി.യും ഉൾപ്പെടെയുള്ളവരെല്ലാം അഴിമതിക്കാരായി അന്വേഷണം നേരിടുകയാണ്. ഞങ്ങളല്ല, ഭരണകക്ഷിയിൽപ്പെട്ടവരാണ് ഇവർക്കെതിരായി ആരോപണം ഉന്നയിച്ചിട്ടുള്ളത്. പല പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയും നടപടിയെടുത്ത് ജയിലിലടയ്ക്കുകയും ഐ.എ.എസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ദേശീയ ഗെയിംസിൽ പരക്കെ അഴിമതി നടന്നുവെന്ന് ഇപ്പോഴത്തെ ചീഫ് സെക്രട്ടറിതന്നെ പരസ്യമായി പത്രസമ്മേളനം നടത്തി പറഞ്ഞതാണ്. 15 കോടി രൂപ ഉദ്ഘാടനത്തിന് ചെലവാക്കിയത് അന്യായമാണെന്ന് പറഞ്ഞത് ചീഫ് സെക്രട്ടറിയാണ്. ഒന്നേകാൽ കോടി രൂപയ്ക്കുള്ള പടക്കം പൊട്ടിച്ചെന്നാണ് അവകാശപ്പെടുന്നത്. തൃശ്ശൂർ പൂരത്തിനുപോലും ഇത്രയും രൂപയ്ക്ക് ഇന്നേവരെ പടക്കം പൊട്ടിച്ചിട്ടില്ല. ഇത് ദേശീയ ഗെയിംസിന്റെ അഴിമതിയുടെ ഒരു ഉദാഹരണമാണ്. ചുരുങ്ങിയത് 200 കോടി രൂപയുടെ അഴിമതിയെങ്കിലും ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ടെ ന്നാണ് കണക്കാക്കുന്നത്. ശ്രീ. വി. ശിവൻകുട്ടി കൊടുത്ത ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ദേശീയ ഗെയിംസിനെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. അത്രയേറെ അഴിമതി അതിലുണ്ടെന്നല്ലേ അതിൽ നിന്നും തെളിയുന്നത്? പാറ്റൂർ ഭൂമി തട്ടിപ്പിൽ ശ്രീ.

ഉമ്മൻചാണ്ടിക്കും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പങ്കുള്ളതായി വിജിലൻസ് റിപ്പോർട്ടുണ്ട്. വിജിലൻസ് എ.ഡി.ജി.പി. ശ്രീ. ജേക്കബ് തോമസ് ലോകായുക്തയ്ക്ക് നൽകിയ റിപ്പോർട്ടിലാണ് ഇവരുടെ പേരും പങ്കും വ്യക്തമാക്കുന്നത്. അതുമാത്രമല്ല മുൻചീഫ് സെക്രട്ടറി ശ്രീ. ഇ.കെ. ഭരത് ഭൂഷൺ, അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീമതി നിവേദിത പി. ഹരൻ തുടങ്ങിയ 9 ഐ.എ.എസ് ഉദ്യോഗസ്ഥൻമാരും റിപ്പോർട്ടിലുള്ളതായി അറിയുന്നു. ഇത് പത്രവാർത്തയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: പോയിന്റ് ഓഫ് ഓർഡർ... ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും പേരുണ്ടെന്ന മട്ടിൽ വാർത്തകൾ വന്നപ്പോൾ അത്തരം വാർത്തകൾ ലോകായുക്തയുടെ ശ്രദ്ധയിൽപ്പെട്ടെന്നും അവരുടെ പേരില്ലെന്നും ലോകായുക്തയുടെ ജഡ്ജ്മെന്റ് വന്നതിനുശേഷവും അത്തരമൊരു വാർത്ത വന്നതായി പറഞ്ഞുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ? അത് സഭാരേഖയിൽ നിന്നും നീക്കം ചെയ്യണം.

<u>ശ്രീ. സി. ചന്ദ്രൻ</u>: സർ, പത്രവാർത്ത സഭയിൽ ഉന്നയിക്കാനുള്ള അവകാശമുണ്ട്. അത്തരത്തിലുള്ള കോഴകൾ ഇവിടെ നടന്നുകൊണ്ടിരിക്കുക യാണ്. അത് പറയുമ്പോൾ ചൊടിച്ചിട്ട് കാര്യമില്ല. മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടെയും പേര്

ഇതിലൊക്കെ എന്തുകൊണ്ട് വരുന്നുവെന്നുള്ളത് നിങ്ങൾ പരിശോധിക്കണം. എല്ലാ കോഴ ആരോപണത്തിലും ഇവിടുത്തെ മന്ത്രിമാർ ഉൾപ്പെട്ടിട്ടില്ലേ; ഞങ്ങൾ പറയുന്നതല്ലല്ലോ, നിങ്ങളുടെ നേതാക്കന്മാർ തന്നെ പത്രസമ്മേളനം നടത്തി പറയുന്നതല്ലേ; ചീഫ് വിപ്പ് ശ്രീ. പി.സി ജോർജല്ലേ ഡി.ജി.പി.ക്കെതിരെ ആക്ഷേപം പറയുന്നത്; അദ്ദേഹമല്ലേ ഈ സഭയിലിരിക്കുന്നത്; നിങ്ങൾക്ക് അദ്ദേഹത്തെ നിയന്ത്രിക്കാൻ പറ്റുന്നുണ്ടോ; അഴിമതിയുണ്ടെന്നുള്ളതല്ലേ അതിനർത്ഥം; ഭരണകക്ഷിയിലെ ഒരംഗമല്ലേ പി.ഡബ്ല്യു.ഡി. മന്ത്രിയുടെ ഓഫീസ് അഴിമതിയുടെ കേന്ദ്രമാണെന്ന് പ്രഖ്യാപിച്ചത്; ഞങ്ങളല്ലല്ലോ ? ബഡ്ജറ്റ് വിറ്റ് സ്വർണ്ണക്കച്ചവടക്കാരിൽ നിന്നും ശ്രീ. കെ. എം. മാണി 19 കോടി രൂപ വാങ്ങിയെന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിക്ക് എഴുതിക്കൊടു ത്തെന്ന് അദ്ദേഹം തന്നെയല്ലേ പത്രസമ്മേളനത്തിൽ വച്ച് പറഞ്ഞത്? അഴിമതി ആരോപണങ്ങളുന്നയിച്ചുകൊണ്ട് ഭരണകക്ഷിക്കാർ തന്നെ മന്ത്രിമാർക്കെതിരായി ആക്രമണം നടത്തുകയാണെന്നാണ് ഇതിൽ നിന്നും തെളിയുന്നത്. അതുപോലെ ഈ സർക്കാർ വലിയ ഖ്യാതിനേടി പ്രഖ്യാപിച്ചതാണ് മദ്യനയം. ഇപ്പോൾ എവിടെയാണ് ആ മദ്യനയം; ഒരു മദ്യനയമുണ്ടെന്ന് കോൺഗ്രസ് നേതാക്കന്മാർക്ക് പറയാൻ സാധിക്കുമോ? 418 ബാറുകൾ നിലവാരമില്ലാത്തതാണെന്ന്

സി.ആന്റ്.എ.ജി. റിപ്പോർട്ട് എഴുതിക്കൊടുത്തു. അത് സുപ്രീംകോടതിയിൽ വന്നപ്പോൾ 418 ബാറുകളുടെ കാര്യം പരിശോധിക്കണമെന്ന് സുപ്രീംകോടതി കർശന നിർദ്ദേശം നൽകി. അതിന്റെയടിസ്ഥാനത്തിലാണ് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ 418 ബാറുകൾ തുറക്കാൻ പാടില്ല എന്നുപറഞ്ഞ് വാശിപിടിച്ചത്. അതിനെത്തുടർന്നല്ലേ യു.ഡി.എഫ്.യോഗത്തിൽവച്ച് മുഖ്യമന്ത്രി 312 ബാറുകൾ കൂടി പൂട്ടാൻ തീരുമാനിച്ചത്. ഇപ്പോൾ എത്ര ബാറുകൾ പൂട്ടിക്കിടക്കുന്നുണ്ട്? ആ 312 ബാറുകൾ കൊടുക്കാൻ കോടതി നിർദ്ദേശിച്ചു. 312 ബാറുകളും ഇപ്പോൾ തുറന്നുപ്രവർത്തിക്കുകയാണ്. ഇവിടെ ഒരു നിയമം ഉണ്ടാക്കിയിരുന്നു. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമാണ് ബാർ ലൈസൻസ് കൊടുക്കാനുള്ള അധികാരമുണ്ടായിരുന്നത്. അവരുടെ ശുപാർശയിന്മേൽ മാത്രമേ ലൈസൻസ് കൊടുക്കാൻ പാടുള്ളൂവെന്ന് ഈ സഭയിൽ നിയമമുണ്ടാക്കിയതല്ലേ; ആ നിയമം ഇപ്പോൾ എവിടെയാണ്; 418 ബാറുകൾക്ക് ബിയർ-വൈൻ പാർലറുകൾ അനുവദിച്ചപ്പോൾ ആ നിയമം എങ്ങനെയാണ് റദ്ദാക്കിയത്; നിയമസഭയിൽ വരാതെ ആ നിയമം റദ്ദാക്കിയില്ലേ? പൂട്ടിയ 418 ബാറുകൾ തുറക്കാമെന്ന് പറഞ്ഞല്ലേ ഒരു കോടിരൂപ കെ. എം. മാണി സാർ വാങ്ങിയത്; വാങ്ങി എന്നുള്ള ആരോപണം ബാറുടമകളുടെ നേതാവ് ബിജു

രമേശാണ് ഉന്നയിച്ചത്. സെപ്റ്റംബർ മാസത്തിലാണ് ഈ ആരോപണമുന്നയിച്ചത്. അതിനുശേഷം മാസങ്ങൾ എത്ര കഴിഞ്ഞു? ഇന്നുരാവിലെ അടിയന്തരപ്രമേയത്തിൽ അക്കാര്യം വിശദമായി ചർച്ച ചെയ്തതാണ്. ബാർ പൂട്ടുമെന്ന് പ്രഖ്യാപിക്കുക, എന്നിട്ട് പൂട്ടാതിരിക്കാൻ ബാറുകാരിൽ നിന്ന് പൈസ വാങ്ങിക്കുക. 418 ബാറുകൾ തുറക്കില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് 312 ബാറുകാരോട് കാശ് വാങ്ങുക - 20 കോടിരൂപ അവരിൽ നിന്നും വാങ്ങിയെന്നാണ് ബാറുടമകളുടെ നേതാക്കന്മാർ പ്രഖ്യാപിച്ചത്. ഒരു ഗവൺമെന്റ് ഇങ്ങനെയൊക്ക അഴിമതി നടത്താൻ പാടുണ്ടോ; പരസ്യമായിട്ടുള്ള അഴിമതിയല്ലേ നടക്കുന്നത്? 312 ബാറുകാർക്ക് ഇപ്പോൾ ഒരു സൗജന്യംകൂടി ഗവൺമെന്റ് ചെയ്തുകൊടുത്തു. 10 ശതമാനം ബിവറേജസ് ഔട്ട്ലെറ്റുകൾ പൂട്ടാൻ തീരുമാനിച്ചു. കേരളത്തിൽ എല്ലാ ബാറുകളും തുറന്നുപ്രവർത്തിക്കുന്നു. 10 ശതമാനം ഔട്ട്ലെറ്റുകൾ പൂട്ടിയാൽ അതിന്റെ കച്ചവടം കിട്ടുന്നത് ബാറുകാർക്കല്ലേ; അതിൽ 9 ബാറുള്ള ഒരു മുതലാളിയുണ്ട്. അദ്ദേഹത്തിന് ഭരണകക്ഷിയിൽ സ്വാധീനമുണ്ട്. അദ്ദേഹം നടത്തുന്ന ബാറിന്റെ അടുത്തുള്ള എല്ലാ ബിവറേജസ് ഔട്ട്ലെറ്റുകളും പൂട്ടിയിരിക്കുന്നു. ഞാൻ പേര് പറയുന്നില്ല. മന്ത്രിമാരുമായി ബന്ധമുള്ള ആളാണ്. മദ്യ നയം ഉണ്ടാക്കിയതുതന്നെ ഇവിടെ അഴിമതി നടത്താൻ വേണ്ടിയാണ്. ആ അഴിമതി എല്ലാവരും നടത്തിക്കൊണ്ടിരിക്കുകയാണ്. അഴിമതി നടത്തിയെന്ന് പരസ്യമായി

പ്രഖ്യാപനം വന്നിട്ട് നടപടിയെടുത്തോ; അഴിമതി നിരോധന നിയമപ്രകാരം ഒരാൾ അഴിമതി നടത്തി എന്നു പറഞ്ഞാൽ അയാളുടെ പേരിൽ കേസ്സെടുക്കണം. അങ്ങനെ ചെയ്തിട്ടുണ്ടോ; ബിജു രമേശിന്റെ പേരിൽ ഏതെങ്കിലും ഒരു കേസ് എടുത്തിട്ടുണ്ടോ; അഴിമതി നടത്തിയെന്ന് ഒരാൾ പരസ്യമായി പ്രഖ്യാപിച്ചിട്ടും, കോഴ കൊടുക്കുന്നതും വാങ്ങുന്നതും കുറ്റമാണെന്ന നിയമം നിലനിൽക്കുന്ന ഈ സംസ്ഥാനത്ത് അയാളുടെ പേരിൽ നടപടി എടുക്കാത്തത് എന്തുകൊണ്ടാണ്? കൈക്കൂലി കൊടുത്തുവെന്ന് പറഞ്ഞയാൾക്കെതിരെ 10 കോടിരൂപ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് കൊടുക്കുക മാത്രമാണ് ചെയ്തത്. കെ.എം. മാണി സാറിന്റെ മാനത്തിന് 10 കോടിരൂപ വില നിശ്ചയിച്ചു, വേറെന്തെങ്കിലും ചെയ്തോ? മറുപടി അയച്ചപ്പോൾ തിരിച്ച് കേസ് കൊടുത്തില്ല. അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന് കേരളത്തെ മുന്നോട്ട് നയിക്കാൻ കഴിയില്ല. ഇവിടെ ഉദ്യോഗസ്ഥ തലത്തിൽ എല്ലായിടത്തും അഴിമതി സാർവ്വത്രികമാക്കി എന്നുള്ളതാണ് ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ ഭരണത്തിന്റെ നാല് വർഷത്തെ ഏറ്റവും വലിയ നേട്ടം. അല്ലാതെ ശ്രീ. എം. പി. അബ്ദു സമദ് സമദാനി പറഞ്ഞ ഒരു നേട്ടവും ഈ ഗവൺമെന്റ് ഉണ്ടാക്കിയില്ല എന്ന് പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് എന്റെ സഹപ്രവർത്തകനായ ശ്രീ. എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ നമുക്ക് അറിയാവുന്ന ഒരു കാര്യം, സംസ്ഥാന ഗവർണ്ണറെ നിയമിച്ചത് കേരള ഗവൺമെന്റുമായോ ഈ സഭയിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുമായോ ആലോചിച്ചിട്ടല്ല. കേന്ദ്രഗവൺമെന്റ് അവരുടെ ഇഷ്ടാനുസരണമാണ് ജസ്റ്റിസ് പി. സദാശിവത്തെ ഇവിടെ ഗവർണ്ണറായി നിയമിച്ചത്. സംസ്ഥാന ഗവൺമെന്റ് അതിനെ എതിർക്കാതിരുന്നത് ഗവർണ്ണർ പദവിയോടുള്ള ബഹുമാനം കൊണ്ടാണ്. അങ്ങനെയുള്ള ഗവർണ്ണർ സംസ്ഥാന ഗവൺമെന്റിന്റെ നയങ്ങൾ പ്രഖ്യാപിക്കാൻ വേണ്ടി ഈ സഭയിൽ വന്നപ്പോൾ പ്രതിപക്ഷം ആ ചർച്ച ബഹിഷ്കരിച്ചത് ദൗർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. മുൻകാലങ്ങളിൽ ബഹളം ഉണ്ടായിട്ടില്ല എന്ന് ഞാൻ പറയുന്നില്ല. മുൻകാലങ്ങളിലും ഗവർണ്ണറുടെ പ്രസംഗം നടക്കുമ്പോൾ ചില സന്ദർഭങ്ങളിൽ പ്രതിപക്ഷം എഴുന്നേറ്റ് നിന്ന് ബഹളം ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ പതിവിന് വിരുദ്ധമായി 'നിങ്ങളുടെ ആവശ്യവും ഞാൻ കൺസിഡർ ചെയ്യാ'മെന്ന് ഗവർണ്ണർ പറഞ്ഞതിനുശേഷവും ഈ സഭ ബഹിഷ്കരിച്ച്

പോയത് തികച്ചും ദൗർഭാഗ്യകരമാണ് എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ക്ഷമയോടുകൂടി ഗവർണ്ണറുടെ പ്രസംഗം കേൾക്കേണ്ടതായിരുന്നു. ഗവർണ്ണറുടെ പ്രസംഗം പുറത്തുനിന്ന് കേൾക്കുകയോ നയപ്രഖ്യാപന പ്രസംഗത്തിന്റെ പുസ്തകം വായിച്ച് മനസ്സിലാക്കുകയോ ചെയ്യുന്നതിനുപകരം നേരിട്ട് കേട്ട് അത് മനസ്സിലാക്കാൻ കിട്ടിയ ഒരു സന്ദർഭം വിനിയോഗിക്കാതിരുന്നത് ഉത്തമ പ്രതിപക്ഷത്തിന് ചേർന്നതായില്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. 35-ാമത് ദേശീയ ഗെയിംസിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ഗവർണ്ണറുടെ പ്രസംഗം ഈ സഭയിൽ ആരംഭിച്ചത്. കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും വളരെ ഭംഗിയായിത്തന്നെ 35-ാമത് ദേശീയ ഗെയിംസിന് സാക്ഷ്യം വഹിക്കാൻ കേരളത്തിന് കഴിഞ്ഞു. ചില ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ചില തെറ്റുകൾ സംഭവിച്ചുവെങ്കിലും അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് ഇച്ഛാശക്തിയോടുകൂടി നാഷണൽ ഗെയിംസ് നടത്താൻ മുൻകൈ എടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും സ്പോർട്ട്സ് വകുപ്പുമന്ത്രിയേയും അനുമോദിക്കാൻ കൂടി ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ദേശീയ ഗെയിംസ് കൊണ്ട് കേരളത്തിനുണ്ടായ ഒരു പ്രധാന നേട്ടം അമ്പതിനായിരം പേർക്ക് ഇരിക്കാവുന്ന അന്താരാഷ്ട്ര നിലവാരത്തോടുകൂടിയ ഒരു സ്റ്റേഡിയം കാര്യവട്ടത്ത് നിർമ്മിക്കാൻ

കഴിഞ്ഞുവെന്നതാണ്. അത് സ്പോർട്ട്സ് മേഖലയിലെ ഏറ്റവും വലിയ ഒരു സംഭാവനയാണ്. അതോടൊപ്പംതന്നെ 213 കോടിരൂപ ചെലവഴിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 9 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവ ഉൾപ്പെടെ 16 സ്റ്റേഡിയങ്ങളെ നൂതന സൗകര്യങ്ങളോടുകൂടി നവീകരിക്കാനും ഈ നാഷണൽ ഗെയിംസ് കൊണ്ട് നമുക്ക് കഴിഞ്ഞു. അതുമാത്രമല്ല, നമ്മുടെ സംസ്ഥാനത്തിനുവേണ്ടി ഏറ്റവും അഭിമാനകരമായ രീതിയിലുള്ള പ്രകടനം കാഴ്ചവയ്ക്കാൻ നമ്മുടെ സ്പോർട്ട്സ് താരങ്ങൾക്ക് കഴിയുകയും ചെയ്തു. സ്പോർട്ട്സിൽ കേരളത്തിന് വെള്ളിമെഡലാണ് ലഭിച്ചതെങ്കിലും സംസ്ഥാനങ്ങളുടെ നിലവച്ച് നോക്കുമ്പോൾ കേരളത്തിന് ഒന്നാം സ്ഥാനമാണ്. സർവീസസിനാണ് സ്വർണ്ണം ലഭിച്ചത്.

<u>ശ്രീ. ബാബു.എം. പാലിശ്ശേരി</u>: സർ, ഈ നാഷണൽ ഗെയിംസ് ഇത്ര ഭംഗിയായാണ് നടന്നതെങ്കിൽ അങ്ങ് എന്തിനാണ് ഇടയ്ക്ക് രാജിവച്ച് പോയത്?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ രാജിവച്ചു എന്ന് ഏതെങ്കിലും പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുണ്ടോ? ഇവിടെ ഞാൻ അക്രഡിറ്റേഷൻ കമ്മിറ്റിയുടെ ചെയർമാനായിരുന്നു. വരുന്ന സ്പോർട്ട്സ് താരങ്ങൾക്കും

സംസ്ഥാനങ്ങൾക്കും അക്രഡിറ്റേഷൻ കൊടുത്തു കഴിഞ്ഞാൽ കമ്മിറ്റിയുടെ ചുമതല അവസാനിച്ചു. മാത്രമല്ല ചില ഉദ്യോഗസ്ഥന്മാരുടെ തെറ്റുകൾ ഞാൻ ചൂണ്ടിക്കാണിച്ചു. അതിൽ മുഖ്യമന്ത്രിയും സ്പോർട്ട്സ് വകുപ്പുമന്ത്രിയും ഉടൻതന്നെ ഇടപെടുകയും ഉദ്യോഗസ്ഥൻമാർക്കെതിരായിട്ടുള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഞാൻ പിന്നീട് അത് പ്രൊസീഡ് ചെയ്തിട്ടില്ല. ഞാൻ പത്രസമ്മേളനം വിളിക്കുകയോ രാജിവയ്ക്കുകയോ ചെയ്തതായി ഒരിടത്തും നിങ്ങൾക്കാർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ? പത്രത്തിലും ചാനലിലുമെല്ലാം പലതും വരും. അതിനെല്ലാം പ്രതികരിക്കേണ്ട കാര്യമില്ല. ഇതിനുമുമ്പും എന്നെക്കുറിച്ച് എന്തൊക്കെ പറഞ്ഞിട്ടുണ്ട്? ഇവരും പറഞ്ഞിട്ടുണ്ട്, എല്ലാവരും പറഞ്ഞിട്ടുണ്ട്. പക്ഷേ അതിലൊന്നും ഒരു യാഥാർത്ഥ്യവുമില്ല. അതുകൊണ്ട് പത്രത്തിൽ എന്തെങ്കിലും വരുന്നതിനെക്കുറിച്ച് പറഞ്ഞിട്ടൊന്നും ഒരു കാര്യവുമില്ല. ഇവിടെ ഏറ്റവും പരമപ്രധാനമായ ഒരു കാര്യമെന്ന് പറയുന്നത് ഇത്രയും നല്ലരീതിയിൽ ഒരു ദേശീയ ഗെയിംസ് സംഘടിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരങ്ങളായ താരങ്ങളെ സമ്മാനിക്കാനും ഈ ദേശീയ ഗെയിംസ് കൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സർക്കാരിന്റെ നേട്ടങ്ങളിലേക്ക് കടക്കുമ്പോൾ, കൊച്ചി

മെട്രോയുടെ കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രത്യേകിച്ച് പറഞ്ഞിട്ടുണ്ട്. കൊച്ചി മെട്രോയ്ക്ക് തുടക്കം കുറിച്ചതും 60 ശതമാനത്തോളം വർക്ക് പൂർത്തീകരിച്ചതും കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് തന്നെയാണ്. ബാക്കി പലരും ചർച്ചകൾ പലതും നടത്തിക്കാണും. ചർച്ചകൾ ചർച്ചയായി മാത്രം നിൽക്കുമ്പോഴാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതും മെട്രോയുടെ വർക്ക് ആരംഭിച്ചതും അങ്കമാലിവരെ നീട്ടിയതും. അത് ഈ സർക്കാരിന്റെ നേട്ടമാണ്. അത് ഹൈടെക് രംഗത്തെ ഒരു പ്രധാന നേട്ടമാണ്. മെട്രോയിൽ സഞ്ചരിക്കുന്നത് പണക്കാർ മാത്രമല്ല, സാധാരണക്കാരും സഞ്ചരിക്കാറുണ്ട്. കൊച്ചി നഗരത്തെ സംബന്ധിച്ച് അവിടത്തെ ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യവും അതുപോലെതന്നെയാണ്. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് കുറെക്കാലമായി പറയാൻ തുടങ്ങിയിട്ടെന്ന് നേരത്തെ ശ്രീ. എം. ചന്ദ്രൻ പറഞ്ഞു. പക്ഷെ അത് കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച് ഒരു ധാരണയിലെത്തുകയും കഴിഞ്ഞ ദിവസം ടെണ്ടർ വിളിക്കുകയും ചെയ്തു. കമ്പനികൾ ചില നിയമത്തിന്റെ പേരിൽ ബോധപൂർവ്വം മാറിനിന്നു. കമ്പനികൾ മാറിനിന്നപ്പോൾ കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച് അതിനും പരിഹാരം കണ്ടു. ഇന്ന് പത്രത്തിൽ ഏറ്റവും

ശുഭകരമായ വാർത്തയാണുള്ളത്. രണ്ടുമൂന്ന് കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. വർഷങ്ങളായി നമ്മൾ പറഞ്ഞുകേൾക്കുന്ന വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യത്തോട് അടുക്കുന്നുവെന്നുള്ളതിന്റെ ലക്ഷണമാണ് ഇന്ന് നമ്മൾ പത്രത്തിൽ കണ്ട വാർത്ത. അത് തലസ്ഥാനത്തെ സംബന്ധിച്ച് വളരെ ശുഭകരമായ വാർത്തയാണ്.

തിരുവനന്തപുരം നഗരത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന കരമന – കളിയിക്കാവിള റോഡിന് തുടക്കം കുറിച്ചതും വർക്ക് ഇത്രയേറെ....... എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. വി. ശിവൻകുട്ടി, തറക്കല്ലിടുന്ന ചടങ്ങിൽനിന്ന് ഇറങ്ങിപ്പോയെങ്കിലും ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും വാനോളം പുകഴ്ത്തിയതിനുശേഷമാണ് പ്രതിപക്ഷ നേതാവിനെ പങ്കെടുപ്പിച്ചില്ലെന്ന പേരിൽ വാക്കൗട്ട് നടത്തിയത്. പക്ഷെ ചെയ്ത കാര്യങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഇന്ന് അതിന്റെ വർക്ക് മുന്നോട്ടുപോകുകയാണ്. സ്വാഭാവികമായും ഒരു വർക്ക് തുടങ്ങുമ്പോൾ ചില തടസ്സങ്ങളൊക്കെ ചില ഭാഗത്തുനിന്നുണ്ടാകുമല്ലോ; നമ്മൾ ഒരു കെട്ടിടം പണിയുമ്പോൾ സാധനസാമഗ്രികൾ കിട്ടാത്തതുകൊണ്ട് ചിലപ്പോൾ പണി നിർത്തിവയ്ക്കേണ്ടിവരും. അങ്ങനെയുള്ള കാര്യങ്ങളുണ്ടായപ്പോൾ ഗവൺമെന്റ്

അക്കാര്യത്തിൽ ഇടപെടുകയും ഇപ്പോൾ വർക്ക് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നു.

അതുപോലെ കേരളത്തിലെ രോഗികൾക്ക് ഏറ്റവും ആശ്വാസമാകുന്ന രീതിയിൽ ചികിത്സിക്കുന്നതിന് പുതിയ ഡോക്ടർമാരെ സൃഷ്ടിക്കാനുള്ള മെഡിക്കൽ കോളേജുകൾ ഗവൺമെന്റുതന്നെ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അഞ്ച് മെഡിക്കൽ കോളേജുകളാണ് പൊതുമേഖലയിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ മഞ്ചേരിയിലും ഇടുക്കിയിലും പാലക്കാടും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയും കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് അത് നേരിട്ട് നടത്തുന്ന സംവിധാനത്തിലേയ്ക്കും കാര്യങ്ങളെത്തി. എന്റെ നിയോജക മണ്ഡലത്തിലെ തിരുവനന്തപുരം ജനറൽ ആശുപത്രിയെ ഒരു മെഡിക്കൽ കോളേജായി ഉയർത്താനുള്ള വർക്ക് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരു വർഷം മുമ്പാണ് അതിന്റെ പ്രവർത്തനം ആരംഭിച്ചത്. വളരെ നല്ല രീതിയിൽ അത് മുന്നോട്ടുപോകുന്നു. പത്തനംതിട്ട ജില്ലിയിലെ കോന്നിയിലും കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ പോകുന്നു. പുതിയ ഡോക്ടർമാരെ സൃഷ്ടിക്കാനും രോഗികൾക്ക് ആശ്വാസപ്രദമാകാനുമുള്ള

സംരംഭത്തിനാണ് ഗവൺമെന്റ് നേതൃത്വം കൊടുത്തിട്ടുള്ളത്. എത്രയെല്ലാം സ്വകാര്യ ആശുപത്രികളുണ്ടെങ്കിലും പാവപ്പെട്ട രോഗികളെ സംബന്ധിച്ച് അവർക്ക് ചികിത്സയ്ക്കുള്ള ഏകമാർഗ്ഗമെന്ന് പറയുന്നത് സർക്കാർ ആശുപത്രികൾ തന്നെയാണെന്ന് നമുക്കറിയാം. ആ സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സൗകര്യം ഏർപ്പെടുത്താനും ആരോഗ്യ വകുപ്പ് വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചുവെന്നുള്ളത് ഏറ്റവും സന്തോഷം നൽകുന്ന ഒരു കാര്യമാണ്. ശ്രീ. എം. പി. അബ്ദു സമദ് സമദാനി സൂചിപ്പിച്ചതുപോലെ, മലയാളത്തെ സംബന്ധിച്ച് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നമ്മുടെ ഭാഷയെ ശ്രേഷ്ഠഭാഷയാക്കാനും ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞുവെന്നുള്ളത് ഏറ്റവും വലിയ കാര്യമാണ്. കാസർഗോഡും വയനാട്ടും ഹരിപ്പാട്ടും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു.

'ഓപ്പറേഷൻ സുരക്ഷ' എന്ന പേരിൽ പതിനായിരത്തിലധികം ഗുണ്ടകളെയും മാഫിയകളെയും വാറണ്ട് പ്രതികളെയും അറസ്റ്റ് ചെയ്യാൻ ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞുവെന്നുള്ളത് ആഭ്യന്തര വകുപ്പിന്റെ ഏറ്റവും വലിയ നേട്ടമാണ്. 'ക്രൈം ഫ്രീ സ്റ്റേറ്റ്' എന്നുള്ള നിലയിൽ കേരളത്തിനെ മുന്നോട്ടുകൊണ്ടുപോകാനാണ് ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ

ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഓപ്പറേഷൻ കുബേര - ബ്ലെയ്ഡ് കമ്പനികളെക്കുറിച്ച് ഞാൻ തന്നെ കഴിഞ്ഞ സഭയിൽ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പാവപ്പെട്ട പെൺകുട്ടിയടക്കം ഒരു കുടുംബത്തിലെ അഞ്ച് പേരുടെ ആത്മഹത്യയാണ് ഓപ്പറേഷൻ കുബേരയിലേയ്ക്ക് കാര്യങ്ങൾ നയിച്ചത്. വളരെ കാര്യക്ഷമമായിതന്നെ അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചു. ഇപ്പോൾ ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന തൃശ്ശൂരിലെ ഒരു പാവപ്പെട്ട സെക്യൂരിറ്റി ജീവനക്കാരൻ കൊലചെയ്യപ്പെട്ട സംഭവത്തിലെ പ്രതിയെ കാപ്പാ നിയമം ചുമത്താൻ സർക്കാർ തീരുമാനിക്കുകയും അതനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തു. പോലീസിനെക്കുറിച്ച് ആക്ഷേപം വരുമ്പോൾ ഉദ്യോഗസ്ഥരുടെ മൊറാലിറ്റിയെ നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള സ്റ്റേറ്റുമെന്റുകൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. പ്രത്യേകിച്ച് കേരളത്തിലെ ഇന്നത്തെ ഡി.ജി.പി.യെ സംബന്ധിച്ചിടത്തോളം. ഞാനദ്ദേഹത്തോട് ഒരു ശിപാർശയും പറയാത്ത ആളാണ്. പക്ഷെ വളരെ സത്യസന്ധമായ രീതിയിൽ പ്രവർത്തിക്കുന്ന ഡി.ജി.പി.യെപ്പോലുള്ള ഉദ്യോഗസ്ഥർക്കെതിരെ അവരുടെ മൊറാലിറ്റി തകർക്കുന്ന രീതിയിലുള്ള സ്റ്റേറ്റുമെന്റുകൾ നടത്തുന്നത് ദൗർഭാഗ്യകരമാണ്, അത് അതൊരിക്കലും ഒരു

ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉദ്യോഗസ്ഥരിൽ തെറ്റുകാരുണ്ടാകാം, പക്ഷെ അതിന്റെ പേരിൽ ഒരു സംസ്ഥാനത്തെ ലാ ആന്റ് ഓർഡറിന്റെ തലപ്പത്തിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ വളരെ മോശമായ രീതിയിൽ ചിത്രീകരിക്കുമ്പോൾ പോലീസുകാരുടെ മൊറാലിറ്റിയും നഷ്ടപ്പെടും. ഏത് ഗവൺമെന്റ് വന്നാലും എന്നും പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നത് പോലീസുകാർക്കാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഗവൺമെന്റ് ചീഫ് വിപ്പാണ് അതിനെക്കുറിച്ച് പറഞ്ഞത്. അതുകൊണ്ട് അങ്ങോട്ടുനോക്കി പറയൂ.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഞാൻ ഈ സഭയിലാണ് പറയുന്നത്, എങ്ങോട്ടും നോക്കിയല്ല. ഒരു കാരണവശാലും പോലീസ് ഉദ്യോഗസ്ഥരുടെ മൊറാലിറ്റി തകർക്കുന്ന രീതിയിലുള്ള സ്റ്റേറ്റുമെന്റുകൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകരുത്. ഇത്രയൊക്കെ നല്ല കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റാണിത്. ഇന്നിവിടെ പ്രതിപക്ഷവും ശ്രീ. എം. ചന്ദ്രന്റെ പ്രസംഗവും, ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ വിഷയവുമൊക്കെ സർക്കാരിനെതിരായി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. പ്രതിപക്ഷത്തെ രണ്ട് പ്രമുഖ പാർട്ടികളുടെ സംസ്ഥാന സമ്മേളനങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ഒന്ന്, സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സമ്മേളനം. ഇവിടെ

ഈ സർക്കാരിനെതിരെ പറഞ്ഞ എന്തെങ്കിലും കാര്യങ്ങൾ ആ സമ്മേളനത്തിൽ ചർച്ച ചെയ്തിട്ടുണ്ടോ; ഈ സംസ്ഥാന സർക്കാരിനെതിരെ ഒരു കുറ്റപത്രംപോലും ഈ രണ്ട് സംസ്ഥാന സമ്മേളനങ്ങളിലും ഒരു പ്രമേയ രൂപത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവിടെ ഈ ഗവൺമെന്റ് വന്നപ്പോൾ മുഖ്യമന്ത്രി അഞ്ച് കൊല്ലം ഭരിക്കുമോയെന്നാണ് ചോദിച്ചത്. മുഖ്യമന്ത്രി അഞ്ച് കൊല്ലം ഉണ്ടാകും. പക്ഷേ പ്രതിപക്ഷനേതാവ് അഞ്ച് കൊല്ലം ഉണ്ടാകുമോ; മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ അച്യുതാനന്ദവധം ആട്ടക്കഥയായിരുന്നില്ലേ നടന്നത്; എന്തെല്ലാം അദ്ദേഹത്തെക്കുറിച്ച് ഇവർ പറഞ്ഞു. കുറെയൊക്കെ കേൾക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനമാണ്. കെ. കരുണാകരനും ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കുമൊക്കെ എതിരായി ഒരുപാട് ദ്രോഹം ചെയ്തിട്ടുണ്ടല്ലോ; സ്വന്തം പാർട്ടിയുടെ സെക്രട്ടറിയെ കള്ളനും കൊലപാതകിയുമാക്കാൻ നോക്കിയെന്ന് ശ്രീ. വി. എസ്. അച്യുതാനന്ദനെക്കുറിച്ച് പറഞ്ഞത് ഞങ്ങളാരുമല്ല. എന്നെ കള്ളനും കൊലപാതകിയുമാക്കാൻ നോക്കിയെന്ന് സ്ഥാനമൊഴിഞ്ഞ പാർട്ടി സെക്രട്ടറി തന്നെയാണ് പറഞ്ഞത്. അങ്ങനെ വരുമ്പോൾ അദ്ദേഹത്തിന് ആ സമ്മേളനത്തിൽ ഇരിക്കാൻ കഴിയുമോ; ഈ നിയമസഭയിൽ ഞങ്ങളുടെയൊക്കെ വിമർശനം കേട്ട് എത്രയോ മണിക്കൂറുകൾ ഇരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദന് എന്തുകൊണ്ടാണ്

അരദിവസംപോലും സമ്മേളനത്തിന് ഇരിക്കാൻ കഴിയാതിരുന്നത്. ഇറങ്ങിപ്പോയ വഴിക്ക് അദ്ദേഹത്തെ കണ്ടിട്ടില്ല. പിന്നെ കാണുന്നത് വേലിയ്ക്കകത്ത് വീട്ടിൽ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന പ്രതിപക്ഷനേതാവിനെയല്ലേ; നേരം വെളിച്ചമാകുമ്പോൾത്തന്നെ അദ്ദേഹം നാടുവിട്ടത് ഞാൻ ടി.വി.യിൽ കണ്ടു. ശ്രീ. എം. വിജയകുമാറും ഈ സംസ്ഥാന നിയമസഭയിലെ ചില അംഗങ്ങളുമൊക്കെ ആലപ്പുഴ ബീച്ചിൽ രാവിലെ ഓടാൻ ഇറങ്ങിയപ്പോഴാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സ്ഥലംവിട്ടുവെന്ന വാർത്ത അറിയുന്നത്. തലേദിവസമാണ് സ്ഥാനം ഒഴിഞ്ഞ സെക്രട്ടറി പറഞ്ഞത്, ഇയാൾ പാർട്ടി വിരുദ്ധനാണെന്ന്, മാത്രമല്ല പാർട്ടിയെ നശിപ്പിക്കുന്ന ഒരു മാനസികാവസ്ഥയിലേയ്ക്ക് അദ്ദേഹം എത്തിയെന്നും പറഞ്ഞത് ബൂർഷാ മാധ്യമങ്ങളല്ല; സമ്മേളനം തുടങ്ങുന്നതിന്റെ തലേദിവസം ശ്രീ. പിണറായി വിജയൻ നടത്തിയ പത്രസമ്മേളനത്തിലാണ്. ഈ സഭയിൽ ഒരു പാർട്ടി വിരുദ്ധൻ പ്രതിപക്ഷനേതാവായി ഇരിക്കുമ്പോൾ പാർട്ടി സെക്രട്ടറി ആ പ്രതിപക്ഷനേതാവിന്റെ കീഴിലിരിക്കുന്നത് ഒരു മാന്യമായ നടപടിയാണോ; സി.പി.ഐ.(എം.) തീരുമാനിക്കേണ്ട കാര്യമാണത്. പ്രത്യേക സാഹചര്യത്തിൽ പ്രതിപക്ഷനേതാവായും പാർട്ടി സെക്രട്ടറിയായും ഒരാൾക്ക് വേണമെങ്കിൽ ഇരിക്കാം, കുഴപ്പമില്ല. പക്ഷെ, പാർട്ടി വിരുദ്ധനെന്ന് സംസ്ഥാന സെക്രട്ടേറിയറ്റ് പ്രമേയം

പാസ്സാക്കുകയും അത് നീക്കം ചെയ്യാതെ നിങ്ങളുടെ ഒരു ബൂത്ത് കമ്മിറ്റിക്കുപോലും ഞാനില്ലായെന്ന് പറഞ്ഞ ആ നേതാവിന്റെ കീഴിൽ പാർട്ടി സെക്രട്ടറി ഡെപ്യൂട്ടി ലീഡറായി ഇരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പാർട്ടി സെക്രട്ടറിയായിരിക്കുമ്പോഴാണ് 1991-ൽ മാരാരിക്കുളത്തുനിന്ന് ജയിച്ചുവരുന്നത്. അദ്ദേഹം രണ്ടാം നിരയിലിരുന്നു, കാരണം അദ്ദേഹം പാർട്ടി സെക്രട്ടറിയാണ്. പിന്നീട് ഇ. കെ. നായനാർ പാർട്ടി സെക്രട്ടറിയായപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുന്നിലിരിക്കുകയും ഇ. കെ. നായനാർ പുറകിലിരിക്കുകയും ചെയ്തു. പക്ഷെ ഇവിടെ പ്രതിപക്ഷ ഉപനേതാവിന്റെ സീറ്റിലാണ് പാർട്ടി സെക്രട്ടറി ഇരിക്കുന്നത്. അതും പാർട്ടി വിരുദ്ധനെന്ന് പറഞ്ഞ ഒരു നേതാവിന്റെ കീഴിൽ. ഇതിൽപ്പരം ഒരു ഗതികേടുണ്ടോ; അവർക്കും മുഖ്യമന്ത്രി സ്ഥാനം വേണമെന്നതാണ് സി.പി.ഐ.യുടെ സമ്മേളനത്തിൽ ഉയർന്നുവന്ന ആവശ്യം. ശ്രീ. സി. ദിവാകരന് അതിലൊന്നും പങ്കില്ല, അദ്ദേഹം നല്ല മനുഷ്യനാണ്. രണ്ടരക്കൊല്ലം വീതം സി.പി.ഐ.യ്ക്കും മുഖ്യമന്ത്രി സ്ഥാനം വേണമെന്നാണ് പറയുന്നത്. കോർപ്പറേഷനും പഞ്ചായത്തും പങ്കിടുന്നതുപോലെ. അടുത്ത തവണ അധികാരം കിട്ടിയാലല്ലേ ഇത് പങ്കിടേണ്ട ആവശ്യമുള്ളൂ. രണ്ടരക്കൊല്ലം സി.പി.ഐ.(എം.)-ന് ആകാമെങ്കിൽ രണ്ടരക്കൊല്ലം ഞങ്ങൾക്കും മുഖ്യമന്ത്രിയാകാമെന്നാണ് സി.പി.ഐ.യുടെ പുതിയ

സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ പറയുന്നത്. ഇങ്ങനെയുള്ള രണ്ട് പ്രധാന പ്രതിപക്ഷ കക്ഷികളുടെ സമ്മേളനങ്ങൾ കഴിഞ്ഞപ്പോൾ സർക്കാരിനെക്കുറിച്ച് ഒന്നും പറയാനില്ല. ഇവിടെ വന്നപ്പോഴാണ് സർക്കാർ അങ്ങനെയാണ് ഇങ്ങനെയാണെന്നൊക്കെ പറയുന്നത്. ഒരു കാര്യം എനിക്ക് പ്രതിപക്ഷത്തിനോട് പറയുവാനുണ്ട്. ഞങ്ങൾക്ക് തെറ്റുകളും കുറ്റങ്ങളുമുണ്ടെങ്കിൽ അത് വിചാരണ ചെയ്യേണ്ട വേദി തെരഞ്ഞെടുപ്പുകളാണ്. ഇനി വരുന്ന പഞ്ചായത്ത് ഇലക്ഷനിലും നിയമസഭാ ഇലക്ഷനിലും നമുക്ക് ഏറ്റുമുട്ടാമല്ലോ. പറയേണ്ട കാര്യങ്ങൾ നമുക്ക് അങ്ങോട്ടുമിങ്ങോട്ടും പറയാം. ജനങ്ങളാണ് പരമാധികാരികൾ. അവർ തീരുമാനിക്കട്ടെ. രാഹുൽ ഗാന്ധി വരുന്നതും പോകുന്നതും ആരും നോക്കേണ്ടതില്ല. അത് ഞങ്ങളുടെ കാര്യമാണ്. ഞങ്ങൾ നോക്കിക്കോളാം. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പുവരെ ക്ഷമയോടെ കാത്തിരിക്കുക. അടുത്ത മാർച്ചിൽ ഈ സമയത്ത് നമ്മളൊക്കെ ഫീൽഡിലായിരിക്കില്ലേ, തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം പ്രഖ്യാപിച്ചുകാണും.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീമതി സോണിയാ ഗാന്ധിയെ മദാമ്മ എന്നുവിളിച്ചും അലൂമിനിയം പട്ടേലെന്നു വിളിച്ചും ഡി.ഐ.സി. ഉണ്ടാക്കിയിട്ട് പിന്നീട് കോൺഗ്രസിൽ വന്ന് കോൺഗ്രസിനുവേണ്ടി സംസാരിക്കുന്നതുകൊണ്ട്

അന്ന് എന്തെങ്കിലും ധാർമ്മികമായ തെറ്റുപറ്റിയെന്നൊരു കുറ്റബോധം ഇന്നെങ്കിലും താങ്കൾക്കുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, നിങ്ങളുടെയൊക്കെ കൂടെ കുറച്ചുകാലം ഒരു പഞ്ചായത്തിൽ ഇരുന്നതിന്റെ കുറ്റബോധം ഉള്ളതുകൊണ്ടാണല്ലോ എനിക്ക് ഇവിടെ ഇരിക്കേണ്ടി വന്നത്. അതുകൊണ്ട് അതിനെക്കുറിച്ചുള്ള വർത്തമാനം പറയാതിരിക്കുകയാണ് കുറേക്കൂടി നല്ലത്. സ്വന്തം പ്രതിപക്ഷ നേതാവിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങളാണ് ഞാൻ നേരത്തെ പറഞ്ഞത്. അത് പഴയ ചരിത്രം എടുത്തുവച്ച് പറയേണ്ട കാര്യമൊന്നുമില്ല. ചില തെറ്റുകൾ സംഭവിച്ചിരുന്നു എന്ന് സമ്മതിച്ചുകൊണ്ടുതന്നെയാണ് ഞങ്ങളെപ്പോലുള്ളവർ കോൺഗ്രസിൽ തിരിച്ചെത്തിയിട്ടുള്ളത്. കോൺഗ്രസ് വിശാലമായിട്ടുള്ളൊരു ജനാധിപത്യ പാർട്ടിയാണ്. ഡൽഹി ഇലക്ഷനെക്കുറിച്ച് എന്റെ ബഹുമാന്യ സുഹൃത്തുക്കൾ പറഞ്ഞപ്പോൾ കോൺഗ്രസിന് എത്ര സീറ്റ് കിട്ടിയെന്ന് ചോദിച്ചു. ഞങ്ങൾക്ക് തോൽവിയുണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ ഈ പറയുന്നവർക്ക് എത്രയാണ് കിട്ടിയത്? നാല് നിയമസഭാ സീറ്റിൽ മൽസരിച്ചിട്ട് 1222 വോട്ടാണ് കിട്ടിയത്. നോട്ടയ്ക്ക് പോലും ഇതിനേക്കാൾ കൂടുതൽ വോട്ട് കിട്ടി. സാധാരണ നാലാം സ്ഥാനം കിട്ടുന്നവർ പറയാറുണ്ട് അഞ്ചാം സ്ഥാനം ഇല്ലാത്തതുകൊണ്ട് എനിക്ക്

നാലാം സ്ഥാനം കിട്ടിയെന്ന്. ഇവിടെ അതും കിട്ടിയില്ല. നോട്ടയ്ക്ക് കിട്ടിയ സീറ്റ് കഴിഞ്ഞിട്ടാണ് ഇവർക്ക് കിട്ടിയത്. കോൺഗ്രസിന് പരാജയമുണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്, അംഗീകരിക്കുന്നു. പക്ഷേ ആം ആദ്മി പാർട്ടിയെക്കുറിച്ചുള്ള പ്രതീക്ഷകൾ തകർക്കുന്ന രീതിയിലുള്ള റിപ്പോർട്ടുകളാണ് ഡൽഹിയിൽനിന്ന് വന്നുകൊണ്ടിരിക്കുന്നത്. ബി.ജെ.പി.യെക്കുറിച്ച് മോശം അഭിപ്രായം ഇപ്പോഴും നിലനിൽക്കുന്നു. അങ്ങനെ വരുമ്പോൾ അവസാനത്തെ ചോയ്സ് കോൺഗ്രസ് തന്നെയാണെന്ന കാര്യത്തിൽ സംശയമില്ല. ആം ആദ്മി പാർട്ടിയുടെ വിജയം കാണിക്കുന്നതെന്താണ്; അവിടെപ്പോലും കോൺഗ്രസിനും ബി.ജെ.പി.ക്കും എതിരായിപ്പോലും ഒരു ബദലാകാൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് കഴിയുന്നില്ല എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് ഡൽഹിയിൽ നടന്ന തെരഞ്ഞെടുപ്പ്. അതുകൊണ്ട് ഡൽഹിയെ ഉയർത്തിക്കാട്ടി കോൺഗ്രസ് നശിച്ചുവെന്ന് പറയേണ്ട കാര്യമില്ല. ഈ നന്ദിപ്രമേയം തീർച്ചയായിട്ടും ഈ ഗവൺമെന്റിന്റെ നാല് വർഷത്തെ നേട്ടങ്ങൾ അക്കമിട്ട് പറഞ്ഞുകൊണ്ടുള്ള നയപ്രഖ്യാപനമാണ്. പ്രതിപക്ഷത്തിനോട് ഒരു അഭ്യർത്ഥന കൂടിയുള്ളത്, ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള ധാർമ്മികമായ അവകാശം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. നിങ്ങൾക്ക് സമരം ചെയ്യാനുള്ള അധികാരവുമുണ്ട്. നിങ്ങൾക്ക് പറയുവാനുള്ള കാര്യങ്ങൾ

തെരഞ്ഞെടുപ്പിൽ പറയാം. നിയമസഭാ, ലോക്കൽബോഡി ഇലക്ഷനുകൾ വരുന്നുണ്ട്. ഇങ്ങനെയൊക്കെയുള്ള സന്ദർഭങ്ങളുള്ളപ്പോൾ ഒരു ധനകാര്യ വകുപ്പുമന്ത്രിയെ നിയമസഭയിൽ കയറ്റില്ലെന്നും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. മാരെ സഭയ്ക്കകത്ത് കയറ്റില്ലെന്നും പറയുമ്പോൾ അതിന് മറുപടി പറയാൻ ഈ നാട്ടിലെ ജനങ്ങളുണ്ട് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ നന്ദി പ്രമേയത്തിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, എനിക്ക് ആകെ 10 മിനിട്ട് ഉള്ളതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ സൂക്ഷിക്കണം. എന്നെ ഉപദ്രവിക്കരുത്. ഇടപെട്ടുകളയരുത്, ഇടപെട്ടാൽ എനിക്ക് സമയം തരണം.

46 പേജുകളിൽ 91 പാരഗ്രാഫുകളോടെയുള്ള ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനം മുഴുവൻ ഞാൻ വായിച്ചു. കേട്ടില്ല എന്ന് ശ്രീ. കെ. മുരളീധരൻ പറഞ്ഞത് ശരിയാണ്. പക്ഷേ അക്ഷരത്തെറ്റൊന്നുമില്ലാതെ അത് പ്രിന്റ് ചെയ്തിട്ടുണ്ട്. ഇത് തന്നെയാണ് അദ്ദേഹം പറഞ്ഞത്. ഇത്രയും ലാഘവത്തോടുകൂടി കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ സാമൂഹിക പ്രശ്നങ്ങളിൽ ഒരെണ്ണംപോലും പരാമർശിക്കാതെ, സമകാലീനമായിട്ടുള്ള യാതൊരു കാര്യങ്ങളുമില്ലാതെ കഴിഞ്ഞ വർഷം ശ്രീ. നിഖിൽ കുമാർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്റെ

ശരിപ്പകർപ്പാണിത്. പുതിയ നിർദ്ദേശങ്ങളൊന്നുമില്ല. ശ്രീ. എം. പി. അബ്ദു സമദ് സമദാനിയുടെ ഒരു നയപ്രഖ്യാപനമാണ് ഞാനിവിടെ കേട്ടത്. അദ്ദേഹം നയപ്രഖ്യാപനത്തിന്റെ അവസാനം രണ്ട് നിർദ്ദേശങ്ങൾ പറഞ്ഞു. അതാണ് യഥാർത്ഥത്തിൽ നയപ്രഖ്യാപനം. ഒരു ഗവൺമെന്റ് ഭാവിയിൽ ചെയ്യേണ്ട ചില കാര്യങ്ങൾ ഇതിലില്ല. ടെക്നോപാർക്ക്, എറണാകുളം മെട്രോ, വിഴിഞ്ഞം തുറമുഖം എന്നിങ്ങനെ എത്രയോ കാലങ്ങളായി പറയുന്ന കാര്യങ്ങൾ തന്നെയാണ് ഇതിലുമുള്ളത്. കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയും അവഹേളിക്കുകയും പറ്റിക്കുകയും ചെയ്യുന്ന നയം കേന്ദ്രത്തിൽ ഇപ്പോഴും തുടരുകയാണ്. കേന്ദ്രത്തിന്റെ റെയിൽവേ ബഡ്ജറ്റ് വന്നപ്പോൾ കേരളത്തിന് എന്താണ് കിട്ടിയത്; കേന്ദ്രത്തിന്റെ സമീപനമെന്താണ്; റെയിൽവേ കോച്ച് ഫാക്ടറിയും റെയിൽവെയുടെ ഗുഡ്സ് യാർഡും ഇപ്പോൾ എവിടെപ്പോയി; കേന്ദ്രം തരേണ്ട യാതൊന്നും തരുന്നില്ല. കേന്ദ്രത്തിന്റെ ചില നോംസ് ഭേദഗതി ചെയ്യണമെന്ന് മുഖ്യമന്ത്രി പോയി പറഞ്ഞു. യാതൊന്നും ചെയ്തില്ല. ഈ കേന്ദ്ര ഗവൺമെന്റിനെ നിങ്ങളെന്താണ് കാണാത്തത്;

ശ്രീ. കെ. എം. മാണി അഴിമതി കാണിച്ചെന്ന് ഞങ്ങൾ പറഞ്ഞത് മഹാ പാപമായിട്ടല്ലേ നിങ്ങൾ കാണുന്നത്. ഈ നയപ്രഖ്യാപനത്തിന്റെ അവസാനം അത് അംഗീകരിക്കുന്നുണ്ട്. അതായത് സാമ്പത്തികമായ ഒരു നിർദ്ദേശവുമില്ലാത്ത ഈ

നയപ്രഖ്യാപനത്തിൽ മഹാനായ തിരുവള്ളുരിന്റെ ഉദ്ദരിച്ചുകൊണ്ട് പറയുകയാണ് 'വിഭവങ്ങളെ പരമാവധി സമാഹരിക്കണം'. മാണിസാർ സമാഹരിച്ചിരിക്കുകയാണ്. 'വിഭവങ്ങളെ ഫലപ്രദമായി സാമ്പത്തികമായി മാറ്റുകയും അങ്ങനെ നേടിയെടുത്ത സമ്പത്തിനെ സുരക്ഷിതമായി സൂക്ഷിക്കുകയും വേണം'. ഗവർണ്ണറുടെ നയപ്രഖ്യാപനമാണ്. ഗവർണ്ണർക്ക് കാര്യങ്ങളെല്ലാം മനസ്സിലായി. അത് സൂക്ഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ ജനങ്ങൾക്ക് കൊടുക്കണം. എന്താണ് ചെയ്യുന്നത്; സുരക്ഷിതമായി സൂക്ഷിക്കുകയും ആ സമ്പത്തിനെ സംസ്ഥാനത്തിലെ ജനങ്ങൾക്ക് കൈമാറുകയും വേണം. ഇതിൽക്കൂടുതൽ നയപ്രഖ്യാപനം എങ്ങനെ നടത്താനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വായിക്കണം. സമ്പത്ത് സമാഹരിക്കണം, കാര്യമായി സൂക്ഷിക്കണം. അത് നമ്മുടെ സംസ്ഥാനത്തിൽ വിനിയോഗിക്കണം. ഞങ്ങൾ പറയുന്നതാണ് കുഴപ്പം. ഇതിൽ കുടിവെള്ളത്തിന്റെ കാര്യം പറഞ്ഞു. ഇപ്പോൾ കേരളത്തിൽ കുടിവെള്ളത്തിന്റെ സ്ഥിതിയെന്താണ്. കേരളത്തിലെ ജനങ്ങൾ നിലവിളിക്കുകയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും വീടുകളിലും കുടിക്കാൻ വെള്ളമില്ല. മനുഷ്യന്റെ വല്ല കാര്യവും ഇതിനകത്ത് പറയുന്നുണ്ടോ; വിലക്കയറ്റത്തെ കുറിച്ച് നിങ്ങൾക്കറിയണോ; ഈ സഭ കൂടിക്കൊണ്ടിരിക്കുമ്പോൾ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പ് ഒരു ഉത്തരവ്

ഇറക്കിയിരിക്കുന്നു. മുളകിന് നിലവിലുള്ള വിലയേക്കാൾ 16 രൂപയും ഉഴുന്നിന് 7 രൂപയും ചെറുപയറിന് 13 രൂപയും അരി കിലോയ്ക്ക് 2.40 രൂപയും വർദ്ധിപ്പിക്കണം. നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ ഉത്തരവ് ഇറക്കിയിരിക്കുന്നത്. നിങ്ങൾക്ക് എന്ത് പ്രതിബദ്ധതയാണ് ജനങ്ങളോടുള്ളത്. വിലക്കയറ്റം തടയാൻ നയപ്രഖ്യാപനത്തിൽ പറയുന്നതെന്താണ് - വിലക്കയറ്റം തടയാൻ ഒരുപാട് നടപടികളുണ്ടെന്നുള്ളത് വളരെ വിചിത്രമായ വാദഗതിയാണ്. വിലക്കയറ്റം തടയാൻവേണ്ടി നയപ്രഖ്യാപനത്തിൽ പറയുന്നത് - ഉപഭോക്തൃ സംസ്ഥാനമായതിനാൽ കാര്യക്ഷമമായൊരു പൊതുവിതരണ സമ്പ്രദായം ഇല്ലാതെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിക്കുന്നതല്ല എന്നാണ്. പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ... സുഗന്ധവ്യഞ്ജനങ്ങൾ എന്നാലെന്താണെന്ന് ശ്രീ. പി.സി. ജോർജിനറിയാമല്ലോ. ഗ്രാമ്പൂ, കുരുമുളക്, ഇഞ്ചി, ഏലം, മഞ്ഞൾ ഇതൊക്കെയാണവ. ഇവയ്ക്കാണോ വിലകുറയ്ക്കുന്നത്; ഇവിടെ ഏലത്തിനും ചുക്കിനുമാണോ വിലകുറയ്ക്കാൻ പോകുന്നത്; ഇതിനെല്ലാം വിലകുറയ്ക്കുമെന്ന് അച്ചടിച്ചു തന്നിരിക്കുകയാണ്. എങ്ങനെ വിലകുറയ്ക്കും? വെളിച്ചെണ്ണ പോലുള്ള അവശ്യ സാധനങ്ങൾക്ക് പൊതുവിപണിയിലെ വിലയേക്കാൾ 50 ശതമാനം കുറയ്ക്കും. കുറച്ചിട്ടുണ്ടോ; ഈ നയപ്രഖ്യാപനം കേരളത്തിലെ എം.എൽ.എ.മാരുടെ

കയ്യിലിരിക്കുമ്പോൾത്തന്നെ ഗവൺമെന്റ് ഇവയ്ക്കെല്ലാം വില വർദ്ധിപ്പിക്കണമെന്ന് ഉത്തരവിട്ടിരിക്കുകയാണ്. എന്തുവിരോധാഭാസമാണ് ഇത്. ഒരു ഗവൺമെന്റ് ഇതുപോലെ ജനങ്ങളെ കബളിപ്പിക്കുക, എം.എൽ.എ.മാരെ കബളിപ്പിക്കുക, തെറ്റിദ്ധരിപ്പിക്കുകയാണ്. ഒരു ഭാഗത്ത് നയപ്രഖ്യാപനത്തിൽ വിലകുറയ്ക്കുമെന്ന് പറയുമ്പോൾത്തന്നെ മറുഭാഗത്ത് വിലകൂട്ടണമെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കുകയാണ്. ഈ ഉത്തരവ് പിൻവലിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ ജി.ഒ. പിൻവലിക്കണം. സഭ നടന്നുകൊണ്ടിരിക്കുമ്പോൾ നിലവിൽ വില വർദ്ധിപ്പിക്കണമെന്നത് നയപരമായൊരു പ്രഖ്യാപനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാവപ്പെട്ടവരോട് വളരെ താൽപര്യമുള്ളയാളാണെന്ന് പറയുന്ന കാര്യത്തോട് എനിക്ക് വിയോജിപ്പൊന്നുമില്ല. പക്ഷേ അങ്ങയുടെ ഗവൺമെന്റ് ഇറക്കിയ ഈ ഉത്തരവ് എന്താണെന്ന് അറിയാമോ;

1. Make available fast moving non Maveli items at all Supplyco outlets.
2. Concentrate on increasing the non Maveli sales through Maveli Store

എന്തിനാണ് മാവേലി സ്റ്റോറുകൾ, കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ concentrate ചെയ്യണം എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഇന്നലെ റിപ്പോർട്ടർ ചാനൽ പുറത്തുകൊണ്ടു വന്നു, ഇതിലെ കണക്കുകൾ എല്ലാം. ഇന്ന്

ജനയുഗം പത്രത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, (ജനയുഗം പത്രം ഉയർത്തിക്കാട്ടി) ഇത് നിഷേധിക്കാമോ? ഈ ഉത്തരവ് നിഷേധിക്കാമോ? നിങ്ങളുടെ നയപ്രഖ്യാപനത്തിന് കടകവിരുദ്ധമായി നിയമസഭ നടക്കുമ്പോൾ ഈ ഉത്തരവ് ഇറക്കുന്നു. എല്ലാ മാധ്യമങ്ങളും പുറത്തു കൊണ്ടുവന്നു. ജനയുഗത്തിൽ സപ്ലൈകോ വീണ്ടും വില വർദ്ധിപ്പിക്കുന്നു, മറുപടി ഇല്ല. ഇന്നലെ റിപ്പോർട്ടർ ചാനലിൽ ഈ ഉത്തരവ് അവർ എടുത്ത് കാണിച്ചു. ഇങ്ങനെയൊരു നയപ്രഖ്യാപനം നടത്തിയിട്ട് സമദാനിയുടെ എന്തോ ഫിലോസഫിയും, അദ്ദേഹത്തിന്റെ ഹിന്ദി തർജ്ജമയും ഒക്കെ കേട്ടു. പച്ചയായ മനുഷ്യന്റെ വിശപ്പിന്റേയും ദാഹത്തിന്റേയും വിലക്കയറ്റത്തിന്റേയും കാര്യമാണ്. അതിനല്ലേ നിയമസഭ? പിന്നെ ക്രമസമാധാനം, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. രമേശ് ചെന്നിത്തല നടത്തിയ 'കുബേര' എന്നു പറയുന്ന നല്ല കാര്യം. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്? എത്ര ക്രിമിനൽ കേസിലെ കുറ്റവാളികളാണ് പോലീസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ? എത്രപേരാണ്? ഡി.ജി.പി ഒരു കൊലക്കേസ്സിൽ ഇടപെട്ടു എന്ന്, ശ്രീ. പി.സി.ജോർജ്, ചീഫ് വിപ്പ് എല്ലാ പദവികളോടും കൂടി ഇരിക്കുന്ന അദ്ദേഹമാണ് പരസ്യമായി പറഞ്ഞത്, കേരളത്തിലെ ഡി.ജി.പി കൊലക്കേസ്സിൽ ഇടപെട്ടു, ഗൂഢാലോചന നടത്തിയെന്ന്. എവിടെയാണ് ക്രമസമാധാനം? ഇപ്പോൾ

അന്വേഷണം നടക്കുകയാണ്, 19 ദിവസം മരണവുമായി മല്ലടിച്ച കിടന്നിട്ട് എന്തുകൊണ്ട് മരണമൊഴി എടുത്തില്ല? എന്തുകൊണ്ടാണ് മരണമൊഴി എടുക്കാത്തത്? എന്തുകൊണ്ടാണ് പോലീസ് കാലതാമസം വരുത്തിയത്? രണ്ടാമത് ആ കേസ്സ് തേച്ചുമായ്ച്ച് കളയാൻ എന്തു ചെയ്തിരിക്കുന്നു, ഡി.ജി.പി. ഇടപെട്ടിരിക്കുന്നു. എ.ഡി.ജി.പി സംസാരിക്കുന്നു. കേരളത്തിലെ ജനങ്ങൾ മുഴുവൻ കേൾക്കുന്നു. എ.ഡി.ജി.പി, അദ്ദേഹം പറയുന്ന സ്വാമി പറഞ്ഞു, അങ്ങനെ ഞാൻ പറയുകയാണെന്ന്, ആരാണ് ഈ സ്വാമി. ഡി.ജി.പി മറുപടി ഇറക്കുന്നു. എന്ത് നാണക്കേട് ആണ്. ഒരു ഡി.ജി.പി. പത്രപ്രസ്താവന റിലീസ് ചെയ്യുകയാണ്, എനിക്ക് പങ്കില്ലായെന്ന്. ആ ടേപ്പ് ശ്രീ. പി.സി ജോർജിന് കൊടുത്തതെന്തിനാണ്? ഞങ്ങളുടെ കയ്യിൽ തന്നാൽ പോരെ? ശ്രീ. പി. സി. ജോർജിന് ഇപ്പോൾ പരാതി ഇല്ലേ? പരാതി ഉന്നയിക്കണം, ഡി.ജി.പി. യെ പുറത്താക്കാൻ പരാതി ഉന്നയിക്കണം? കേരളത്തിലെ ക്രമസമാധാനം നടത്തേണ്ട ഒരാൾ കൊലക്കേസ്സിൽ ഇടപെട്ടുവെന്ന് നിങ്ങളുടെ ചീഫ് വിപ്പ് പറഞ്ഞിട്ട് ഇപ്പോൾ മിണ്ടാതെയിരിക്കുകയാണ്. ഞാൻ വെല്ലുവിളിക്കുകയാണ്, നിങ്ങളത് പറയണം. നിയമസഭയോട് ഉത്തരവാദിത്വമുണ്ടെങ്കിൽ, ചീഫ് വിപ്പ് പദവിയോട് നീതികാണിക്കുമെങ്കിൽ ശ്രീ. പി. സി. ജോർജ് പറയണം, ഈ ഡി.ജി.പി.യെ

പുറത്താക്കണം. അല്ലെങ്കിൽ നിങ്ങൾ പറയുന്നതിനൊന്നും വലിയ വില കാണില്ല. ഇവിടെ എത്ര ഓഫീസർമാരായി, ശ്രീ. രാഹുൽ നായർ, ഐ.പി.എസ്. - അദ്ദേഹം പോയ വഴി എന്തായി എന്നു നമുക്ക് അറിയില്ല. ശ്രീ. ടി. ഒ. സൂരജ് എന്നു പറയുന്ന സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥന്റെ ഓഫീസിൽ വിജിലൻസ് കയറി ഫയൽ എടുത്തു കൊണ്ടുപോയി, അന്വേഷണം നടന്നു. ഇതാണോ സിവിൽ അഡ്മിനിസ്ട്രേഷൻ? ഇതാണോ ലാ ആന്റ് ഓർഡർ? ഇതാണോ പോലീസ് ഉദ്യോഗസ്ഥർ? ഇങ്ങനെയുമുണ്ടോ? ശ്രീ. കെ. മുരളീധരൻ പറയാൻ ഉള്ളത് പറഞ്ഞിട്ട് പോയി, സി.പി.എം.നേയും ഞങ്ങളെയുമൊക്കെ കളിയാക്കിയിട്ട് പോയി, അത് രാഷ്ട്രീയം ആണ്. ഞാൻ രാഷ്ട്രീയം പറയുന്നില്ല. കേരളത്തിൽ നിയമസഭയിൽ ചർച്ചചെയ്യേണ്ട കാര്യങ്ങളിൽനിന്ന് മാറിപ്പോകുകയാണ്. ഇൻഡ്യാ മഹാരാജ്യം അന്ധകാരപൂർണ്ണമാകുവാൻ പോകുകയാണ്. ഇൻഡ്യയിലെ സമ്പദ്ഘടന തകരുവാൻ പോകുകയാണ്. കേരളം സാമ്പത്തികമായി ഏറ്റവും വലിയ തകർച്ചയിലാണ്. 1,000 കോടി രൂപ വരെ ഇപ്പോൾ കടം വാങ്ങുകയാണ്. സമ്പദ്ഘടന തകർന്ന് തരിപ്പണമാകുന്നു. ഇവിടെ ഗാന്ധിജിക്ക് സ്ഥാനമില്ല. കോൺഗ്രസ്സല്ല, എ.എ.പി ആണ് ഇപ്പാൾ ഗാന്ധിജിയുടെ ആൾ എന്നു പറയുന്നു. ആം ആദ്മി പാർട്ടിയാണ് ഗാന്ധിജിയുടേത്, ഇപ്പോൾ കോൺഗ്രസ്സ് പോയി,

ഇവിടെ ഗാന്ധിജിയെ തമസ്കരിക്കുന്നു. ഇവിടെ ഗോഡ്സേയ്ക്കുവേണ്ടി മന്ദിരമുണ്ടാക്കുന്നു. ഗോഡ്സേയുടെ പ്രതിമ ഉണ്ടാക്കുന്നു. ഇവിടെ ഘർവാപസി നടത്തുന്നു. കേരളത്തിലും ഘർവാപസി ആണ്. നിങ്ങൾ ഘർവാപസിയുടെ മുൻപിൽ മുട്ടു മടക്കുകയല്ലേ? നിങ്ങൾ പേടിച്ച് വിറയ്ക്കുകയല്ലേ? നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളുടെ ശൗര്യം കാണിക്കാത്തത്? ബി.ജെ.പി.ക്കെതിരെ, ശ്രീ. നരേന്ദ്രമോഡിയെ തളയ്ക്കാൻ കരുത്തുണ്ടോ നിങ്ങൾക്ക്? ഞങ്ങൾ തളയ്ക്കാൻ വന്നവരല്ല. ഞങ്ങൾ ഇൻഡ്യയിൽ ചില സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നു, ശ്രീ. മുരളീധരൻ പറഞ്ഞതുപോലെ അതു പോയി, അതൊക്കെ ശരിയാണ്. പക്ഷേ ഇൻഡ്യയെ എത്ര സംവത്സരങ്ങൾ ഭരിച്ചു നിങ്ങൾ. എങ്ങനെ നിങ്ങൾ ഇപ്പോൾ പുറത്തായി? എന്താണ് കാരണമെന്നറിയാമോ വക്കീലേ, കമ്മ്യൂണിസ്റ്റ് വിരോധം. അന്ധമായ കമ്യൂണിസ്റ്റ് വിരോധമാണ് കോൺഗ്രസ്സിന്റെ ശവക്കുഴി തോണ്ടിയത്, നിങ്ങൾ അത് മനസ്സിലാക്കണം. നിങ്ങൾ കുത്തകകളെ താലോലിച്ച് പണമുണ്ടാക്കി, അഴിമതിയെ അണപൊട്ടി ഒഴുക്കി, ഇൻഡ്യയിലെ ജനങ്ങൾക്ക് മടുത്തു. നിങ്ങൾക്ക് ഇൻഡ്യ നഷ്ടപ്പെട്ടു. നിങ്ങൾ കേരളത്തെ കെട്ടിപ്പിടിക്കുകയാണ്, നിൽക്കുമോ കേരളം നിങ്ങളുടെ കയ്യിൽ? നിങ്ങളുടെ കയ്യിൽ നിൽക്കാൻ പോകുന്നില്ല. ഇൻഡ്യ നിങ്ങളുടെ കയ്യിൽ ഇല്ല, ഇൻഡ്യ നഷ്ടപ്പെട്ടു. ഇൻഡ്യ

നഷ്ടപ്പെട്ടതിൽ ദു:ഖമില്ല. ഇപ്പോഴും ഈ നയപ്രഖ്യാപനത്തിൽ കേന്ദ്രം കേരളത്തെ ദ്രോഹപരമായി, അപമാനകരമായി, ലജ്ജാകരമായി തള്ളുകയാണ്. കേരളത്തിലെ ജനത പകരംവീട്ടും. ഇതൊക്കെ ഈ ഗവർണറെക്കൊണ്ട് പറയിപ്പിക്കുകയാണോ? ശ്രീ. മുരളീധരൻ പറഞ്ഞതാണ് ശരി, ഗവർണർ വന്നപ്പോൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. നിങ്ങൾ ഗവർണർ വരണ്ടാ എന്നു പറഞ്ഞവരാണ്. ഞങ്ങൾ ഗവർണറുടെ പ്രസംഗം വന്നപ്പോൾ ഇറങ്ങിപ്പോകുകയാണ് ചെയ്തത്. നിങ്ങളുടെ മനസ്സിൽ ഇപ്പോഴും ഗവർണർ വേണ്ട എന്നാണ്. നിങ്ങളുടെ ഗവർണർ വന്നപ്പോൾ ഞങ്ങൾ മിണ്ടിയില്ലല്ലോ, ശ്രീമതി ഷീലാ ദീക്ഷിത് വന്നുവല്ലോ, ഞങ്ങൾ ഒന്നും ചെയ്തില്ലല്ലോ?

ശ്രീ. സി.പി.മുഹമ്മദ്: സർ, ഇത്രയും വലിയ പോരാട്ടം അങ്ങ് നടത്തുന്നു, പ്രതിപക്ഷ നേതാവും നടത്തുന്നു. ഈ പ്രതിപക്ഷത്തെ നയിക്കുന്ന രണ്ട് പാർട്ടിയിലെ നേതാക്കൻമാരായ ശ്രീ. വി. എസ്. അച്ചുതാനന്ദനും അങ്ങും നിങ്ങളുടെ രണ്ട് പാർട്ടിക്കാർക്കും കൊള്ളരുതാത്തവരായത് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. സി. ദിവാകരൻ: സർ, എന്റെ സി.പി. മുഹമ്മദേ, അങ്ങ് സുരക്ഷിതമായി കോൺഗ്രസ്സിന്റെ എ.ഐ.സി.സി. പ്രസിഡന്റാകുന്ന ദിവസം ഞാൻ കാത്തിരിക്കുകയാണ്. അങ്ങ് നന്നായിരിക്കട്ടേ, അങ്ങ് വ്യക്തിപരമായി

പൊതുകാര്യങ്ങൾ പറയുമ്പോൾ നിങ്ങൾ ചില ആളുകൾ രാഷ്ട്രീയ പാർട്ടികളുടെ ആഭ്യന്തരകാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾക്ക് തലയിൽ മുണ്ടിട്ട് മാത്രമേ പുറത്തേയ്ക്ക് പോകുവാൻ കഴിയുകയുള്ളൂ. ഞങ്ങൾ അത്ര ചീപ്പല്ല. സി.പി. മുഹമ്മദ് ഇനി എന്തൊക്കെപ്പറഞ്ഞാലും ഞാൻ ഒരു വ്യക്തിക്കെതിരായോ, പാർട്ടിക്കെതിരായോ ഒന്നും പറയില്ല. നിങ്ങളുടെ കോൺഗ്രസ്സുകാർക്ക് നട്ടെല്ലില്ല, ബി.ജെ.പി. യെ നേരിടാൻ നട്ടെല്ലില്ല. കേരളത്തിന്റെ അവകാശങ്ങൾ ചോദിക്കുന്നില്ല. അതാണ് ഞാൻ പറഞ്ഞത്, ഈ നയപ്രഖ്യാപനം ജനങ്ങളെ പറ്റിക്കാനാണ്, വഞ്ചിക്കാനാണ്, ചവറ്റുകുട്ടയിൽ എറിയേണ്ട നയപ്രഖ്യാപനമാണ്. ഞാൻ ഈ നയപ്രഖ്യാപനത്തെ എതിർക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഇവിടെ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന ഈ സർക്കാർ കഴിഞ്ഞ നാലു വർഷക്കാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വളരെ ജനോപകാരപ്രദമായ മഹത്തും ബ്രുഹത്തുമായ പരിപാടികളെക്കുറിച്ച് എല്ലാം സവിസ്തരം പ്രതിപാദിക്കുകയും വരാനിരിക്കുന്ന കാലഘട്ടത്തിൽ ഇവിടെ നടപ്പിലാക്കുവാൻ

ഉദ്ദേശിക്കുന്ന വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും, കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിലേക്ക് വിരൽചൂണ്ടുകയും ചെയ്യുന്ന നല്ല വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമായ ഒരു നയപ്രഖ്യാപനമാണ് ഈ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ ഇവിടെ അവതരിപ്പിച്ചത്. ആ നയ പ്രഖ്യാപനത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ.എം.പി. അബ്ദു സമദ് സമദാനി വളരെ അനുയോജ്യമായ തരത്തിലുള്ള ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനം ഇന്ന് ഈ അവസ്ഥയിൽ കഴിയുന്നതെന്തുകൊണ്ടാണ് എന്നതിനെക്കുറിച്ച് പറയുമ്പോൾ അതിന്റെ എല്ലാ പാപ ഭാരങ്ങളും ഇന്ന് ലോകത്തും ഇന്ത്യയിലും നടക്കുന്ന സംഭവ വികാസങ്ങളേയും സാമ്പത്തിക രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങളേയും വിസ്മരിച്ചുകൊണ്ട് പറയുന്നത് ഒരിക്കലും ശരിയാകുകയില്ലയെന്ന് എന്റെ സ്നേഹിതൻ ശ്രീ.സി. ദിവാകരനെപ്പോലെയുള്ളവർ മനസ്സിലാക്കുന്നത് നല്ലതാണ്. അദ്ദേഹമിവിടെ പറഞ്ഞു ഇതിന് മുമ്പ് ശ്രീ. നിഖിൽകുമാർ ഗവർണറായിരിക്കെ അവതരിപ്പിച്ച അതേ നയ പ്രഖ്യാപനത്തിന്റെ പകർപ്പ് തന്നെയാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതെന്ന്. മുമ്പ് പറഞ്ഞ ഏതാനും കാര്യങ്ങൾ ഇതിനകത്തുണ്ടെന്നുള്ളത് സ്വാഭാവികമായിട്ടുള്ള സംഗതി മാത്രമാണ്. പഴയകാര്യങ്ങളൊന്നും പറയില്ലായെന്ന് തീരുമാനിച്ചാൽ

ശ്രീ.സി.ദിവാകരൻ എത്രനാളായിട്ട് ഇൻക്വിലാബ് വിളിച്ച് നടക്കുകയാണ് ഇപ്പോഴും അതു തന്നെയാണ് വിളിക്കുന്നത്. അത് മാറ്റിയിട്ട് വേറൊന്ന് വിളിക്കാൻ തുടങ്ങിയിട്ടില്ലല്ലോ. അങ്ങനെയുള്ള ഒരുപാട് സംഗതികളുണ്ട്. ഇപ്പോൾ ഞാൻ പറയുന്നത് ഈ ലോകത്ത് ഇന്നുണ്ടായിട്ടുള്ള മാറ്റങ്ങൾ നിസ്സാരമായിട്ടുള്ള മാറ്റങ്ങളല്ല. ഇപ്പോൾ പാർട്ടി കോൺഗ്രസ്സിന്റെ ഡോക്യുമെന്റ് തന്നെ ഞാൻ വെബ്സൈറ്റിൽ നിന്നെടുത്ത് വായിച്ചപ്പോൾ കഴിഞ്ഞ പാർട്ടികോൺഗ്രസ്സിന്റെ അതേ ഡോക്യുമെന്റ് തന്നെയാണ്. ഈ നയപ്രഖ്യാപനത്തിലുമിതുതന്നെയാണ് സംഭവിച്ചത്. ചെറിയ ചില്ലറ വ്യത്യാസങ്ങൾ ഉണ്ടെന്നുള്ളതല്ലാതെ ബാക്കി ഡോക്യുമെന്റുകളെല്ലാം കഴിഞ്ഞ പാർട്ടി കോൺഗ്രസ്സിന്റെ അതേ ഡോക്യുമെന്റ് തന്നെയാണ്. അപ്പോൾ പഴയത് തീരെ വിട്ട് കളഞ്ഞുകൊണ്ട് പുതിയതു തന്നെ പറയണമെന്ന് വാശിപിടിക്കുന്നത് നല്ലതല്ല. ഞാൻ പറയുന്നത് ഇന്നത്തെ ലോകം പഴയ ലോകമല്ല. അതിനൊരു മാറ്റം ഉണ്ടായിട്ടുണ്ട് എന്നതുൾക്കൊള്ളാൻ എല്ലാപേരും തയ്യാറാകേണ്ട സമയമാണ്. ഈ നിയമസഭയ്ക്കകത്ത് ഇരിക്കുന്ന 141 എം.എൽ.എ.മാരിൽ ഒരാൾക്കും പ്രാതിനിധ്യമില്ലാത്ത ഒരു കക്ഷിയാണ് ഇന്ന് ഇൻഡ്യ ഭരിക്കുന്നതെന്ന് നമ്മൾ മറക്കേണ്ട. ഇവിടെ നിന്ന് ഒരാളിനെപ്പോലും അയക്കാൻ കഴിയാത്ത ഒരു പാർട്ടി രാജ്യം ഭരിക്കുന്ന പാർട്ടിയായിരിക്കുന്നുവെന്ന് വിസ്മരിക്കാൻ പാടില്ല. അപ്പോൾ

ജനാതിപത്യമെന്ന് പറഞ്ഞാൽ അങ്ങനെയുള്ള ഒരു സംഭവമാണ്. ഇവിടെ ജനങ്ങൾക്ക് പരമാധികാരമുണ്ട്. ഇവിടെയൊരു പ്രാതിനിധ്യവുമില്ലാത്ത, നമ്മൾ പുച്ഛമായി കരുതുന്ന ഒരു വിഭാഗം, പുറത്ത് നിൽക്കുന്ന നമുക്ക് യാതൊരു യോജിപ്പുമില്ലാത്ത രാഷ്ട്രീയക്കാരാകാം. പക്ഷേ അവർ ഇൻഡ്യ ഒറ്റയ്ക്ക് ഭരിക്കുകയും അനവധി സംസ്ഥാനങ്ങൾ ഭരിക്കുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യമുൾക്കൊള്ളാൻ നമ്മൾ ബാധ്യസ്ഥരല്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്. സാമ്പത്തിക രംഗത്ത് എന്തുമാത്രം മാറ്റങ്ങൾ വന്നു സാമ്രാജ്യത്വമെത്ര ശക്തിപ്പെട്ടു, വ്യവസായമെന്നു പറഞ്ഞാൽ ആയുധ വ്യവസായമായി മാറി. യുദ്ധങ്ങൾ നിത്യ സംഭവങ്ങളായി. അതിനിവേശം പതിവായി. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുണ്ടായ വികാസമെത്രയാണ്. ബയോ ടെക്നോളജിയും ഇൻഫർമേഷൻ ടെക്നോളജിയും നാനോ ടെക്നാളജിയും ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ വികാസവും വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ചയും സാമ്പത്തികമായ ഉയർച്ചയും പുതിയ ഒരു മനുഷ്യനെത്തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഇന്നത്തെ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വം വാസ്തവത്തിൽ ജനങ്ങൾക്കും പിന്നിലാണ്. നേരത്തെ ശ്രീ. അബ്ദു സമദ് സമദാനി പറഞ്ഞ യുവാക്കളുണ്ടല്ലോ, അവർ നമ്മളെക്കാൾ എത്രയോ മുമ്പിലാണ്. ഈ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള രാഷ്ട്രീയം കരുപിടിപ്പിക്കേണ്ട കാലം വന്നു.

സാർവ്വദേശീയ രംഗത്ത് വലിയ മാറ്റങ്ങൾ വന്നു. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. ക്യൂബയും അമേരിക്കയും തമ്മിലുണ്ടാക്കിയിട്ടുള്ള ബന്ധം, എത്രകാലമായിട്ട് ഇരു രാജ്യങ്ങളും പരസ്പരം സംസാരിക്കാതെ, ശത്രുതയിൽ കഴിഞ്ഞു വന്നവരാണ്. ആ ക്യൂബയും അമേരിക്കയും തമ്മിലുള്ള അതിർ വരമ്പുകൾ അലിഞ്ഞുപോയിരിക്കുകയാണിന്ന്. വീര വിയറ്റ്നാമെന്ന് പറഞ്ഞ് അമേരിക്കയിട്ട ബോംബിന്റെ ഫലമായി നശിച്ചപോയ ആശുപത്രികൾ പുതുക്കി പണിയുവാൻ മഞ്ചേരിയിലും, മലപ്പുറത്തും നടന്ന് പണം പിരിച്ച് വിയറ്റ്നാമിലെ ദുരിതമനുഭവിക്കുന്ന കുട്ടികൾക്ക് ഒരാശുപത്രി പണിയാൻ അയച്ചുകൊടുത്തവരുടെ കൂട്ടത്തിൽപ്പെട്ട കക്ഷിയിലെ ഒരംഗമാണ് ഞാൻ. ആ വീര വിയറ്റനാം ഇന്ന് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നയങ്ങളും മുതലാളിത്വത്തിന്റെ സമ്പത് വ്യവസ്ഥയും സ്വീകരിക്കുവാൻ തയ്യാറായി മുന്നോട്ട് വന്ന കാലമാണിത്.

ശ്രീ. സി. ദിവാകരൻ: ചൈന മാത്രമല്ല സാമ്രാജ്യത്വ.....

ശ്രീ.കെ.എൻ.എ.ഖാദർ: വെറുതയെന്തിനാണ് ലോകത്തുള്ള സർവ്വ ഉത്തരവാദിത്വങ്ങളും നിങ്ങൾ ഏറ്റെടുക്കുന്നത്, അവനവന്റെ കാര്യം തന്നെ നോക്കാൻ വയ്യ. രാജ്യത്തുള്ള എന്ത് കാര്യം പറഞ്ഞാലും അതിന്റെ ആൾ നമ്മാളാണെന്ന് അവകാശപ്പെടുന്ന പാവം നിങ്ങളോട് എനിക്ക് സഹതപിക്കയല്ലാതെ വേറൊരു

നിർവ്വാഹവുമില്ല. നിങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ പൊസിഷൻ മനസ്സിലാക്കുന്നില്ല. വളരെ ദയനീയമായ ഒരു കാഴ്ചയാണ് ഇൻഡ്യൻ രാഷ്ട്രീയത്തിലും ലോക രാഷ്ട്രീയത്തിലും നിങ്ങളെ സംബന്ധിച്ച് ഇന്നുള്ളത്. 1994 ഏപ്രിൽ മാസം 15 ന് മൊറോക്കോയിലെ മരാക്കേശിൽ വച്ച് 116 രാഷ്ട്രങ്ങൾ ചേർന്ന് ഒപ്പ് വച്ച 23,000 പേജുള്ള ജനറൽ എഗ്രിമെന്റ് ഓൺ താരിഫ് ആന്റ് ട്രേഡ് എന്ന് പറയുന്ന കരാർ ലോകത്തിലെ രാജ്യങ്ങളിലൊക്കെ നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷം എല്ലാ രാജ്യത്തിന്റേയും സാമ്പത്തിക നയങ്ങൾ ഒന്നായി മാറി. എല്ലാ കോർപറേറ്റ് ഭീമൻമാരും ബഹുരാഷ്ട്ര കുത്തകകളുമാണ് ഇന്ന് ലോകം ഭരിക്കുന്നത്. നക്ഷത്രങ്ങളുള്ള രാത്രിയിൽ ആകാശത്തേയ്ക്ക് നോക്കിയാൽ ചില നക്ഷത്രങ്ങൾ സഞ്ചരിക്കുന്നതായിട്ട് തോന്നും. അതെല്ലാം നക്ഷത്രങ്ങളല്ല, അമേരിക്കയുടെ ബഹിരാകാശ വാഹനങ്ങളാണ്. ലോകത്തെവിടെയെല്ലാം എണ്ണയും, സ്വർണ്ണവും, അസംസ്കൃത പദാർത്ഥങ്ങളുമുണ്ടോ ആ രാജ്യങ്ങളൊക്കെ ഏതാണെന്ന് തിട്ടപ്പെടുത്തിയശേഷം അവിടെ ഭരിക്കുന്നവരുടെ ഭരണം തകർത്ത് ശിഥിലമാക്കി അവിടെ അഭിനിവേശം നടത്തി ആ എണ്ണയുൾപ്പടെയുള്ള മുതലുകളെല്ലാം സ്വായത്തമാക്കാൻ ശ്രമിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ആന്റീബാലിസ്റ്റിക് മിസൈലുകൾ, ക്രൂയിസ് മിസൈലുകൾ,

എം.എസ്.എക്സ്. മിസൈലുകൾ, ബഹിരാകാശ വാഹനങ്ങൾ, വിവിധ ബഹിരാകാശ യാത്രികർ എത്രകാലം കഴിഞ്ഞ് കൂടാൻ സാധിക്കുന്ന സംഗതികൾ ഇതൊക്കെ വന്ന് ലോകത്ത് വളരെ മാറ്റങ്ങൾ നടന്നു. ബ്ലോഗിലും, ട്വിറ്ററിലും, ഫേസ്ബുക്കിലും, യൂറ്റ്യൂബിലുമായി നമ്മുടെ കുട്ടികൾ 24 മണിക്കൂറും കഴിഞ്ഞ് കൂടുകയാണ്. എത്ര ഷാർപ്പായിട്ടുള്ള കമന്റുകൾ, എത്ര വിദഗ്ദമായിട്ടുള്ള അഭിപ്രായങ്ങൾ. ഇവിടെ നമ്മൾ പറയുന്നതിനേക്കാൾ എത്ര ഇന്റലിജന്റായിട്ടാണ് സോഷ്യൽ മീഡിയായിൽ കുട്ടികൾ റിയാക്ട് ചെയ്യുന്നത്. നിങ്ങളിതൊന്നും കാണാതെയും ഈ ലോകം എന്താണെന്ന് മനസ്സിലാക്കാതെയും ഏത് രാജ്യത്തിരുന്ന് എന്ത് മാറ്റം വരുത്താൻ കഴിയുമെന്നാണ് നിങ്ങൾപറയുന്നത്. അവിടെയാണ് ശ്രീ. ഉമ്മൻ ചാണ്ടി വിജയിക്കുന്നത്. അവിടെയാണ് ഈ ഗവൺമെന്റ് വിജയിക്കുന്നത്. ഈ സാമ്പത്തിക സാഹചര്യത്തിലും ലോക സാമ്പത്തിക സാഹചര്യത്തിലും കേരളം തകരാതെ പിടിച്ച് നിർത്തിയെന്നുള്ളത് നിസ്സാരമായിട്ടുള്ള ഒരു കാര്യമാണോ? ഒരു സംസ്ഥാനത്തിനും ഒരു രാജ്യത്തിനും സാധിക്കാത്ത കാര്യമാണിത്. നമ്മുടെ രാജ്യത്ത് ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നു. നിങ്ങൾ ഇതൊന്നും കാണാതെ ശ്രീ. കെ.എം. മാണി സാറിന്റെ പുറകെ നടക്കുകയാണ്. നിങ്ങൾ മോദിയെ വിട്ടിട്ട് മാണി സാറിന്റെ

പുറകെ നടക്കുന്നതുതന്നെ ഏറ്റവും വലിയ വിഢിത്തമല്ലേ? നിങ്ങൾ ആലോചിച്ച് നോക്കൂ, എന്തൊരു സാഹചര്യമാണ് ഇന്ന് ലോകത്ത് നിലനിൽക്കുത്. ആ സാഹചര്യങ്ങളെ നേരിടുവാൻ എന്ത് ആയുധമാണ് നിങ്ങളുടെ കയ്യിലുള്ളത്? നമ്മൾ എല്ലാപേരും തുല്യ ദുഖിതരല്ലേ? നമ്മൾ എല്ലാപേരും ഒന്നിച്ച് പൊതു ശത്രുവിനെതിരെ ആഞ്ഞടിക്കേണ്ടവരല്ലേ? ഈ സാമ്പത്തിക പ്രതിസന്ധികളിലും പ്രയാസങ്ങളിലും ജനങ്ങളെ ഒരുമിച്ച് നിർത്തി മുന്നോട്ട് കൊണ്ടുപോകേണ്ടവരല്ലേ നമ്മൾ. നിങ്ങൾക്കൊക്കെ അറിയാം, രാഷ്ട്രീയകക്ഷികളുടെ കൊക്കിലൊതുങ്ങാത്ത കാര്യങ്ങൾക്കുവേണ്ടി ഓരോ സന്നദ്ധ സംഘടനകളും, സ്വമേധയാ രാഷ്ട്രീയ കക്ഷികളും സ്വയംഭ്ര ആയിട്ട് ജനിച്ചുകൊണ്ടിരിക്കുകയാണ് കാരണമെന്താ? രാഷ്ട്രീയ കക്ഷികൾക്ക് ഏറ്റെടുക്കുവാൻ സാധിക്കാത്തതും അവരുടെ കൊക്കിലൊതുങ്ങാത്ത, അതിനെക്കുറിച്ച് വേവലാതിയില്ലാത്തതുമായ വിഷയങ്ങളെല്ലാം സ്വയം ജനങ്ങൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണ് ആം ആദ്മിയെപ്പോലുള്ള പാർട്ടി ഡൽഹിയിൽ സ്വയംഭ്രവായിട്ട് വന്നത്. ശ്രീ. യോഗേന്ദ്ര യാദവും, ശ്രീ. കെജ്രിവാളും, ശ്രീ. പ്രശാന്ത്ഭൂഷണും തമ്മിലുള്ള തർക്കത്തിൽ ഒരു പക്ഷേ ആ ഗവൺമെന്റ് തകർന്നു പോയേക്കാം. പക്ഷേ അങ്ങനെയൊരു ആശയം ആ അന്തരീക്ഷത്തിൽ എങ്ങനെയുണ്ടായി

എന്നതിനെക്കുറിച്ച് ആലോചിക്കാനുള്ള ബാധ്യത നമുക്കില്ലേ? വാസ്തവത്തിൽ ഈ ആധുനിക കാലഘട്ടത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ആം ആദ്മി പാർട്ടിയാണെന്ന് പറയേണ്ടിവരും. അവർ കുറച്ചെങ്കിലും ജനങ്ങളുടെ അഭിപ്രായം മനസ്സിലാക്കി അതനുസരിച്ചുള്ള ഒരു വർഗ്ഗ സമരത്തിന് വ്യത്യസ്തമായ രീതിയിലാണെങ്കിലും നേതൃത്വം കൊടുത്തവരാണ്. അതു പോലും ചെയ്യാൻ കഴിയാത്ത ഇടതു പക്ഷമാണിവിടെയുള്ളത്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. അങ്ങനെയുള്ള ഒരു വലിയ സാഹചര്യം ഈ ലോകത്താകമാനം വരുത്തിയ മാറ്റം നിസ്സാരമായ മാറ്റമല്ല. ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാമാണിവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്? ആണവ ബാധ്യത ഇൻഡ്യയിലെ കോടാനുകോടി സാധാരണക്കാരായ മനുഷ്യരുടെ തലയിൽ കെട്ടിവച്ചുകൊടുത്തു. ആണവ കാരാറിൽ ഒപ്പിട്ട കാലത്ത് മൻമോഹൻസിങ്ങിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റും അതിനു ശേഷം വന്ന യു.പി.എ.യുടെ തന്നെ രണ്ടാം ഗവൺമെന്റും സമ്മതിക്കാത്ത ഒരു കാര്യമായിരുന്നു ഇത്. ആണവ ഇന്ധനമുപയോഗിച്ച് ഇവിടെ സമ്പുഷ്ട യുറേനിയമൊക്കെ ഉണ്ടാക്കുന്നതിന് വേണ്ടി പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിൽ നിന്ന് അപകടമുണ്ടായാൽ ആ അപകടത്തിന്റെ ബാധ്യത നികത്തുന്നത് ആ കമ്പനിയിൽ നിന്നായിരിക്കും

സപ്ലൈയറിൽ നിന്നായിരിക്കും എന്ന് തീരുമാനിച്ചിരുന്നത് യു.പി.എ.ഗവൺമെന്റാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എന്താ നിങ്ങൾ അതിനെക്കുറിച്ചൊന്നും പറയാത്തത്? നമ്മൾ പ്രതികരിക്കണ്ടേ. ആണവ ബാധ്യത ഇൻഡ്യയിലെ ജനങ്ങളുടെ തലയിൽ വച്ചുവെന്നുമാത്രമല്ല ഇൻഷുറൻസ് കമ്പനികൾ പകുതി കൊടുക്കും ബാക്കി ഗവൺമെന്റും കൊടുക്കുമെന്ന് പറഞ്ഞാൽ ഇൻഷുറൻസ് കമ്പനിയുടെ പണം ആരുടെ പണമാണ്? അതുപോലെ തോറിയം കൊണ്ട് സമ്പന്നമായ രാജ്യമാണ് ഇൻഡ്യ. നമ്മുടെ മുൻ പ്രസിഡന്റ് ശ്രീ. എ.പി.ജെ. അബ്ദുൾ കലാം പ്രസിഡന്റായിരുന്ന സമയത്ത് ഇവിടെ വന്ന് പ്രസംഗിച്ചപ്പോൾ പറഞ്ഞു, തോറിയം സംസ്കരിച്ച് അതിൽ നിന്ന് ആണവ ഇന്ധനം ഉപയോഗിച്ച് വൈദ്യുതിയും മറ്റും ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഗവേഷണം ഇൻഡ്യയിൽ നടന്നുകൊണ്ടിരിക്കുയാണ്. 7 വർഷം കഴിയുമ്പോൾ ഇൻഡ്യ വളരെ പൊട്ടൻഷ്യലാണ്. ആണവ ഇന്ധനമായിട്ട് നമുക്ക് തോറിയം ഉപയോഗിക്കാൻ സാധിക്കും. യുറേനിയം നമുക്കാവശ്യമില്ലാതെ വരും അപ്പോൾ നമുക്ക് വളരെ ചീപ്പായിട്ട് വൈദ്യുതിയുണ്ടാക്കാൻ കഴിയും. ആ തോറിയം ഇവിടെ ലൂട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്, തോറിയം ഇവിടെ ഉപയോഗിക്കാനുള്ള സാധ്യത നിരാകരിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഗവേഷണങ്ങൾ വിഫലമായിരിക്കുന്നു.

യുറേനിയം 235 തന്നെ ഉപയോഗിച്ചിട്ട് ആണവ ഇന്ധനം ഉൽപ്പാദിപ്പിക്കുന്ന സാമഗ്രികളും ഏർപ്പാടുകളുമിവിടെ വന്നിട്ട് അത് ചെയ്ത് കഴിഞ്ഞാൽ എന്താ അതിന്റെ സ്ഥിതി? ആണവ വികിരണത്തിന്റെ ശേഷിയെത്രയാണ്. ആണവ മാലിന്യങ്ങൾ dispose ചെയ്യുകയെന്നത് വൈദ്യുതി ഉൽപ്പാദനത്തെ സംബന്ധിച്ച് ഏറ്റവും വലിയ പ്രശ്നമാണ്. ആണവ മാലിന്യങ്ങൾ വലിയ ഒരു സംഭരണിയിലാക്കി കുഴിച്ചുമൂടിയാൽത്തന്നെ ആ സംഭരണിക്ക് 2000 വർഷത്തെ ആയുസ്സുമാത്രമേ ഉള്ളൂ. എന്നാൽ ആണവ മാലിന്യങ്ങളുടെ വികിരണ ശേഷി 24,000 വർഷമാണ്. അപ്പോൾ അങ്ങനെയുള്ള ആണവ ഇന്ധനം ഉൽപ്പാദിപ്പിച്ച് ഈ രാജ്യത്തെ അപകടത്തിലേയ്ക്ക് കൊണ്ടുപോകുകയും അപകടത്തിന്റെ ബാധ്യതയും ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്യുന്നത് നിസ്സാരമായിട്ടുള്ള കാര്യമാണോ? മോദി ഗവൺമെന്റ് എന്നു പറഞ്ഞാൽ അത് സെക്കുലറിസത്തിന് എതിരാണ്, കമ്മ്യൂണലാണ്, ഫാസിസ്റ്റാണ്, അതൊക്കെ ശരിയാണ്. അതൊരു ഭാഗം, മറുഭാഗത്ത് അതൊക്കെ കോർപ്പറേറ്റ് ഭീമന്മാരുടെ ഗവൺമെന്റാണ്. അത് ഇസ്രായേലിനും അമേരിക്കയ്ക്കും ഇൻഡ്യയെ തീറെഴുതി കൊടുത്തിട്ടുള്ളവരുടെ ഗവൺമെന്റാണ്. നമ്മുടെ ബാങ്കിംഗ് വ്യവസായം ഇൻഷ്വറൻസ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ ഇൻഡ്യയുടെ അഭിമാനമായി പണ്ഡിറ്റ് ജവഹർലാൽ

നെഹ്റുവും തുടർന്നുള്ള പ്രധാനമന്ത്രിമാരും പോറ്റിവളർത്തിയ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ സ്വകാര്യ മേഖലയ്ക്ക് വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ആരോ പറഞ്ഞത് കമ്മൂണിസ്റ്റ് വിരോധംകൊണ്ടാണ് കോൺഗ്രസ്സിന് തകർച്ച പറ്റിയതെന്നാണ്. നേരെ തിരിച്ചാണ്, അങ്ങനെ പറഞ്ഞതിന്റെ നേരെ അപ്പുറത്താണ്. കമ്മ്യൂണിസ്റ്റ് വിരോധം കൊണ്ട് കോൺഗ്രസ് തകരുകയല്ല ചെയ്തത്. കോൺഗ്രസ് വിരോധംകൊണ്ട് ബി.ജെ.പി. അധികാരത്തിൽ വരികയും ചെയ്തു, കമ്മ്യൂണിസ്റ്റുകാർ തകരുകയും ചെയ്തു എന്നുള്ളതാണ്. 'വണ്ടേ നീയും തുലയുന്നു വിളക്കും കെടുന്നു' എന്നു പറഞ്ഞ മാതിരി വണ്ട് തുലഞ്ഞുപോയാലും സാരമില്ല. പക്ഷേ, വിളക്കും കെട്ടുപോകുന്നു എന്നുള്ള സാധ്യത എങ്ങനെ ഇവിടെ ഉണ്ടായി എന്നുള്ളത് നിസ്സാരമായിട്ടുള്ള കാര്യമല്ല. നമ്മളെല്ലാവരും ഒരു വലിയ പ്രതിസന്ധിയിലാണ്. ഈ സാമ്പത്തിക സാഹചര്യങ്ങളിൽ ലോകത്തിന്റെ ഭാഗമാണ് ഇൻഡ്യ. ഇൻഡ്യയുടെ ഭാഗമാണ് കേരളം. റബ്ബറിന്റെ ഏർപ്പാടുകൾ മുഴുവൻ തീർന്നു. ഇനി യൂറോപ്യൻ യൂണിയനുമായി കരാറിൽ ഒപ്പിടാൻ ഇൻഡ്യാ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അത് ഒപ്പിട്ടാൽ കാർഷിക മേഖലയിൽ ശ്രീ. കെ.പി. മോഹനന് പണിയുണ്ടാകുയില്ല. ആ ഏർപ്പാടും തീർന്നു. കാർഷിക മേഖലയുടെ പണിയും തീർന്നു. റബ്ബർ മേഖല ആദ്യമേ പോയി. എല്ലാ

പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റഴിക്കപ്പെട്ടു. അദാനി ഇപ്പോൾ വിഴിഞ്ഞത്ത് വരുന്നതിനോട് നമുക്ക് സന്തോഷമുണ്ട്. ബോംബെയിൽ ഇപ്പോൾ ഇതൊരു സംസാരവിഷയമാണ്. അദാനി വിഴിഞ്ഞം തുറമുഖം ഏറ്റെടുത്തു എന്നു പറഞ്ഞു. ആരാണ് അദാനി എന്നറിയാമോ? വിഴിഞ്ഞം തുറമുഖം ഏറ്റെടുത്തോട്ടെ. ഈ അദാനിയാണ് ന്യൂയോർക്കിലെ മാഡിസൻസ് സ്ക്വയറിൽ നരേന്ദ്ര മോദിക്ക് പ്രസംഗിക്കുവാൻ 20000 പേരെ കൊണ്ടുവന്നിട്ട് 90 കോടി രൂപ ചെലവഴിച്ചത് ഈ അദാനിയാണ്. അദ്ദേഹത്തിന് ഇത് കൊടുക്കുവാൻ അതാണ് കാരണം. അദാനി കൂടെ യാത്ര ചെയ്തു എന്നുമാത്രമല്ല 90 കോടി രൂപ ചെലവാക്കി ഇൻഡ്യൻ പ്രധാനമന്ത്രിക്ക് പ്രസംഗിക്കുവാൻ 20,000 ഇൻഡ്യാക്കാരെയും നാട്ടുകാരെയും ഹാജരാക്കി മാഡിസൻസ് സ്ക്വയറിൽ, ന്യൂയോർക്കിൽ സമ്മേളനം സംഘടിപ്പിച്ച ഈ അദാനിക്കാണ് വിഴിഞ്ഞം കൊടുക്കുന്നത്. അത് വിഴിഞ്ഞത്തോടുള്ള പ്രേമമൊന്നുമല്ല, നമ്മളോടുള്ള സ്നേഹവുമല്ല. നേരെമറിച്ച് അത് അദാനിയോടുള്ള സ്നേഹമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. കോർപ്പറേറ്റ് ഭീമന്മാർക്കുവേണ്ടി ബഹുരാഷ്ട്ര കുത്തകകൾക്കുവേണ്ടിയും സാമ്രാജ്യത്വത്തിനുവേണ്ടിയും ഇൻഡ്യയെ തീറെഴുതുന്നു. മറുഭാഗത്ത് ഒരുമിച്ചു നിൽക്കുന്ന നമ്മളെല്ലാവരെയും ഭിന്നിപ്പിക്കുകയും ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വിഷയങ്ങളുങ്ങളുണ്ടാക്കി വർഗ്ഗീയ ധ്രുവീകരണം നടത്തി

ക്രിസ്ത്യൻ പള്ളികൾ ആക്രമിച്ച് എന്തെല്ലാം ബുദ്ധിമുട്ടുകളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള ഒരു പൊതു ശത്രുവിനെതിരായി ആഞ്ഞടിക്കുകയും ആ സാമ്പത്തിക നയത്തിനെതിരായി പൊരുതുകയും ചെയ്യേണ്ട കാലഘട്ടത്തിൽത്തന്നെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ഈ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ദൂരവ്യാപകമായ ഗുണങ്ങളുണ്ടാക്കുന്ന പല മാറ്റങ്ങളും വരുത്തുന്ന തരത്തിലാണ് കഴിഞ്ഞ നാലു വർഷമായി പ്രവർത്തിക്കുന്നത്. ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിക്കേണ്ടതാണ്.

"ഓം സഹനാവവതു

സഹ നൗ ഭുനക്തു

സഹ വീര്യം കരവാവഹൈ

തേജസ്വിനാവധീതമസ്തു

മാ വിദ്വിഷാവഹൈ

ഓം ശാന്തി ശാന്തി "

എന്നു പറഞ്ഞിട്ടുള്ള ഉപനിഷത്ത് മന്ത്രത്തിന്റെ അർത്ഥം എന്താണ്? ഓം പരമം നമ്മെ ഒരുമിച്ച് രക്ഷിക്കട്ടെ, നമ്മെ ഒരുമിച്ച് പോഷിപ്പിക്കട്ടെ, നമുക്ക് ഒരുമിച്ച് അതിനുവേണ്ടി പരിശ്രമിക്കാം. നമ്മുടെ വിദ്യ നമുക്ക് വെളിച്ചം നൽകട്ടെ, നാം

ആരെയും ദ്വേഷിക്കാതിരിക്കട്ടെ.

ഓം ശാന്തി

ശ്രീമതി ജമീലാ പ്രകാശം : സർ, അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഈ മന്ത്രിസഭയ്ക്കുവേണ്ടി അഴിമതിക്കാരായ പോലീസിന്റെയും മറ്റ് കുറെ ഉദ്യോഗസ്ഥന്മാരുടെയും അകമ്പടിയോടുകൂടിവന്ന് ഗവർണ്ണർ നടത്തിയ ഈ പ്രസംഗത്തിൽ യാതൊരു നയവുമില്ല എന്നാണ് ഞാൻ പറയുന്നത്. ഇത് കോർപ്പറേറ്റ് കുത്തകകൾ പടച്ചുണ്ടാക്കിയ ചില പദങ്ങളുടെയും ആ പദങ്ങൾ ചേർത്തുണ്ടാക്കിയ ചില പദ്ധതിനാമങ്ങളുടെയും വെറുമൊരു അധരവ്യായാമം മാത്രമാണ്. ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഈ സർക്കാരിന് ലഭിച്ചു എന്നു പറയുന്ന ചില അവാർഡുകളിവിടെ പറഞ്ഞിട്ടുണ്ട്. ഈ അവാർഡുകൾതന്നെ വാസ്തവത്തിൽ ഒരു വൻ തട്ടിപ്പായി ഇപ്പോൾ മാറുകയാണ്. മുഖ്യമന്ത്രിതന്നെ വ്യക്തമായ ഉത്തരവ് പാസ്സാക്കാതെ ചിലപ്പോൾ പരിശോധനയ്ക്കും പരിഗണനയ്ക്കുമായി ചില വിഷയങ്ങളൊക്കെ താഴോട്ടയയ്ക്കും. അതിനെ സംബന്ധിച്ച ഫയലുകൾപോലും പലതും മുക്കിക്കളയുന്ന ഒരു സംഘം മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഇവരിൽ ചില ആളുകളെയാണ് സോളാർ കേസിൽ പിടികൂടുന്നതായി നമ്മൾ കണ്ടത്. പക്ഷേ, അവരെല്ലാം വെറും സ്രാവുകളാണ്.

തിമിംഗലങ്ങൾ ഇപ്പോഴും അദ്ദേഹത്തിന്റെ ഓഫീസിൽ സ്വച്ഛന്ദം നീന്തിക്കളിക്കുകയാണ്. പ്രധാനമന്ത്രിയുടെ സ്വന്തമാണ് അദാനി ഗ്രൂപ്പെന്ന് ഇപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട സ്നേഹിതൻ ഇവിടെ പറഞ്ഞു. ഇത് അറിയാത്തവരായി വേറെ ആരുമില്ല. ഈ അദാനി ഗ്രൂപ്പും പ്രധാനമന്ത്രിയുംകൂടി നടത്തുന്ന ഈ ഒത്തുകളിയിൽ ഇടനിലക്കാരനായി നമ്മുടെ മുഖ്യമന്ത്രി പ്രവർത്തിക്കേണ്ട ആവശ്യമെന്താണ്? ഈ പ്രഹസനം ആരെ പറ്റിക്കാനാണ്? വിഴിഞ്ഞം പോർട്ട് പദ്ധതി ടെന്റർ നൽകുന്നവരേയും അദാനി ഗ്രൂപ്പിനെപ്പോലെ ഓരോരുത്തരും മുന്നോട്ടുവയ്ക്കാൻപോകുന്ന നിബന്ധനകളുടെയും പുറകെ പോകാനൊന്നും നിൽക്കാതെ എന്തുകൊണ്ട് കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭവുമായി അത് നടപ്പിലാക്കാൻ തുനിയുന്നില്ല. അപ്രകാരമൊരു തീരുമാനം എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനെക്കുറിച്ച് നാം ഊറ്റം കൊള്ളുന്നു. മലയാളം കൈകാര്യം ചെയ്യാനറിയാത്ത ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായവും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും. അതേപ്പറ്റി ഈ സർക്കാരിന് എന്താണ് പറയാനുള്ളത്? വളരെയധികം സാധ്യതയുള്ളതാണ് നീര ഉൽപ്പാദനം. കൃഷിവകുപ്പും എക്സൈസ് വകുപ്പും തമ്മിലുള്ള തർക്കത്തിൽ അതിനെപ്പിടിച്ച് കുടുക്കിയിട്ടിരിക്കുന്ന

ഒരു സർക്കാരാണിത്. നീര ഉൽപ്പാദന വിപണന രംഗത്തേയ്ക്ക് കടന്നുവരാൻ ഏതോ മൾട്ടിനാഷണലോ നാഷണലോ ആയിട്ടുള്ള ഒരു കോർപ്പറേറ്റ് കുത്തക ആഗ്രഹിക്കുന്നു. അവർ വിപണി കീഴടക്കി കഴിയുന്നതുവരെ ഈ ചക്കളത്തി പോര് ഇടയ്ക്കിടക്ക് ഇങ്ങനെ ഉയർത്തിവിടുന്നതല്ലേയെന്ന് ഞാൻ ബലമായി സംശയിക്കുന്നു. പക്ഷിപ്പനി സർക്കാർ നിയന്ത്രണ വിധേയമാക്കി എന്നവകാശപ്പെടുമ്പോൾ ജീവിതത്തിന്റെ സാമ്പത്തികമായ അടിത്തറതന്നെ ഇളകി കടക്കെണിയിലുമായി തീരാദുഖത്തിലായ താറാവുകർഷകരെ സഹായിക്കാൻ എന്താണ് പദ്ധതി കൊണ്ടുവരുന്നതെന്ന് ഒരു സൂചനയും ഈ പ്രസംഗത്തിൽ പറയുന്നില്ല. വയനാട്ടിൽ നാല് ആദിവാസികളും ഒരു അംഗൻവാടിയിലെ ആയയും കുരങ്ങുപ്പനി ബാധിച്ച് മരിച്ച വിവരം സർക്കാർ തന്നെ സ്ഥിരീകരിച്ചു. സ്ഥിരീകരിക്കാത്ത വേറെയുമുണ്ട്. നിരവധി പേർ ഈ പനി ബാധിച്ച് ആശുപത്രിയിലാണ്. ആരോഗ്യമന്ത്രി അവിടെ ഒന്ന് സന്ദർശിച്ചതല്ലാതെ വയനാട് ജില്ലയിൽ ഇവരുടെ ചികിത്സയ്ക്ക് പ്രത്യേകമായി ഒരു സംവിധാനവും കൊണ്ടുവന്നിട്ടില്ല. സാധാരണയായിട്ടുള്ള എണ്ണം ഡോക്ടർമാരും മറ്റ് ജീവനക്കാരുംപോലുമില്ല. വയനാട്ടുകാരി കൂടിയായിട്ടുള്ള പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി അവിടെപോയി പ്രസംഗിച്ച് പ്രഖ്യാപിച്ചിട്ടുള്ള തുച്ഛമായിട്ടുള്ള ധനസഹായംപോലും മരിച്ചവരുടെ കുടുംബത്തിനോ ചികിത്സയ്ക്ക് വിധേയമായി

ക്കൊണ്ടിരിക്കുന്നവർക്കോ ഇതുവരെ കിട്ടിയിട്ടില്ല. കേരളം, തമിഴ്നാട്, കർണ്ണാടകം, ഈ മൂന്നു സംസ്ഥാനങ്ങൾ ചേരുന്ന ഒരു അതിർത്തി പ്രദേശമാണ് വയനാട് ജില്ല. ഇവിടെ ഇതിന് മുമ്പ് നടന്ന ഈ മൂന്ന് സംസ്ഥാനങ്ങളുടെയും സംയുക്ത യോഗത്തിൽ തമിഴ്നാട് സർക്കാരിന്റെ പ്രതിനിധികൾ ചൂണ്ടിക്കാണിച്ചതാണ് കുരങ്ങുപനി ഇവിടെ വരാൻ സാധ്യത ഉണ്ടെന്ന്. ഇതിനെ പ്രതിരോധിക്കാനായി നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രിയുടെ മന്ത്രാലയം എന്തെങ്കിലും ചെയ്തതായി യാതൊരു തെളിവുമില്ല. ഇവിടെ വിവിധ വകുപ്പുകളുടെ ഏകോപനം നടക്കാത്തതാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതെന്ന് പറയപ്പെടുന്നു. നമ്മുടെ ജനസമ്പർക്ക പരിപാടിയെപ്പറ്റിപ്പോലും മുഖ്യമന്ത്രി ഗവർണ്ണറെകൊണ്ട് പ്രകീർത്തിപ്പിച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹം പനി ബാധിച്ച് ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തേയ്ക്ക് പോയതായി എനിക്ക് ഇതുവരെ ഒരു മാധ്യമത്തിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ഇദ്ദേഹം ആദിവാസികളുടെ ഇടയിൽ നവജാത ശിശുക്കൾ പണ്ട് മരിച്ചപ്പോൾ അവിടെ പോകാനും വളരെ വൈകിയാണ് പരിപാടി ഇട്ടത്. ഇതുകൂടാതെ ആദിവാസിക്ഷേമത്തിനുള്ള കോർപ്പസ് ഫണ്ടിൽ നിന്നും വകമാറ്റി ആഭ്യന്തരവകുപ്പിന് കുറെ ഫണ്ട് കൈമാറിയതെന്നാണ് ചില മാധ്യമങ്ങൾ രണ്ടാം തീയതി റിപ്പോർട്ട് ചെയ്തത്. മാവോവാദി ഭീഷണി വന്ന സമയത്തും അതിന്റെ

പേരിൽ ഫണ്ട് കയ്യടക്കാനുള്ള പോലീസ് ഗൂഢാലോചനയെപ്പറ്റി ശ്രീ വാസുവിനെപ്പോലെ പലരും അന്ന് അതിനെ ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു തമാശയുണ്ടായിരുന്നു. വീടില്ലാത്തവർക്ക് വീട് എന്നതാണ് സർക്കാർ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമെന്ന് പറഞ്ഞിട്ടുണ്ട്. ഈ വീടില്ലാത്തവർക്ക് വീട് കൊടുക്കുക എന്നുള്ളത് ഒരു പദ്ധതിയായി കാണുന്നതിനുപകരം അതിനെ ഒരു പ്രശ്നമായി കാണുന്ന ഒരു കഴിവുകേട് ഈ സർക്കാരിന് ഉണ്ട് എന്നു പറയുന്ന ഈ പ്രസംഗത്തെ എങ്ങനെ ഞാൻ അനുകൂലിക്കും. ഞാൻ എതിർക്കുകയാണ്. നിക്ഷേപ സംഗമത്തെ തുടർന്ന് താല്പര്യ പ്രകടന പത്രികകൾ പലതും വന്നിട്ടുണ്ട്. പക്ഷേ, ഇതൊന്നും നാളിതുവരെ മുന്നോട്ടുപോയിട്ടില്ല. പിന്നെ എന്തിനാണ് എന്റെ സർക്കാർ ഏറ്റെടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ അതിവേഗം വളരുന്ന ഒരു സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റിയിട്ടുണ്ടെന്ന് പാവം ഗവർണ്ണറെ ക്കൊണ്ട് പറയിപ്പിക്കുന്നത്. പിന്നോക്ക സമുദായ സംവരണം അട്ടിമറിക്കാനുള്ള നീക്കങ്ങൾ ഇപ്പോൾ ഭരണകൂടങ്ങളുടെ ഗർഭഗൃഹങ്ങളിലൊക്കെ നടന്നുവരികയാണ്. ഇവിടെ അർഹരായ പലർക്കും ഒരു ക്രീമിലിയർ സർട്ടിഫിക്കറ്റുപോലും സമയത്ത് കിട്ടുന്നില്ല. അതെന്നെപ്പോലെ അങ്ങേക്കും അറിയാം. പിന്നോക്കക്കാരനെന്ന്

സ്ഥാനത്തും അസ്ഥാനത്തും വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ പ്രധാനമന്ത്രി നയിക്കുന്ന കേന്ദ്രസർക്കാരിൽ ക്രീമിലിയറിൽ കൂടുതൽ പിന്നോക്കക്കാരെ കയറ്റിവയ്ക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇതിനെതിരെ ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവരെല്ലാവരും നേരത്തെക്കൂട്ടിത്തന്നെ പ്രതികരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി കാരണം മരുന്നു സംഭരണം വെട്ടിക്കുറച്ചു എന്നാണ് പറയുന്നത്. 220 കോടി രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നു 120 കോടി രൂപയേ വാങ്ങിയുള്ളു. അതിൽ 80 കോടി രൂപ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഡെറിഫിലിൻ, പേവിഷവാക്സിൻ, മനുഷ്യരക്തം ഉപയോഗിച്ചുകൊണ്ടുള്ള സിറം പോലുള്ള മരുന്നുകളുടെ പർച്ചേയ്സ് എന്നിവ ഇവിടെ പൂർണ്ണമായി നിർത്തിയിരിക്കുകയാണ്. പന്നിപ്പനിക്കെതിരായി ഈ സർക്കാർ ഒന്നും ചെയ്യുന്നില്ല. പകർച്ച വ്യാധികൾ താണ്ഡവമാടുന്ന എന്റെ നിയോജക മണ്ഡലമായ കോവളത്ത് പണ്ട് ബഹുമാനപ്പെട്ട ചെയറും പ്രതിനിധീകരിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീമതി ജമീലാ പ്രകാശം: എനിക്ക് പറയാനുള്ളത് പുതുതായി ആരംഭിക്കാൻ പോകുന്ന സർക്കാർ വകയിലുള്ള മെഡിക്കൽ കോളേജുകളിൽ ഒരെണ്ണം കോവളം മണ്ഡലത്തിനകത്ത് തന്നെ സ്ഥാപിക്കണമെന്നുള്ളതാണ് എന്റെ അപേക്ഷ. ദയനീയത

കൊണ്ടാണിത് പറയുന്നത്.

ചന്ദ്രബോസിനെ കൊലപ്പെടുത്തിയ നിസാമിനെ സർവ്വരീതിയിലും സംരക്ഷിച്ചുകൊണ്ടിരിക്കുന്നവർ തന്നെയാണോ എന്റെ ബഹുമാന്യസുഹൃത്ത് ശ്രീമതി കെ. കെ. ലതികയുടെ ഭർത്താവ് ഒരു കേസിലെ പ്രതിയായി വന്നപ്പോൾ അദ്ദേഹത്തെ ഒന്ന് കണ്ടുപോയതിന് ചന്ദ്രഹാസം ഇളക്കിയത്. അത് അവർ എവിടെയൊക്കെ ആരോപിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ജമീലാ പ്രകാശം, .......പ്ലീസ് കൺക്ലൂഡ്...........

ശ്രീമതി ജമീലാ പ്രകാശം: സംസ്ഥാന ജീവനക്കാരുടെ സംഘടനകൾ വിലക്കയറ്റവും അഴിമതിയും സ്വജനപക്ഷപാതവുമൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ട് സമരങ്ങൾ നടത്താൻ പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ജമീലാ പ്രകാശം, .......പ്ലീസ് കൺക്ലൂഡ്...........

ശ്രീമതി ജമീലാ പ്രകാശം: ഒരു കാര്യവുംകൂടി പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. മദ്യാസക്തിക്കെതിരെ പ്രചരണം നടത്താനായി എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തുന്നത് കോഴിയെ രക്ഷിക്കാൻ കുറുക്കന് കൈക്കൂലി

കൊടുക്കുന്നതുപോലെയാണ്. ഈ സർക്കാരിന്റെ മദ്യനയം അങ്ങുകൂടി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഭരണത്തിന് നേതൃത്വം കൊടുക്കുന്ന, കോൺഗ്രസ്സ് കക്ഷിയുടെ അദ്ധ്യക്ഷനെപോലും ഹൈക്കോടതിയെക്കൊണ്ട് അനാവശ്യം പറയിപ്പിക്കുന്നതിലാണ് കാര്യങ്ങൾ എത്തിച്ചിരിക്കുന്നത്. ഇത് നോക്കികൊണ്ടിരുന്ന സർക്കാർ അഭിഭാഷകരും ഒന്നും മിണ്ടിയില്ല എന്ന് ഓർമ്മിക്കണം.

നമ്മുടെ രാജ്യത്തെ രാഷ്ട്രീയ കക്ഷികൾ ഭരണഘടനയുടെയും ഭരണഘടനാപരമായി നിലനിൽക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെയും പരിധിയിലാണ് പ്രവർത്തിക്കുന്നത്. ഭരണഘടനാതീതമായ സ്ഥാപനങ്ങളായി കോടതിയിൽ വിവക്ഷിക്കുന്നത് ആര് ചെയ്താലും അത് ശരിയല്ല. വിവിധ കക്ഷികളും അവരുടെ നേതാക്കളും അവരുടെ കക്ഷികളായി മത്സരിച്ച് ഇവിടെയെത്തുന്ന നമ്മളെപ്പോലുള്ള ജനപ്രതിനിധികൾ ഏത് സ്ഥാനത്തിരുന്നാലും നിർദ്ദേശങ്ങൾ നൽകാനുള്ള സ്വാതന്ത്ര്യവും അവകാശവും ഞങ്ങൾക്കുണ്ട്. അതിനെ ചോദ്യം ചെയ്യുന്നത് നമ്മുടെ പാർലമെന്ററി ജനാധിപത്യവും ഭരണസമ്പ്രദായവും വിഭാവനം ചെയ്യുന്ന ജനാധിപത്യത്തെ ചോദ്യം ചെയ്യുന്നതിലാണ്. (....മൈക്ക് ഓഫ്.....)

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഗവർണ്ണറുടെ നയപ്രഖ്യാപന

പ്രസംഗത്തിന് ബഹുമാനപ്പെട്ട എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ഇന്ന് രാവിലെ മുതൽ സഭയിൽ നടക്കുന്ന കാര്യങ്ങൾ ഞാൻ സഭയിൽത്തന്നെ ഇരുന്ന് മുഴുവനും കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടിയന്തരപ്രമേയം അവതരിപ്പിച്ചതുമുതൽ ഇപ്പോൾ പ്രസംഗം അവസാനിപ്പിച്ച ശ്രീമതി ജമീലാപ്രകാശം വരെയുള്ള സംസാരിച്ചിരുന്നു. അവരുടെയൊക്കെ പ്രസംഗത്തിൽ ഞാൻ കണ്ടൊരു പ്രത്യേകതയെന്നുപറയുന്നത് പ്രതിപക്ഷ നേതാവ് ഉൾപ്പെടെ സംസാരിച്ചപ്പോൾ എനിക്ക് സങ്കടം തോന്നി. പ്രതിപക്ഷ നേതാവിന്റെ സ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും പ്രതിപക്ഷകക്ഷികളും ചേർന്നുകൊണ്ട് ഒരു കള്ളക്കച്ചവടക്കാരനായ ബിജുരമേശിന് ഒരു കോടി രൂപ കൊടുത്തോ എന്നൊരു സംശയം ആരെങ്കിലും ചോദിച്ചാൽ കുറ്റപ്പെടുത്താൻ പ്രതിപക്ഷത്തിന് കഴിയില്ല. ബിജു രമേശ് എന്ന് പറയുന്ന കള്ളക്കച്ചവടക്കാരനാണോ ഇവിടത്തെ പ്രതിപക്ഷം? അതാണ് ജനങ്ങൾക്ക് അറിയേണ്ടതായ കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ നയപ്രഖ്യാപനപ്രസംഗത്തെ സംബന്ധിച്ച് സംസാരിക്കുന്നതിനുപകരം ഒരു കള്ളക്കച്ചവടക്കാരനെ നിയമസഭയിൽ കൊണ്ടുവന്ന്

അമ്മാനമാടുന്ന സ്വഭാവം പ്രതിപക്ഷ കക്ഷികൾക്കോ, ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾക്കോ ഭൂഷണമാണെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് പ്രതിപക്ഷം പ്രതിപക്ഷത്തിന്റെ കടമ നിർവ്വഹിക്കുന്ന നിലയിലേക്ക് മാറേണ്ടതായുണ്ട് എന്ന അഭിപ്രായം പറയാതിരിക്കാൻ കഴിയില്ല എന്ന് മാത്രം സൂചിപ്പിക്കുകയാണ്. ഇവിടെ പ്രതിപക്ഷാംഗങ്ങളും പ്രതിപക്ഷ നേതാവും ക്രൈസ്തവരുടെ ലുത്തീനിയായെപ്പറ്റി സംസാരിക്കുകയുണ്ടായി. ഇക്കാര്യം ബഹുമാനപ്പെട്ട ചെയറിനും അറിയാവുന്ന കാര്യമാണ്. വിശുദ്ധ ഗീ വർഗ്ഗീസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ, വിശുദ്ധ അൽഫോൺസാമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ, വിശുദ്ധ ത്രേസ്യാമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ ഇതൊക്ക ലുത്തീനിയയാണ്. ഇപ്പോൾ എനിക്ക് തോന്നുന്ന പ്രതിപക്ഷത്തിന്റെ ലുത്തീനിയായിൽ പി. സി. ജോർജ്, പി. സി. ജോർജ്, വേറെയൊന്നുമില്ല. പി. സി. ജോർജിന്റെ ലുത്തീനിയ ചൊല്ലുന്നതാണോ നിങ്ങളുടെ ജോലി? ഐക്യജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായൊരു കാഴ്ചപ്പാടുണ്ട്. ഇവിടെ തെറ്റുണ്ടെന്ന് കണ്ടാൽ അതിനെ വിമർശിക്കാനുള്ള സ്വാതന്ത്ര്യം ഐക്യജനാധിപത്യ മുന്നണിയുടെ കക്ഷികൾക്കുണ്ട്. ആ സ്വാതന്ത്ര്യം ഞാൻ ഉപയോഗിക്കുമ്പോൾ അതിനെപ്പറ്റി നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. ഇനിയും അത്

ഉപയോഗിച്ചുകൊണ്ടുതന്നെയിരിക്കും. അതിൽ യാതൊരു സംശയവുമില്ല. ഞാൻ വളരെ വ്യക്തമായി പറയുകയാണ്. എന്ത് നടപടി, ആരുടെ നടപടി? ഈ നയപ്രഖ്യാപന പ്രസംഗത്തിൽപ്പറയേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് ആലോചിക്കണ്ടേ? ഈ പ്രസംഗത്തിൽ വലിയ കൂടിയ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല എന്നുള്ള അവകാശവാദമൊന്നും എനിക്കില്ല. കാരണം, ഞാൻ ഇത് മുഴുവനും വായിച്ചു. കഴിഞ്ഞ നാല് വർഷം തുടരുന്ന നയം അതേപടി തുടരുമെന്നതല്ലാതെ അതിനപ്പുറത്ത് പ്രത്യേകമായി ഒരു കാര്യവും ഇതിനകത്ത് പറഞ്ഞിട്ടില്ല. അതിൽ ഒന്നുരണ്ട് കാര്യങ്ങളെടുത്ത് ചൂണ്ടിക്കാണിക്കേണ്ടതായുണ്ട്. അതിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നടത്തിയ ഒരു പ്രസ്താവനയെ സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. പണം സ്വരൂപിച്ച് അതിന് കാവലിരിക്കുന്ന ഗവൺമെന്റ് അല്ല യു.ഡി.എഫ്. ഗവൺമെന്റ്. അവിടെയാണ് പ്രസക്തിയുള്ള കാര്യം. വികസനപ്രവർത്തനങ്ങളും ജനക്ഷേമപ്രവർത്തനങ്ങൾക്കുമായി പണം ചെലവഴിക്കുന്ന ഗവൺമെന്റാണിത്. അതിലാണ് യു.ഡി.എഫ്.-ന്റെ പ്രത്യേകത. അതുകൊണ്ട് തന്നെ ഖജനാവിൽ പണം കുമിഞ്ഞുകൂട്ടുന്നില്ല. അങ്ങനെ പണം കൂട്ടിവച്ച ഖ്യാതി നേടാൻ ആഗ്രഹിക്കാത്ത ഗവൺമെന്റാണിത്. ഈ പറഞ്ഞ വാക്യം നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. എന്തുകൊണ്ട് അത് ശ്രദ്ധിക്കാതെ പോകുന്നത്?

അത് ശ്രദ്ധിക്കുമ്പോൾ നിങ്ങൾക്ക് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ മാന്യത മനസ്സിലാകുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക മേഖലയുടെ തകർച്ചയെപ്പറ്റി സൂചനനൽകുന്നു. ഈ ഗവൺമെന്റിനോട് ശക്തമായ ഭാഷയിൽ എനിക്ക് പറയാനുള്ളത്, റബ്ബർ കർഷകരെസംബന്ധിച്ച് ഇതിൽ വായിക്കാൻ കഴിഞ്ഞില്ല, ഞാൻ ദു:ഖിതനാണ്. 12 ലക്ഷത്തോളം വരുന്ന കേരളത്തിലെ റബ്ബർ കർഷകർ ഇന്ന് എവിടെ നിൽക്കുന്നുവെന്ന് ഞാൻ സഭയിൽ പ്രവചിക്കേണ്ട കാര്യമില്ല. പാവപ്പെട്ട റബ്ബർ കർഷകർ എവിടെപോയി നിൽക്കുന്നു, അവരുടെ ജീവിതം വഴിമുട്ടി നിൽക്കുന്നു, അവൻ ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണ്. ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നുമാത്രമല്ല, ഒരു ഗവൺമെന്റ് എന്ന നിലയിൽ വളരെ ശക്തമായൊരു നിലപാടുകൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, ഇന്ന് റബ്ബറിന്റെ വില പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത് 135 രൂപയാണ്. ഇന്ന് റബ്ബർ കടകൾ മുഴുവൻ പൂട്ടിയിട്ടിരിക്കുകയാണ്. ഒരു കിലോ റബ്ബർപോലും ആർക്കുംവേണ്ട, ഉണ്ടാക്കുന്ന റബ്ബർ വാങ്ങിക്കാൻ ആളില്ല, ഉണ്ടാക്കുന്നത് വിൽക്കാൻ സ്ഥലമില്ല, കച്ചവടക്കാർ

സമരത്തിൽ പോയിരിക്കുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഇത് സംബന്ധിച്ചൊരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥന്മാരെയും റബ്ബർ കർഷകരുടെ പ്രതിനിധികളെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം പങ്കെടുപ്പിച്ചിരുന്നു. അതിൽ ഞാനും പങ്കെടുത്തിരുന്നു. അതിൽ ചർച്ച നടന്നപ്പോൾ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവർ ഉൾപ്പെടുന്ന പ്രിതിനിധികൾ ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്ന് പറയുന്നത് ജനപ്രതിനിധികളാണ്. അവരുടെ ആവശ്യം റബ്ബർ സംഭരിക്കുമ്പോൾ അവർക്ക് കൈകാര്യ ചെലവ് എത്ര കിട്ടുമെന്നുള്ളതാണ്. മുഖ്യമന്ത്രിക്കുപോലും ദു:ഖം തോന്നി. ഞാൻ വളരെ പരുഷമായി സംസാരിച്ചതാണ്. ബാക്കി സംസാരിക്കാതിരിക്കാൻ കഴിയുമോ. അവർക്ക് എന്താണ് സംഭവിച്ചത്? അന്ന് ഗവൺമെന്റ് ഖജനാവിൽനിന്ന് പണം ലഭിച്ചാൽ റബ്ബർ സംഭരിക്കാമെന്നാണ്. അന്ന് 148 രൂപ കിലേയ്ക്ക് റബ്ബറിന് വിലയുള്ളപ്പോഴാണ് ഈ ചർച്ച നടക്കുന്നത്. ആ യോഗത്തിൽ റബ്ബർ മാർക്കിംഗ് ഫെഡറേഷൻ പറഞ്ഞത് 6 രൂപ കൈകാര്യ ചെലവ് വേണമെന്നാണ്. അതിനെ നാലാക്കി. 5 കോടി രൂപ വച്ച് കൊടുത്തു. അന്ന് റബ്ബർ മാർക്കിംഗ് ഫെഡറേഷന്റെ എം.ഡി. ആയ ഐ.പി.എസ്.

ഉദ്യോഗസ്ഥൻ പറഞ്ഞു റബ്ബറിന്റെ പർച്ചേസ് ടാക്സ് എടുത്തുമാറ്റിയാൽ ഒരു പൈസ പോലും ഗവൺമെന്റ് തരേണ്ട, ഞങ്ങൾ റബ്ബർ പർച്ചേസ് നടത്തിക്കൊളാമെന്നും ഞങ്ങൾ ലാഭകരമായി റബ്ബർ വാങ്ങികൊള്ളാമെന്നും പറഞ്ഞു. അന്നത്തെ യോഗത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ധനകാര്യ വകുപ്പിന്റെ സെക്രട്ടറി ഉണ്ടായിരുന്നു. അദ്ദേഹം ആ പർച്ചേസ് ടാക്സ് എടുത്തുകളായാൻ പറ്റില്ലെന്ന് പറഞ്ഞു. ഇപ്പോൾ റബ്ബറിന് 135 രൂപയാണ് വില. ഇപ്പോൾ 120 രൂപവരെയായി. റബ്ബറിന് 135 രൂപയായപ്പോൾ റബ്ബർ വാങ്ങിക്കാൻ ആളില്ല. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ആത്മാർത്ഥമായി റബ്ബർ കർഷകരെ രക്ഷിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് റബ്ബർ ബോർഡിനെയും വ്യവസായികളെയും ഒരുമിച്ച് ഒരു യോഗത്തിൽ വിളിച്ചുവരുത്തി. ആ മീറ്റിംഗിൽ പർച്ചേസ് ടാക്സ് എടുത്തുകളയാൻ തീരുമാനിച്ചു. വൻകിട വ്യവസായികൾക്ക്, കച്ചവടക്കാർക്ക്, ടയർ വ്യവസായികൾക്ക് പർച്ചേസ് ടാക്സ് മാർച്ച് 31 വരെ ഒഴിവാക്കിക്കൊടുക്കാമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തു. ഇപ്പോൾ ആ തീരുമാനം എവിടെപ്പോയി? അന്ന് മാർക്കറ്റിംഗ് ഫെഡറേഷന് കൊടുത്തിരുന്നെങ്കിൽ റബ്ബറിന്റെ കാര്യത്തിൽ തീരുമാനമുണ്ടാകും. ഇപ്പോൾ പർച്ചേസ് ടാക്സ് എടുത്തുകളയാൻ തീരുമാനിച്ചു. ആർക്കാണ് ലാഭം? വൻകിട വ്യവസായികൾക്കാണ് ലാഭം. അതിന്റെ അർത്ഥം

ഇന്ന് റബ്ബർ സംഭരിക്കുന്നത് 135 രൂപയ്ക്കാണ്. അതാണ് ബോർഡ് പ്രഖ്യാപിച്ച വില. അതിൽ ആറേമുക്കാൽ രൂപയുടെ ലാഭമാണ് വൻകിട വ്യവസായികൾക്കുണ്ടാകുന്നത്. ഈ വ്യവസായികൾ ആരോടാണ് റബ്ബർ വാങ്ങിച്ചത്. അവർ റബ്ബർ വാങ്ങിക്കുന്നത് കൃഷിക്കാരോടല്ല, കച്ചവടക്കാരോടാണ്. ഏറ്റവും സങ്കടകരമായ വേറൊരു കാര്യം, 5 കോടി രൂപ വച്ച് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ജനറൽ മാർക്കറ്റിംഗ് ഫെഡറേഷന് കൊടുത്തു. അതുകഴിഞ്ഞ് രണ്ടര കോടി രൂപകൂടി കൊടുത്തു. ആകെ ഏഴര കോടി രൂപ. ആകെ സംഭരിച്ചത് 450 ടണ്ണാണ്. 150 ടൺ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് വിറ്റു. ബാക്കി 300 ടൺ റബ്ബർ വച്ചിരിക്കുകയാണ്. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ കർഷകന്റെ ഫെഡറേഷൻ ആണോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോഴും ചെറുകിട കച്ചവടക്കാർക്ക് പർച്ചേസ് ടാക്സ് ഒഴിവാക്കികൊടുക്കുന്ന സംവിധാനമുണ്ടാക്കി നമ്മുടെ ആർ.പി.എസ്. വഴി അല്ലെങ്കിൽ സഹകരണ ബാങ്കുകൾ വഴി റബ്ബർ സംഭരിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചാൽ വളരെ മാന്യമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നുതന്നെയാണ് എന്റെ ചിന്ത.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പി. സി. ജോർജ്, ഉച്ചയ്ക്കുശേഷം ഒന്നര മണിക്ക് സഭ പിരിയുകയും വീണ്ടും രണ്ടരയ്ക്ക് ആരംഭിക്കാനുമാണ്

തീരുമാനിച്ചിരിക്കുന്നത്. ഞാൻ പ്രസംഗം അവസാനിപ്പിക്കാൻ പറഞ്ഞതല്ല. അങ്ങയോട് ഒരു അഭിപ്രായം ചോദിച്ചതാണ്. അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചതിനുശേഷം പിരിയാം.

ശ്രീ. പി. സി. ജോർജ്: സർ, ഇന്ന് രാവിലെ ഈ സഭയിൽവന്ന് ചർച്ച ചെയ്തതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആദിവാസികളുടെ പ്രശ്നമാണ്. ഏറ്റവും വേദനിക്കുന്നത് ആദിവാസികളും പട്ടികജാതി പട്ടികവർഗ്ഗക്കാരുമാണ്. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും കാര്യം ഭരണ-പ്രതിപക്ഷം ഇവിടെയിരുന്ന് നിഷ്പക്ഷമായി ചിന്തിക്കേണ്ടതല്ലേ? നമ്മുടെ ത്രിതല പഞ്ചായത്തുകളും കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പാവപ്പെട്ടവന് പണം നൽകുന്നു. എത്ര ആയിരം കോടി രൂപ ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം പാവപ്പെട്ട പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുംവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഈ പണം ആര് കൊണ്ടുപോയി; ആരു കൊണ്ടുപൊയിയെന്ന് ഈ സഭയിൽ പറയുന്നത് മാന്യതയല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഉദ്യോഗസ്ഥർ മാത്രമാണോ കൊണ്ടുപോയത്? ഈ പാവപ്പെട്ട ആദിവാസികളുടെയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയുമെങ്കിലും കഴിഞ്ഞ 10 വർഷമായി അവർക്കുവേണ്ടി ചെലവഴിച്ച പണം അവരിലെത്തിയോ, എവിടെപ്പോയി എന്ന് ഈ നിയമസഭയിലെ

ഒരു കമ്മിറ്റിയെ നിയോഗിച്ച് അന്വേഷിപ്പിക്കണമെന്ന അഭിപ്രായം ആത്മാർത്ഥമായി വിനയപുരസ്സരം മുഖ്യമന്ത്രിയുടെ മുമ്പിൽ ഞാൻ വയ്ക്കുകയാണ്. ഇത് ചോദ്യോത്തരവേളയിലും ഞാൻ ആവശ്യപ്പെട്ടതാണ്. പക്ഷെ, അദ്ദേഹം അതിന്റെ മറ്റ് വശങ്ങൾ പറഞ്ഞുകൊണ്ട് പോകുകയാണ് ചെയ്തത്. പണം മറ്റ് വഴിക്കു പോകുന്നത് ഇനിയെങ്കിലും ഒഴിവാക്കണം. പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും വേണ്ടി വച്ചിരിക്കുന്ന പണം അവനിൽത്തന്നെ ചെല്ലണം. ഈ അഞ്ചുവർഷമോ നാലുവർഷമോ അല്ല കഴിഞ്ഞ അഞ്ചുവർഷമുൾപ്പെടെ പത്തുവർഷത്തെ പണം എവിടെപ്പോയിയെന്ന് ചിന്തിക്കണം. ആദിവാസികളും പട്ടികജാതിക്കാരും പട്ടികവർഗ്ഗങ്ങളും കഴിഞ്ഞാൽ ഏറ്റവുമധികം അവഗണിക്കപ്പെട്ടിരിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നതുമായ ജനവിഭാഗം മത്സ്യത്തൊഴിലാളികളാണ്. ആ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെപ്പറ്റി ഗവർണ്ണർ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. ഞാനൊളിച്ചുവയ്ക്കുന്നില്ല.

ഇതിൽ പറഞ്ഞിരിക്കുന്നത്, 'സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ഭവനനിർമ്മാണ പാക്കേജ് നടപ്പാക്കുന്നതാണ് എന്നാണ്. നാലായിരത്തോളം വീടുകൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക്

നിർമ്മിച്ചുകൊടുക്കുമെന്ന് പറഞ്ഞിരിക്കുന്നത് വളരെ അഭിമാനത്തോടുകൂടി ഞാൻ നോക്കികാണുകയാണ്. ഈ നയപ്രഖ്യാപനത്തിൽ ഏറ്റവും സ്നേഹം തോന്നിയ കാര്യവും അതുതന്നെയാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട കാര്യം റബ്ബർ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ഒരാൾക്ക് 25 ഏക്കർ റബ്ബർ തോട്ടമുണ്ടെങ്കിൽ ആ റബ്ബർ തോട്ടമെന്ന നിലയിൽ നമ്മുടെ ഭൂനിയമത്തിൽനിന്നുതന്നെ അയാൾക്കത് സംരക്ഷിക്കാവുന്നതാണ്. ഒരാൾക്ക് അഞ്ച് മക്കളുണ്ട്, ആ അഞ്ച് മക്കളുണ്ടെങ്കിൽ അയാൾ ചാകുന്നതിനുമുമ്പ് തന്റെ മക്കൾക്ക് ആ വസ്തു കൊടുക്കണ്ടെ, ആ വസ്തു കൊടുക്കാൻ അനുവദിക്കില്ല. ഇപ്പോഴത്തെ നിയമപ്രകാരം അത് കൊടുക്കാൻ സാധിക്കില്ല എന്നത് ഏറ്റവും ദുഃഖകരമാണ്. ആ ഭൂമി പോക്കുവരവ് ചെയ്യാൻ തഹസീൽദാരോ മറ്റാളുകളോ അനുവദിക്കാത്ത സാഹചര്യമുണ്ട്. കേരളത്തിലെ എസ്റ്റേറ്റ് മേഖലയിലുണ്ടായിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണത്. അതുകൊണ്ട് എസ്റ്റേറ്റ് വിൽക്കുന്നതിന്റെ പേരിലല്ല ഒരാൾക്ക് അയാളുടെ മക്കൾക്ക് ഇഷ്ടദാനം കൊടുക്കാനുള്ള അവകാശം നിലനിർത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ, എത്രയോ കൊല്ലമായി ബഹുമാന്യനായ എ. കെ. ആന്റണിയുടെ കാലത്ത് വനഭൂമി സംരക്ഷിക്കണമെന്ന്

തീരുമാനമെടുത്തതാണ്. വനഭൂമി സംരക്ഷിക്കുന്നതുപോലെ നാട്ടിലെ ജനങ്ങളെയും സംരക്ഷിക്കണം. വനത്തിനുള്ളിലേയ്ക്ക് നാട്ടിലെ ആരും കടന്നുചെല്ലാൻ പാടില്ല. അതുപോലെതന്നെ വനത്തിനുള്ളിൽനിന്നും സ്വാഭാവികമായി കൃഷിയിടത്തിലേയ്ക്ക് വന്യമൃഗങ്ങളും ഇറങ്ങാൻ പാടില്ല. ഇതുരണ്ടും തടഞ്ഞേപറ്റൂ. എന്തിനിത് തടയാതിരിക്കണം? അതിനൊരു നടപടിയുണ്ടാകണം. ആ കാര്യത്തിൽ 'ജണ്ട' സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് വളരെ ശക്തമായി ഇടപെട്ട് 'ജണ്ട' സ്ഥാപിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കണമെന്നതന്നെയാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പലരും ഞാൻ ഡി.ജി.പി.ക്കെതിരെ ആരോപണമുന്നയിച്ചുവെന്ന് പറഞ്ഞു. ഈ വിഷയം ഞാൻ ഈ സഭയിൽ ചർച്ച ചെയ്യാനാഗ്രഹിക്കുന്നില്ല. ഞാൻ സഭയിൽ ചർച്ച ചെയ്യുന്നില്ല. പക്ഷെ എന്നെപ്പറ്റി പറഞ്ഞതുകൊണ്ട് ഒരു വാക്ക് പറയാം, അതിൽക്കൂടുതലായി ചർച്ചയ്ക്ക് പോകുന്നില്ല. മുഖ്യമന്ത്രിയേയും ആഭ്യന്തര വകുപ്പുമന്ത്രിയേയും കണ്ട് എനിക്ക് ബോദ്ധ്യമുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ, ഒരു കാര്യം പറയാം, പോലീസുകാർ എണ്ണ തേപ്പിച്ച് വളർത്തിയവനല്ല ഞാൻ. വളരെ വ്യക്തമായി പറയുന്നു. പോലീസുകാർ എണ്ണ

തേപ്പിച്ച് വളർത്തിയ ആളല്ല ഞാൻ. അതുകൊണ്ട് പോലീസുകാരന്റെ അടിമയുമല്ല ഒരു ഉദ്യോഗസ്ഥന്റെയും അടിമയുമല്ല ഞാൻ. അതുകൊണ്ട് ഡി.ജി.പി.ക്കെതിരെ ഉന്നയിച്ച ആരോപണം 100 ശതമാനം ശരിയാണെന്ന് ഞാൻ വീണ്ടും ഈ സഭയിൽ പറയുന്നു. പറയണമെന്നാഗ്രഹിച്ചതല്ല, അത് പറയിപ്പിച്ചതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് മുഖ്യമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു. ചർച്ചയിലേയ്ക്ക് പോകാൻ ഞാനാഗ്രഹിച്ചതല്ല. അതുപോലെതന്നെ ഇവിടെ തുളു ബ്രാഹ്മണരുണ്ട്. ഈ തുളു ബ്രാഹ്മണരെന്നുപറയുന്നത് ഭാഷാ ന്യൂനപക്ഷമാണ്. ആ ഭാഷാ ന്യൂനപക്ഷത്തിന് ന്യൂനപക്ഷ പദവി നൽകികൊണ്ട് അവരെ സംരക്ഷിക്കാനുള്ള നടപടിയെടുക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, പാവപ്പെട്ട ചന്ദ്രബോസിനെ ക്രൂരമായി കൊലപ്പെടുത്തിയ കേസ് തേയ്ച്ചുമായ്ച്ചുകളയാൻ പണം വാങ്ങിയവർ ആരാണെന്ന് അങ്ങേയ്ക്ക് എന്തെങ്കിലും അറിവുണ്ടെങ്കിൽ പറയണം. അത് നാട്ടുകാർ അറിയട്ടെ.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, എനിക്ക് ഈ കാര്യത്തിലൊന്നും ആരുടെയും പിന്തുണ ആവശ്യമില്ല. പറയേണ്ട കാര്യങ്ങളൊക്കെ ഞാൻ പറയും. എന്നോട്

ക്ഷമിക്കണം, അങ്ങെന്നെ തെറ്റിദ്ധരിക്കരുത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. തുളു ബ്രാഹ്മണരുടെ കാര്യം പറഞ്ഞു. അതുപോലെയാണ് നാടാർ സമൂഹം. നാടാർ സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന നിലയിൽ ഈ ഗവൺമെന്റ് അയ്യാ വൈകുണ്ഠ സ്വാമികളുടെ ജന്മദിനം നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചു. ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. അതുപോലെതന്നെയാണ് പി.ആർ.ഡി.എസ്. (പ്രക്ത്യക്ഷ രക്ഷാ ദൈവ സഭ). പി.ആർ.ഡി.എസ്.-ന്റെ സ്ഥാപകനായ ശ്രീകുമാര ഗുരുദേവന്റെ ജന്മദിനം ലക്ഷക്കണക്കിന് ആളുകൾ പ്രാർത്ഥനയിലൂടെ ആഘോഷിക്കുന്നതാണ്. ശ്രീകുമാര ഗുരദേവന്റെ ജന്മദിനവും നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചാൽ അത് ജനങ്ങൾക്ക് അനുകൂലമായ ചിന്തയുണ്ടാക്കും. ആ കാര്യവും ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. മറ്റൊരുകാര്യംകൂടി പറയാനുള്ളത്, പട്ടയം സംബന്ധിച്ചാണ്. സീറോ ലാൻഡ്ലെസ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങൾ, ഏകദേശം 3,50,000 അപേക്ഷകൾ കെട്ടികിടക്കുകയാണ്. മൊത്തം നോക്കുമ്പോൾ നാളിതുവരെയായി 30,000 പട്ടയം മാത്രമേ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. ഇങ്ങനെ പോയാൽ എത്ര കൊല്ലം കൊണ്ട് ഭൂമി

പട്ടയം കൊടുക്കാൻ സാധിക്കും? അതുകൊണ്ട് ഈ നടപടി ത്വരിതഗതിയിലാക്കുന്നത് നന്നായിരിക്കും. 01-01-1977-നുമുമ്പ് കുടിയേറിയ കർഷകന് പട്ടയം നൽകണമെന്ന പ്രഖ്യാപിതമായ നയം ശ്രീ. എ. കെ. ആന്റണിയുടെ കാലത്തുള്ളതാണ്. എന്തുകൊണ്ട് ആ കാര്യത്തിൽ കുറച്ചുകൂടി ശുഷ്കാന്തി വരുത്തിക്കൂടാ; ഇടുക്കിയിലൊരു പരിധിവരെ ഈ നടപടി നീങ്ങുന്നുണ്ട്. പക്ഷെ എന്റെ നിയോജകമണ്ഡലത്തിൽ ഉദാഹരണമായി പമ്പാവാലി, എരുമേലി, കോരുത്തോട്, മുണ്ടക്കയം എന്നീ പഞ്ചായത്തുകളിലുള്ള ആളുകൾക്ക് 'ഗ്രോ മോർ ഫുഡ് പദ്ധതി' പ്രകാരം ലഭിച്ച ഭൂമി പട്ടം താണുപിള്ളയുടെ കാലത്ത് റവന്യൂ ഭൂമിയായി മാറ്റപ്പെട്ടതാണ്. ആ ഭൂമി റവന്യൂ ഭൂമിയാണെന്ന് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് മുഖ്യമന്ത്രിയുടെ കൈവശമുണ്ട്. നാളിതുവരെയായി അവർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. ഒരു ഫോറസ്റ്റിന്റെ പ്രശ്നവും അവിടെയില്ല. അവിടെ പട്ടയം കൊടുക്കാൻ ആരുടേയും ഔദാര്യം കാക്കേണ്ടതില്ല. ഗവൺമെന്റ് മുൻകൈയെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കോൺഫറൻസ് നടത്തിയാൽ അതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകാൻ കഴിയുമെന്ന കാര്യവും ഇവിടെ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഇന്ന് ബഹുമാനപ്പെട്ട എം.എൽ.എ., അദ്ദേഹത്തിന്റെ ഭാര്യയെപ്പോലും പേപ്പട്ടി കടിച്ച ചരിത്രം ഇവിടെ

പറയുകയുണ്ടായി. പാവപ്പെട്ട ആദിവാസികളുടെ കാര്യം ചർച്ച ചെയ്തപ്പോൾ ആ ചോദ്യത്തോട് ഇത് ക്ലബ്ബ് ചെയ്തതിൽ എനിക്ക് മനഃപ്രയാസം തോന്നി. അവരുടെ കാര്യം ചർച്ച ചെയ്തപ്പോൾ ഇത് വന്നതിൽ വിഷമം തോന്നി. പക്ഷെ, അതിവിടെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. നായ കാരണം റോഡിലിറങ്ങാൻ വയ്യ. നായ കാരണം ഞാൻ താമസിക്കുന്ന വീടിന്റെ പുറത്തിറങ്ങാൻ സാധിക്കുന്നില്ല. ഒരുദിവസം ഞാൻ നടന്നുവന്നപ്പോൾ ഗേറ്റിനു മുകളിൽ ഒരു നായ ഇരിക്കുകയാണ്, കണ്ടാൽ പേടി തോന്നും. അവൻ മുറുകുകയാണ്. ചാടിയെങ്കിലോ എന്ന് വിചാരിച്ചു, ചാടിയാൽ എങ്ങനെ പിടിക്കുമെന്ന് അറിയില്ല. ആ നിലയിൽ പട്ടി ശല്യം രൂക്ഷമാണ്. പട്ടിയെ അങ്ങനെ പേടിക്കാൻ സാധിക്കുമോ, എന്റെ കയ്യിൽ അപ്പോൾ വടിയുണ്ടായിരുന്നു. ഇതുസംബന്ധിച്ച് എന്ത് ചെയ്യണമെന്ന് ഒന്നാലോചിക്കണം. ഇവിടെ പട്ടിയെ കൊല്ലാൻ പാടില്ല, സ്റ്റെറിലൈസ് ചെയ്യണമെന്നാണ് പറയുന്നത്. ഈ പട്ടിയെ കൊല്ലരുതെന്ന് പറയുന്ന ദേശീയ നേതൃത്വത്തിന്റെ അടുത്തേയ്ക്ക് ഒരു ട്രെയിനിൽ ഈ നായകളെ എല്ലാം കയറ്റി എത്തിക്കണം, അവിടെ എന്തെങ്കിലും ചെയ്യട്ടെ. ഇവിടെ മനുഷ്യന് ജീവിക്കണ്ടേ? ഇപ്പോൾ ഈ നിയമസഭ കവാടത്തിനകത്ത് നടക്കാൻ സാധിക്കില്ല. വലിയ കുടുംബങ്ങളിൽ വലിയ വില കൊടുത്ത് വാങ്ങുന്ന പട്ടികളെയൊക്കെ പ്രായമാകുമ്പോൾ തിരുവനന്തപുരം

സിറ്റിയിൽ കൊണ്ടുവിട്ടാൽ എവിടെയെങ്കിലും ജീവിച്ചോളും എന്നു കരുതുകയാണ്. ഇതൊന്നും സമ്മതിച്ചുകൊടുക്കാൻ കഴിയുന്ന കാര്യങ്ങളല്ല. നിർബന്ധമായും ഗവൺമെന്റ് അതിനൊരു തീരുമാനമെടുക്കണം. നായയെ കൊല്ലാനുള്ള തീരുമാനമെടുക്കണം. എന്തുവില കൊടുക്കേണ്ടി വന്നാലും പട്ടികളെ കൊല്ലണമെന്ന തീരുമാനമെടുത്താൽ ഒരു തെറ്റും അക്കാര്യത്തിലില്ലായെന്നതന്നെയാണ് എന്റെ അഭിപ്രായം. ആദിവാസികളുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. മറ്റ് വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. നേരത്തെ പറഞ്ഞ റബ്ബർ എസ്റ്റേറ്റിന്റെ പോക്കുവരവ് നടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നതും 2.30 മണിക്ക് വീണ്ടും ആരംഭിക്കുന്നതുമാണ്.

(ഉച്ചയ്ക്കുശേഷം 2.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.40 മണിക്ക് നിർത്തിവച്ചു.)

(ഉച്ചഭക്ഷണത്തിനായി ഉച്ചയ്ക്കുശേഷം 1.40-ന് നിറുത്തിവച്ച സഭ 2.30-ന് പുനരാരംഭിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാന്യനായ എം. പി. അബ്ദു സമദ് സമദാനി ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഭരണപക്ഷത്തുള്ളവർക്ക് നന്ദിപ്രമേയം അവതരിപ്പിച്ച് അതിനെ ന്യായീകരിക്കേണ്ടത് അവരുടെ ബാധ്യതയാണ്. ആ ബാധ്യത നിറവേറ്റാൻ അദ്ദേഹം ശ്രമിച്ചു എന്നതിനപ്പുറം എന്തുകൊണ്ട് ഗവർണ്ണർ നന്ദി അർഹിക്കുന്നു എന്ന് വിശദീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കേരളം പ്രതീക്ഷിക്കുന്നത് ഗവൺമെന്റിന്റെ വികസന നയം എന്താണ് എന്നാണ്. അതുപോലെതന്നെയാണ് വിവിധ മേഖലകളിലെ നയങ്ങളും. ഇക്കഴിഞ്ഞ 3-4 നയപ്രഖ്യാപന പ്രസംഗങ്ങളും എടുത്തു വായിച്ചുനോക്കിയാൽ ഓരോ ഡിപ്പാർട്ടുമെന്റും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അല്ലെങ്കിൽ നടപ്പിലാക്കിയ കുറേ കാര്യങ്ങളെക്കുറിച്ചുള്ള ഒരു അവലോകന റിപ്പോർട്ട് എന്നുള്ള നിലയിലാണ് നമുക്ക് ഇതിനെ വിലയിരുത്താൻ കഴിയുക. ഏത് ഗവൺമെന്റ് ഭരിച്ചാലും എല്ലാ വർഷവും ഒരുപാട് പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടക്കും. അതിനപ്പുറമായ എന്ത് അത്ഭുതങ്ങളാണ് നമ്മുടെ സംസ്ഥാനത്തിനുണ്ടായത് എന്നുപരിശോധിക്കാൻ

ശ്രമിച്ചാലും ഒന്നുംതന്നെ നമുക്ക് കാണാൻ കഴിയുന്നില്ല. ഗവർണ്ണർ ആ പ്രസംഗം അവതരിപ്പിക്കാൻ ഇവിടെ വന്നപ്പോൾ ഞങ്ങൾ സ്വീകരിച്ച നിലപാടിനെ ശ്രീ. കെ. മുരളീധരൻ വിമർശിക്കുകയുണ്ടായി. ഗവർണ്ണറുടെ പ്രസംഗത്തിന്റെ അവസാന ഭാഗത്ത് 44, 46 എന്നീ പേജുകളിൽ രണ്ടുകാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സുതാര്യതയും പൗരകേന്ദ്രീകൃത ഭരണവും അഴിമതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത മനോഭാവവുമാണ് എന്റെ സർക്കാരിന്റെ മുഖമുദ്ര എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്. സർക്കാരിനെ നോക്കുമ്പോൾ അങ്ങനെയൊരു മുഖമുദ്രയാണോ ഈ ഗവൺമെന്റിനുള്ളതെന്ന് നിഷ്പക്ഷമായി ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്. ഇപ്പോൾത്തന്നെ ജനകീയ കോടതിക്കുമുമ്പിൽ കുറ്റവിചാരണ തേടുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. ഞാൻ അങ്ങനെ അടിവരയിടുന്നതിന് കാരണം അദ്ദേഹത്തിനെതിരെ ഒരു അബ്കാരി കോൺട്രാക്ടർ അഴിമതി ആരോപണം ഉന്നയിച്ചു. രാവിലെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹം വെല്ലുവിളിച്ചത് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയേയും കേരള ഗവൺമെന്റിനേയുമാണ്. അതിനെതിരെ ചെറുവിരൽ അനക്കാൻ മാസങ്ങൾ ഏഴായിട്ടും ഗവൺമെന്റിന് കഴിയുന്നില്ല എന്നത് ദൗർബല്യമല്ലാതെ ശക്തിയായി

ആർക്കെങ്കിലും കാണാൻ കഴിയുമോ? കഴിഞ്ഞ നിയമസഭയിലും ഞാൻ ഇക്കാര്യം ഉന്നയിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി സഭ പിരിഞ്ഞുകഴിഞ്ഞാലുടൻ എന്തു സംഭവിക്കുന്നുവെന്ന് എ. കെ. ശശീന്ദ്രന് കാണാൻ കഴിയുമെന്നാണ്. ഇതുവരെ ഒന്നും കാണാൻ കഴിഞ്ഞിട്ടില്ല. അത്തരത്തിലുള്ള ഒരു ഗവൺമെന്റിന്റെ നയമില്ലാത്ത നയമാണ് കാണുന്നത്. അതുപോലെതന്നെ നമ്മുടെ സമ്പദ്ഘടന. ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം കോടി രൂപയുടെ കടക്കെണിയിലൂടെ പോകുന്ന ഒരു സംസ്ഥാനമാണ് ഇന്ന് നമ്മുടെ സംസ്ഥാനം. ആ കടക്കെണിയിൽനിന്ന് ഈ സമ്പദ്ഘടനയെ രക്ഷിക്കാനുള്ള സമീപനമെന്താണെന്ന് പരിശോധിച്ചിട്ട് ഒന്നുംതന്നെ മനസ്സിലാകുന്നില്ല. വികസന പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ടോ? നമ്മുടെ ആസ്തിവികസന ഫണ്ടുപയോഗിച്ചിട്ടുള്ള വികസനപ്രവർത്തനങ്ങൾപോലും ഇപ്പോൾ മരവിച്ചുകിടക്കുകയല്ലെ. സാങ്കേതിക തടസ്സങ്ങളുണ്ടാക്കി വികസന പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ച പണം ചെലവാക്കാതിരിക്കാനുള്ള കരുതലാണ്, അതിനുപറ്റിയ ഗൂഢാലോചനയാണ് ധനവകുപ്പും ഗവൺമെന്റും ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് നിഷേധിക്കാൻ ഏതെങ്കിലും എം.എൽ.എ. മാർക്ക് കഴിയുമോ? ഒരു വികസന പ്രവർത്തനവും നടക്കുന്നില്ല. ഇവിടെ ശ്രീ. പി. സി. ജോർജ് ഒരു കാര്യം

ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മുടെ മലയോര പ്രദേശങ്ങളിൽ കാട്ടാനകളും കാട്ടുപന്നികളും മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകരമാംവിധം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ നേരിടാൻ, അത് കൈകാര്യം ചെയ്യാൻ എന്തുചെയ്യണമെന്നറിയാതെ ഭയാശങ്കയിലാണ് ആ പ്രദേശത്തെ ജനങ്ങൾ. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് നേരത്തെ ഇവിടെ പറഞ്ഞ പേപ്പട്ടി പ്രശ്നം തന്നെയാണ്. ഒരു പേപ്പട്ടിയെ പിടിക്കാനും കൊല്ലാനും പഞ്ചായത്ത് ഭരണസമിതികൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ളത് ഏഴ് രൂപയാണ്. ഏഴുരൂപയ്ക്ക് പേപ്പട്ടിയെ പിടിക്കാനും കൊല്ലാനും ഒരാളെയും കിട്ടില്ല. അതിന് കൂടുതൽ പണം അനുവദിച്ചുകൊണ്ട് ഇത്തരത്തിലുള്ള സാമൂഹ്യദ്രോഹ പ്രവർത്തനങ്ങളെ, ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെ ലഘൂകരിക്കാനുള്ള നടപടിപോലും കാണാത്ത ഒരു സാഹചര്യത്തിൽ ഈ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, നമ്മുടെ പ്രിയപ്പെട്ട സ്പീക്കറായിരുന്ന, എന്നെ സംബന്ധിച്ച് ഗുരുതുല്യനായിരുന്ന ജി. കാർത്തികേയൻ ഇല്ലാത്ത ഒരു അസംബ്ലിയിലാണ് നമ്മൾ നിൽക്കുന്നത്. ഞാൻ അദ്ദേഹത്തിന്റെ സ്മരണകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ഞാൻ ഈ

നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. കൃത്യമായ ലക്ഷ്യബോധവും തികഞ്ഞ ആത്മവിശ്വാസവും കേരളത്തിന്റെ സമസ്തമേഖലകളിലും ഉണ്ടായിരിക്കുന്ന ഉജ്ജ്വലമായ മുന്നേറ്റങ്ങൾ വിവരിക്കുന്നതും ഇല്ലായ്മകളും വല്ലായ്മകളുമൊക്കെയുണ്ടെങ്കിലും ഒരു ജനതയുടെ പ്രതീക്ഷയ്ക്കൊത്ത് ഒരു സർക്കാർ എങ്ങനെ പ്രവർത്തിക്കണമെന്നതിന്റെ ഒരു നേർരേഖയാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. നമ്മുടെ ഫ്ലാഗ് ഷിപ്പ് പദ്ധതികൾ സമയബന്ധിതമായിതന്നെ ലക്ഷ്യത്തിലേയ്ക്ക് കുതിക്കുന്നു എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ലോകശ്രദ്ധ ആകർഷിച്ച വികസന മോഡലും ഇന്ത്യയിൽ ഏറ്റവും കൂടുതൽ വളർച്ചാനിരക്കും ഇന്ന് നമ്മുടെ സംസ്ഥാനം കൈവരിച്ചിരിക്കുന്നുവെന്നുള്ളത് നമുക്ക് അഭിമാനമുണ്ടാക്കുന്ന കാര്യമാണ്. എത്ര അവാർഡുകളാണ് കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിനുള്ളിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് കിട്ടിയിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിക്ക് യുണൈറ്റഡ് നേഷൻസ് ഏർപ്പെടുത്തിയിരിക്കുന്ന പബ്ലിക് സർവ്വീസ് അവാർഡ് ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ മെക്കിൻസി റിപ്പോർട്ടിൽ മികച്ച എട്ട് സംസ്ഥാനങ്ങളിൽ ഒന്നായി നമ്മുടെ സംസ്ഥാനത്തെ കണ്ടെത്തിയിട്ടുണ്ട്. അടിസ്ഥാന മേഖലയിലെ

മികച്ച പ്രവർത്തനത്തിന് ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ്, വെബ്രത്ന അവാർഡ്, സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് തുടങ്ങിയവ നമ്മുടെ സംസ്ഥാനത്തിനാണ് ലഭിച്ചിരിക്കുന്നത്. ഇന്ത്യാ ടുഡേയുടെ ഈ വർഷത്തെ സർവ്വേയിൽ മികച്ച നിരവധി കാര്യങ്ങളിൽ State of the States ആയി നമ്മുടെ സംസ്ഥാനത്തെ കണ്ടെത്തിയിരിക്കുകയാണ്. സത്യത്തിൽ ഇതൊന്നും നിങ്ങൾ കാണാതിരിക്കുന്നു എന്നുപറയുന്നത് എനിക്ക് അത്ഭുതം തോന്നുന്ന കാര്യമാണ്. നമ്മുടെ ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമുകളിലൊന്നായ കൊച്ചിൻ മെട്രോയെക്കുറിച്ച് പറയുകയാണെങ്കിൽ നമ്മൾ സ്വപ്നത്തിൽ വിചാരിച്ചതാണോ ഇത് ഇത്രയുംപെട്ടെന്ന് നടക്കുമെന്ന്. 2015 ഡിസംബറിലോ 2016 ആദ്യമോ നമ്മൾ കൊച്ചിൻ മെട്രോയിൽ സഞ്ചരിക്കുവാൻ പോവുകയാണ്. ഇപ്പോൾ അതിന്റെ ട്രയൽ നടക്കുകയാണ്. അതുപോലെതന്നെ നമ്മുടെ സ്പീഡ് പ്രോഗ്രാം. പി.ഡബ്ല്യൂ.ഡി. വകുപ്പ് പതിനായിരം കോടി രൂപയുടെ പുതിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്നു. മെഡിക്കൽ കോളേജുകൾ ആറേഴെണ്ണമാണ് പുതിയതായി വന്നിരിക്കുന്നത്. ഗവൺമെന്റ് മെഡിക്കൽ കേളേജുകൾതന്നെ നാലഞ്ചെണ്ണം വന്നിരിക്കുന്നു. ഇതൊന്നും ചെറിയകാര്യമല്ല. 18 ആർട്സ് ആന്റ് സയൻസ് കോളേജുകളാണ് വന്നിരിക്കുന്നത്. ബഹുഭൂരിപക്ഷവും നിങ്ങളുടെ നിയോജകമണ്ഡലങ്ങളിലാണ്

വന്നിരിക്കുന്നത്. ഞങ്ങളുടെ നിയോജകമണ്ഡല ങ്ങളിൽ വളരെ ചുരുക്കമെണ്ണമാണ് വന്നിട്ടുള്ളത്. ഇതൊന്നും രാഷ്ട്രീയംനോക്കി ചെയ്തിരിക്കുന്ന കാര്യമല്ല. ഹോം ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഇവിടെ സംസാരിച്ച ചില ആളുകൾ ചോദിച്ചു. ഓപ്പറേഷൻ കുബേരയൊക്കെ ഇപ്പോൾ കാണുന്നില്ലല്ലോയെന്ന്. ഇപ്പോൾ കേരളത്തിൽ എവിടെയെങ്കിലും ബ്ലേഡ് കമ്പനികൾ ഉണ്ടോ; ഉണ്ടെങ്കിലൊന്നു പറയാമോ? രഹസ്യമായി ആരെങ്കിലും അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ കൊടുക്കുന്നുണ്ടാകും. പരസ്യമായി ബോർഡുവച്ച് അന്യായമായി പലിശ ഈടാക്കുന്ന ബ്ലേഡ് കമ്പനി നടത്തുന്നവരെ എവിടെയെങ്കിലും കാണിച്ചുകൊടുക്കാൻ കഴിയുമോ? ഇല്ല, അതവസാനിച്ചു. പിന്നീട് അത് പൊങ്ങിവരുമോയെന്നറിയില്ല. ഇപ്പോൾ നിലവിൽ ഏതായാലുമില്ല. അതിന്റെ പേരിൽ 13814 റെയ്ഡുകളാണ് കേരളത്തിൽ നടന്നത്. കൊള്ളപ്പലിശയുടെ പേരിൽ അറസ്റ്റുചെയ്ത പ്രതികളുടെ എണ്ണം 2048 ആണ്. അതുപോലെതന്നെ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് - എല്ലാവരും പ്രകീർത്തിച്ച ഒരു പദ്ധതിയാണ്. നമ്മുടെ വരുംതലമുറയെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുപോകാതെ സംരക്ഷിക്കാൻവേണ്ടി സംസ്ഥാന വിദ്യാഭ്യാസ വകുപ്പും എക്സൈസ് വകുപ്പും പോലീസ് വകുപ്പും ചേർന്നുള്ള ജോയിന്റായിട്ടുള്ള മൂവ്മെന്റാണത്. എന്റെ നിയോജക മണ്ഡലത്തിൽ എത്രയോ

കുട്ടികളെ അതിന്റെയടിസ്ഥാനത്തിൽ നേർവഴിക്ക് കൊണ്ടുവരാൻ കഴിഞ്ഞു. അതിന്റെ പേരിൽ 30,779 റെയ്ഡുകൾ നടത്തുകയും ഏതാണ്ട് 6,723 പേരെ ഇതിനോടകം അറസ്റ്റ് ചെയ്യുകയും ചെയ്തു. അതുപോലെതന്നെ 15 ദിവസം മുമ്പ് ആരംഭിച്ച 'ഓപ്പറേഷൻ സുരക്ഷ' - അതുപ്രകാരം മാഫിയകൾ, ഗുണ്ടകൾ, ലോംഗ് പെൻഡിംഗ് കേസുകളിൽപെട്ട് അറസ്റ്റ് ചെയ്യാൻ കഴിയാതെ ഒളിച്ചുനടന്ന ആളുകൾ എന്നിവരുൾപ്പെടെ 10000-ത്തോളം പേരെ 15 ദിവസത്തിനകം അഴിക്കകത്താക്കാൻ കഴിഞ്ഞുവെന്നുള്ളത് ഈ ഗവൺമെന്റിന്റെ വലിയ നേട്ടംതന്നെയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അങ്ങ് കുറേ കാലമായി അന്റാർട്ടിക്കയിലോ മറ്റോ ആയിരുന്നോ?

ശ്രീ. ജോസഫ് വാഴയ്ക്കൻ: ഞാൻ അന്റാർട്ടിക്കയിലല്ലായിരുന്നു. ഞാൻ ഈ കൊച്ചു കേരളത്തിൽ കണ്ടകാര്യം പറയുകയാണ്. നിങ്ങൾ വല്ല അന്റാർട്ടിക്കയിലോ ആർട്ടിക്കയിലോ പോയതുകൊണ്ടായിരിക്കാം ഒരുപക്ഷേ ഇത് കാണാതെ പോയത്. ഞാൻ ഇവിടെത്തന്നെയായിരുന്നു. കൽക്കട്ടയിൽ സി.സി.-ക്ക് പോയ സമയത്തായിരിക്കാം. കാരണം എന്നും സി.സി.-യും മറ്റുമാണല്ലോ. കേരളത്തിൽ നിൽക്കാൻ സമയമില്ലാത്തതുകൊണ്ടാണ് ഒരുപക്ഷേ അങ്ങേയ്ക്ക് ഇത്

തോന്നിയിട്ടുള്ളത്. ക്യാൻസർ രോഗത്തിൽ നിന്നും രക്ഷപ്പെടാൻവേണ്ടി പച്ചക്കറി പുറത്തുനിന്നും കൊണ്ടുവരാൻ അനുവദിക്കരുതെന്ന് ഇവിടെ പറഞ്ഞു. പച്ചക്കറിയുടെ കാര്യത്തിൽ നമ്മൾ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കിയ നിരവധി പദ്ധതികൾ - ഏറ്റവും അവസാനം വന്നിരിക്കുന്ന പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവ വഴി പച്ചക്കറിയുടെ കാര്യത്തിൽ നമ്മൾ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുകയാണ്. കേരളത്തിനാവശ്യമായ പാലിന്റെ 80 ശതമാനത്തോളം ഇവിടെത്തന്നെ ഉത്പാദിപ്പിക്കുന്ന സ്ഥിതിയിലേക്ക് വന്നു. ഇത് ചെറിയ കാര്യമൊന്നുമല്ല. അതുപോലെ ജനമനസുകളെ സ്വാധീനിക്കുകയും ജനങ്ങൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുള്ള സാമൂഹ്യ നീതി വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങളായ ഷി ടാക്സി, ഷി ടോയ്ലറ്റ്, ആശ്വാസ കിരണം, ഫുഡ് ഓൺ വീൽസ്, ജൻഡർ പാർക്ക്, വയോമിത്രം, കോക്ലിയർ ഇംപ്ലാന്റേഷൻ, സ്നേഹപൂർവ്വം പദ്ധതി, വിശപ്പ് രഹിതം പദ്ധതി, പ്രത്യാശ, നിർഭയ, വിഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള പദ്ധതി തുടങ്ങിയവ. പലതവണ വിശദീകരിച്ചതിനാൽ ഞാനതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇതിനെക്കുറിച്ചെല്ലാം അന്വേഷിച്ചുനോക്കണം. എന്റെ മണ്ഡലത്തിലെ മുഴുവനാളുകൾക്കും വാങ്ങിച്ചുകൊടുക്കുന്ന കാര്യങ്ങൾ, എനിക്ക് നേരിട്ട്

ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്. ഇവിടെ ഒരുപാട് ആരോപണങ്ങൾ ഉന്നയിച്ചു. പ്രതിപക്ഷത്തുനിന്നും ആദ്യം സംസാരിച്ചുതുടങ്ങിയ ശ്രീ. എം. ചന്ദ്രൻ കുറേ ആരോപണങ്ങൾ ഇവിടെ ഉന്നയിച്ചു. മാണിസാർ കോഴ വാങ്ങിയെന്ന് ആരോപണം അദ്ദേഹം ഉന്നയിച്ചു. ഇത് പറയുമ്പോൾ ഒരു കാര്യം അദ്ദേഹം മറന്നുപോകരുത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇപ്പോൾ ഇവിടെ പറഞ്ഞുകൊണ്ട് നടക്കുന്നതിന്റെ എത്രയോ ഇരട്ടി ആരോപണങ്ങളാണ് വന്നിരുന്നത്. ലാവ്‌ലിൻ കേസ് തന്നെ ഏതാണ്ട് 2-3 വർഷക്കാലം ചർച്ച ചെയ്തിട്ടുള്ളതാണ്. ലാവ്‌ലിൻ ഇടപാടിൽ 374 കോടി രൂപ നമ്മുടെ സംസ്ഥാന ഖജനാവിൽ നിന്ന് പോയതാണ്. ആകാശത്തേയ്ക്ക് പോയോ ഭൂമിയിലേയ്ക്ക് പോയോ എന്ന് ഇപ്പോഴും അറിയില്ല. എവിടെ പോയി എന്നതിനെക്കുറിച്ച് ഒരു നിശ്ചയവുമില്ല. ഞാൻ മാത്രമല്ല അത് പറഞ്ഞിട്ടുള്ളത്. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? സി.ബി.ഐ. കോടതിയും എഫ്.ഐ.ആർ.-ഉം പോയതിന്റെ കഥകളെക്കുറിച്ചൊന്നും മിണ്ടാതിരിക്കുന്ന താണ് നല്ലത്. ഇതുവരെ പ്രതിപക്ഷ നേതാവിനെ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലല്ലോ. ഞങ്ങളല്ലല്ലോ ഇതൊന്നും പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ ലോട്ടറി രാജാവ്

സാന്റിയാഗോ മാർട്ടിന്റെ കയ്യിൽ നിന്ന് ദേശാഭിമാനി പൈസ വാങ്ങി. ഞാൻ അതേക്കുറിച്ച് അങ്ങയോട് ഒന്നും പറയുന്നില്ല. എന്തിനാണ് മാർക്സിസ്റ്റ് പാർട്ടി അന്ന് ശ്രീ. ഇ. പി. ജയരാജനെ ദേശാഭിമാനിയുടെ ചുമതലയിൽ നിന്നും മാറ്റിയത്; എനിക്ക് അതറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: ദേശാഭിമാനിയെപ്പോലെയൊരു പത്രം വായ്പ വാങ്ങുകയാണെങ്കിൽപ്പോലും വായ്പ ആരിൽ നിന്നാണോ വാങ്ങുന്നത് അവരും സംശുദ്ധരായിരിക്കണം. അതാണ് ദേശാഭിമാനി.

ശ്രീ. ജോസഫ് വാഴയ്ക്കൻ: അത് നിങ്ങളാരും കണ്ടുപിടിച്ചതല്ലല്ലോ. ഇവിടത്തെ മാധ്യമങ്ങൾ കണ്ടുപിടിച്ച് നിങ്ങളെ കയ്യോടെ പിടിച്ചപ്പോഴല്ലേ നിങ്ങളുടെ പാർട്ടി......... നിങ്ങൾ ആ പണം തിരിച്ചുകൊടുത്തെന്ന് പറഞ്ഞു. എവിടെയാണ് തിരിച്ചുകൊടുത്തത്? പണം തിരിച്ചുകൊടുക്കാൻ നിങ്ങളുടെ പോളിറ്റ് ബ്യൂറോ ആവശ്യപ്പെട്ടു. ഇതേവരെ പണം തിരിച്ചുകൊടുത്തതായി ഞങ്ങൾക്ക് അറിയില്ല. അതുപോലെതന്നെ കേരളത്തിൽ മെർക്കിസ്റ്റൺ ഇടപാട് - സി.പി.ഐ.-ക്കാർ ഇവിടെയുണ്ടല്ലോ. മെർക്കിസ്റ്റൺ ഇടപാടിന്റെ പേരിൽ എത്ര കാലത്തെ വിവാദമാണ് ഈ സംസ്ഥാനത്ത് നടന്നത്. അഴിമതി നടത്താത്ത വീരന്മാരാണല്ലോ. അതുപോലെതന്നെ എച്ച്.എം.ടി. ഭൂമി വിൽപ്പന, എച്ച്.എം.ടി.

ഭൂമി വിൽപ്പനയുടെ പേരിലുണ്ടായിട്ടുള്ള കച്ചവടം എന്താണെന്നുള്ളത് എന്നെയല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയാണ് ബോധ്യപ്പെടുത്തേണ്ടത്. അതുപോലെതന്നെ കൊറിയൻ കരാർ - ഞാൻ പറയണോ എങ്ങനെയാണ് അത് നടത്തിയിട്ടുള്ളതെന്ന്. സി.-ഡാക്കിന്റെ കൈമാറ്റം. റിലയൻസ് എന്നുകേട്ടുകഴിഞ്ഞാൽ എന്തുമാത്രം എതിരായിരുന്നു നിങ്ങൾക്ക്. ഈ കുത്തകയ്ക്കാണല്ലോ കേരളത്തിന്റെ മുഴുവൻ രഹസ്യങ്ങളും വിട്ടുകൊടുത്തത്. അതുപോലെ കാറ്റാടി - എത്ര അഴിമതിയാണ് നടത്തിയിരിക്കുന്നത്? ഇതെല്ലാം നടത്തിയിട്ടുള്ള ആളുകളാണ് മാണിസാറിന് 15 കോടി രൂപ കൊണ്ടുപോയി കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞ് ഒരു ഷാപ്പുകാരൻ ഇറങ്ങിയപ്പോൾ അതിന്റെ പിന്നാലെ കൂടിയത്. ഒരു തെളിവ് നിങ്ങളുടെ കയ്യിലുണ്ടോ. ഞാനൊരു കാര്യംകൂടി ചോദിച്ചുകൊള്ളട്ടെ, ഈ ഷാപ്പുകാരന്റെ കയ്യിൽ നിന്ന് തെരഞ്ഞെടുപ്പ് ഫണ്ടും പാർട്ടി പ്രവർത്തന ഫണ്ടും വാങ്ങിക്കാത്ത ഏതെങ്കിലുമൊരു രാഷ്ട്രീയപ്പാർട്ടി കേരളത്തിലുണ്ടോ. നെഞ്ചത്ത് കൈ വച്ചുകൊണ്ട് പറയണം. വെറുതേ ആവശ്യമില്ലാതെ മാണിസാറിനെപ്പോലെ 50 വർഷക്കാലത്തെ സംശുദ്ധമായ രാഷ്ട്രീയത്തിന്റെ ഉടമയെ ....., ഞാൻ ജനിച്ച അന്നുമുതൽ അദ്ദേഹമായിരുന്നു ഞങ്ങളുടെ എം.എൽ.എ. മാണിസാറിനെതിരായ ആരോപണങ്ങളൊന്നും ഞങ്ങൾ

അംഗീകരിക്കുന്ന കാര്യങ്ങളല്ല........ സംഭാവന നടത്തിയെന്ന് ഞാൻ പറഞ്ഞിട്ടില്ലല്ലോ. ഞാൻ പറഞ്ഞത് ഒരു ബാറിന്റെ ഉടമസ്ഥൻ, അദ്ദേഹത്തിന്റേതുൾപ്പെടെ കേരളത്തിലാകമാനമുള്ള ബാറുകൾ നിർത്താൻ ഗവൺമെന്റ് തീരുമാനിച്ചു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇവർ നന്നാവാൻവേണ്ടി പാലക്കാട് പ്ലീനം നടത്തിയല്ലോ. എന്നിട്ട് അദ്ദേഹം വിശദീകരിച്ചു, നല്ല അച്ചടക്കം വേണം, ആൾക്കാരോട് മാന്യമായി പെരുമാറണം, വളരെ ശാന്തമായേ സംസാരിക്കാവൂ. ആ പ്ലീനത്തിന്റെ അന്ന് ദേശാഭിമാനിയിൽ ഒരു ബാറിന്റെ പരസ്യമുണ്ടായിരുന്നു. കേരളത്തിലെ വിവാദമായ ഒരു കൊലപാതക കേസിൽ പ്രതിയായ ഒരാളുടെ ബാറിന്റെ പരസ്യം ദേശാഭിമാനിയിൽ വന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: ഒരു ഫുൾ പേജ് പരസ്യം, ചാക്ക് രാധാകൃഷ്ണന്റെ ഒരു ഫുൾ പേജ് പരസ്യം. നിങ്ങൾ ദേശാഭിമാനി പത്രത്തിൽ ഇട്ടതാണ്. അതുകൊണ്ട് അതിനെക്കുറിച്ചൊന്നും നിങ്ങൾ സംസാരിക്കേണ്ട. അഴിമതിയെക്കുറിച്ചും സംശുദ്ധമായ രാഷ്ട്രീയത്തെക്കുറിച്ചുമൊന്നും നിങ്ങൾ പറയാതിരിക്കുന്നതാണ് നല്ലത്. ദേശീയ ഗെയിംസിനെക്കുറിച്ച് ഇവിടെ ശ്രീ. എം. ചന്ദ്രൻ പറഞ്ഞു. ദേശീയ

ഗെയിംസിന് എന്തായിരുന്നു ജഗപൊഗ. ദേശീയ ഗെയിംസിനെക്കുറിച്ച് ഇന്ത്യൻ പ്രസിഡന്റ് പറഞ്ഞിരിക്കുന്നത് എന്താണെന്ന് നിങ്ങൾക്ക് അറിയുമോ; ദേശീയ ഗെയിംസ് മികച്ച രീതിയിൽ സംഘടിപ്പിച്ചതിന് കേരളത്തിനും സംഘാടകർക്കും രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയുടെ അഭിനന്ദനങ്ങൾ. 1987-ന് ശേഷം രണ്ടാമതും ദേശീയ ഗെയിംസ് സംഘടിപ്പിച്ച കേരളം അത്യാധുനിക കായിക സൗകര്യങ്ങൾ ഗെയിംസിനായി ഒരുക്കിയെന്ന് ട്വിറ്ററിലൂടെയുള്ള അഭിനന്ദന സന്ദേശത്തിൽ രാഷ്ട്രപതി ചൂണ്ടിക്കാണിച്ചു. രാഷ്ട്രപതി മാത്രമല്ല എത്രയോ ആളുകൾ പറഞ്ഞിരിക്കുന്നു. മധ്യപ്രദേശ് ടീമിന്റെ മാനേജർ പറഞ്ഞത് കെങ്കേമമാണെന്നും കേരളം പ്രതീക്ഷ തെറ്റിച്ചിട്ടില്ല എന്നുമാണ്. ദൂരദർശന്റെ കമന്റേറ്റർ പറഞ്ഞിരിക്കുന്നത് 2019-ൽ മികച്ച ദേശീയ ഗെയിംസ് നടത്താൻ ഗോവയ്ക്ക് മാതൃകയാണ് കേരളം എന്നാണ്. അതുപോലെതന്നെ ഷൂട്ടിംഗ് സ്വർണ്ണ ജേതാവ് പറഞ്ഞിരിക്കുന്നത് ലോകനിലവാരം പുലർത്തുന്ന മനോഹരമായ ഷൂട്ടിംഗ് റേഞ്ചായിരുന്നു ഇവിടെയുണ്ടായിരുന്നത് എന്നാണ്. ഇതുവരെ നടന്നിട്ടുള്ളതിൽ ഏറ്റവും മികച്ച ദേശീയ ഗെയിംസായിരുന്നു കേരളത്തിലേതെന്നും രാജ്യാന്തര നിലവാരത്തിൽ ഗെയിംസ് സംഘടിപ്പിച്ചതിന് കേരളം സ്വർണ്ണമെഡൽ അർഹിക്കുന്നുവെന്നു മാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ സെക്രട്ടറി

ജനറൽ പറഞ്ഞത്. ഇതുപോലെ ഇന്ത്യയിലെ സ്പോർട്സ് പേഴ്സൺസ്, സ്പോർട്സ് താരങ്ങൾ, സംഘാടകർ ഇന്ത്യയുടെ രാഷ്ട്രപതി ഉൾപ്പെടെ ഈ രാജ്യം മുഴവൻ കേരളത്തെ അഭിനന്ദിക്കുമ്പോൾ ഇവിടെ കുറേ ആളുകൾ മാത്രമാണ് ഇതിനെതിരെ പറഞ്ഞിട്ടുള്ളത്. 14 ദിവസത്തെ ദേശീയ ഗെയിംസിനിടയിൽ ഇടതുപക്ഷത്തിന്റെ 60 പേർ ദേശീയഗെയിംസിന്റെ വിവിധ സംഘാടക സമിതിയിൽ നിന്നും രാജിവച്ചുവെന്ന് ദേശാഭിമാനി പത്രത്തിൽ കണ്ടു. അപ്പോഴാണ് ഞാൻ അറിയുന്നത് ഇവരെല്ലാം പ്രധാനപ്പെട്ട താക്കോൽ സ്ഥാനങ്ങളിലുണ്ടായിരുന്നു വെന്ന്. എന്തായാലും 60 പേർ രാജിവച്ചുപോയിയെന്നല്ലാതെ ദേശീയ ഗെയിംസിന് ഒന്നും സംഭവിച്ചില്ല. ദേശീയ ഗെയിംസ് ഈ നാട്ടിൽ ഏറ്റവും മനോഹരമായി നടന്നു. അതുകൊണ്ട് ദേശീയ ഗെയിംസിനെക്കുറിച്ച് ഒരിക്കലും ഇത് പറയരുത്, കേരളത്തിലെ ജനങ്ങൾ അത് വിശ്വസിക്കില്ല എന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വരുന്ന വെള്ളിയാഴ്ച വളരെ ഉദ്വേഗജനകമായ ദിവസമാണ്. നിങ്ങൾ ചോരച്ചാലുകൾ നീന്തിക്കയറി ഇവിടെ വന്ന് ബഡ്ജറ്റ് പിടിച്ചുവാങ്ങുമെന്ന് പറഞ്ഞിരിക്കുന്ന ദിവസമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിരിക്കുന്നത്, ഇതുവരെ സഭ കണ്ടിട്ടില്ലാത്ത പലതും നടക്കുമെന്നാണ്. സത്യത്തിൽ ഞാൻ ഭീതിയോടെയാണ് ഇരിക്കുന്നത്. എന്താണ് ഇവിടെ നടക്കാൻ

പോകുന്നതെന്നതിനെക്കുറിച്ച് വളരെ ഭയമുള്ള ദിവസമാണ്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, നിങ്ങൾക്ക് മാണിസാറിനെ ഒന്നും ചെയ്യാൻ കഴിയില്ല. കാരണം അദ്ദേഹം സത്യസന്ധനും നീതിമാനുമാണ്. ഒരു ഷാപ്പ് കോൺട്രാക്ടറുടെ വാക്കു കേട്ടുകൊണ്ട് അദ്ദേഹത്തെ നിങ്ങൾ ആക്ഷേപിക്കാൻ ശ്രമിച്ചാൽ നാളെ നിങ്ങൾ അതിന്റെ പേരിൽ ദു:ഖിക്കേണ്ടി വരുമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. എനിക്കൊരു ആശ്വാസമുള്ളത് നിങ്ങളുടെ നേതാവ് ശ്രീ. പിണറായി വിജയൻ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കളെക്കുറിച്ച് പറഞ്ഞു, നമ്മുടെ ഇപ്പോഴത്തെ സഖാക്കൻമാർ വലിയ തല്ലൊന്നും കൊണ്ടിട്ടില്ല, പോലീസിന്റെ ഒന്നോ രണ്ടോ തല്ലൊക്കെ വാങ്ങിയിട്ടുണ്ടാകും ചിലപ്പോൾ കാലിനിട്ട് ഒരു കുത്ത്, അത് ശ്രീ. അച്ചുതാനന്ദനെ ഉദ്ദേശിച്ച് പറഞ്ഞതാണ്. ഇതിനെക്കാൾ അപ്പുറത്തൊരു ത്യാഗവും നിങ്ങൾ അനുഭവിച്ചിട്ടില്ല. അതുകൊണ്ട് നിങ്ങൾ ഓലപ്പാമ്പ് കാണിച്ചൊന്നും ഭയപ്പെടുത്തേണ്ട ആവശ്യമില്ല. ചോരച്ചാലുകൾ നീന്തിക്കയറി..... ശ്രീ. കോടിയേരി ബാലകൃഷ്ണൻ സെക്രട്ടറിയാകുന്നതിന് മുൻപ് പറഞ്ഞതാണ്. സെക്രട്ടറിയായപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം മാറിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അസംബ്ലി വളയുമെന്ന് ശ്രീ. അച്ചുതാനന്ദൻ ആലപ്പുഴ സമ്മേളനത്തിന് മുൻപാണ് പറഞ്ഞത്. അതിനുശേഷം അദ്ദേഹം പറഞ്ഞിട്ടില്ല.

ഏതായാലും ഒരു കാര്യം ഞങ്ങൾ ഉറപ്പിക്കുന്ന ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മാണിസാർ ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റിന്റെ പ്രതിനിധിയാണ്. അദ്ദേഹത്തിന് ഇവിടെ വരാനും ബഡ്ജറ്റ് അവതരിപ്പിക്കാനുമുള്ള അവകാശമുണ്ട്. ജനാധിപത്യ അവകാശത്തിൽ വിശ്വാസമുണ്ട്. ആ ജനാധിപത്യ അവകാശത്തെ ചോദ്യം ചെയ്യാൻ നിങ്ങളാരും മെനക്കെട്ടിട്ട് ഒരു കാര്യവുമില്ല എന്നു മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ നയപ്രഖ്യാപന പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ നന്ദി പ്രമേയത്തോട് വിയോജിക്കുകയാണ്. വിയോജിക്കാനുള്ള കാരണം ഇവിടെ നേരത്തെ പ്രസംഗിച്ച പല ആളുകളും പറഞ്ഞെങ്കിലും അതിലേയ്ക്ക് വരുന്നതിന് മുമ്പ് ശ്രീ. ജോസഫ് വാഴക്കനോട് ചില കാര്യങ്ങൾ പറയണമെന്ന് തോന്നി. ബഹുമാന്യനായ അന്തരിച്ച സ്പീക്കർ ജി. കാർത്തികേയന് ആദരാഞ്ജലികൾ നമ്മൾ എല്ലാവരുംകൂടിയാണ് സമർപ്പിച്ചത്. പക്ഷെ ശ്രീ. ജോസഫ് വാഴക്കൻ പ്രസംഗം ആരംഭിച്ചപ്പോൾ അദ്ദേഹത്തിന് പ്രത്യേകമായ ഒരു ആദരാഞ്ജലി കൊടുക്കുകയും ചെയ്തു. കാരണം ആ ആദരാഞ്ജലി ഒരു കുറ്റസമ്മതമാണ്. ഞാൻ അങ്ങയോട് ഒരു കുറ്റം ചെയ്യുന്നുണ്ട് എന്ന് പറയാനുള്ള ശ്രമമായിരുന്നു. ജി. കാർത്തികേയൻ അദ്ദേഹത്തിന്റെ ആരോപണത്തോട് എങ്ങനെയാണ് പ്രതികരിച്ചത്. ലാവ്ലിൻ കേസിൽ

എന്തെങ്കിലും കുഴപ്പങ്ങൾ നടന്നതായി എനിക്ക് അറിവില്ലായെന്നും ഈ വിവാദങ്ങളെല്ലാം യു.ഡി.എഫ്. കുത്തിപ്പൊക്കുമ്പോഴും മുൻവൈദ്യുതി വകുപ്പുമന്ത്രിയെന്ന നിലയിൽ എന്നെങ്കിലുമൊരിക്കൽ ലാവ്‌ലിൻ കേസിൽ അഴിമതി നടന്നിട്ടുണ്ടെന്ന് പറയാനും ജി. കാർത്തികേയൻ തയ്യാറായിരുന്നില്ല. കാർത്തികേയൻ സാറിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഇല്ലാത്തൊരു നുണ വീണ്ടും പറയാനുള്ള ശ്രമമാണ് ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ നടത്തിയത്. കാര്യങ്ങൾ പറയുമ്പോൾ കുറച്ചൊക്കെ സാമാന്യ മര്യാദയും നീതിയും വേണം. കേരളത്തിലെ പോലീസ് സംവിധാനം അഴിമതി മറയ്ക്കുന്നതിന് വേണ്ടിയുള്ള സംവിധാനമാക്കി മാറ്റിയത് ഈ ഗവൺമെന്റല്ലേ? പോലീസിന്റെയും വിജിലൻസിന്റെയും മുഖ്യജോലി ഇപ്പോൾ എന്താണ്? ഉയർന്നുവരുന്ന എല്ലാ അഴിമതിക്കേസുകളെയും ഒതുക്കാൻ വേണ്ടിയുള്ള സംവിധാനമായി കേരളത്തിലെ പോലീസ് സംവിധാനത്തെ മാറ്റിയിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 48 കോടതികളിൽ കേസുണ്ടായിരുന്ന സരിത. എസ്. നായർ പണം കെട്ടിവച്ച് എല്ലാ കേസിൽ നിന്നും രക്ഷപ്പെട്ടു. ഈ പണത്തിന്റെ ഉറവിടത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് കേരളത്തിലെ ഹൈക്കോടതി ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഗവൺമെന്റ് അതിന് തയ്യാറായില്ല. എം.ഇ.എസ്.-

ന്റെ പ്രസിഡന്റ് ഡോ.ഫസൽ ഗഫൂർ പ്ലസ് ടു-വുമായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉന്നയിച്ചു. അത് നിങ്ങൾ ഒതുക്കി തീർത്തു. ബാർകോഴയുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നും നടന്നിട്ടില്ലെന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. ഞങ്ങൾക്ക് എതിരെ അഴിമതി ആരോപണം ഉന്നയിച്ച ആൾ മാപ്പു പറഞ്ഞില്ലെങ്കിൽ പത്ത് കോടി രൂപയുടെ മാനനഷ്ടം വേണമെന്ന് പറഞ്ഞുകൊണ്ട് കേസുകൊടുക്കുന്നതായി പറയുകയുണ്ടായി. പത്ത് കോടി രൂപ പോയിട്ട് പത്ത് പൈസയുടെ മാനം നിങ്ങൾക്കില്ലാത്തതുകൊണ്ട്, ഞാൻ ഒന്നും ചെയ്യുന്നില്ല ഞാൻ ഈ ആരോപണത്തിൽ ഉറച്ചുനിൽക്കുന്നതായി ഡോ. ബിജു രമേശ് പറഞ്ഞിട്ട് ഇപ്പോൾ രണ്ടര മാസം കഴിഞ്ഞിട്ടും നിങ്ങൾക്ക് കേസെടുക്കാൻ കഴിയുന്നില്ല. വിജിലൻസ് കോടതിയിൽ കേസ് നടക്കുമ്പോൾ അദ്ദേഹത്തിന്റെ കൈയിലുള്ള തെളിവുകൾ ഹാജരാക്കാനും കോടതിയുടെ നിരീക്ഷണത്തിൽ ഈ കേസുകൾ നടക്കുമെന്ന് ഉറപ്പുവരുത്താനും വേണ്ടി ഡോ. ബിജു രമേശ് ഒരു ഹർജി കൊടുത്തു. എന്തായിരുന്നു കേരളത്തിലെ ഗവൺമെന്റ് അഭിഭാഷകർ എടുത്ത സമീപനം. അവർ എതിർക്കുകയാണ് ചെയ്തത്. തെളിവ് തരൂ അന്വേഷണം വേണമെന്ന് പറയുന്ന ആളുകളല്ലേ. തെളിവ് കൊടുക്കാൻ സജ്ജനായി വന്ന ആളുകളെ ശക്തമായി എതിർത്തു. അങ്ങനെ കോടതിയുടെ നിരീക്ഷണത്തിൽ അന്വേഷണം പാടില്ല എന്ന്

നിങ്ങളുടെ അഭിഭാഷകരാണ് വിജിലൻസ് കോടതിയിൽ പറഞ്ഞത്. ഏറ്റവുമൊടുവിൽ, കേരളത്തിലെ സാമാന്യം മനുഷ്യത്വമുള്ള ആളുകൾക്കെല്ലാം ഞെട്ടൽ ഉണ്ടായ വാർത്തയായിരുന്നു തൃശ്ശൂരിലെ ശോഭാ സിറ്റിയിൽ നടന്ന കൊലപാതകം. പാവപ്പെട്ട സെക്യൂരിറ്റി ജീവനക്കാരനെ വിലയേറിയ ഹമ്മർ കാർ ഉപയോഗിച്ച് ഇടിച്ച് കൊലപ്പെടുത്തുകയാണ് ചെയ്തത്. ആ കേസിന്റെ അന്വേഷണം എന്തായി. ശ്രീമതി പത്മജാ വേണുഗോപാലിന്റെ വീട്ടിൽ വിവാഹത്തിന് പങ്കെടുക്കാൻ പോയ സമയത്താണെങ്കിൽപ്പോലും കേരളത്തിന്റെ മുഖ്യമന്ത്രി ഉൾപ്പെടുന്ന പല യു.ഡി.എഫ് നേതാക്കൻമാരും പാവപ്പെട്ട ചന്ദ്രബോസിന്റെ വീട്ടിൽ പോയി. ഞങ്ങൾക്കെല്ലാം അഭിമാനം തോന്നി, അതിൽ ഒരു സന്ദേശമുണ്ടായിരുന്നു. കൊലചെയ്യപ്പെട്ട ചന്ദ്രബോസിന്റെ കൂടെയാണ് ഈ ഗവൺമെന്റ് എന്ന തോന്നലുണ്ടാക്കാൻ അത് സഹായിച്ചു. ഞങ്ങൾക്ക് അഭിമാനം തോന്നി. പക്ഷെ എന്തിനായിരുന്നു പോയതെന്ന് ഇപ്പോൾ പുറത്തുവരികയാണ്. ഒരു ഭാഗത്ത് ചന്ദ്രബോസിന്റെ കുടുംബത്തെ സഹായിക്കുന്നവരാണ് ഞങ്ങൾ എന്ന് വരുത്തി തീർക്കുകയും മറുഭാഗത്ത് നീചമായ ചതി നടത്തി കൊലപാതകക്കേസ് തേച്ചുമാച്ചുകളയാനും ശ്രമിക്കുന്ന ഒരു ഗവൺമെന്റാണ് എന്നത് ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. പാവപ്പെട്ട മനുഷ്യനെ ഇടിച്ച് കൊലപ്പെടുത്തിയതിന്റെ

ഏറ്റവും വലിയ തെളിവായിരുന്ന ചോരപുരണ്ട വസ്ത്രങ്ങൾ. എവിടെ പോയി ആ ചോര പുരണ്ട വസ്ത്രങ്ങൾ; ആരാണ് അത് നശിപ്പിച്ചത്? മരണമൊഴി, മുഖ്യമന്ത്രിയോടുൾപ്പെടെ അദ്ദേഹം സംസാരിച്ചുവെന്ന് ചന്ദ്രബോസിന്റെ പത്നി പറയുകയുണ്ടായി. അവിടെ ചെന്ന ആളുകളോടെല്ലാം അദ്ദേഹത്തിന് സംസാരിക്കാൻ സാധിച്ചു. എന്നാൽ പേരാമംഗലത്തെ പോലീസ് സി.ഐ. യ്ക്ക് മരണമൊഴി എടുക്കാൻ കഴിഞ്ഞില്ല. മരണമൊഴി ഇല്ല. ഒരു സർക്കിൾ ഇൻസ്പെക്ടറിന് ഇതിന് ധൈര്യം വരുമോ? ഒരു സർക്കിൾ ഇൻസ്പെക്ടറിന് എങ്ങനെയാണ് ധൈര്യം വരുന്നത്. ഞാൻ പറഞ്ഞിട്ടും നിങ്ങൾ വേണ്ടത്ര ഉദ്ദേശിച്ചപോലെ ചെയ്തുതന്നില്ലല്ലോയെന്ന് ജേക്കബ് ജോബിനോട് കേരളത്തിലെ മുൻ ഡി.ജി.പി. ചോദിക്കുന്നത് നമ്മൾ കേൾക്കുകയുണ്ടായി. ഉയർന്നുവരുന്ന എല്ലാ കേസുകളോടും ഈ സമീപനം സ്വീകരിക്കുന്ന ഈ ഗവൺമെന്റ് ഏതെങ്കിലും കേസിൽ മാന്യമായി നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെയെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ? 533 ക്രിമിനലുകൾ പോലീസിലുണ്ടെന്ന് എഴുതിതന്ന രേഖയിലുണ്ട്. മാണിസാറിന്റെ മാനനഷ്ടകേസിനെക്കുറിച്ച് കേട്ടു. അത് എന്താണെന്ന് വ്യക്തമാകുന്ന സ്ഥിതിയുണ്ടായി. തെളിവുകൾ ആവശ്യമില്ല. 450 കോടി രൂപയുടെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന കേസാണ് സലീംരാജിന്റേത്. സലീംരാജ് നണ

പരിശോധനയ്ക്ക് വിധേയനാകണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം അതിന് തയ്യാറല്ല. എക്സൈസ് വകുപ്പ് ആഭ്യന്തര വകുപ്പിനോട് സലീംരാജിന്റെ ഫോൺ ഡീറ്റയിൽസ് ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കാൻ പറ്റില്ലെന്ന് ആഭ്യന്തര വകുപ്പ് പറഞ്ഞു. വ്യാജമദ്യ ലോബിയെ പിടിക്കാനും ഈ മേഖലയിൽ ശക്തമായി പ്രവർത്തിക്കാനും എക്സൈസ് വകുപ്പിന് കഴിയണമെങ്കിൽ ഫോൺ ഡീറ്റയിൽസ് വേണം. എന്നാൽ അത് കൊടുക്കാൻ പാടില്ലെന്ന് ഈ ഗവൺമെന്റ് ഉത്തരവ് ഇറക്കി. കേരളത്തിൽ ഉയർന്നുവന്ന എല്ലാ പ്രശ്നങ്ങളിലും നീതിയുടെ കൂടെ നിൽക്കാതെ നീചൻമാരെയും കള്ളൻമാരെയും കൊലപാതകികളെയും സഹായിക്കാനും സംരക്ഷിക്കാനും പോലീസ് സംവിധാനത്തെ ദുരുപയോഗിച്ച ആളുകളാണ് നിങ്ങൾ. നിസാമിന്റെ പതി അമലിന്റെ കൈയിൽ ഒരു തോക്കുണ്ടായിരുന്നു. അത് സംബന്ധിച്ച് അന്വേഷണമില്ല, ഇന്നും കേസെടുത്തിട്ടില്ല. ഇതൊക്കെ സാമാന്യ നീതി പ്രതീക്ഷിക്കുന്ന മനുഷ്യർക്ക് അംഗീകരിക്കാൻ കഴിയാത്ത വിധത്തിൽ പാവപ്പെട്ട മനുഷ്യനെ ഇഞ്ചോടിഞ്ച് കൊന്നിട്ട് ആ കൊലപാതകം തേച്ചുമാച്ചുകളയാൻ പരിശ്രമിക്കുന്ന ഒരു സംവിധാനമായി മാറുന്നതിന്റെ ദുർഗന്ധത്തിൽ നിന്ന് രക്ഷപ്പെടാൻ അനാവശ്യമായ ചില നുണകൾ വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ട് എങ്ങനെയാണ് ശ്രീ. ജോസഫ് വാഴയ്ക്കന് കഴിയുന്നതെന്ന് അറിയില്ല.

നമ്മുടെ രാഷ്ട്രം ഇന്ന് ദ്വിമുഖമായ ഭീഷണിയാണ് നേരിടുന്നത്. ഇവിടെ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിൽ എന്തെങ്കിലും ഒരു നയം, ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഒരു ദിശാബോധം ഈ നയപ്രഖ്യാപനത്തിലുണ്ടായിട്ടുണ്ടോ? ഈ നയപ്രഖ്യാപന പ്രസംഗം കൊണ്ടുവന്ന ഗവൺമെന്റിനെ നയിക്കുന്ന രാഷ്ട്രീയപാർട്ടിയ്ക്ക് ഒരു ദിശയുണ്ടോ; ഞങ്ങളിൽ പലരും സി.സി.ക്ക് പോകുകയാണെന്ന് ശ്രീ. ജോസഫ് വാഴയ്ക്കൻ പറഞ്ഞു. എ.ഐ.സി.സി. ഇല്ലാതായല്ലോ, അതിപ്പോഴുണ്ടോ? എന്തെല്ലാം നാടകങ്ങളായിരുന്നു - ഹൈക്കമാന്റ്, ഗ്രൂപ്പ്, വെട്ടുതിരുത്തൽ, വെട്ടിമാറ്റൽ, യാത്രകൾ, ചർച്ചകൾ, രഹസ്യയോഗങ്ങൾ, സോണിയാ ഗാന്ധിയെ നേരിട്ട് കാണൽ, എന്തെല്ലാം ആഘോഷങ്ങളായിരുന്നു. എവിടെപ്പോയി ഈ ആഘോഷങ്ങളെല്ലാം?

ഇന്ത്യയിൽ പ്രധാനപ്പെട്ട രണ്ട് ആപത്ത് ഒരുപോലെ നമ്മളെ കാത്തിരിക്കുകയാണ്. ഒന്ന് തീവ്ര വർഗ്ഗീയത, ആർ.എസ്.എസ്. എന്ന സംഘടന രാജ്യത്തിന്റെ രാഷ്ട്രീയ അധികാരത്തിലും മുഴുവൻ ഭരണ സംവിധാനങ്ങളിലും പിടിമുറുക്കുന്നു. അതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ ഉയർന്നു വരികയാണ്. ഘർ വാപസി, ബീഫ് നിരോധനം, കലാപങ്ങൾ, ഗാന്ധിജിക്ക് പകരം ഗോഡ്സെയുടെ പ്രതിമ, ഗാന്ധി മാത്രമല്ല ഗോഡ്സെയും

രാജ്യസ്നേഹിയാണെന്ന് പറയുന്ന തരത്തിലുള്ള സാഹചര്യം, പള്ളികൾ ആക്രമിക്കുന്നു, വിദ്യാഭ്യാസം, ചരിത്രം ഇതെല്ലാം കാവിവത്ക്കരിക്കുന്നു, നബിദിനം ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങളുടെ ആഘോഷവേളകളിലൊന്നും അവധിദിനം വേണ്ടെന്ന നിലപാട് സ്വീകരിക്കുന്നു, വർഗ്ഗീയത പരസ്പരം തീറ്റുന്നവരാണെന്ന് വ്യക്തമാക്കുന്ന തരത്തിൽ കാശ്മീരിൽ ഒരു കൂട്ടുകെട്ടുണ്ടാക്കിയതും നമ്മൾ കാണുകയുണ്ടായി. ഈ തീവ്രവർഗ്ഗീയതക്കെതിരെ എന്തെങ്കിലും ഒരു നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ. സബർമതി ആശ്രമം ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിന്റെ ശക്തമായ ഒരു പ്രതീകമാണ്. ആ സബർമതി ആശ്രമത്തെയും ദണ്ഡി യാത്രയെപ്പോലും തള്ളിപ്പറഞ്ഞുകൊണ്ട് സ്വച്ഛഭാരതം...... ഗാന്ധിജിയുടെ സ്വച്ഛഭാരതമെന്തായിരുന്നു; ഗാന്ധിജി ഉദ്ദേശിച്ച സ്വച്ഛഭാരതം തെരുവിലെ ചെളി നീക്കം ചെയ്യൽ മാത്രമായിരു ന്നില്ല. വർണ്ണവിവേചനത്തിന്റെയും അവർണ്ണരോടുള്ള തെറ്റായ സമീപന ത്തിന്റെയുമെല്ലാം അവസാനം കുറിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ് ഗാന്ധിജി അത് മുന്നോട്ടുവച്ചത്. അതെല്ലാം ബി.ജെ.പി. കൈകാര്യം ചെയ്യുമ്പോൾ; സംഘ്പരിവാർ ഏറ്റെടുത്തു കൊണ്ടുപോകുമ്പോൾ ശക്തമായ ഒരു നിലപാട് എടുക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? രണ്ടാമത്തേത്, കോർപ്പറേറ്റ് ലോകത്തിന് മുമ്പിൽ മുട്ടുകുത്തലാണ്. ഇനി നിങ്ങൾക്ക് ചുവപ്പ്

നാടകളില്ല, ചുവന്ന പരവതാനികൾ മാത്രമെന്നാണ് ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള മൾട്ടിനാഷണൽ കോർപ്പറേറ്റുകളോട് പോയി ഇന്ത്യൻ പ്രധാനമന്ത്രി പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. എവിടെയാണ് കോൺഗ്രസ്; കോൺഗ്രസ് ഇതിൽ ഇടപെടുന്നുണ്ടോ? ഭക്ഷ്യസുരക്ഷ വേണ്ട, ശ്രീ. മൻമോഹൻ സിംഗിനെക്കുറിച്ച് ഇപ്പോൾ നമ്മൾ കേൾക്കുന്നില്ല. ഭൂമി ഏറ്റെടുത്ത് കോർപ്പറേറ്റുകൾക്ക് കൈമാറുന്ന നിയമം വരാൻ പോകുന്നു, റെയിൽവേയുടെ സ്വകാര്യവത്ക്കരണം വരുന്നു, പൊതുമേഖല പൂർണ്ണമായും വിറ്റഴിക്കുന്നു. പരിമിതമായ സംരക്ഷണമാണ് തൊഴിൽ മേഖയിലുള്ളത്. ആ തൊഴിൽ നിയമങ്ങളാകെ ഭേദഗതി ചെയ്തുകൊണ്ടുള്ള ഗവൺമെന്റിന്റെ നീക്കത്തിൽ രാജ്യസഭയിൽ വോട്ട് ചെയ്ത് അവരെ സഹായിച്ച് വിജയിപ്പിക്കുകയാണ് നിങ്ങൾ ചെയ്തത്. നിങ്ങൾക്ക് എവിടെയാണ് ഇതിൽ നിലപാടുള്ളത്, ഒരു കാര്യത്തിലും നിലപാടില്ല. പെട്രോളിയം കൊള്ള നടക്കുന്നു, കോർപ്പറേറ്റ് നികുതി വെട്ടിക്കുറയ്ക്കുന്നു ഇതിലൊന്നിലും ഒരു നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. നയമില്ലാത്തവരുടെ, ലക്ഷ്യബോധമില്ലാത്തവരുടെ നേതൃത്വമായി കോൺഗ്രസ് മാറിയിരിക്കുക യാണ്. ഇത് ഒരു ചെറിയ പ്രശ്നമല്ല. ഇപ്പോൾ ഇതിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങളുടെ നേതാവ് എവിടെയോ ഒളിവിൽപ്പോയിരിക്കുകയാണ്. ഈ

രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സമ്മേളനമാണ് നടക്കുന്നത്, നരേന്ദ്ര മോഡിയുടെ ബഡ്ജറ്റ് സമ്മേളനം. ആ ബഡ്ജറ്റ് സമ്മേളനത്തിന് അനുബന്ധമായി വർഗ്ഗീയത നിറഞ്ഞ തെറ്റായ കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന സമയത്ത് അദ്ദേഹം ഒളിവിൽ പോയിരിക്കുകയാണ്. ധാരാളം ചർച്ചകൾ, വീണ്ടും ചർച്ച, മുഖം കാണിക്കൽ, പേരുവെട്ടൽ, തിരുത്തൽ, ഇന്റർവ്യൂ, പരീക്ഷ തുടങ്ങിയവയെല്ലാം ഈ രാജകുമാരന്റെ നേതൃത്വത്തിൽ നടന്നിരുന്നു. ആ രാജകുമാരൻ എവിടെയാണെന്ന് ഇപ്പോൾ ആർക്കുമറിയില്ല. ജനങ്ങളുടെ മുന്നിൽ എന്തെങ്കിലും ഒരു ആശയമാണ് നിങ്ങൾ മുന്നോട്ടുവയ്ക്കേണ്ടത്. പക്ഷേ, ഒരു വ്യക്തിയെ കാണിച്ചുകൊണ്ട് രക്ഷപ്പെടാനാണ് ശ്രമിക്കുന്നത്. ഇപ്പോഴും ശ്രീ. രാഹുൽ ഗാന്ധിയുടെ പിറകിലാണ്, അദ്ദേഹം എവിടെയോ പോയി ഒളിച്ചിരിക്കുകയാണ്. മഹാഭാരതത്തിൽ ഒരു സന്ദർഭമുണ്ട്. വിരാട രാജവംശത്തിൽ ഒളിവിൽ താമസിക്കാൻ പഞ്ചപാണ്ഡവന്മാർ പോയ സമയത്താണ് അവരുടെ പശുക്കളും ധനവുമെല്ലാം ദുര്യോധനൻ മോഷ്ടിച്ചുകൊണ്ടുപോയത്. അതിനെതിരെ പ്രതികരിക്കാൻ ആരുണ്ട് എന്നുള്ള ചോദ്യത്തിന് ശൃംഗാരലീലകളിൽ ഏർപ്പെട്ടിരുന്ന അന്നത്തെ ഉത്തര രാജകുമാരൻ തയ്യാറായി. അദ്ദേഹം പറഞ്ഞു, എനിക്ക് ഒരു സാരഥിയില്ല, സാരഥി യുണ്ടെങ്കിൽ ഞാൻ യുദ്ധഭൂമിയിൽപ്പോയി എല്ലാം തിരിച്ചുപിടിക്കുമായിരുന്നു. അർജ്ജുനൻ അവിടെ

സ്ത്രീയുടെ വേഷത്തിൽ കഴിയുകയായിരുന്നു. അർജ്ജുനൻ പറഞ്ഞു, ഞാൻ സാരഥിയാകാമെന്ന്. അങ്ങനെ സ്ത്രീയായി വേഷം മാറിയ അർജ്ജുനൻ ഒളിവ് ജീവിതകാലഘട്ടത്തിൽ വിരാട രാജവംശത്തെ രാജകുമാരനുമായി യുദ്ധഭൂമിയിലേയ്ക്ക് പോകുകയാണ്. ആ യുദ്ധഭൂമിയിൽ ചെന്നപ്പോൾ കൗരവപ്പടയുടെ ക്രൗര്യം കണ്ടപ്പോൾ എനിക്ക് ഇപ്പോൾ എന്റെ അമ്മയെ കാണണം എന്ന് പറഞ്ഞ് തിരിഞ്ഞോടിയ രാജകുമാരന്റെ കഥയാണ് ഉത്തര രാജകുമാരന്റെ കഥ. അതുപോലെ ഈ രാജ്യത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ രാഷ്ട്രീയം ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ അമ്മയെ കാണണം എന്ന് പറഞ്ഞ് തിരിഞ്ഞോടിയ ഉത്തര രാജകുമാരനെപ്പോലെ എവിടെയോപോയി ഒളിച്ചിരിക്കുന്ന ഒരു നേതാവിൽ അഭയം പ്രാപിച്ച് വീണ്ടും രക്ഷപ്പെടാമെന്നു കരുതുന്ന കൂട്ടായ്മയുടെ പേരാണ് കോൺഗ്രസ് എന്നു പറയുന്നത്. നിങ്ങൾ ആ പാവത്തിനെ വിട്ടേയ്ക്കൂ. ആ പാവത്തിന് കഴിയില്ല. നിങ്ങളെ വിശ്വസിച്ചുകൊണ്ട് എങ്ങനെയാണ് കൂടെ നിൽക്കുന്നത്. ജനങ്ങൾ തിരസ്കരിക്കുമ്പോൾ ഒരു പാഠം പഠിക്കണം. നെഹ്റു അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നുണ്ട്. 1938-ൽ പുറത്തിറങ്ങിയ ദി മോഡേൺ റിവ്യൂ, നാലാമത്തെ പ്രാവശ്യവും എ.ഐ.സി.സി. പ്രസിഡന്റാക്കാൻ വേണ്ടി അദ്ദേഹത്തെ ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ അദ്ദേഹം അപരനാമത്തിൽ ഒരു ലേഖനമെഴുതുക

യാണ്. ആ ലേഖനത്തിന്റെ പേര് രാഷ്ട്രപതി എന്നാണ്. അദ്ദേഹത്തെ ക്കുറിച്ചുള്ള നന്മകൾ ആദ്യഭാഗത്ത് പറഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ കുറേ കുറ്റങ്ങൾ, സീസറിനെപ്പോലെ ഏകാധിപതിയാകാൻ സാധ്യതയുള്ള നേതാവാണിയാൾ, ഇയാളെ രണ്ടാമതും എ.ഐ.സി.സി. പ്രസിഡന്റാക്കാൻ പാടില്ല തുടങ്ങിയ വിശദാംശങ്ങളടങ്ങിയ ഒരു ലേഖനം എഴുതുകയാണ്. അദ്ദേഹം തന്നെ അദ്ദേഹത്തിനെക്കുറിച്ച് അപരനാമത്തിൽ എഴുതുകയാണ്. എന്നിട്ട് എന്താണ് എന്നെക്കുറിച്ചുള്ള അഭിപ്രായം എന്നറിയാൻ വേണ്ടി കാത്തിരുന്ന നേതാവിന്റെ അനുയായികളാണ് നിങ്ങൾ. അതായത് ആത്മവിമർശനത്തിന്റെയും ജനങ്ങളിൽ നിന്ന് പാഠം പഠിക്കുന്നതിന്റെയും ഏറ്റവും ഉദാത്തമായ മാതൃകയായിരുന്നു നെഹ്റു. ഡൽഹിയിൽ ഒരു ഓട്ടോറിക്ഷയിൽ കയറി പോകാനുള്ള രണ്ടോ മൂന്നോ പേരെ പോലും നിയമസഭയിലേയ്ക്ക് വിജയിപ്പിക്കാൻ കഴിയാത്ത ഒരു പാർട്ടി, നിങ്ങൾ എന്തുകൊണ്ട് ഒറ്റപ്പെട്ടു എന്ന് മനസ്സിലാക്കാതെ വീണ്ടും വീണ്ടും ജനങ്ങളെ വഞ്ചിക്കാനും ക്രൗര്യത കാണിക്കുവാനും ക്രൂരമായ നിലപാടുകൾ സ്വീകരിക്കുവാനും ജനങ്ങളെ തള്ളിപ്പറയുവാനും അധികാരത്തെ ദുർവിനിയോഗം ചെയ്യുവാനുമുള്ള ഒരു ഏർപ്പാടായി മാറുകയാണ്. എൽ.ഡി.എഫ്.-ന് ബദലാകാൻ ഈ രാജ്യത്ത് ഇപ്പോൾ ശ്രമിക്കേണ്ടത് നിങ്ങളാണ്. നിങ്ങൾക്ക് ഏതെങ്കിലും കാര്യത്തിൽ ഒരു

ബദൽ നിലപാടുണ്ടോ; കേരളത്തിലെ ബദലിന്റെ സവിശേഷതയെന്തായിരുന്നു? രാജ്യം മുഴുവൻ നടപ്പിലാക്കിയ പല ജനവിരുദ്ധ നയങ്ങളും പ്രതിരോധിക്കുന്നതിൽ കേരളം ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അത് തുടരാനുള്ള സമീപനം സ്വീകരിക്കുന്നതിനുപകരം കേരളത്തിലെ ഗവൺമെന്റിനെയും ജനങ്ങളെയും കൂടി മോഡിക്ക് വച്ചുകൊടുക്കാനുള്ള പണിയാണ്. ഈ ഗവൺമെന്റ് മോഡിക്ക് പഠിക്കുകയാണ്. മോഡി ശ്രീ. ഉമ്മൻ ചാണ്ടിക്ക് പഠിക്കുന്നു. അഴിമതിയുടെ കാര്യത്തിൽ മോഡി ഉമ്മൻ ചാണ്ടിക്കാണ് പഠിക്കുന്നത്. എന്നാൽ മോഡിക്ക് പഠിച്ച് അദ്ദേഹത്തിന്റെ നിയമങ്ങൾ കൂടുതൽ ശക്തിയോടുകൂടി നടപ്പിലാക്കാമെന്ന് വാശി പിടിക്കുന്ന ഈ ഗവൺമെന്റിന്റെ നയം നയമില്ലാത്തതും ദിശാബോധമില്ലാത്തതും ലക്ഷ്യമില്ലാത്തതുമായ ഒന്നാണ്. അതുകൊണ്ട് അതിനെ ശക്തമായി ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ശ്രീ. അബ്ദു സമദ് സമദാനി ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കൃത്യമായ ദിശാബോധത്തോടുകൂടി സംസ്ഥാനത്തിന്റെ വികസന മുന്നേറ്റം ലക്ഷ്യംവച്ചുകൊണ്ട് കരുതലായ ചുവടുവയ്പ്പുകളോടെ മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നടന്നത്. കേന്ദ്രം ഭരിച്ച മുൻകാല സർക്കാരുകളുടെ

ദീർഘവീക്ഷണത്തിന്റെ പരിണിതഫലം തന്റെ അക്കൗണ്ടിൽ എഴുതുന്ന ഒരു പ്രധാനമന്ത്രിയാണ് ഇപ്പോൾ നമ്മുടെ രാജ്യത്തുള്ളത്. സമ്പദ്ഘടനയുടെ വളർച്ച മുതൽ മംഗൾയാൻ വിജയം വരെ ആപ്കോ എന്ന് പറയുന്ന പരസ്യ കമ്പനിയിലൂടെ തന്റേതാക്കി മാറ്റാൻ ഒരു വലിയ പരിശ്രമം കേന്ദ്രത്തിൽ നടക്കുകയാണ്. ഒരു ഇന്ത്യക്കാരന് തന്റെ മതം ഏതാണെന്ന് വ്യക്തമാക്കി നിർഭയമായി രാജ്യത്ത് സഞ്ചരിക്കാൻ കഴിയാനാവാത്തവിധം നമ്മുടെ രാജ്യം ഭീതിയിലേക്ക് നീങ്ങുകയാണെന്ന സത്യം എന്തുകൊണ്ടോ പലരും വിസ്മരിക്കുകയാണ്. സത്യത്തിൽ ഇന്ത്യാ രാജ്യത്ത് സൃഷ്ടിയും സംഹാരവും ഇപ്പോഴത്തെ കേന്ദ്ര ഭരണകൂടം തന്നെ ഏറ്റെടുക്കുകയാണ്. ആർ.എസ്.എസ്. തീവ്ര വർഗ്ഗീയത പ്രചരിപ്പിക്കുകയും പറയുകയും ചെയ്യുമ്പോൾ മോദി അതിനെ മയപ്പെടുത്തുന്ന തന്ത്രം ആവിഷ്രിക്കുകയാണ്. ഇതിന് പകരം കോൺഗ്രസ്സിനെ വിമർശിക്കുകയല്ല, വളരെ കൃത്യമായ ബദൽ ഇന്ത്യാ രാജ്യത്തുണ്ടാകണം. കോൺഗ്രസ്സിനെ മാറ്റിയിട്ട് ബി.ജെ.പി.യെ തടുക്കാൻ ഞങ്ങൾക്ക് കഴിയുമെന്ന് ഇടതുപക്ഷം പ്രതീക്ഷിക്കുന്നത്, സാധാരണ ഞങ്ങളുടെ നാട്ടിലൊക്കെ പറമ്പിൽതൈ എന്നൊരു പക്ഷിയുണ്ട്. ആ പക്ഷി രാത്രി കാല്  മേലോട്ട് ഉയർത്തിയാണ് കിടക്കുന്നത്. കാരണം, വല്ലപ്പോഴും ആകാശം ഇടിഞ്ഞുവീണാൽ തന്റെ കാലുകൊണ്ട് താങ്ങാൻ കഴിയുമെന്നാണ് അത്

പ്രതീക്ഷിക്കുന്നത്. അത്തരമൊരു പ്രതീക്ഷ ഇടതുപക്ഷങ്ങൾക്ക് ഉണ്ടാകരുതെന്നേ എനിക്ക് പറയാനുള്ളൂ. ഇവർക്കെതിരെ പ്രതികരിക്കേണ്ട ശക്തി നിങ്ങൾക്കുണ്ടാകണം. കേരളത്തിലെ യു.ഡി.എഫ്.ന്റെ ഭരണം വളരെ വ്യത്യസ്തമായ ചിത്രം ഇന്ത്യാ രാജ്യത്തുണ്ടാക്കി. കാരണം രാജ്യത്തിലെ മതേതര ശക്തികൾ നാടിന്റെ വികസനം മുന്നിൽക്കണ്ടുകൊണ്ട് എങ്ങനെയാണ് മുന്നോട്ട് പോകേണ്ടതെന്ന കൃത്യമായ കാഴ്ചപ്പാട്. ഡൽഹിയിൽ ഒരു ഘർവാപസി നടക്കുമ്പോൾ കേരളത്തിലും ഒരു ഘർവാപസി നടക്കുകയാണ്. ആ ഘർവാപസി പലരും അറിയാതെ പോവുകയാണ്. ഭൂരഹിതരായ ഒരു ലക്ഷത്തിലേറെ പേർക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുകയും രണ്ട് ലക്ഷം രൂപ ഭവനമുണ്ടാക്കാനായി കൊടുത്തുകൊണ്ട് തെരുവോരങ്ങളിൽ കിടക്കുന്നവരോട് സ്വന്തം വീട്ടിലേയ്ക്ക് മടങ്ങാൻ പറയുന്ന ഘർവാപസിയാണ് ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ നടപ്പാക്കുന്നതെന്നാണ് ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം. കാരണം പാവപ്പെട്ടവർക്ക് വീടുണ്ടാക്കുന്ന ഘർവാപസിയാണ് ഇവിടെ നടക്കുന്നത്. അവിടെ മറ്റൊരു രീതിയിലാണ്. ജനങ്ങളെ അധികാരത്തോടടുപ്പിക്കാൻ വിവരസാങ്കേതിക വിദ്യ ഞാൻ ഉപയോഗപ്പെടുത്തുമെന്നാണ് റിപ്പബ്ലിക്ക് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത്. അദ്ദേഹം വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ജനങ്ങളെ

സർക്കാരിലേയ്ക്ക് അടുപ്പിക്കാൻ ശ്രമിക്കുന്നതേയുള്ളൂ. കേരളത്തിൽ ഐ.ടി. സാക്ഷരത കഴിഞ്ഞു, രാജ്യത്തിലെ ആദ്യത്തെ സമ്പൂർണ്ണ ഇ-ഗവേണൻസ് സ്റ്റേറ്റായി നമ്മുടെ സംസ്ഥാനം മാറിക്കഴിഞ്ഞു. എന്നുമാത്രമല്ല, രാജ്യത്ത് ആദ്യമായി നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് നടപ്പാക്കുന്ന പഞ്ചായത്ത് ഗോത്രവർഗ്ഗക്കാരുള്ള ഇടമലക്കുടിയാണെന്നും അതോടൊപ്പം ആദ്യത്തെ ബ്രോഡ്ബാൻഡ് ജില്ല കേരളത്തിലാണെന്ന് അറിയുമ്പോഴമാണ് നമ്മുടെ ഗവൺമെന്റ് ഇന്ന് ഇന്ത്യ ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിനേക്കാളും എത്ര മുന്നിലാണ് ഓടുന്നതെന്ന് കൃത്യമായി വ്യക്തമാക്കുകയാണ്. ഇ-ഗവേണൻസിലുള്ള അവാർഡ് നമുക്കാണ് കിട്ടിയത്. കേരളത്തെക്കുറിച്ച് പറയുമ്പോഴുള്ള ഒരു ആരോപണമുണ്ട്, നമ്മുടെ സംസ്ഥാനം വലിയ കടബാധ്യതയിലാണെന്ന്. എന്തുകൊണ്ടാണ് ഗവൺമെന്റിന് കടം എടുക്കേണ്ടി വന്നത്? കടം എടുത്തതിന്റെ ഇരട്ടി വികസനത്തിനുവേണ്ടി വിനിയോഗിക്കുന്ന സ്റ്റേറ്റാണിത്. ഇവിടെ പ്രസംഗങ്ങളൊക്കെ നടത്തുമ്പോഴും ആ യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കരുത്. കടം എടുത്തതിന്റെ ഇരട്ടി സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടിയാണ് നാം വിനിയോഗിച്ചതെന്ന യാഥാർത്ഥ്യം മറക്കരുത്. മികച്ച പ്രവർത്തനങ്ങൾ നടത്തി എട്ട് സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെട്ടുനിൽക്കുന്നു. മെക്കിൻസി റിപ്പോർട്ട് പുറത്തുവന്നത് അതുകൊണ്ടാണ്. കടം

എടുത്ത കണക്ക് നോക്കുമ്പോൾ 2011-12-ൽ 10745 കോടി രൂപ കടം എടുത്തെങ്കിൽ 28928 കോടി രൂപയാണ് വികസനത്തിനുവേണ്ടി വിനിയോഗിച്ചത്. 2012-13ൽ 14143 കോടി രൂപയും 2013-14-ൽ 15000 കോടി രൂപയും കടം എടുക്കുമ്പോൾ 37258 കോടി രൂപയാണ് വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നത്. ഇത് തെളിയിക്കുന്നത് ഒരു ഗവൺമെന്റ് കടം എടുക്കുന്നുവെങ്കിൽ അത് ഈ നാടിന്റെ വികസനത്തിനുവേണ്ടി കേരളത്തിന്റെ വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള വലിയ ഒരു ഉദ്ദേശ്യശുദ്ധിയോടുകൂടിയാണ് നമ്മുടെ സർക്കാർ ഈ നിലപാടുകൾ സ്വീകരിച്ചതെന്ന് വ്യക്തമാകും. അതുകൊണ്ടാണ് അംഗീകാരം ഈ ഗവൺമെന്റിനെ തേടി വരുന്നത്. സംസ്ഥാനത്തെ ഓരോ പ്രവർത്തനങ്ങൾ നടത്തുമ്പോഴും ഓരോ ലക്ഷ്യങ്ങളുണ്ട്. കണ്ണൂർ എയർപോർട്ട് 2016 മേയ് മാസത്തോടുകൂടി ഈ രാജ്യത്ത് സമർപ്പിക്കാനാകുമെന്ന് ഗവൺമെന്റ് പറയുമ്പോൾ അതിന് ചില ലക്ഷ്യമുണ്ട്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അന്താരാഷ്ട്ര എയർപോട്ട് ഹബ്ബുകൾ പ്രഖ്യാപിച്ചു. ആ ഹബ്ബുകളുടെ പട്ടികയിൽ കേരളമില്ല. കേരളത്തിലെ അടിസ്ഥാനപരമായ ചില അയോഗ്യതകൾ അവർ പറയുകയാണ്. ആ അയോഗ്യതകളൊക്കെ പറയുമ്പോഴും അതിന്റെ കാരണങ്ങൾ കണ്ടെത്തുമ്പോഴും അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിമാനത്താവളം നമ്മുടെ രാജ്യത്തിന്

ആവശ്യമാണെന്നുള്ള ഒരു വലിയ ലക്ഷ്യത്തോടുകൂടിയാണ് ഈ ഗവൺമെന്റ് കണ്ണൂർ വിമാനത്താവളം ഒരു അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളമായി രാജ്യത്തിന് സമർപ്പിക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നത്. ഇതൊന്നും വിമർശിക്കപ്പെടേണ്ട കാര്യമല്ല. അതോടൊപ്പം അറിയപ്പെടേണ്ട ചില കാര്യങ്ങളുണ്ട്. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ ജനവിഭാഗമാണ് പ്രവാസികൾ. പ്രവാസികൾക്കുവേണ്ടി ഒരു എൻ.ആർ.ഐ. കമ്മീഷൻ തന്നെ കൊണ്ടുവരുമെന്നാണ് ഇവിടെ ഗവർണ്ണർ പ്രഖ്യാപിച്ചത്. എൻ.ആർ.ഐ. എന്ന് പറയുന്നത് ഒരിക്കലും ചെറുതായി കാണേണ്ട ഭാഗമല്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ഒരു വർഷം ജോലി കൊടുക്കാൻ കഴിയുന്നത് കേവലം ഇരുപതിനായിരത്തോളം പേർക്കാണ്. അങ്ങനെയാണെങ്കിൽ ഒരു നൂറ്റാണ്ടുകൊണ്ട് ഒരു സർക്കാരിന് സാധ്യമാകാത്ത കാര്യമാണ് പ്രവാസികളായി ഇന്ന് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന നമ്മുടെ ഇന്ത്യാക്കാർ, അവർ എത്തിക്കുന്നത് 97400 കോടി രൂപയാണ്. ആ 97400 കോടി രൂപ നമ്മുടെ സംസ്ഥാനത്ത് എത്തുമ്പോൾ അത് എങ്ങനെ വിനിയോഗിക്കണം എന്നതിനെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാടുവേണം. ഭാവിയിൽ ഇത് തുടരാനുള്ള എന്ത് സഹായമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് എന്നതിനെ സംബന്ധിച്ച് പലരും അന്വേഷിക്കുന്ന കാര്യമുണ്ട്.

രണ്ടുലക്ഷം യുവാക്കളാണ് ഒരു വർഷം പ്രൊഫഷണലുകളായി കേരളത്തിൽ നിന്ന് പുറത്തിറങ്ങുന്നത്. ഈ രണ്ടു ലക്ഷം യുവാക്കളിൽ നല്ല പ്രഗത്ഭന്മാരായ ആളുകളുണ്ട്. ഈ അടുത്തകാലത്ത് എന്റർപ്രെണേഴ്സ് സമ്മിറ്റ് നടത്തിയപ്പോൾ അതിൽ ഏകദേശം 5000-ഓളം പ്രതിഭകൾ തന്നെ രംഗത്തെത്തി. വ്യത്യസ്തമായ മേഖലകളിൽ അവരുടെ കഴിവുകൾ തെളിയിച്ച പ്രതിഭാശാലികളായ ആളുകൾ. ഇവരുടെ ആശയങ്ങളും പ്രവാസികളുടെ നിക്ഷേപങ്ങളും ബുദ്ധിപരമായി സമന്വയിപ്പിച്ചുകൊണ്ടുള്ള മുന്നേറ്റമാണ് കേരളത്തിൽ നടത്തേണ്ടത്. അതാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതും. സ്റ്റാർട്ടപ്പ് വില്ലേജ് എത്ര വേഗത്തിൽ.....നമ്മൾ ആദ്യം അഞ്ച് വർഷം കൊണ്ട് ആയിരം സംരംഭങ്ങളെന്നത് ഒരു വർഷം കൊണ്ട് സാധ്യമാക്കാൻ നമുക്ക് കഴിഞ്ഞുവെങ്കിൽ അതുപോലെ വളരെ വേഗം ഉയർച്ച കൈവരിക്കാൻ കഴിയുന്ന ഒന്നായി പ്രവാസികളുടെ നിക്ഷേപവും ഈ സംരംഭങ്ങളും യോജിപ്പിച്ചാൽ സാധ്യമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെ കമ്മീഷന് വലിയ ചുമതലകൾ നിർവ്വഹിക്കാനുണ്ട്. കേന്ദ്ര സർക്കാർ പ്രവാസികളുടെ മേൽ നികുതി ചുമത്താനാണ് ആഗ്രഹിക്കുന്നത്. പ്രവാസി നിക്ഷേപത്തിന് നികുതി ചുമത്താൻ കേന്ദ്രം ആലോചിക്കുമ്പോഴാണ് സംസ്ഥാന സർക്കാർ എൻ.ആർ.ഐ. കമ്മീഷൻ പ്രഖ്യാപിച്ചുകൊണ്ട് ഈ രംഗത്ത് വളർച്ചയ്ക്ക് വഴിയൊരുക്കുന്നത്. നമ്മുടെ

മനുഷ്യവിഭവശേഷി നമുക്കറിയാം. അത് വിനിയോഗിക്കാൻ നമുക്ക് സാധിക്കണം. കേരളത്തിൽ അത് ക്രിയാത്മകമായി ഗവൺമെന്റ് ആലോചിച്ചു. ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇന്ന് ഐ.ടി. മേഖലയിൽ മാത്രം 533 കമ്പനികളിലായി 75000 വിദഗ്ദ്ധരായ ചെറുപ്പക്കാരാണ് ജോലി ചെയ്യുന്നത്. ഈ ഗവൺമെന്റ് ഒരു വർഷത്തിനകം 85000 പുതിയ തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കുന്നുവെന്ന് പറയുന്നതിനെ എങ്ങനെയാണ് അഭിനന്ദിക്കാതിരിക്കാൻ കഴിയുന്നത്. ഇതിനെ കേവലം ചെറിയ രാഷ്ട്രീയമായി കാണരുത്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട വിഷയം പറഞ്ഞ് നാട്ടിൽ നടക്കുന്ന വികസനത്തെയൊക്കെ ചെറുതായി കാണാൻ കഴിയില്ല. മത്സ്യമേഖല; പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, എത്രയെത്ര ഭവനപദ്ധതികൾ, തുറമുഖങ്ങൾ എന്ന് മാത്രമല്ല നാം കാണേണ്ട, യോജിച്ചുനിന്ന് പൊരുതേണ്ടിടത്ത് പൊരുതണം. ഇന്ന് മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപന്റെ ശ്രദ്ധക്ഷണിക്കലുണ്ടായിരുന്നു. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനോടൊപ്പം തന്നെ വായിച്ചറിയേണ്ട ഒരുകാര്യം കൂടിയുണ്ട്. ഇന്ത്യയിലെ പാർലമെന്റ് അംഗങ്ങളടക്കം പ്രതിനിധികൾ അംഗങ്ങളായിട്ടുണ്ടായിരുന്ന മുരാരി കമ്മീഷൻ റിപ്പോർട്ട്. വിദേശ കപ്പലുകൾ ഇന്ത്യയിലേയ്ക്ക് വരുന്നത് തടയാനും അതിനുള്ള സാഹചര്യങ്ങൾ

സൃഷ്ടിക്കുകയും നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി അവരുടെ യാനങ്ങളിൽ അവരെയാണ് ക്രൂവായി ഉപയോഗിക്കേണ്ട തെന്ന് നിർദ്ദേശിക്കുമ്പോൾ അതിനപ്പുറം 25000 ഡോളർ ശമ്പളം നൽകി വിദേശികളെ തന്നെ ക്രൂവായി വയ്ക്കണമെന്ന് നിർദ്ദേശിക്കുന്ന രീതിയിൽ, വിദേശികൾക്കുവേണ്ടി തയ്യാറാക്കിയ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടുപോലുള്ള നടപടികൾ കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമ്പോൾ അത് യോജിച്ച് എതിർക്കേണ്ടതിന് പകരം ഇവിടെ മറ്റൊരു സമീപനം സ്വീകരിക്കുന്നതാണോ ശരിയെന്ന് മറുപുറത്തുള്ളവർ അന്വേഷിക്കണം. ഈ ഗവൺമെന്റ് ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പക്ഷത്തുനിന്ന ഗവൺമെന്റാണ്. ആരോഗ്യരംഗത്ത് അർബുദം പോലുള്ളത് ............ഇപ്പോൾ വരാൻ പോകുന്നത് യൂണിവേഴ്സൽ ഹെൽത്ത് കവറേജിൽ കേരളത്തെ ഉൾപ്പെടുത്താൻ പോവുകയാണ്. എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും യൂണിവേഴ്സൽ ഹെൽത്ത് കവറേജ് കൊണ്ടുവരിക മാത്രമല്ല കേരളത്തിലെ പാവപ്പെട്ട ഏതൊരു രോഗിക്കും സഹായം എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു വെന്ന് ഗവൺമെന്റിന് പറയാൻ കഴിയും. കാരുണ്യ ബെനവലന്റ് ഫണ്ടിനെ ഇവിടെ കളിയാക്കി. 25000 രോഗികൾക്ക് 620 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ജനങ്ങളുടെ കൈകളിൽ എത്തിക്കാൻ മാണിസാറിന്

കഴിഞ്ഞതിന് നിങ്ങൾ കൊടുക്കുന്ന പാരിതോഷികമാണോ അദ്ദേഹത്തിനെതിരെ ഇതുപോലൊരു ആരോപണം. ഇതൊരിക്കലും മറക്കില്ല. ദൈവം ഖുർ-ആനറാനിൽ പറഞ്ഞ ഒരു വചനമുണ്ട്. ഞാൻ രോഗിയായപ്പോൾ നീ എന്നെ സന്ദർശിച്ചില്ല. ദൈവം രോഗിയാകില്ലായെന്ന് അറിയാം. പക്ഷേ രോഗിയിൽ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ അത്തരത്തിലുള്ള രോഗികളെ സംരക്ഷിച്ച മാണിസാറിന് ദൈവത്തിന്റെ അനുഗ്രഹമുണ്ടാകുമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ആ രീതിയിൽ മുന്നോട്ടുപോകാൻ പാടില്ല. നമ്മുടെ സംസ്ഥാനത്തെ പോലീസ് സേനയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ പോലീസ് സേനയുടെ പ്രവർത്തനം പ്രശംസനീയമാണ്. സ്റ്റുഡൻസ് പോലീസാകട്ടെ അതിപ്രശംസ നീയമാണ്. അവരെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. സ്കൂൾ യുവജനോത്സവ വേദികളിൽ ഒരു പെറ്റിക്കേസ് പോലും ഫയൽ ചെയ്യാതെ ലക്ഷക്കണക്കിന് ആളുകളെ കൈകാര്യം ചെയ്ത സ്റ്റുഡൻസ് പോലീസിനെ എങ്ങനെയാണ് അഭിനന്ദിക്കാതിരിക്കാൻ കഴിയുന്നത്. ക്രിമിനൽ രംഗത്ത് പുതിയ മേഖലകൾ ഉണ്ടാവുകയാണ്. ഇന്ന് ക്രൈമിന്റെ സ്വഭാവം മാറുകയാണ്. ആധുനിക ശാസ്ത്ര സാങ്കേതിക രംഗത്ത് ഈ സ്വഭാവങ്ങൾ മാറുമ്പോൾ നമ്മുടെ പഴയ ശൈലി സ്വീകരിക്കാനാവില്ല. പോലീസ് സേനയെ നവീകരിക്കണം. അതിനുവേണ്ടി

കേരളത്തിൽ ഒരു പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള നീക്കം നടക്കുന്നുവെന്നുള്ളത് തീർച്ചയായും അഭിമാനത്തോടുകൂടിയല്ലാതെ നമുക്ക് കാണാൻ സാധിക്കില്ല. അതോടൊപ്പംതന്നെ, നമ്മുടെ രാജ്യത്തെ ഏറ്റവും പരമ്പരാഗതമായ മേഖലയാണ് കൈത്തറി മേഖല. കൈത്തറി മേഖല വളരുകതന്നെ വേണം. നമുക്ക് പുതിയ വസ്ത്ര സംസ്കാരം ഉണ്ടാകണം. ആ സംസ്കാരം പ്രധാനമന്ത്രി നരേന്ദ്ര മോദി പഠിപ്പിച്ച സംസ്കാരമല്ല. നാലര കോടി രൂപയ്ക്ക് സ്വർണ്ണത്തിന്റെ നൂലിഴകൾകൊണ്ട് തീർത്ത കോട്ട് ധരിക്കുന്ന സംസ്കാരമല്ല ഇന്ത്യക്കുവേണ്ടത്. ഒരു മുണ്ടുടുത്ത് ഇന്ത്യ മുഴുവൻ സഞ്ചരിച്ച് ലോകം കീഴടക്കിയ ഗാന്ധിജിയുടെ സംസ്കാരമാണ് നമുക്കുവേണ്ടത്. ഞാൻ അടുത്തകാലത്ത് റിയാദ് ഇന്റർനാഷണൽ സ്കൂളിൽ പോയപ്പോൾ അവിടെ ഗാന്ധിജിയുടെ ചിത്രം കണ്ടു. ഗാന്ധിജിയുടെ ചിത്രം കണ്ടപ്പോൾ അത് ഞങ്ങളുടെ രാഷ്ട്രപിതാവിന്റെ ചിത്രമാണെന്ന് പ്രിൻസിപ്പലിനോട് പറഞ്ഞു. ഈ ചിത്രം കണ്ടിട്ട് സിറിയക്കാരനായ കുട്ടി എന്നോട് ചോദിച്ചത് ഗാന്ധിജി ഉംറയ്ക്ക് വന്നപ്പോൾ എടുത്ത ചിത്രം ആണോയെന്നാണ്. കാരണം മുസ്ലീം സമുദായത്തിൽ ഹജ്ജിന്റെ വേഷത്തിൽ ഒറ്റത്തുണികൊണ്ടുള്ള ഭാഗമുണ്ട്. അപ്പോൾ ഗാന്ധിജി ഏത് മതക്കാരനാണെന്നുപോലും ഇന്ത്യാ രാജ്യം ചർച്ച ചെയ്തിട്ടില്ല. ആ രീതിയിൽ നമ്മുടെ രാജ്യത്ത് മഹാത്മജി കാണിച്ചുതന്ന കൈത്തറിയുടെ

സംസ്കാരം...... കോളേജുകളിൽ കൈത്തറി തുണി വിതരണം ചെയ്യുകയാണെങ്കിൽ അത് ധരിക്കാൻ ഞങ്ങൾ തയ്യാറാണെന്നും അതിന് സബ്സിഡി നൽകണമെന്നും താനൂർ ഗവൺമെന്റ് കോളേജിലെ കുട്ടികൾ ഒന്നടങ്കം അറിയിച്ചിരിക്കുകയാണ്. ഈ ഒരു ഘട്ടത്തിൽ കേരളം മുഴുവൻ നടപ്പിലാക്കാൻ സാധിക്കുമോയെന്നുള്ള കാര്യം ആലോചിക്കണം. അതോടൊപ്പംതന്നെ രാജ്യത്തെ ദുർബ്ബല വിഭാഗങ്ങൾ, അത് മുന്നോക്കമായാലും പിന്നോക്കമായാലും ദുർബ്ബല വിഭാഗങ്ങളെ സംരക്ഷിക്കപ്പെടണമെന്നതാണ് ഈ അടുത്തകാലത്ത് അഗ്രഹാര പുനരുദ്ധാരണ പദ്ധതിയിലൂടെ ബഹുമാനപ്പെട്ട ഗവർണ്ണർ പറയുന്നത്. ന്യൂനപക്ഷങ്ങളുടെ മൈനോറിറ്റി കമ്മീഷൻ അടക്കം രാജ്യത്തെ എല്ലാ വിഭാഗം ജനവിഭാഗങ്ങൾക്കും സംരക്ഷണം ഉറപ്പാക്കാൻ കഴിയുന്ന ഒരു നയപ്രഖ്യാപനം കേരളത്തിൽ നടത്തിയ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. അബ്ദു സമദ് സമദാനി നടത്തിയ നന്ദി പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. രാജു: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിലെ ആദ്യത്തെ പേജിൽ ദേശീയ ഗെയിംസ് ഒരു വൻവിജയമാക്കിത്തീർത്ത കായികതാരങ്ങളെയും പരിശീലകരെയും ഉദ്യോഗസ്ഥരെയും എന്റെ സർക്കാർ അനുമോദിക്കുന്നു എന്ന്

സൂചിപ്പിച്ചിട്ടുണ്ട്. ദേശീയ ഗെയിംസിൽ കേരളത്തിലെ താരങ്ങൾ നേടിയ നേട്ടം ഉയർത്തിക്കാണിച്ചുകൊണ്ട് അവരെ അനുമോദിക്കുകയും അതിന് പ്രാപ്തരാക്കിയവരെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്ന ഒരു സെന്റൻസാണ് യഥാർത്ഥത്തിൽ അതിന് വേണ്ടുന്നത്. ഏതാണ്ട് 540-ലധികം കോടി രൂപ ചെലവഴിച്ച് ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുമ്പോൾ അത് ഇന്ത്യയുടെയും ഒരുപക്ഷേ ലോകത്തൊട്ടാകെയുള്ള മലയാളികൾക്കൊക്കെ തീർച്ചയായും അഭിമാനിക്കാവുന്ന തരത്തിൽ നടത്താവുന്ന ഒരു സംഗതിയായിരുന്നു. പക്ഷേ അതെങ്ങനെ എത്തിച്ചേർന്നു. ഒറ്റവാക്കിൽപ്പറഞ്ഞാൽ അത് കുളമായി. നടത്തിതീർന്നപ്പോൾ അത് കുളമായി. അവസാനം, 45 ദിവസത്തിനകം ആഡിറ്റ് ചെയ്ത കണക്ക് പ്രഖ്യാപിക്കുന്നതായിരിക്കും, അല്ലെങ്കിൽ അത് പുറപ്പെടുവിക്കുന്നതായിരിക്കുമെന്ന് സ്പോർട്സ് മന്ത്രിക്ക് പ്രഖ്യാപിക്കേണ്ടിവന്നു. എന്തുകൊണ്ട് അങ്ങനെ വന്നു. ഈ സ്പോർട്സിനുവേണ്ടി ഇറക്കുമതി ചെയ്ത അല്ലെങ്കിൽ കൊണ്ടുവന്ന സാധനങ്ങൾ പലതും കെട്ടഴിക്കാതെ അവിടവിടെ കിടക്കുന്നുവെന്ന് പത്രങ്ങളിൽ വാർത്ത വന്നുകൊണ്ടിരിക്കുന്നു. പത്രങ്ങളിൽ പടം അച്ചടിച്ച് വന്നുകൊണ്ടിരിക്കുന്നു. സ്പോർട്സിന്റെ ചുമതലയുള്ള വകുപ്പുമന്ത്രിക്ക് യഥാർത്ഥത്തിൽ അവസാനം നടന്ന സമാപന ചടങ്ങിൽനിന്ന്

ഇറങ്ങിപ്പോകേണ്ടിവന്നുയെന്ന് ഈ സംസ്ഥാനത്തൊട്ടാകെ എല്ലാ മാധ്യമങ്ങളിലും വന്നു. കുളമാക്കി എന്നല്ലാതെ എന്താണ് ഇതിനെക്കുറിച്ച് പറയേണ്ടത്. നമുക്ക് ദേശീയ ഗെയിംസിന്റെ പേരിൽ അഭിമാനിക്കാൻ, യഥാർത്ഥത്തിൽ കേരളത്തിന്റെ കായികതാരങ്ങൾ നേടിയ നേട്ടങ്ങൾക്കപ്പുറത്ത് അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിന്റെ പിടിപ്പുകേടിന്റെ മകുടോദാഹരണമാണ് യഥാർത്ഥത്തിൽ അതെന്നുള്ള കാര്യത്തിൽ സംശയമുണ്ടോ; മഹാനായ നടൻ മോഹൻലാലിനെപ്പോലും അപമാനിക്കുന്ന തരത്തിൽ കാര്യങ്ങൾ എത്തിയില്ലേ; അദ്ദേഹം ചെക്ക് തിരിച്ചയച്ചില്ലേ; ആ പണം ഇപ്പോൾ എവിടെയുണ്ട്; എന്ത് ചെയ്യുന്നു; സർക്കാർ സ്വീകരിക്കുന്നില്ലെന്ന് പറഞ്ഞില്ലേ; ഇതിനെക്കാൾ മോശമായി ഏറ്റവും മെച്ചപ്പെട്ട നിലയിൽ നടത്താവുന്ന ഒരു വലിയ സംഭവം ഇതിനെക്കാൾ കുളമാക്കി നടത്താൻ കഴിയുമോ; അതല്ലേ ഈ ഗവൺമെന്റിന്റെ പ്രവർത്തന രീതി. കേരളത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വരികയും ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തതിനുശേഷവും സത്യത്തിൽ സത്യവും നുണയും തമ്മിൽ തിരിച്ചറിയാൻ വയ്യാത്ത ഒരു സാഹചര്യം ഇപ്പോൾ കേരളത്തിലുണ്ടായിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് കഴിഞ്ഞ നാല് വർഷക്കാലത്തിൽ നടന്ന സംഭവങ്ങളടക്കം

നമ്മുടെ വാർത്താമാധ്യമങ്ങളിൽ വരുന്ന സംഭവങ്ങളടക്കം അപഗ്രഥിച്ചുനോക്കിയാൽ ഏതാണ് സത്യം ഏതാണ് നുണ എന്നുള്ളത് തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിയാണ്. തെളിവുകളും ദൃഷ്ടാന്തങ്ങളും മറ്റും കൊണ്ടുവരുമ്പോൾ വീണിടത്തുകിടന്ന് ഉരുളുന്ന ഒരു പ്രത്യേക സമീപനം. അതിനുമുമ്പ് ഒരു കാര്യത്തെ സംബന്ധിച്ച് ഒരു വാർത്തയോ ചോദ്യമോ വന്നാൽ നിഷേധിക്കുക. തെളിവുകൾ വരുമ്പോൾ വീണിടത്തുകിടന്ന് ഉരുളുന്ന എത്രയോ ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് സോളാർ പ്രതി ബിജുവിനെ നേരിൽകണ്ട് സംസാരിച്ച കേസിൽ ആദ്യം നിഷേധിച്ചു. പിന്നെ ഉരുണ്ടു. സരിത സ്റ്റേജിലിരുന്ന് ഉമ്മൻചാണ്ടി സാറിന്റെ ചെവിയിൽ മന്ത്രിക്കുന്ന ഫോട്ടോ കാണിച്ചപ്പോൾ ഉമ്മൻചാണ്ടി സാറിന്റെ വിശദീകരണം എന്തായിരുന്നു; അതുവരെ എനിക്കറിയില്ല, സരിതയെ ഞാൻ കണ്ടിട്ടില്ല, എന്നുപറഞ്ഞ ഉമ്മൻചാണ്ടി സാർ ഈ ഫോട്ടോ പത്രങ്ങളിലെല്ലാം വന്നുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി മാറി. എന്റെ ചെവി ഒരുപാടുപേർ ഇങ്ങനെവന്ന് മന്ത്രിക്കുന്ന ചെവിയാണ്. ഞാൻ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയുടെ ചെവിയാണ്. ആ ചെവി പൊതുജനത്തിന്റെ ചെവിയാണ്. അതുകൊണ്ട് ഒരുപാടുപേർ വന്ന് മന്ത്രിക്കുമെന്ന് പറഞ്ഞില്ലേ. ഈ ഗവൺമെന്റ് എടുക്കുന്ന

നടപടികളെല്ലാം യഥാർത്ഥത്തിൽ അധാർമ്മികമല്ലേ? കരിഓയിൽ ഒഴിച്ച കേസ് വിത്ഡ്രോ ചെയ്യാൻ ഇതുപോലെയൊരു ഗവൺമെന്റിനല്ലാതെ ധാർമ്മികത അൽപ്പമെങ്കിലും അവശേഷിച്ചിരിക്കുന്ന ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ? ഐ.എ.എസ്. കാരനായ ചെറുപ്പക്കാരനെ കരിഓയിൽ ഒഴിച്ച സംഭവത്തിൽ കേസെടുത്തതിനുശേഷം ആ ഉദ്യോഗസ്ഥനോ മറ്റാരുമോ അറിയാതെ ആ പ്രോസിക്യൂഷൻ കേസ് പിൻവലിക്കാനുള്ള തീരുമാനമെടുക്കാൻ ഈ ഗവൺമെന്റിനല്ലാതെ മറ്റൊരു ഗവൺമെന്റിന് കഴിയുമോ; ഇവിടെ വിവാദമായ വിഷലിപ്തമായിട്ടുള്ള പ്രസംഗം നടത്തിയ പ്രവീൺ തൊഗാഡിയയെ രക്ഷിക്കാൻവേണ്ടി കേസ് പിൻവലിക്കാൻ തീരുമാനിച്ചതും ഈ ഗവൺമെന്റല്ലേ; കഴിഞ്ഞ ഒരു വർഷക്കാലത്തെ നേട്ടം പറയുന്ന പലരുടെയും അഭിനന്ദനങ്ങൾ ചൊരിയുന്ന ഗവൺമെന്റിന്റെ നേട്ടത്തിൽ അതും ഉൾപ്പെടില്ലേ. അതുപോലെയല്ലേ എം.ജി. കോളേജിലെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി ചെന്ന പോലീസ് ഉദ്യോഗസ്ഥനെ വധിക്കാൻ ശ്രമിച്ച പ്രതികളുടെ പേരിലുള്ള കേസ് വിത്ഡ്രാ ചെയ്യാൻ ശ്രമിച്ചില്ലേ. ഇത് എന്ത് ന്യായമാണ്; എന്ത് നീതിയാണ്. കേരളത്തിലെ പൗരന്മാരെ ഒരുപോലെ കണ്ടുകൊണ്ട് മുന്നോട്ടുപോകാൻ ബാദ്ധ്യതയുള്ള ഒരു ഗവൺമെന്റ് യഥാർത്ഥത്തിൽ തന്നിഷ്ടപ്രകാരം തങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന

ആളുകൾക്കുവേണ്ടി, അവരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഇതുപോലെ കേസുകൾ വിത്ഡ്രോ ചെയ്യുന്നതെല്ലാം കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ് എന്നുള്ളത് ഈ ഗവൺമെന്റിലുള്ളവർ നല്ലതുപോലെ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാനറിഞ്ഞില്ല, എന്റെ കാലത്തല്ല എന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത്. ഇത് ഒട്ടും നല്ലതല്ല. ഇതൊരു ഗവൺമെന്റിന് ഭൂഷണമല്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അച്ചടിച്ച ഈ പുസ്തകത്തിൽ ധാരാളം കാര്യങ്ങൾ പറയുന്നു. ഇതൊന്നും നടപ്പിലാകാനേ പോകുന്നില്ല. അഡ്മിനിസ്ട്രേറ്ററി സർവ്വീസ് രൂപീകരിക്കുമെന്ന് പറയുമ്പോൾ അതിന്റെ ആലോചന നടന്നപ്പോൾത്തന്നെ അതിന്റെ പ്രതികരണങ്ങളും വന്നുകഴിഞ്ഞു. "അവളുടെ വിദ്യാഭ്യാസം നമ്മുടെ ഉത്തരവാദിത്വം", 'ഇന്റർനാഷണൽ വിമൻസ് ട്രേഡ് സെന്റർ', 'വയോജന സൗഹൃദ പഞ്ചായത്ത്', 'തൊട്ടുപുഴയിൽ ജലസേചന മ്യൂസിയം'. ജലസേചന മ്യൂസിയത്തിന് പറ്റിയ ഏറ്റവും പറ്റിയ സ്ഥലം ബഹുമാനപ്പെട്ട മന്ത്രിയുടെ കോൺസ്റ്റിറ്റുവൻസിയിൽത്തന്നെയാണ്. 'ലിക്കർ ഫ്രീ കേരള' (മദ്യ വിമുക്ത കേരളം), 'മൾട്ടി ഫെയ്ത്ത് ടൂറിസ്റ്റ് സർക്യൂട്ട്', 'ഗോഡ്സ് ഓൺ കൺട്രി -പീപ്പിൾസ് ഓൺ ടൂറിസം' അങ്ങനെ നിരവധി പദ്ധതികളെ സംബന്ധിച്ച് ഇവിടെ പറയുന്നുണ്ട്.

കഴിഞ്ഞ വർഷം ഇവിടെ അവതരിപ്പിച്ച പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ ഇവിടെ നടപ്പിലാക്കിയോ? അങ്ങയോട് ഞാൻ ചോദിക്കുകയാണ്. എല്ലാവരും അംഗീകരിച്ച മംഗല്യനിധി എന്നുപറയുന്ന പദ്ധതി എവിടെയെങ്കിലും നടപ്പിലായോ; ഇതുപോലെയാണ് ഈ പറയുന്ന പൊള്ളയായ വാഗ്ദാനങ്ങൾ മാത്രം നിരത്തിക്കൊണ്ടുള്ള ഒരു പ്രസംഗമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഞാൻ ശക്തിയുക്തം ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിന്റെ പുരോഗതിയിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ നാല് വർഷക്കാലം നടത്തിയ ജനക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും വരുന്ന ഒരു വർഷക്കാലം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള കർമ്മ പരിപാടികളോടുകൂടി ഗവൺമെന്റിന്റെ സുതാര്യമായ പ്രവർത്തനങ്ങളെ മുഴുവൻ വിശദീകരിച്ചുകൊണ്ടുള്ള നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നിർവ്വഹിച്ചത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതു പോലെ കേരളത്തിൽ ഭരണ രംഗത്ത് ഏറ്റവും കാര്യക്ഷമതയോടെ മുന്നോട്ടുപോകാൻ

ജനങ്ങളെ സഹായിക്കുന്ന നിലപാടുകളാണ് വിവിധ വകുപ്പുകളിൽ സ്വീകരിച്ചത്. ജനങ്ങൾ പരിശോധിക്കുന്നത് സംസ്ഥാന ത്തിന്റെ ക്രമസമാധാന നില എന്താണ്; ഇവിടെ മനുഷ്യന് സ്വൈര്യമായി ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടോ; അക്കാര്യത്തിൽ കേരളം ഇന്ന് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വിധത്തിൽ, ആളുകൾക്ക് സ്വൈര്യമായി ജീവിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ, മതേതരത്വ സമീപനം സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ, മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകുന്ന സാഹചര്യങ്ങൾ ഇതെല്ലാം മാതൃകയായി കേരളം ഇന്നും നിലകൊള്ളുകയാണ്. നമ്മുടെ രാജ്യത്തിന്റെ അവസ്ഥയെക്കുറിച്ച് ഭരണകക്ഷി പ്രതിപക്ഷ ഭേദമന്യേ എല്ലാവരുടെയും ആശങ്കയിപ്പോൾ ഈ സഭയിൽത്തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. രാജ്യത്ത് ഉയർന്നുവരുന്ന മതേതരത്വത്തിനെതിരെയുള്ള വെല്ലുവിളികളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ കേരളം മാതൃകയാകുന്ന വിധത്തിൽ ക്രമസമാധാന പാലനത്തിലും സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിലും മുന്നോട്ടുപോകുന്നുവെന്നുള്ളത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഏറ്റവും വലിയ ഭരണനേട്ടമായിത്തന്നെ കാണാൻ കഴിയും. ഇക്കാര്യങ്ങളെല്ലാം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഏറ്റവും വലിയ പരിശ്രമം ഗവൺമെന്റ്

നടത്തുകയാണ്. ഒരു സംസ്ഥാനത്തിന്റെ അടിസ്ഥാന മേഖലകൾ, കേരളം മുൻഗണന കൊടുത്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റവും വലിയ പ്രാധാന്യം കൊടുത്തുകൊണ്ടല്ലേ ഈ നയപ്രഖ്യാപന പ്രസംഗം അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണുവാൻ കഴിയും. ആരോഗ്യമേഖലയുടെയും വിദ്യാഭ്യാസമേഖലയുടെയും കാർഷിക മേഖലയുടെയും സംരക്ഷണം പാവപ്പെട്ട സാധാരണക്കാരായ ജനങ്ങളെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലുമുള്ള സംരക്ഷണം ഇക്കാര്യങ്ങൾക്കെല്ലാം മുൻഗണന കൊടുക്കുവാൻ ഗവൺമെന്റിന് കഴിയുന്നുവെന്നത് വളരെ സ്വാഗതാർഹമാണ്. ഇപ്പോൾത്തന്നെ പ്രഖ്യാപിച്ച കാരുണ്യ കേരളം പരിപാടി, കാരുണ്യ ലോട്ടറിയുമായി ബന്ധപ്പെട്ടുള്ള കാരുണ്യ ബെനവലന്റ് ഫണ്ടിനെക്കുറിച്ച് തൊട്ടുമുമ്പ് ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്തുമാത്രം ആളുകൾക്ക് അതിന്റെ പ്രയോജനം കേരളത്തിൽ കിട്ടി. ഇപ്പോൾ കാരുണ്യ കേരളം പരിപാടിയിലേയ്ക്ക് വരുമ്പോൾ സർക്കാർ ആശുപത്രികളിൽ രോഗനിർണ്ണയ പരിശോധന സൗജന്യമാക്കുന്ന ഒരു വലിയ കർമ്മ പരിപാടി. പ്രതിപക്ഷത്തുനിന്ന് ചോദിക്കുന്നത് ഇവിടെ എന്ത് നടപ്പാകുന്നു? ഇവിടെ എന്തെല്ലാം കാര്യങ്ങൾ എടുത്തു പറയുവാൻ കഴിയും. ബഹുമാനപ്പെട്ട അംഗങ്ങൾ ഓരോരുത്തരായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെ

എടുത്തു പറയാൻ കഴിയുന്ന നേട്ടങ്ങൾ കേരളത്തിൽ ഓരോ കാലഘട്ടങ്ങളിൽ നടപ്പാക്കുകയാണ്. ബഡ്ജറ്റിലൂടെ പറയുന്നതായാലും നയപ്രഖ്യാപനത്തിൽ പറയുന്നതായാലും ഗവൺമെന്റ് ഒരു തുടർ പ്രക്രിയയാണ്. ഭരണരംഗത്ത് ഇപ്പോൾ നാല് വർഷക്കാലം മുന്നോട്ടു പോയി. കൊച്ചി മെട്രോയെക്കുറിച്ച് എന്തിനാണ് ഇതിൽ പറയുന്നത്? വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് എന്തിനാണ് പറയുന്നതെന്ന് ചോദിക്കുന്നത്, വികസനരംഗത്ത് കേരളത്തെക്കുറിച്ച് ഒരു കാഴ്ചപ്പാടുമില്ലാതെ പ്രതിപക്ഷം സംസാരിക്കുന്നതിന്റെ തെളിവായിട്ടേ ഞങ്ങൾക്ക് കാണാൻ കഴിയുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടക്കാതെ പോയ ഈ പദ്ധതികൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു എന്നുള്ളതിന് തെളിവായിട്ടാണ് ഇതിനെ വിലയിരുത്തപ്പെടേണ്ടത്. ഇങ്ങനെയുള്ള നന്മ നിറഞ്ഞ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ സത്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണ്? എല്ലാ കാര്യങ്ങളേയും അന്ധമായി വിമർശിക്കുക എന്നുള്ളതാണ്. ദേശീയ ഗെയിംസിനെ വിമർശിക്കുകയാണെന്ന് ശ്രീ. കെ. രാജു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മനഃസാക്ഷിയനുസരിച്ചു പറഞ്ഞാൽ വളരെയേറെ പരിമിതികൾക്കിടയിൽ നിന്നുകൊണ്ടാണ് ദേശീയ ഗെയിംസ് ഏറ്റവും മാന്യമായി

നടത്തിയത്. കഴിഞ്ഞ കാലഘട്ടത്തിൽ ദേശീയ ഗെയിംസ് നടത്താനുള്ള ബുദ്ധിമുട്ടുകൾ കേരളം നേരിട്ട് കണ്ടതാണ്. ഞാനും കുറച്ചുകാലം മന്ത്രിയായിരുന്ന സമയത്ത് ഇതിന്റെ ബുദ്ധിമുട്ടുകൾ നേരിട്ടറിഞ്ഞതാണ്. ശ്രീ. വി. ശിവൻകുട്ടി ദേശീയ ഗെയിംസിന്റെ അഴിമതിയെക്കുറിച്ച് പറഞ്ഞു സി.ബി.ഐ.യോ ആരുവേണമെങ്കിലും അന്വേഷിക്കട്ടെ. പക്ഷെ സത്യം നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഇൻഡ്യയുടെ രാഷ്ട്രപതിയടക്കം ഇതിൽ പങ്കെടുക്കാൻ വന്നവർ നാഷണൽ ഗെയിംസിനെ അനുമോദിച്ചു എന്നുള്ളത് പരിശോധിക്കുമ്പോൾ നമുക്കറിയാം ഏറ്റവും നന്നായി ഇത് നടന്നു എന്ന്. ബഹുമാനപ്പെട്ട എം. ചന്ദ്രനാണ് പ്രസംഗം തുടങ്ങിയത്. അദ്ദേഹം പറഞ്ഞത് ഇവിടെ തൃശ്ശൂർ പൂരത്തിന് പൊട്ടിച്ചതിനെക്കാൾ കൂടുതൽ പടക്കം പൊട്ടിച്ചു എന്നാണ്. ലോകരാഷ്ട്രങ്ങളിൽ നടക്കുന്ന ഓരോ കായിക മേളകൾ തുടങ്ങുന്നതിന്റെ മനോഹാരിത ലോക ജനത വിലയിരുത്തുന്നുണ്ട്. കളർഫുൾ ആയി നടത്തുന്നതിനെ ആസ്വദിക്കുന്നതിനു പകരം അതിനെയും വിമർശിക്കകയെന്നു പറഞ്ഞാൽ, എല്ലാ കാര്യങ്ങളെയും വിമർശിക്കുക എന്ന ഒരു രാഷ്ട്രീയ വൈരാഗ്യത്തിന്റെ നിലപാട് സ്വീകരിക്കുന്നതായി മാത്രമേ നമുക്ക് കാണാൻ കഴിയൂ. ലോക ശ്രദ്ധ നേടുന്നവിധത്തിൽ നാഷണൽ ഗെയിംസ് നടത്തുവാൻ കഴിയും എന്നുള്ളത് അഭിമാനകരമായ നേട്ടമായിത്തന്നെ കാണാൻ

കഴിയും. ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി കെ. എം. മാണി സാറിനെ നാലുമാസക്കാലമായിട്ട് നിങ്ങൾ വേട്ടയാടുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ള മന്ത്രിമാരെ ഓരോരുത്തരെയായി ഒറ്റ തിരിഞ്ഞ് ആക്രമിക്കുന്നത് വേട്ടയാണ്. കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ നടത്തിയ സമരങ്ങളെല്ലാം പ്രതിപക്ഷം ഒന്നു പരിശോധിക്കേണ്ടതുണ്ട്. ഈ സമരങ്ങളുടെ പേരിൽ എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ; ഏതെങ്കിലും സമരം വിജയിച്ചിട്ടുണ്ടോ; എന്തുകൊണ്ട് ജനങ്ങൾ ഇതെല്ലാം തള്ളിക്കളയുന്നു? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി എന്തുകൊണ്ട് വീണ്ടും കേരളത്തിൽ വിജയിച്ചു? ഇതെല്ലാം പ്രതിപക്ഷം പരിശോധിക്കേണ്ടതായ വിഷയങ്ങളാണ്. നാലു മാസംമുമ്പ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാറിനെതിരെ ബാറുടമകൾ ഉന്നയിച്ച ആരോപണവുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തിന് ഏതെങ്കിലും കാര്യങ്ങൾ വസ്തുതാപരമായി തെളിയിക്കുവാനോ സമൂഹത്തിനെ ബോധ്യപ്പെടുത്താനോ കഴിഞ്ഞിട്ടുണ്ടോ; ഒരു തെളിവുമില്ലാത്ത വിഷയം പറഞ്ഞുകൊണ്ട് ജനങ്ങളുടെ മുമ്പിൽ പുകമറ സൃഷ്ടിച്ച് അഴിമതിയുടെ കോലാഹലമുണ്ടാക്കാനുള്ള ശ്രമം നടത്തുമ്പോൾ പൊതുസമൂഹത്തിന്റെ മുമ്പിൽ ഞങ്ങൾക്ക് വ്യക്തമായി പറയാൻ കഴിയും - ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. കെ.എം. മാണി സാറിനെ കേരളത്തിലെ ജനങ്ങൾക്കറിയാം. പാലാ നിയോജക മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി കടന്നുവന്ന് കേരള നിയമസഭയിൽ 50 വർഷം പൂർത്തിയാക്കാൻ അവസരം ലഭിച്ച ഏക പ്രതിനിധിയെന്നു പറയുന്നത് ആദരണീയനായ ശ്രീ. കെ.എം. മാണി സാറാണ്. അദ്ദേഹത്തെയാണ് നിങ്ങൾ അന്യായമായി വേട്ടയാടുന്നത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നു രാവിലെ അദ്ദേഹത്തിന്റെ വാക്കൗട്ട് പ്രസംഗത്തിൽ മത്തായിയുടെ സുവിശേഷമാണ് പ്രയോഗിച്ചത്. ഏതായാലും മത്തായിയുടെ സുവിശേഷം അദ്ദേഹം വിലയിരുത്തിയതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞങ്ങളെയെല്ലാം വിശ്വാസികൾ എന്നുള്ള നിലയിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. മത്തായിയുടെ സുവിശേഷത്തിൽ അദ്ദേഹം പറഞ്ഞ ഭാഗം മാണിസാറിനെ ആക്രമിക്കാൻ വേണ്ടിയുള്ള ഭാഗമാണ്. ഞാൻ മത്തായിയുടെ സുവിശേഷം വീണ്ടും പരിശോധിക്കുവാൻ ശ്രമിക്കുകയുണ്ടായി. മത്തായിയുടെ സുവിശേഷത്തിൽ 10-ാം അധ്യായം 16-ാം വാക്യം പ്രതിപക്ഷത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അത് പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കുന്ന വചനമായിത്തന്നെ എനിക്ക് തോന്നുകയും ചെയ്തു. " ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നതുപോലെ ഞാൻ

നിങ്ങളെ അയയ്ക്കുന്നു.” "ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ" എന്നു പറയുമ്പോൾ കേരളത്തിലെ പ്രതിപക്ഷം ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത് ചെന്നായ്ക്കളുടെ ഒരു സ്വഭാവമാണ്. എല്ലാത്തിനെയും കടിച്ചു കീറുക, എല്ലാവരെയും നശിപ്പിക്കുക, ആക്രമിക്കുക, ക്രൂരമായി വേട്ടയാടുക എന്നിട്ട് അതിൽ സായൂജ്യമടയുക. ഈ ഒരു സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരെയും ഇങ്ങനെ വേട്ടയാടുമ്പോൾ സത്യത്തിൽ നരകത്തെക്കുറിച്ചു കൂടി പ്രതിപക്ഷനേതാവ് പറഞ്ഞു. ഞാൻ മത്തായിയുടെ സുവിശേഷം 5-ാം അധ്യായം 11-ാം വാക്യം പ്രതിപക്ഷത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. മത്തായിയുടെ സുവിശേഷത്തിൽ നിന്നുതന്നെ അതിനുള്ള മറുപടിയും വ്യക്തമായി കാണാൻ കഴിയും. “ എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും ചെയ്യും. എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ വേദനിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.” നരകത്തിലല്ല; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. വിശ്വാസത്തിന്റെ പാതയിലൂടെ ചിന്തിച്ചാലും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി സാറിനെപ്പോലെയുള്ള എത്രയോ

കാലമായി ഭരണരംഗത്തുള്ള ആളുകളെ അടിസ്ഥാനമില്ലാത്ത കാര്യത്തിന്റെ പേരിൽ അന്യായമായി ക്രൂശിക്കുവാൻതക്കവണ്ണം കേരളത്തിലെ പ്രതിപക്ഷത്തിന് എന്തു പറ്റി? നിങ്ങൾ ആലോചിക്കണം. വ്യക്തമായ ഒരു നിലപാടിന്റെയോ വ്യക്തമായ ആരോപണങ്ങളുടെയോ പേരിലാണെങ്കിൽ ഞങ്ങൾ അത് പരിശോധിക്കാൻ തയ്യാറാണ്. നിങ്ങൾ പറഞ്ഞകാര്യങ്ങൾ ഞങ്ങൾ പരിശോധിച്ചു. എവിടെയാണ് നിങ്ങൾ നില്ക്കുന്നത്? ഇന്നും ബാറുടമകളുടെ സംഘടന ഇരുട്ടിൽ തപ്പുകയാണ്. അവർ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ അടിസ്ഥാനപരമായി ഒന്നുമില്ലായെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ മുന്നിൽ കാണുമ്പോൾ മനുഷ്യത്വത്തെ പിച്ചിച്ചീന്തുന്ന, നന്മയെ നശിപ്പിക്കുന്ന ഈ നിലപാടിന് നിങ്ങൾക്ക് പ്രതിഫലം നരകത്തിലും നന്മ ചെയ്യുന്ന ജനനേതാക്കൾക്ക് പ്രതിഫലം സ്വർഗ്ഗത്തിലുമായിരിക്കും എന്ന് തിരിച്ചറിയുന്ന ഒരു വിശ്വാസിയായിത്തന്നെ ഈ സഭയിൽ ഇത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾക്ക് വളരെ വേദനയുണ്ട്. രാഷ്ട്രീയരംഗത്ത് എന്തുമാത്രം നേതാക്കന്മാർ ഉണ്ട്. ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞല്ലോ, എൽ.ഡി.എഫ്.നെതിരെ ഉന്നയിച്ച അഴിമതിയാരോപണങ്ങളെല്ലാം എടുത്ത് നിങ്ങളെ വേട്ടയാടുകയാണെങ്കിൽ അത് എത്ര ക്രൂരതയായിരിക്കും. അതുകൊണ്ട് അതെല്ലാം കോടതി പരിശോധിക്കട്ടെ.

ഒരാൾ കുറ്റക്കാരനാണെങ്കിൽ നിയമപരമായി പരിശോധിക്കുമ്പോൾ തീർച്ചയായും അത് മനസ്സിലാവും. ഇവിടെ അഭിവന്ദ്യ തിരുമേനിമാരെ വിമർശിച്ചുകൊണ്ട് ശ്രീ. മാത്യൂ ടി. തോമസ് രാവിലെ പരാമർശിക്കുകയുണ്ടായി. അഭിവന്ദ്യ മാർത്തോമാ മെത്രാപ്പോലീത്ത, സഭാ മേലദ്ധ്യക്ഷൻമാർ ഇവരൊക്കെ സംസാരിക്കുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഒരാൾ തെറ്റു ചെയ്തതാണെന്ന് നിയമപരമായ പരിശോധനയിൽ വ്യക്തമായാൽ അയാൾ ശിക്ഷ അനുഭവിക്കട്ടെ; അല്ലെങ്കിൽ കുറ്റപ്പെടുത്തട്ടെ. എന്നാൽ ആരോപണം ഉന്നയിക്കപ്പെടുന്നതിന്റെ പേരിൽ ഒരാൾ വേട്ടയാടപ്പെടുന്നത് കേരളം പോലുള്ള ഒരു സമൂഹത്തിന് ഒരിക്കലും നല്ലതല്ല എന്നു പറയാൻ ആഗ്രഹിക്കുന്നു. അഭിവന്ദ്യ സഭാ പിതാക്കന്മാരോ സമുദായ നേതാക്കന്മാരോ മറ്റ് ആളുകളോ സ്വതന്ത്രമായി ഇതുപോലുള്ള കാര്യങ്ങളിൽ അഭിപ്രായം പറയുന്നത് കേരളത്തിന്റെ ഒരു നന്മയായിട്ടു മാത്രമേ നമുക്ക് പറയാൻ കഴിയുകയുള്ളൂ. നമുക്ക് ഇഷ്ടമുള്ളത് പറയണം. എന്ന് വാശിപിടിക്കാൻ കഴിയില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ നാലുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ബഹുമാന്യനായ ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച ഈ നയപ്രഖ്യാപന പ്രസംഗം സഹായകരമായിത്തീരും എന്ന ഉത്തമ വിശ്വാസം

എനിക്കുണ്ട്. ബഹുമാന്യനായ ശ്രീ. എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാഗ്ദാനങ്ങൾ നല്കുന്നതല്ലാതെ അതു നടപ്പിലാക്കുന്ന കാര്യത്തിൽ യാതൊരുവിധ താല്പര്യവും എടുത്തിട്ടില്ല. ആദ്യത്തെ ബഡ്ജറ്റിൽ, കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ 500 കോടി രൂപ മുതൽമുടക്കി ബൃഹത്തായ തൊഴിൽദാന പദ്ധതി പി.പി.പി. മോഡലിൽ നടപ്പിലാക്കുമെന്ന് പറഞ്ഞു. എല്ലാ പഞ്ചായത്തിലും ആദ്യഘട്ടം 50 പേരെ വീതം തെരഞ്ഞെടുത്ത് ആദ്യവർഷം 50,000 പേർക്ക് പരിശീലനം നൽകുമെന്നും അവർ ഓരോ വ്യവസായ യൂണിറ്റ് ആരംഭിച്ച് 5 പേർക്കുവീതം തൊഴിൽ നൽകുമെന്നും അങ്ങനെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന ബൃഹത്തായ പദ്ധതി ആരംഭിക്കുമെന്നും പറഞ്ഞു. ആ പദ്ധതി ഇന്ന് എവിടെ എത്തിയിരിക്കുകയാണ്? അതിനുശേഷം "മാലിന്യമുക്ത കേരളം പദ്ധതി" കൊണ്ടുവന്നു. മാലിന്യമുക്ത കേരളം പദ്ധതി ഏതുവരെയായി? പിന്നീട് കോയമ്പത്തൂർ-കൊച്ചി ചരക്ക് ഇടനാഴിയെക്കുറിച്ച് പറഞ്ഞു, ഇപ്പോൾ അതിനെക്കുറിച്ച് ഒന്നും കേൾക്കാനില്ല. 2012-13-ലെ ബഡ്ജറ്റിൽ ആയുർവ്വേദത്തിന് ഒരു പ്രത്യേക സർവ്വകലാശാല

കോട്ടയ്ക്കലിൽ ആരംഭിക്കുമെന്ന് പറഞ്ഞു. ആയുർവ്വേദ സർവ്വകലാശാല എവിടെയാണ്? ഇടുക്കിയിലും വയനാട്ടിലും വിമാനത്താവളങ്ങൾ നിർമ്മിക്കുമെന്ന് പറഞ്ഞു. അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചോ? 2012-ൽ, യാത്ര സുഗമമാക്കാൻ എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ ആരംഭിക്കുമെന്ന് പറഞ്ഞു. അത് എവിടെപ്പോയി? "ഭൂരഹിതരില്ലാത്ത കേരളം" - എത്ര പേർക്ക് ഭൂമി കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. "ഗ്ലോബൽ ആയുർവ്വദ വില്ലേജ്" എവിടെയാണ്? മുഴുവൻ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റും, അതിന്റെ ഭാഗമായി ആദ്യമായി ഒരു സ്കൂളിൽ ഒരു സ്മാർട്ട് റൂം തുടങ്ങും. എത്ര സ്കൂളിൽ ഈ പദ്ധതി നടപ്പിലാക്കി? ലോക പ്രശസ്തമായ എല്ലാ യൂണിവേഴ്സിറ്റികളിലെയും കോഴ്സുകൾ ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ അക്കാഡമിക് സിറ്റി കൊണ്ടുവരുമെന്ന് 2012-ൽ പറഞ്ഞു. എവിടെപ്പോയി അക്കാഡമിക് സിറ്റി? ഈ നയപ്രഖ്യാപനത്തിലും അത് ആവർത്തിച്ചിരിക്കുകയാണ്. തൊടുപുഴയിൽ നോളജ് സിറ്റി - എവിടെയാണ്; ഗതാഗതക്കുരുക്ക് ഒഴിവാക്കാനുള്ള കേരള സീപ്ലെയിൻ പദ്ധതി എന്തായി; 2013 -ൽ, എയർ ഇന്ത്യയുടെ ചൂഷണത്തിനും വഞ്ചനയ്ക്കും ഇരയാകുന്ന പ്രവാസി മലയാളികളെ സഹായിക്കാനുള്ള എയർ കേരള - അതിന്റെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെല്ലാം മറുപടി പറയണം.

മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എവിടെയാണ് ആരംഭിച്ചത്; എല്ലാ ജില്ലകളിലും വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുമെന്ന് പറഞ്ഞു, വൈറ്റിലയിലല്ലാതെ വേറെ എവിടെയാണ് മൊബിലിറ്റി ഹബ്ബുള്ളത്; ഹൈ സ്പീഡ് റെയിൽവേ കോറിഡോറും തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ പ്രോജക്ടും എന്തായി; യാചക വിമുക്ത കേരളം എന്തായി; നമ്മുടെ റോഡിലെ ഗതാഗത കുരുക്കിന് പരിഹാരം എന്ന നിലയിൽ ചരക്ക് നീക്കത്തിന് തിരദേശ കപ്പൽ ഗതാഗത പദ്ധതി തുടങ്ങുമെന്ന് പറഞ്ഞത് എവിടെയാണ്; ഉൾനാടൻ ജലഗതാഗത പദ്ധതി എവിടെപ്പോയി; അഴിക്കോടും ബേപ്പൂരും ഉൾപ്പെടെ കേരളത്തിലെ പ്രധാനപ്പെട്ട ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുമെന്ന് പറഞ്ഞിട്ട് എന്തായി; അതുപോലെ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുമെന്ന് പറയുന്നു. കയർ തൊഴിലാളികൾ കയറിൽ ജീവിതം അവസാനിപ്പിക്കേണ്ട ഗതികേടല്ലേ ഇന്നുള്ളത്? ഈ നയപ്രഖ്യാപനത്തിൽ വൈദ്യുതി മേഖലയെക്കുറിച്ച് പറയുന്നു. 2012-ൽ പറഞ്ഞ ചീമേനിയിലെ വൈദ്യുത പദ്ധതി എവിടെ; പെട്രോനെറ്റ് വൈദ്യുത പദ്ധതി - എന്തായി; വൈതരണിയിലെ കൽക്കരി വൈദ്യുത പദ്ധതി, 2012-ലെ എമർജിംഗ് കേരള - പ്രതികരണം അഭൂതപൂർവ്വം എന്നാണ് നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞത് - ഇതെല്ലാം എന്തായി?

നയപ്രഖ്യാപനത്തിൽ പറഞ്ഞത് എമർജിംഗ് കേരള, പിന്നീട് പറയുന്ന നിക്ഷേപസംഗമം, ഇപ്പോൾ പറയുന്ന മേക്കിംഗ് കേരള. 2014-ൽ പറഞ്ഞത് പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ നേടുന്ന ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയോ രണ്ടര ഏക്കറിൽ താഴെ നെൽകൃഷിയോ ഉള്ള ചെറുകിട കർഷകരുടെയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബത്തിലേയും പെൺകുട്ടികൾക്ക് ലാപ്ടോപ്പ് സൗജന്യം - ഏത് കുട്ടിക്കാണ് ലാപ്ടോപ്പ് കൊടുത്തത്? ലോകസഭാ തെരഞ്ഞെടുപ്പിനുശേഷം മിഷൻ 676 എന്തായി; വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ പറ്റിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. ഈ സർക്കാരിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടോ; ഉണ്ടെങ്കിൽ ഇക്കഴിഞ്ഞ നാല് വർഷം നയപ്രഖ്യാപനത്തിലുംമറ്റും പറഞ്ഞ വാഗ്ദാനങ്ങളും പ്രഖ്യാപിച്ച പദ്ധതികളും സംബന്ധിച്ച് ഒരു സോഷ്യൽ ആഡിറ്റ് നടത്താൻ ഈ ഗവൺമെന്റിനെ ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ വെല്ലുവിളി സ്വീകരിക്കുമോ; ഒരു സോഷ്യൽ ഓഡിറ്റ് നടത്താൻ മുഖ്യമന്ത്രി തയ്യാറാകുമോ? ആദ്യത്തെ നയപ്രഖ്യാപനത്തിൽ ഇന്ത്യയിൽ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയിൽ പത്ത് ശതമാനം കേരളത്തിലാണെന്നു പറഞ്ഞു, അത് പരിഹരിക്കാൻ എന്തുചെയ്തു; എമർജിംഗ് കേരള നടത്തി MoU ഒപ്പുവച്ചതിനെക്കുറിച്ച് ഈ നിയമസഭയിൽ ബഹു.

വ്യവസായ വകുപ്പുമന്ത്രിയും ബഹുമാന്യനായ മുഖ്യമന്ത്രിയും പറഞ്ഞു. അങ്ങനെ ഒപ്പുവച്ച MoU-വിൽ എത്ര പദ്ധതികൾ ഈ കേരളത്തിൽ ആരംഭിച്ചു; 2014-ലെ നിക്ഷേപ സംഗമത്തിന്റെ ഭാഗമായി എത്ര പദ്ധതികൾ കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞു; കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 10 പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു. ആ പത്ത് പൊതുമേഖലാസ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; കേരളത്തിൽ തൊഴിലിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെന്റിന്കഴിഞ്ഞോ; ഇവിടെ ആരെങ്കിലും മുതൽമുടക്കാൻ വരുമോ; വ്യവസായം വേണമെങ്കിൽ വ്യവസായത്തിന്റെ മുൻ ഉപാധിയെന്ന നിലയിൽ വൈദ്യുതി വേണം. ഈ നയപ്രഖ്യാപനത്തിൽ വൈദ്യുതിയെക്കുറിച്ച് എന്താണ് പറയുന്നത്; അതിനെക്കുറിച്ച് കാര്യമായൊന്നും പറയുന്നില്ല. പക്ഷേ അഗളിയിലെ ഒരു ചെറുകിട ഒരു പദ്ധതിയെക്കുറിച്ച് പറയുന്നു. കേന്ദ്ര ഹൈഡ്രോ പവർ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയാരംഭിക്കുമെന്ന് പറഞ്ഞു. മെഗാപദ്ധതികളില്ല. വൈദ്യുതിയില്ലാത്തൊരു നാട്ടിൽ ആരാണ് ആത്മവിശ്വാസത്തോടെ നിക്ഷേപമിറക്കാൻ വരുന്നത്; ഇതാണ് നമ്മുടെ കേരളത്തിന്റെ സ്ഥിതി. വാഗ്ദാനങ്ങളുടെ കാര്യത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി മാവേലിയെപ്പോലെയും നടപ്പിലാക്കുന്ന കാര്യത്തിൽ വാമനനെപ്പോലെയുമാണെന്ന്

പറയാതിരിക്കാൻ കഴിയില്ല. ഇവിടെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ ഒരു നടപടിയും സ്വീകരിക്കാത്ത ഈ സർക്കാർ ഇപ്പോൾ പെൻഷൻ പ്രായം ഉയർത്താൻ പോകുന്നുവെന്നാണ് പറയുന്നത്. കഴിഞ്ഞ ഒക്ടോബർ മാസം തിരുവനന്തപുരത്ത് യുവജന സംഘടനകൾ ശക്തമായ സമരം ആരംഭിച്ചു. ആ സമരത്തിന്റെ ഭാഗമായി മുഖ്യമന്ത്രി ഞങ്ങളെ വിളിച്ച് ഒരു ധാരണയുണ്ടാക്കി. ബഹുമാന്യരായ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും പെൻഷൻ പ്രായം ഉയർത്തില്ലായെന്ന് പറഞ്ഞു. എന്നാൽ പെൻഷൻ പ്രായം ഉയർത്താൻ പോകുന്നുവെന്ന് ഇപ്പോൾ മാധ്യമങ്ങളിൽ വരുന്നു. അതുപോലെ ഭരണപക്ഷ അനുകൂല സർവ്വീസ് സംഘടനകളും പറയുകയാണ് പെൻഷൻ പ്രായം ഇത്തവണ ഉയർത്തുമെന്ന്. ഇക്കാര്യത്തിൽ കേരളത്തിലെ യുവജനങ്ങൾ ആശങ്കയിലാണ്. പെൻഷൻ പ്രായം ഉയർത്തില്ലെന്നു പറയാൻ കേരളത്തിലെ ഗവൺമെന്റ് ആർജ്ജവം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമന നിരോധനം ഇല്ലെന്നുപറഞ്ഞു. ഈ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇവിടെ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നു. അതിന് മറുപടിയായി ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് 2014 ഡിസംബറിൽ, വരുന്ന മേയ് മാസം വരെയുള്ള 5 മാസക്കാലത്തെ ഒഴിവുകൾ മുൻകൂട്ടി കണ്ട് റിപ്പോർട്ട് ചെയ്യാൻ സംവിധാനമുണ്ടാക്കുമെന്നാണ്.

എന്നാൽ ഇവിടെ നിയമനം നടക്കുന്നില്ല. 2013-ൽ നടന്ന നിയമനത്തിന്റെ കണക്ക് എടുത്തുനോക്കിയാൽ 39183 ആണ്. 2014-ൽ നടന്ന നിയമനം 28270 ആണ്. 10913 നിയമനങ്ങൾ 2014-ൽ കുറവാണ്. ഇവിടെ നിയമന നിരോധനം ഇല്ലെങ്കിൽ എന്തുകൊണ്ട് പതിനായിരത്തോളംവരുന്ന കുറവ് സംഭവിച്ചു; ഒരോ മേഖലയിലും നിയമനം നടക്കുന്നില്ല. സർവ്വകലാശാല നിയമനം പി.എസ്.സി-ക്ക് വിട്ടു. എന്നാൽ 4 വർഷം കഴിഞ്ഞിട്ടും അതിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ; കേരളത്തിലെ സർവ്വകലാശാലകളിൽ അനദ്ധ്യാപക മേഖലയിൽ 3500 ഒഴിവുകളുണ്ട്. അവ പി.എസ്.സി-ക്ക് വിട്ട തീരുമാനം ത്വരിതപ്പെടുത്തി കേരളത്തിനകത്ത് നിയമനം നടത്താൻ ഈ സർക്കാർ തയ്യാറാകുമോ; ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ ദേവസ്വം ബോർഡ് നിയമനം പി.എസ്.സി-ക്ക് വിട്ടു. എന്നാൽ ഇപ്പോൾ എന്താണ് സ്ഥിതി; അവിടെ പി.എസ്.സി. വഴി നിയമനം നടക്കുന്നില്ല. അവിടെ നടക്കുന്നത് പിൻവാതിൽ നിയമനമാണ്. ഇതാണ് കേരളത്തിന്റെ അവസ്ഥ. ഇവിടെയൊരു വ്യവസായ വകുപ്പുണ്ടോ; വ്യവസായ വകുപ്പ് ഉറങ്ങിക്കിടക്കുകയല്ലേ; ഇടയ്ക്കിടയ്ക്ക് ഉറക്കത്തിൽനിന്ന് ഞെട്ടിയുണരുമ്പോൾ പറയും - 'എമർജിംഗ് കേരള, നിക്ഷേപസംഗമം, മേക്ക് ഇൻ കേരള...' കേരളത്തിൽ നാല് വർഷമായി വ്യവസായ

വകുപ്പിന്റെ ബാലൻസ് ഷീറ്റ് എന്താണ്; എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ; ചില ആളുകൾ ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നു. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ നമ്മുടെ രാജ്യത്തിന് ദുരിതം വിതയ്ക്കുന്ന, രാജ്യത്തിന്റെ മതനിരപേക്ഷതയ്ക്ക് കടുത്ത വെല്ലുവിളിയുയർത്തുന്ന, രാജ്യത്തെ കോപ്പറേറ്റുകൾക്ക് തീറെഴുതി കൊടുക്കുന്ന, കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഭൂമി ഏറ്റെടുക്കൽ വ്യവസ്ഥയിലെ ജനപക്ഷ വ്യവസ്ഥകൾ മുഴുവൻ ഇല്ലാതാക്കുന്ന, നമ്മുടെ രാജ്യത്തെ സാധാരണക്കാരായ ജനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിക്കുന്ന ഒരു സർക്കാർ കേന്ദ്രം ഭരിക്കുന്നു. ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ഗവർണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ കേന്ദ്രനയങ്ങൾക്കെതിരെ ഒരു വാക്ക് ഉണ്ടോ; എന്തുകൊണ്ട്? ഇവിടെ മഹാനായ ജവഹർലാൽ നെഹ്റുവിനെ ചിത്രവധം ചെയ്യുന്നു; ഗോഡ്സേയുടെ പ്രതിമ സ്ഥാപിക്കുന്നു; ഗോഡ്സെയക്കുറിച്ച് സിനിമ ഇറങ്ങുന്നു, അതുപോലെ ചരിത്രം വളച്ചൊടിക്കുന്നു, വിദ്യാഭ്യാസം വർഗ്ഗീയവത്ക്കരിക്കുന്നു, ജനങ്ങളുടെ ഭക്ഷണ രീതിയിൽപോലും ഭരണകൂടം കൈകടത്തുന്നു. ഫാസിസ്റ്റ് കൈയേറ്റം ഇവിടെ നടത്തുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിനെ വിമർശിക്കാൻ സംസ്ഥാന സർക്കാരിന് ധൈര്യമുണ്ടോ; റെയിൽവേ ഭൂപടത്തിൽ

കേരളമുണ്ടോ; പൂർണ്ണമായും നിഷ്ക്കാസനം ചെയ്യപ്പെട്ടു. കേന്ദ്ര ബഡ്ജറ്റ് വന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് കേരളത്തിന് തീർത്തും അവഗണന എന്നല്ലേ; കേന്ദ്രഗവൺമെന്റിന്റെ സഹായമില്ലാതെ ഒരു സംസ്ഥാന ഗവൺമെന്റിന് എങ്ങനെ പോകാൻ കഴിയും; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാടിനെ വിമർശിക്കാനുള്ള ഒരു വരി ഈ നയപ്രഖ്യാപന പ്രസംഗത്തിൽ എഴുതിവയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; ഇവിടെ ഉമ്മൻചാണ്ടി സർക്കാരിന് മോദി പ്രണയമാണ്. ഈ മോദി പ്രണയം മതേതര വാദികളായ കേരളത്തിലെ ജനങ്ങളിൽ കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. പോലീസിൽ ഒരു ആർ.എസ്.എസ്. വിംഗ് പ്രവർത്തിക്കുകയാണ്. ആർ.എസ്.എസ്.-കാർക്ക് എതിരായ കേസിൽ പോലീസ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്. ഒരു അനങ്ങാപ്പാറ നയം ഇവിടെ സ്വീകരിക്കുകയാണ്. കേരളത്തിലെ പല പോലീസ് സ്റ്റേഷനുകളിലും ആർ.എസ്.എസ്. ആണ് ഭരിക്കുന്നത്. സി.പി.എം-കാർ വർഗ്ഗീയവാദികളാൽ കൊലചെയ്യപ്പെട്ടാൽ  ഒരു തെരുവുപട്ടിയുടെ വിലപോലും കല്പിക്കാൻ ഈ സർക്കാർ തയ്യാറുണ്ടോ; മറിച്ച് ഒരു ആർ.എസ്.എസ്-കാരൻ ഒരു പരാതി കൊടുത്താൽ അതിന്റെ പേരിൽ പ്രത്യേക അന്വേഷണം. ആർക്ക് എതിരായാണോ പരാതി കൊടുത്തത് അവന്റെ വീട് വളയുകയും ഒരു അന്താരാഷ്ട്ര കുറ്റവാളിയെപ്പോലെ

രാത്രിയിൽ വാതിൽ തല്ലിപ്പൊളിച്ച് ഉറക്കപ്പായയിൽനിന്ന് പിടിച്ചുകൊണ്ടുപോവുകയും ചെയ്യുന്നു. ഇതല്ലേ ഈ കേരളത്തിൽ നടക്കുന്നത്; ഇവിടെ ആർ.എസ്.എസ്-കാരന്റെ കേസ് പിൻവലിക്കുന്നു. ആർ.എസ്.എസ്-കാർ എം.ജി. കോളേജിൽ കയറി അദ്ധ്യാപകർക്കെതിരെ അക്രമം അഴിച്ചുവിട്ടു. അദ്ധ്യാപകരെ രക്ഷിക്കാൻ സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസെത്തി. ആ പൊലീസുകാർക്കുനേരെ വരാന്തയിൽനിന്ന് ബോംബ് വലിച്ചെറിഞ്ഞു. സി.ഐ.-യുടെ വലത് കാൽ അറ്റുപോയി. 10 വർഷമായിട്ടും ആ സി.ഐ.-യ്ക്ക് ഇപ്പോഴും ജോലി ചെയ്യാനോ എഴുന്നേറ്റ് നടക്കാനോ കഴിയുന്നില്ല. ആ കേസാണ് 32 ആർ.എസ്.എസ്-കാർ പ്രതിയായ കേസ്. അതിൽ ഒരാൾക്ക് പോലീസിൽ ജോലികിട്ടിയെന്നുപറഞ്ഞ് ശ്രീ. പാലോട് രവി ഒരു കത്ത് കൊടുത്തു. ആ കത്തിന്റെ പേരിൽ ഒരാൾക്കുവേണ്ടി 32 ക്രിമിനലുകളുടേയും കേസ് ഈ പോലീസ് പിൻവലിച്ചില്ലേ; ആർ.എസ്.എസ്.-കാരോ കുമ്മനം രാജശേഖരനോ ആര് പരാതി കൊടുത്താലും അക്കാര്യത്തിൽ മുഖ്യമന്ത്രി ഒപ്പിടുകയാണ്. ഇവിടെ ആരാണ് ഭരിക്കുന്നത്; കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ ഹൈ കമാന്റ് ആരാണ്; ശ്രീമതി സോണിയാ ഗാന്ധിയാണോ ശ്രീ. നരേന്ദ്രമോദിയാണോ; പ്രവീൺ തൊഗാഡിയയുടെ കേസ് ഇവിടെ പിൻവലിക്കുന്നു. സ്വാർത്ഥ

താല്പര്യത്തിനുവേണ്ടി കോൺഗ്രസ് കവാത്ത് മറക്കും. പക്ഷേ മുസ്ലിം ലീഗ് മാപ്പ് സാക്ഷിയായി ഇത് കണ്ടിരിക്കരുത് എന്നു മാത്രമാണ് നിങ്ങളോട് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. ഇതിന് വലിയ വിലകൊടുക്കേണ്ടിവരുമെന്ന് ഓർമ്മപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ ഒരു മാസക്കാലം ജാഥ നടത്തിയില്ലേ; എവിടെയെങ്കിലും കേന്ദ്ര നയത്തെക്കുറിച്ച് വിമർശിച്ചോ; മോദി സർക്കാരിന്റെ വർഗ്ഗീയ നീക്കത്തെ വിമർശിക്കാൻ നിങ്ങൾ തയ്യാറായോ; ആരെങ്കിലും കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ അപകടത്തെക്കുറിച്ച് പറയാൻ തയ്യാറാകുന്നുണ്ടോ; ഈ മൗനം വാചാലമാണ്. ഇവിടെ ചില ധാരണകൾ ഉണ്ടായിരിക്കുകയാണ്. ഇത് മതേതര കേരളത്തിന്, ഈ നാടിന് അപകടകരമാണ്. ഇത് തിരിച്ചറിയാൻ മതേതരവാദികളായ കോൺഗ്രസുകാർ തയ്യാറാകണം, മുസ്ലീംലിഗ് തയ്യാറാകണം എന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ നന്ദിപ്രമേയത്തെ ഒന്നുകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഗവർണറുടെ നന്ദി പ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് ഈ സർക്കാരിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഒരു സോഷ്യൽ ഓഡിറ്റ് വേണമെന്ന്

പറഞ്ഞു. ഇപ്പോൾ മൂന്ന് ഓഡിറ്റുകൾ കഴിഞ്ഞു. ആദ്യത്തെ ഓഡിറ്റ് നടന്നത് പിറവത്താണ്. ഉമ്മൻചാണ്ടി ഗവൺമെന്റ് നന്നായി പ്രവർത്തിക്കുന്നുവെന്ന് ആ ഓഡിറ്റിൽ ജനം പറഞ്ഞു. രണ്ടാമത്തെ ഓഡിറ്റ് നെയ്യാറ്റിൻകരയിൽ നടന്നു. എൽ.ഡി.എഫ്. ജയിച്ചിടത്ത് യു.ഡി.എഫ്. ആറായിരം വോട്ടിന് ജയിച്ചു. അവിടെയും ജനം പറഞ്ഞു ഭരണം കൊള്ളാം. കഴിഞ്ഞ വർഷം പാർലമെന്റിലേയ്ക്ക് ഇലക്ഷൻ നടന്നു. അതും ഒരു സോഷ്യൽ ഓഡിറ്റാണ്. നാലു സീറ്റുപോലും യു.ഡി.എഫ്.-ന് കിട്ടില്ലായെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അന്ന് പറഞ്ഞു. എന്നാൽ യു.ഡി.എഫ്. 12 സീറ്റ് ജയിച്ചു എന്നുമാത്രമല്ല മുമ്പ് നിങ്ങൾ ജയിച്ച രണ്ട് സീറ്റ് ഞങ്ങൾക്ക് കിട്ടുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്നിട്ടുള്ള എല്ലാ തെരഞ്ഞെടുപ്പിലും യു.ഡി.എഫ്. ജയിച്ചിട്ടുണ്ട്. ഇനി അരുവിക്കര ഉപതെരഞ്ഞെടുപ്പ് വരുന്നു. അതുകഴിഞ്ഞാൽ പഞ്ചായത്ത് ഇലക്ഷൻ വരുന്നു. അവിടെയും നമുക്ക് ഓഡിറ്റ് നടത്താം. പക്ഷെ ആ ജനവിധിയെപ്പോലും അംഗീകരിക്കാതെയാണ് നിങ്ങൾ ഇപ്പോഴും സമരങ്ങൾ നടത്തുന്നത്. 13-ാം തീയതി ബഡ്ജറ്റ് അവതരിപ്പിക്കാൻ നിങ്ങളിവിടെ മാണി സാറിനെ അനുവദിക്കില്ല എന്നു പറയുന്നു, നിങ്ങളിവിടെ വളയുമെന്ന് പറയുന്നു. പക്ഷെ നിങ്ങളേക്കാൾ മുമ്പ് വളയാൻ ഒരുകൂട്ടർ ഇവിടെ എത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു - യുവമോർച്ചക്കാർ.

നിങ്ങൾ ഒരുമിച്ചാണോ വളയാൻ പോകുന്നത്? നിങ്ങൾ ബി.ജെ.പി.യെ എതിർക്കുമെന്ന് പറയുമ്പോൾ, നിങ്ങളേക്കാൾ ശക്തമായി ബി.ജെ.പി. ഈ ഗവൺമെന്റിനെ എതിർക്കുന്നു. ബി.ജെ.പി.യോടൊപ്പം നിങ്ങളും ഈ സർക്കാരിനെ എതിർക്കുന്നു. അപ്പോൾ ആരാണ് ഐക്യത്തിൽ വരാൻ പോകുന്നത്? നിങ്ങൾ വ്യക്തമാക്കണം. 13-ാം തീയതി നിയമസഭ വളയുമെന്നും മാണി സാറിനെക്കൊണ്ട് ബഡ്ജറ്റ് അവതരിപ്പിക്കില്ല എന്നും പറഞ്ഞുകൊണ്ട് നിങ്ങൾ ബി.ജെ.പി.യോട് കൂടുമോ? അതറിയാനുള്ള ആഗ്രഹം ഞങ്ങൾക്കുണ്ട്, നിങ്ങൾ വ്യക്തമാക്കുമെന്ന് വിശ്വസിക്കുകയാണ്. ഇവിടെ ഈ ഗവൺമെന്റിനെ എതിർക്കുന്ന അപ്പുറത്തുള്ള നേതാക്കൾ ചെയ്യുന്നതെന്താണ്? പാർട്ടികൾക്കു വേണ്ടാത്ത, പാർട്ടികൾ അനഭിമതരായി പ്രഖ്യാപിച്ചിരിക്കുന്ന നേതാക്കളാണ് അപ്പുറത്തിരിക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ നിന്നും ഇറങ്ങി പോന്നയാളാണ്, അദ്ദേഹമാണ് പ്രതിപക്ഷ നേതാവ്. ശ്രീ. സി. ദിവാകരൻ എം.എൽ.എ. എനിക്കേറ്റവും ഇഷ്ടമുള്ളയാളാണ്. ഞാൻ ഇത്തവണത്തെ സി. പി. ഐ.യുടെ സംസ്ഥാനസമ്മേളനത്തിന്റെ പരിപാടി ടി.വി.യിൽ കണ്ടു. വേദിയിൽ നോക്കിയപ്പോൾ അദ്ദേഹത്തെ കാണാനില്ല. പിന്നീട് ഇടയ്ക്ക് നോക്കിയപ്പോൾ അദ്ദേഹം പുറകിൽ മൂന്നാമത്തെ സീറ്റിൽ പോയിരിക്കുന്നതാണ് കണ്ടത്. അപ്പോൾ

നിങ്ങളുടെ സ്ഥിതി എന്താണ്; ഈ രണ്ടു പേരും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതാക്കളല്ലേ? കമ്മ്യൂണിസ്റ്റ് പാർട്ടികൾ നിയമസഭയിലെ അവരുടെ നേതാക്കന്മാരിൽ വിശ്വാസമില്ലെന്ന് പ്രഖ്യാപിച്ചവരല്ലേ? അങ്ങനെയുള്ളവർ നയിക്കുന്ന ഒരു പ്രതിപക്ഷമാണ് അപ്പുറത്തിരിക്കുന്നത്. ഞാനൊന്നു ചോദിക്കട്ടെ, ഈ സർക്കാർ ചെയ്ത കാര്യങ്ങൾ മാത്രമല്ലേ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളൂ? തീരദേശത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ......, നാലായിരം വീടുകൾ പൂർത്തിയാക്കിയ ഗവൺമെന്റാണ് ഇത്. ഇപ്പോൾ ആറായിരം വീടുകൾ പണിതുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷംകൊണ്ട് കൊടുത്ത വീടുകളുടെ അത്രയുംതന്നെ ഈ മൂന്ന് വർഷംകൊണ്ട് യു.ഡി.എഫ്. കൊടുത്തു കഴിഞ്ഞിരിക്കുന്നു. വീട് വയ്ക്കാൻ എൽ.ഡി.എഫ്. നൽകിയത് അമ്പതിനായിരം രൂപ ആയിരുന്നെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് രണ്ടു ലക്ഷം രൂപ വീതമാണ് നൽകുന്നത്. വീണ്ടും പുതിയ പദ്ധതി വരുന്നു. പതിനായിരം വീടുകൾ കൊടുക്കാനുള്ള പദ്ധതിയാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. ശ്രീ. എ. എം. ആരിഫിന്റെ കടപ്പുറം ഏരിയയിൽ മുഴുവൻ വീട് പണിതുകൊണ്ടിരിക്കുകയാണ്. അവിടെ ആരിഫിന്റെ ഫോട്ടോ ഇഷ്ടം പോലെ വച്ചിട്ടുണ്ടല്ലോ; ഞാൻ അരൂർ വഴി സ്ഥിരമായി പോകുന്ന ആളാണ്, ആരിഫിന്റെ

പടം കാണാതെ അതിലെ പോകാൻ കഴിയുന്നില്ല. ഈ സർക്കാരിന്റെ കാലത്തുപോലും വികസനത്തിന്റെ പേരിൽ ഏറ്റവുമധികം ഫ്ലക്സ് വയ്ക്കുന്ന ഒരാളാണ് ശ്രീ. എ. എം. ആരിഫ്. ഞാൻ ഈയിടെ എന്റെ സുഹൃത്ത് ശ്രീ. കെ. ദാസൻ എം.എൽ.എ. യുടെ വീട്ടിൽ പോയി. അദ്ദേഹം ചിരിച്ചുകൊണ്ടു നിൽക്കുന്ന മൂന്ന് ഫ്ലക്സുകൾ ഞാൻ കണ്ടു. ഈ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ വികസനമാണ്. നിങ്ങളുടെ മണ്ഡലങ്ങളിലൊക്കെ വികസനത്തിന്റെ പേരിൽ നിങ്ങൾ ഫോട്ടോ വയ്ക്കുന്നില്ലേ? ഞാൻ കൊട്ടാരക്കരയിൽ പോയപ്പോൾ കൊട്ടാരക്കരയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങളുടെ പേരിൽ അവിടത്തെ മെമ്പറുടെ ഫോട്ടോ കണ്ടു. ഞാൻ പറഞ്ഞുവരുന്നത്, നിങ്ങൾ നാട്ടിൽ വികസനം ഇല്ലായെന്ന് പറയുമ്പോഴും നിങ്ങളുടെ ഓരോരുത്തരുടെയും മണ്ഡലത്തിലും നിങ്ങൾ നടത്തിയ വികസനത്തിന്റെ പേരിൽ ഫ്ലക്സ് വയ്ക്കുന്നില്ലേ; അത് ഈ ഗവൺമെന്റ് നൽകിയ വികസനമല്ലേ? എം.എൽ.എ. മാർക്കുള്ള 5 കോടി രൂപയുടെ ആസ്തി വികസന ഫണ്ട് മാണി സാറിന്റെ പ്രഖ്യാപനമായിരുന്നില്ലേ; എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എം.എൽ.എ. ഫണ്ട് ഒരു കോടി രൂപ മാത്രമല്ലേ ഉണ്ടായിരുന്നുള്ളൂ; ആസ്തി വികസന ഫണ്ട് അഞ്ചു കോടി രൂപയാക്കി തന്ന ഗവൺമെന്റല്ലേ ഇത്? എന്നിട്ടും നിങ്ങൾ പറയുന്നു വികസനമില്ലായെന്ന്. ദേശീയ ഗെയിംസ് അഴിമതിയെക്കുറിച്ചൊക്കെ ഇവിടെ

പറഞ്ഞു. ശ്രീ. വി. ശിവൻകുട്ടി ഇവിടത്തെ ഡി.എഫ്.എ. യുടെ പ്രസിഡന്റല്ലേ; ഒരു ഫുട്ബോൾ ടൂർണമെന്റ് എങ്ങനെ നടക്കുന്നുവെന്നും അതിൽ ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുന്നതെന്നും ശ്രീ. വി. ശിവൻകുട്ടിക്ക് അറിയാമല്ലോ; ദേശീയ ഗെയിംസിന്റെ കാര്യത്തിൽ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതിനപ്പുറം ഇതിന്റെ നടത്തിപ്പിൽ ഗവൺമെന്റിന് എന്തെങ്കിലും തരത്തിൽ ഇടപെടാൻ കഴിയുമോ? സ്പോർട്സിന്റെ കാര്യത്തിൽ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുകയില്ല. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും അവരുമായി ബന്ധപ്പെട്ട ഡയറക്ടറേറ്റും ചെയ്യേണ്ട കാര്യങ്ങൾ മുഴുവൻ സർക്കാരിന്റെ ചുമലിൽകെട്ടിവച്ച് ശ്രീ. വി. ശിവൻകുട്ടി കേസിന് പോയി. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും ഉണ്ടോയെന്ന് സി.ബി.ഐ. യോട് അന്വേഷിക്കാൻ ഹൈക്കോടതി പറഞ്ഞു. ശ്രീ. വി. ശിവൻകുട്ടി അതിന്റെ കൂടെ സ്പോർട്സ് മന്ത്രിയെയും മുഖ്യമന്ത്രിയെയും കുറിച്ച് പറഞ്ഞപ്പോൾ അവരെ ഇതുമായി ബന്ധപ്പെടുത്തേണ്ട കാര്യമില്ലായെന്നാണ് ഹൈക്കോടതി പറഞ്ഞത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട കോടതിയുടെ ഉത്തരവിന് വിരുദ്ധമായി പറയുന്നത് ശരിയല്ല. നാഷണൽ ഗെയിംസിന് ചെലവ് കണക്കാക്കിയിരുന്നത് 611 കോടി

രൂപയാണ്. അതിൽ 111 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെയും 500 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെയുമാണ്. 111 കോടി രൂപയുടെ അഴിമതി സംബന്ധിച്ച് സി.ബി. ഐ. അന്വേഷണം നടത്താൻ തീരുമാനിച്ചതായി എനിക്ക് രേഖാമൂലം തന്നെ എഴുതി നൽകിയിട്ടുണ്ട്. 500 കോടി രൂപയിൽ 120 കോടി രൂപയുടെ അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ടാണ് ഹൈക്കോടതിയിൽ ഞാൻ റിട്ട് സമർപ്പിച്ചത്. കോടതി അത് അംഗീകരിച്ച് പ്രാരംഭ അന്വേഷണം നടത്തുകയും 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകുകയും ചെയ്തു. തൽക്കാലം ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും നോട്ടീസ് നൽകേണ്ടായെന്ന് തീരുമാനിച്ചു. അതാണ് കോടതിയുടെ തീരുമാനം. അത് മറച്ചുവച്ചുകൊണ്ടാണ് ഇവിടെ സംസാരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതുസംബന്ധിച്ച് ഒരു കോടതിയും ഒരു ഫൈന്റിംഗ്സും കൊണ്ടുവന്നിട്ടില്ല. ഒരു പരാതി കൊടുത്തു, ആ പരാതി അന്വേഷിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇപ്പോൾ കാര്യം മനസ്സിലായല്ലോ. ശ്രീ. വി. ശിവൻകുട്ടി ഇങ്ങനെ കേസുമായി നടക്കരുത്. പ്രതിപക്ഷനേതാവ് സുപ്രീം കോടതി വരെ പോയി. അവസാനം കോടതി അത് തള്ളിക്കളഞ്ഞു. നിങ്ങളുടെ ഒരു സ്ഥിരം പരിപാടിയാണ് ഇത്. ഇല്ലാത്ത ആരോപണവുമായി കോടതികളിലേയ്ക്ക്

പോകുകയാണ്. കോടതി അത് തള്ളിക്കളയുകയാണ്. ചില എം.എൽ.എ. മാരുടെ കാര്യം നേരത്തെ പറഞ്ഞു. പത്രങ്ങളിലൊക്കെ ഫോട്ടോ വന്നില്ലേ; തൃശ്ശൂർ ഉദ്ഘാടനത്തെ കുറിച്ച് ആരും പറഞ്ഞില്ലല്ലോ? അതിൽ രണ്ടു പേരുടെ ഫോട്ടോയാണ് ഉണ്ടായിരുന്നത്. ആരെങ്കിലും എന്തിനെങ്കിലുമൊക്കെ വിളിക്കുമ്പോൾ എം.എൽ.എ. മാർക്ക് അവിടെ പോകേണ്ടി വരും. പല സന്ദർഭങ്ങളിലും കൂടെ നിന്ന് ഫോട്ടോ എടുക്കും. അത് രാഷ്ട്രീയ ആയുധമാക്കി നിയമസഭയിൽ വന്ന് ഇത്രയും പറയേണ്ട ആവശ്യമുണ്ടോ? എയർപോർട്ടിൽ പോകുമ്പോൾ ആരുടെയങ്കിലുമൊക്കെ കൂടെനിന്ന് ഫോട്ടോ എടുക്കാറില്ലേ; അയാൾ അത് അത് ഫെയിസ് ബുക്കിൽ ഇടും. പിന്നീട് അയാൾ എന്തിനെങ്കിലും പിടിക്കപ്പെട്ടാൽ ആ എം.എൽ.എ.-യുടെ കൂടെനിന്ന് ഫോട്ടോ എടുത്തുവെന്ന് പറഞ്ഞ് ആരോപണം ഉന്നയിക്കുന്നത് ശരിയാണോ; പ്രതിപക്ഷം ആലോചിക്കേണ്ട കാര്യമല്ലേ ?

കൊച്ചി മെട്രോ സംബന്ധിച്ച് എത്രയോ ചർച്ചകൾ നടന്നതാണ്. ഈ വരുന്ന ഡിസംബറിൽ കൊച്ചിയിൽ മെട്രോ ട്രെയിനിന്റെ ബോഗി എത്തുകയാണ്. അവിടം വരെ എത്തി കാര്യങ്ങൾ. കണ്ണൂർ എയർപോർട്ടിൽ ഈ വർഷം വിമാനം ഇറങ്ങുകയാണ്. ഈ ഗവൺമെന്റ് അടിസ്ഥാനപരമായ വികസന പ്രവർത്തനങ്ങൾ

നടത്തി മുന്നോട്ട് പോകുകയാണ്. അതുകൊണ്ടു തന്നെ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ മാത്രമാണ് പറഞ്ഞിട്ടുള്ളത്. തീരദേശത്തെ ബാധിക്കുന്ന വലിയൊരു പ്രശ്നമാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടും **സേത്ത് റാവു** ചെയർമാനായുള്ള ഒരു കമ്മിറ്റി റിപ്പോർട്ടും. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് വലിയ അപകടമാണ്. അതുകൊണ്ടുതന്നെ അതിനെതിരായി കോൺഗ്രസ് നേതൃത്വത്തിൽ എം.എൽ.എ. മാർ അടക്കം ഫിഷർമെൻ കോൺഗ്രസ് 16-ാം തീയതി ഇന്ത്യൻ പാർലമെന്റിലേയ്ക്ക് മാർച്ച് നടത്തുകയാണ്. കേരളത്തിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളും അതിൽ പങ്കെടുക്കുന്നുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: മീനാകുമാരി കമ്മിഷൻ റിപ്പോർട്ട് വളരെ അപകടകരമായ ഒരു ശിപാർശയാണെന്നുള്ളതിന് ഒരു തർക്കവുമില്ല. എന്നാൽ ഒരു പ്രസക്തമായ ചോദ്യത്തിന് കോൺഗ്രസ്സ് മറുപടി പറയേണ്ടതുണ്ട്. കോൺഗ്രസ്സ് നേതൃത്വത്തിലുള്ള രണ്ടാം യു.പി.എ സർക്കാരാണ് ഡോ. മീനാകുമാരി കമ്മീഷനെ നിയോഗിച്ചതെന്നുമാത്രമല്ല ആ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചതും നിങ്ങളുടെ ഗവൺമെന്റാണ്. അതുകൊണ്ട് മീനാകുമാരി കമ്മീഷന്റെ റിപ്പോർട്ടുകളുടെ ഷേപ്പിംഗ് നടത്തിയതിനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് കോൺഗ്രസ്സ് ഗവൺമെന്റിന് മാറിനിൽക്കാനാകുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: മുരാരി കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയാണ് മീനാകുമാരി കമ്മിറ്റി. പക്ഷേ അന്ന് ഗവൺമെന്റ് വച്ച എല്ലാ ടേംസ് ഓഫ് റഫറൻസും കഴിഞ്ഞ് അതിനപ്പുറത്തേയ്ക്ക് പോയിരിക്കുന്നു. എന്നുമാത്രമല്ല യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഈ റിപ്പോർട്ട് ഞങ്ങൾ റഫർ ചെയ്യാൻ മാറ്റിവച്ചതാണ്, അംഗീകരിച്ചിട്ടില്ല. പക്ഷേ ബി.ജെ.പി.യുടെ കാഴ്ചപ്പാടിൽ അവർക്കനുകൂലമായ കാര്യങ്ങൾ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് നമുക്ക് ഒരുമിച്ച് ഇതിനെ എതിർത്തേ മതിയാകൂ. ഇതിലെ വലിയ അപകടമെന്തെന്നാൽ ഇനി 200 മീറ്ററിനുള്ളിൽ സാധാരണക്കാർ വഞ്ചിയിൽ പോയി മീൻപിടിച്ചാൽ വേണമെങ്കിൽ കേസെടുക്കാം എന്നുള്ളതാണ്. നവംബറിൽ നോട്ടിഫിക്കേഷൻ വന്നിരിക്കുകയാണ്. അത്തരം അപകടം വിളിച്ചുവരുത്തുന്ന ഈ റിപ്പോർട്ടിനെതിരെ നമുക്ക് ഒരുമിച്ച് ഫൈറ്റ് ചെയ്യണ്ടേ; പ്രതിപക്ഷാംഗങ്ങളാരും അതിനെക്കുറിച്ചൊന്നും സംസാരിച്ചില്ലല്ലോ; ഈ സഭയിൽ പറയേണ്ട കാര്യമല്ലേ; തീരദേശത്തുനിന്നും നിരവധി എം.എൽ.എ മാർ ഉള്ളതല്ലേ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: കഴിഞ്ഞ രണ്ട് ദിവസം ഇതിനെ ആസ്പദമാക്കി തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂര് നിരാഹാരസമരം സംഘടിപ്പിച്ചിരുന്നു. യോജിച്ചുള്ള പ്രക്ഷോഭത്തിന് ഞങ്ങൾ തയ്യാറാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: കേരളം മുഴുവൻ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാവരെയും ഈ റിപ്പോർട്ടിനെതിരായി ഉയർത്തിക്കൊണ്ടുവന്നത് ശ്രീ. ടി. എൻ. പ്രതാപനാണ്. സെയ്ദ് റാവു കമ്മിറ്റി റിപ്പോർട്ട് ഇതിനേക്കാൾ അപകടകരമാണ്. കേരളത്തിൽ 45 ദിവസം ട്രോളിംഗ് ബാൻ നടപ്പിലാക്കുമ്പോഴും, ആ സമയത്ത് നാടൻ യാനങ്ങൾക്ക് കടലിൽ പോകാൻ അവകാശമുണ്ടായിരുന്നു. അത് നിർത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. സാധാരണക്കാരായ നാടൻ വഞ്ചിക്കാരെ സഹായിക്കാൻ വേണ്ടിയാണ് ട്രോളിംഗ് ബാൻ കൊണ്ടുവന്നത്. അതുപോലും വേണ്ടെന്ന് വയ്ക്കണമെന്ന രീതിയിലാണ് ജൂലൈയിൽ സെയ്ദ് റാവു കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. ഈ റിപ്പോർട്ടുകൾ വരുന്നത് വലിയ കുത്തകകൾക്കുവേണ്ടിയാണ്. 1996 ന് ശേഷം ഇന്ത്യയിൽ ഒരു ഭാഗത്തും ട്രോളറിന് ലൈസൻസ് കൊടുക്കാൻ പാടില്ലെന്നാണ് മുരാരി കമ്മീഷൻ റിപ്പോർട്ടിലുണ്ടായിരുന്നത്. അതിന് കടകവിരുദ്ധമായിട്ടാണ് മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലുള്ളത്. സംസ്ഥാന ഗവൺമെന്റ് ശക്തിയായി ഇതിനെ എതിർക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ സന്തോഷമുണ്ട്. തീർച്ചയായും ഈ വക കാര്യങ്ങളിൽ ഒരുമിച്ച് നിന്ന് പ്രവർത്തിക്കാൻ നിങ്ങൾ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ജനങ്ങളുടെ അടിത്തറയിൽ തീർത്ത ഗവൺമെന്റാണിത്.

അതുകൊണ്ടുതന്നെ ഈ സർക്കാർ പാറമേൽ തീർത്ത വീടിന് സമാനമാണ്. നിങ്ങൾ മുഖ്യമന്ത്രിക്കെതിരായി എത്രയോ സമരം നടത്തി. അദ്ദേഹത്തിന്റെ കുടുംബത്തെ നിങ്ങൾ വെറുതെ വിട്ടോ; എന്തുകൊണ്ട് അദ്ദേഹം നിലനിൽക്കുന്നു. സാധാരണക്കാരന്റെ കണ്ണീരിന്റെ കവചം അദ്ദേഹത്തിനുണ്ട്. നിങ്ങളിൽ നിന്നുള്ള ഒരമ്പും അദ്ദേഹത്തിന് ഏൽക്കില്ല എന്നതാണ് യാഥാർത്ഥ്യം. എന്തെല്ലാമാണ് നിങ്ങൾ പറഞ്ഞുകൂട്ടിയത്. കേരളത്തിലെ സാധാരണക്കാരന്റെ രോഗത്തിന്, അവന്റെ ബുദ്ധിമുട്ടിൽ ദുഃഖിക്കുന്ന, അവന്റെ കണ്ണീരൊപ്പാൻ മുന്നോട്ടുവരുന്ന അദ്ദേഹത്തിന്റെ ആ പ്രവർത്തികളുടെ പേരിൽ ജനങ്ങളുടെ കണ്ണീരിന്റെ കവചമുണ്ട്. അതുകൊണ്ട് അദ്ദേഹത്തിനെതിരായി നിങ്ങൾ അയയ്ക്കുന്ന ഒരമ്പും അവിടെ ഏൽക്കാൻ പോകുന്നില്ല. പാറമേൽ പണിത കെട്ടിടം പോലെ കൊടുങ്കാറ്റ് അടിച്ചാലും സുനാമി വന്നാലും ഈ യു.ഡി.എഫ്. സർക്കാർ തകരില്ല, അതിന്റെ കപ്പിത്താൻ ശ്രീ. ഉമ്മൻചാണ്ടിയാണ്. ജനങ്ങൾക്കുവേണ്ടി അദ്ദേഹത്തിന്റെ ഈ സർക്കാർ അഞ്ചുവർഷം മുന്നോട്ടുപോകും. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ പ്രഖ്യാപനമെന്നത് കഴിഞ്ഞ കുറേ

വർഷങ്ങളായി നടത്തികൊണ്ടിരിക്കുന്ന പ്രഖ്യാപനങ്ങൾ മാത്രമാണ്. ഇതിൽ പൊതുപ്രശ്നങ്ങളോടെടുത്തിരിക്കുന്ന സമീപനം യഥാർത്ഥത്തിൽ മുഖം തിരിഞ്ഞ് നിൽക്കുക എന്നതാണ്. വിലക്കയറ്റത്തെക്കുറിച്ച് ഇതിൽ കാര്യമായ പരാമർശമില്ലെന്നുമാത്രമല്ല, വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നടപടികളെക്കുറിച്ചും ചൂണ്ടിക്കാണിക്കുന്നില്ല. ഏറെ മന്ത്രിമാർ അഴിമതിയുടെ പേരിൽ വിജിലൻസ് അന്വേഷണമുൾപ്പെടെ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അഴിമതിയെക്കുറിച്ച് സംസാരിക്കാൻ അവകാശമില്ലാത്ത സർക്കാർ അതിനെക്കുറിച്ച് പ്രഖ്യാപനം നടത്തുന്നതിൽ ഒരു കഴമ്പുമില്ല എന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കാർഷിക വിലത്തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്ത്, അത് പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളോ നടപടികളോ ഗവൺമെന്റ് സ്വീകരിക്കുന്നതായി കാണുന്നില്ല. സംഭരിച്ച നെല്ലിന്റെ വില ഇപ്പോഴും കൃത്യമായി നൽകാത്തതുസംബന്ധിച്ച പരാതികൾ ഇപ്പോഴും നിലനിൽക്കുകയാണ് എന്നതാണ് വസ്തുത. ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റബ്ബർ കർഷകർ ദീർഘകാലമായി നടത്തുന്ന പ്രക്ഷോഭത്തെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമെന്നോ തുടർന്നുള്ള നടപടികൾ സ്വീകരിക്കുമെന്നോ

എവിടെയും പറഞ്ഞിട്ടില്ല. കേവലമായ പ്രഖ്യാപനങ്ങൾക്കപ്പുറം പുതിയ വികസന പദ്ധതികളെക്കുറിച്ചുള്ള ഒരു കാര്യവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്പീഡ് കേരള, ഭ്രരഹിത കേരളം, ഗോവർദ്ധിനി, 2013-ലെ യു.എൻ. അവാർഡ് അടക്കമുള്ള പല വിഷയങ്ങളും ആവർത്തിച്ച പറയുന്നുവെന്നല്ലാതെ പുതിയ കാര്യങ്ങളൊന്നുംതന്നെ ഇതിൽ സൂചിപ്പിച്ചിട്ടില്ലെന്നതാണ് ഈ നന്ദിപ്രമേയത്തെ എതിർക്കുന്നതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത്. യുവജനങ്ങൾ, സ്ത്രീകൾ, തൊഴിലാളികൾ, സർക്കാർ ജീവനക്കാർ തുടങ്ങിയവർക്ക് പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒരു പ്രഖ്യാപനവും ഇതിലില്ല. പരമ്പരാഗത വ്യവസായത്തിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ ശക്തമായ രീതിയിൽ സ്വീകരിക്കുമെന്നോ അവർക്ക് രക്ഷ നൽകുമെന്നോ ഉള്ളതിന്റെ ലക്ഷണങ്ങൾ പോലുമില്ല. പ്രഖ്യാപനത്തിന്റെ ആമുഖമായി പറഞ്ഞത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട വിഷയമാണ്. പലരും ഇവിടെ ചൂണ്ടിക്കാണിച്ച വിഷയമായതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നമ്മുടെ കരുത്തരായ കുട്ടികളിലൂടെയും ചെറുപ്പക്കാരിലൂടെയും കായികരംഗത്തെ മികവ് കേരളം തെളിയിച്ചിട്ടുണ്ട് എന്നുള്ളത് നേരാണ്. അവർക്ക് പരിശീലനം നൽകുന്നവർ ഏറ്റവും മികച്ചവരായിരുന്നുവെന്നതും സത്യമാണ്. അതൊക്കെ അംഗീകരിച്ചുകൊണ്ട് തന്നെ

ഇതിന്റെ സംഘാടനത്തിൽ കാണിച്ചിട്ടുള്ള കൊള്ളരുതായ്മകളെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണമുൾപ്പെടെ നടക്കാൻ പോകുന്ന സാഹചര്യത്തിൽ അതിനെ വാഴ്ത്തുന്നുവെന്ന് പറഞ്ഞാൽ ഈ നയപ്രഖ്യാപനത്തിന് ഒരർത്ഥവുമില്ല. 8 മാസമായി മുടങ്ങിക്കിടക്കുന്ന ക്ഷേമ പെൻഷനുകളെക്കുറിച്ച് ഇതിൽ ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. 8 മാസമായി ക്ഷേമപെൻഷനുകൾ വിതരണം ചെയ്തിട്ട്, വിലക്കയറ്റം തടയാൻ ഇതിൽ പദ്ധതിയില്ല, പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ. പുതിയ താലൂക്കുകളെക്കുറിച്ച് പറഞ്ഞു. പുതിയ താലൂക്കുകൾ വന്നുവെന്നത് നേരാണ്. പക്ഷേ അവയിൽ ഏതെങ്കിലുമൊരു താലൂക്കിൽപ്പോലും സപ്ലൈ ഓഫീസോ ജോയിന്റ് ആർ.ടി. ഓഫീസോ അനുബന്ധമായ മറ്റ് താലൂക്ക് ഓഫീസുകളോ ഒന്നും തന്നെ കൊണ്ടുവരാൻ ആവശ്യമായ നടപടി സ്വീകരിച്ചില്ല. നടപ്പാക്കിയ കാര്യങ്ങൾ തുടർച്ചയായി പറയുന്നുവെന്നതിലപ്പുറം ഒരു കാര്യവും നടപ്പാക്കിയിട്ടില്ല. 85 ലക്ഷം ആളുകൾക്ക് റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി അവരെ തീ തീറ്റിക്കുന്ന ജോലിയാണ് ബന്ധപ്പെട്ട വകുപ്പും വകുപ്പുമന്ത്രിയും ചെയ്തിരിക്കുന്നത്. ഇത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. നീണ്ട അപേക്ഷാ ഫോറവും അനുബന്ധമായി കൊടുത്തിട്ടുള്ള മറ്റ് ഒട്ടേറെ കാര്യങ്ങളുമെല്ലാം പൂരിപ്പിച്ചു കൊടുക്കണമെങ്കിൽ സാഹസികമായ കൃത്യം ചെയ്യേണ്ടതുപോലെയാണ് അനുഭവപ്പെട്ടിട്ടുള്ളത്. മറ്റൊരു

പ്രധാനപ്പെട്ട കാര്യം, ഈ ഓഫീസുകൾ താലൂക്കടിസ്ഥാനത്തിൽ അല്ലാതെ വരുമ്പോൾ താലൂക്ക് വന്നതിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ പ്രദേശവാസികൾക്ക് കഴിയാത്ത അവസ്ഥയുണ്ടാകുന്നു. അതുപോലെ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷന്റെ ഉദ്ഘാടനം ഡിസംബർ മാസം 29-ാം തീയതി നിർവ്വഹിച്ചിട്ട് ഏതാണ്ട് മൂന്നുമാസത്തോടടുക്കുന്നു. ഇന്നുവരെ ആ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് പ്രധാനപ്പെട്ട കാര്യം അവിടെ കറണ്ടില്ല, ഫർണിച്ചറില്ല. ഒരു കെട്ടിടം ഉദ്ഘാടനം ചെയ്തു എന്നതിൽക്കവിഞ്ഞ് ഒരു കാര്യവും അവിടെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജനസമ്പർക്ക പരിപാടിയെക്കുറിച്ച് ദീർഘമായി ഇതിൽ പറയുന്നുണ്ട്. ഇനിയും ജനസമ്പർക്ക പരിപാടി നടക്കാൻ പോകുന്നു. അതുമായി ബന്ധപ്പെട്ടുവരുന്ന വാർത്തകളിൽ നിന്നും മനസ്സിലാക്കുന്നത് ലക്ഷക്കണക്കിന് അപേക്ഷകൾ ലഭിച്ചതിൽ പതിനഞ്ചോ ഇരുപതോ ശതമാനം വരുന്ന നാമമാത്രമായ അപേക്ഷകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന നടപടിയിൽക്കവിഞ്ഞ് അവിടെ ലഭ്യമായി മറ്റ് പല അപേക്ഷകളിലും തീരുമാനമെടുക്കാൻ കഴിയുന്നില്ല. ആശുപത്രികളിൽ മരുന്നുവാങ്ങുന്നതിന് മെഡിക്കൽ കോർപ്പറേഷന് ഫണ്ടില്ല എന്നതാണ് നിലവിലെ സ്ഥിതി. സാമ്പത്തികാസൂത്രണം ദയനീയമായി

പരാജയപ്പെട്ടിരിക്കുന്നുവെന്നത് ഈ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. കടം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട വിഷയം കാസർഗോഡ് ജില്ലയിൽ പ്രത്യേകമായി ആരോഗ്യപരിപാലന രംഗത്തേക്ക് ഡോക്ടർമാരെ അയയ്ക്കാൻ ഇരുപതിനായിരം രൂപയുടെ ഇൻസെന്റീവ് പ്രഖ്യാപിച്ചത് ഈ ഗവൺമെന്റാണ്. കഴിഞ്ഞ ആഗസ്റ്റ് മാസത്തിനുശേഷം ഇതുവരെ ആ ഇൻസെന്റീവ് നൽകിയിട്ടില്ല. 210 ഡോക്ടർമാർ വേണ്ടതിൽ 138 ഡോക്ടർമാർ മാത്രമാണുള്ളത്. 72 ഡോക്ടർമാരുടെ കുറവാണുള്ളത്. അങ്ങോട്ട് അയച്ചാൽ പോകാൻ ആരും കൂട്ടാക്കുന്നില്ല. ഉള്ളവർ തന്നെ ഒഴിഞ്ഞുപോകാൻ ശ്രമിക്കുന്നു. ഇരുപതിനായിരം രൂപ കൂടുതൽ ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുള്ള ഗവൺമെന്റ് കഴിഞ്ഞ കുറേ മാസങ്ങളായി അതിൽ നിന്നും പുറകോട്ട് പോകുന്നുവെന്ന കാര്യം സർക്കാർ എന്തിനാണ് മറച്ചുപിടിക്കുന്നത്; അത്തരം കാര്യങ്ങളൊന്നും പറയാൻ സർക്കാർ തയ്യാറാകുന്നില്ല. 2013 ആഗസ്റ്റ് മാസത്തിനുശേഷം അവർക്ക് കാശ് ലഭിച്ചിട്ടില്ല. അതിന്റെ തുടർന്നുള്ള നടപടികൾ എന്താണെന്ന് സർക്കാർ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. മെഡിക്കൽ കോളേജുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന് തറക്കല്ലിടുക എന്ന കർമ്മത്തിൽക്കവിഞ്ഞ്

മറ്റൊരു കാര്യവും കൂടുതലായി ചെയ്യാൻ കൂട്ടാക്കിയിട്ടില്ല. ഭരണപക്ഷ എം.എൽ.എ.മാരും കാസർഗോഡ് ജില്ലയിലെ എം.എൽ.എ.മാരും സർവ്വകക്ഷികളുമായി ചേർന്നുകൊണ്ട് ഇതിനെതിരായി പ്രവർത്തനം ആരംഭിക്കാത്തതിൽ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് വലിയ പ്രക്ഷോഭത്തിന്റെ പാതയിലാണ്. പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്ന മെഡിക്കൽ കോളേജുകൊണ്ട് എൻഡോസൾഫാൻ ബാധിതരായ ഏറ്റവും കൂടുതൽ ആളുകൾ അധിവസിക്കുന്ന മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്. അതുപോലെ തന്നെ എൻഡോസൾഫാൻ ബാധിച്ചുകഴിഞ്ഞ ആളുകൾക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിൽ വിജയിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല ഒട്ടേറെ പരാതികൾ അതുമായി ബന്ധപ്പെട്ട് ദൈനംദിനം ഉയർന്നുവരുന്നുവെന്ന കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെയൊക്കെ ഭാഗമായി പുതുതായി അവിടെ പ്രഖ്യാപിച്ചിട്ടുള്ള ഒട്ടേറെ പുതിയ സംവിധാനങ്ങളുണ്ട്. ജില്ലാ ആശുപത്രിയിൽ കാൻസർ വാർഡ്, ഡയാലിസിസ് യൂണിറ്റ്, ട്രോമോകെയർ യൂണിറ്റ് മുതലായവ ഉത്ഘാടനം ചെയ്തെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നുപറഞ്ഞാൽ ഇതിനൊക്കെ തുടക്കം മാത്രമാണ്. മറ്റ്

തുടർനടപടികളുണ്ടാകുന്നില്ല. അതുപോലെ തന്നെ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റിന്റെ ഫംഗ്ഷൻ അവിടെ ഇപ്പോഴുമില്ല. ഇതൊക്കെ ഉണ്ടെന്ന് പ്രഖ്യാപിക്കുകയും ഇങ്ങനെ ഓരോ പദ്ധതികളും പുതുതായി നടപ്പാക്കുന്നുവെന്ന പ്രഖ്യാപനം സർക്കാർ നടത്തുകയും യഥാർത്ഥത്തിൽ ജനങ്ങൾക്ക് അതുമായി ബന്ധപ്പെട്ട യാതൊരു തരത്തിലുമുള്ള സൗകര്യങ്ങളും ലഭ്യമാക്കാത്ത സാഹചര്യം നിലനിൽക്കുകയുമാണ്. അതുകൊണ്ട് തന്നെ ഇത്തരം നയപ്രഖ്യാപനങ്ങളുമായി ബന്ധപ്പെട്ട് അതിനെ അനുകൂലിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന പുരോഗമനപരമായ ഭരണസംവിധാനത്തെ വരുന്ന ഒരു വർഷത്തേയ്ക്കുകൂടി കൂടുതൽ ചലനാത്മകമാക്കുന്നതിനുള്ള ഒരു നയപ്രഖ്യാപനമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. നമ്മുടെ വർത്തമാനകാല ലോകവും സമൂഹവും ശാസ്ത്ര-സാങ്കേതിക പുരോഗതികൊണ്ട് വലിയ മാറ്റങ്ങൾക്ക്

വിധേയമായിക്കൊണ്ടിരിക്കുകയാണ്. വിവര-സാങ്കേതിക വിദ്യയുടെ വികാസം നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യ-രാഷ്ട്രീയ-പൊതുജീവിതത്തിലും പുതിയ മാറ്റങ്ങളുടെ അനുരണനങ്ങൾ തീർത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യവും വിസ്മയകരമായ മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകുന്നു. ശാസ്ത്ര സാങ്കേതിക പുരോഗതിയിൽ ഇന്ത്യയും ഒട്ടും പുറകിലല്ല എന്ന സന്ദേശം ലോകത്തിന് നൽകിക്കൊണ്ടിരിക്കുകയാണ് അവസാനമായി മംഗൾയാന്റെ വിക്ഷേപമടക്കം. ചൊവ്വയിലേക്ക് അമേരിക്ക പോലും പറഞ്ഞയച്ച ആദ്യത്തെ പേടകം അതുപോലെ തിരിച്ചുവന്നെങ്കിൽ നമ്മുടെ രാജ്യം പറഞ്ഞയച്ച മംഗൾയാൻ എന്ന ചൊവ്വാപര്യവേഷണ പേടകം ഇന്ത്യൻ ശാസ്ത്രലോകം ബുധനാഴ്ച ഏഴിനും ഏഴരയ്ക്കുമിടയിൽ ചൊവ്വയുടെ ഭ്രമണപഥത്തിൽ പ്രവേശിക്കുമെന്ന് പറഞ്ഞപ്പോൾ 7.14-ന് മംഗൾയാൻ അവിടെ പ്രവേശിച്ചപ്പോൾ ഇന്ത്യയിലെ 130 കോടിയോളം വരുന്ന ജനങ്ങളുടെ അഭിമാനമാണ് ഉയർന്നത്. നരേന്ദ്രമോഡിയുടെ കോട്ടിന്റെ പളപളപ്പ് പോലെ ഇപ്പോൾ ഉണ്ടായ പുരോഗതിയല്ല. കാലങ്ങളായി ഇവിടെ നടത്തിയ ഭരണത്തിന്റെ, നമ്മൾ നേടിയ പുരോഗതിയുടെ ഒരു സൂചികയായി മംഗൾയാനെ കാണാം. രണ്ടുവർഷം മുമ്പാണ് വളരെ വിജയകരമായി ചന്ദ്രയാന്റെ വിക്ഷേപണം പൂർത്തീകരിക്കാൻ സാധിച്ചത്. ഒരു മംഗൾയാനും ചന്ദ്രയാനുമല്ല ഞാൻ

പറയുന്നത്. ഇന്ത്യാ രാജ്യത്തിന്റെ പുരോഗതിയുടെ സൂചികയായി നമുക്ക് കാണാൻ കഴിയും. കേരളം എന്നും ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള സംസ്ഥാനമാണ്. നവകേരളശില്പികൾ സാമൂഹ്യപുരോഗതിയിൽ നവോത്ഥാനത്തിൽ രാജ്യത്തിന് മുമ്പേ നടന്നവരാണ്. നവകേരള നിർമ്മിതിയിൽ എല്ലാവർക്കും പങ്കുണ്ട്. അത് ഇടതുപക്ഷമോ വലതുപക്ഷമോ അപ്പുറത്തിരിക്കുന്നവരോ ഇപ്പുറത്തിരിക്കുന്നവരോ ആരായാലും നമ്മുടെ മുൻഗാമികൾ ഇന്ത്യയ്ക്ക് മാതൃകയാകുന്ന വിധത്തിൽ പ്രവർത്തിച്ചവരാണ്. ഒരു സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ വീഥിയിലുള്ള ഒരു ഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. മേൽസൂചിപ്പിച്ച രണ്ടുഘടകങ്ങളെയും മുൻനിർത്തിക്കൊണ്ട് അന്തർദേശീയ മാറ്റങ്ങൾക്കൊപ്പം ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വികസനവും പുരോഗതിയുടെ നേതൃത്വവുമാണ് കഴിഞ്ഞ നാല് വർഷമായി ശ്രീ. ഉമ്മൻചാണ്ടി സർക്കാർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ തുടർച്ചയാണ് പുതിയ നയപ്രഖ്യാപനം. എല്ലാ മേഖലകളിലും സമഗ്രവികസനമാണ് നയപ്രഖ്യാപനം ലക്ഷ്യമിടുന്നത്. ഒരു മേഖലയെയും ഒഴിവാക്കിയിട്ടില്ല. എല്ലാ മേഖലയിലും ഈ സർക്കാർ അതിന്റെ കയ്യൊപ്പ് ചാർത്തിയിട്ടുണ്ട് എന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പ്രഖ്യാപനങ്ങൾ വിവിധ മേഖലകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. പലതും

പൂർത്തിയായിട്ടുണ്ട്. ചില പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. അതിന് കേരളീയ സമൂഹത്തിന്റെ പിന്തുണയുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ നടക്കാത്തതുമാത്രം എണ്ണിപ്പറഞ്ഞുകൊണ്ട് കഴിഞ്ഞകാല നയപ്രഖ്യാപനങ്ങളെ പലരും വിമർശിക്കുകയുണ്ടായി. പക്ഷേ നടന്ന കാര്യങ്ങൾ ഒരുപാട് എണ്ണി പറയാനുണ്ട്. കേരളത്തിന്റെ മുഖഛായ മാറ്റിയ, കേരളത്തെ കാലത്തോടൊപ്പം സഞ്ചരിക്കാൻ പര്യാപ്തമാക്കുന്ന ഒരുപാടു പദ്ധതികൾ, ഒരുപാടു സ്വപ്ന പദ്ധതികൾ ഈ നാലു വർഷത്തിനുള്ളിൽ നടക്കുകയുണ്ടായി. അതിന് കേരളീയ സമൂഹത്തിന്റെ അംഗീകാരമാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൺപത് അസംബ്ലി നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്.-നും ഈ സർക്കാരിനും ഭൂരിപക്ഷം നൽകികൊണ്ട് കേരളീയജനത കൂടെ നിന്നുവെന്നത് നമ്മൾ കണ്ടതാണ്. സർക്കാരിന്റെ പുരോഗമന സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുള്ള അംഗീകാരം മറ്റൊന്നാണ് ഐക്യരാഷ്ട്രസഭയുടെ പബ്ലിക് സർവ്വീസ് അവാർഡ്. ആ അവാർഡ് ജനസമ്പർക്ക പരിപാടിയുടെ മികവ് കൊണ്ടാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സാറിനെ തേടിയെത്തിയത്. വീണ്ടും 'കരുതൽ 2015' എന്ന പേരിൽ മുഖ്യമന്ത്രിയുടെ മൂന്നാം ജനസമ്പർക്ക പരിപാടി വരുന്നു എന്ന് നയപ്രഖ്യാപനത്തിൽ കണ്ടു. സന്തോഷമുണ്ട്. രണ്ടു തവണത്തെ ജനസമ്പർക്ക പരിപാടി ഒരുപാടു

പാവങ്ങളുടെ, പട്ടിണി പാവങ്ങളുടെ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി. പ്രത്യാശയോടെ അവർ ഇനിയും കാത്തിരിക്കുകയാണ്. കാരണം അവരുടെ പലചട്ടങ്ങളിലും നിയമങ്ങളിലും പോലും ജനസമ്പർക്ക പരിപാടിയുടെ അനുഭവസമ്പത്തിലൂടെ മാറ്റം വരുത്തി മുന്നോട്ട് പോയത് കാലത്തിനൊപ്പം സഞ്ചരിച്ച ഈ സർക്കാരിന്റെ നല്ല നടപടികളായി നമുക്ക് കാണാൻ കഴിയും. ആ ജനസമ്പർക്ക പരിപാടി വീണ്ടും വരുമ്പോൾ കൂടുതൽ പ്രത്യാശയോടുകൂടി ഈ നാട്ടിലെ പട്ടിണിപ്പാവങ്ങൾ നോക്കിക്കാണുകയാണ്. ഒരുപാടു പ്രശ്നങ്ങൾക്ക് പരിഹാരം രണ്ട് ജനസമ്പർക്ക പരിപാടിയിലൂടെ ഉണ്ടായെങ്കിൽ വരാനിരിക്കുന്ന ജനസമ്പർക്ക പരിപാടിയിലും അത് ഉണ്ടാകണം. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ലായെന്ന് സാധാരണ നമ്മൾ പറയാറുണ്ട്. മണ്ണിൽ തലചായ്ക്കാൻ ഇടമില്ലാത്ത ഒരു ലക്ഷത്തോളം പേർക്ക് മണ്ണ് ഉണ്ടാക്കിക്കൊടുത്ത് അവരെ മണ്ണിന്റെ അവകാശികളാക്കിക്കൊടുത്തു ഈ സർക്കാർ എന്നുള്ളത് ചെറിയ കാര്യമല്ല. കാരുണ്യ ബനവലന്റ് ഫണ്ടിനെക്കുറിച്ചും അതിന്റെ ചികിത്സാ പദ്ധതിയെക്കുറിച്ചും നമുക്കറിയാം. ഇരുപത്തയ്യായിരത്തോളം ആളുകൾക്കാണ് അതിന്റെ ഗുണം കിട്ടിയത്. പാവപ്പെട്ട ക്യാൻസർ രോഗികൾക്കും,

കിഡ്നി സംബന്ധമായ അസുഖമുള്ളവർക്കുമൊക്കെ നമ്മൾ കത്ത് കൊടുക്കാറുണ്ട്. ദൈന്യതയോടുകൂടി ജീവിതം ഒരു ചോദ്യചിഹ്നമായി നിൽക്കുന്ന ആളുകളുടെ മുമ്പിലാണ് കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സഹായം കിട്ടിയത്.

നമ്മുടെ ആഭ്യന്തരരംഗം, ക്രമസമാധാനരംഗം ഇന്ന് കാര്യക്ഷമമാണ്. ഇന്ത്യയ്ക്ക് മാതൃകയാകുന്ന വിധം നമ്മുടെ സംസ്ഥാനം മുന്നോട്ട് പോകുന്നു. ഓപ്പറേഷൻ കുബേരയും സേഫ് ക്യാമ്പസുമൊക്കെ അതിൽ എടുത്തുപറയേണ്ട പദ്ധതികളാണ്. നമ്മുടെ വ്യാവസായിക മേഖല, നാല് കൊല്ലക്കാലം വ്യവസായ രംഗത്ത് എന്തുണ്ടായെന്ന് അപ്പുറത്തുനിന്ന് സംസാരിച്ച ഒരു സ്നേഹിതൻ ചോദിച്ചു. നാല് വർഷക്കാലം കേരളത്തിൽ ഒരു വ്യവസായ സ്ഥാപനവും അടച്ചു പൂട്ടിയിട്ടില്ലെന്നുള്ളത് ഈ സർക്കാരിന്റെ വലിയൊരു നേട്ടംതന്നെയാണ്. ഓരോ കാലത്തിനും ഓരോ മാറ്റമുണ്ട്. ഇന്ന് പരിസ്ഥിതി സൗഹൃദവ്യവസായമാണ്. ഇവിടെ നേരത്തെ പ്രസംഗിച്ചപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ പുകക്കുഴലുകളുടെ വ്യവസായത്തിന്റെ കാലം കഴിഞ്ഞു. മാത്രവുമല്ല ഇതിന് ഇന്ന് ഒരുപാട് പാരിസ്ഥിതിക പ്രശ്നങ്ങളൊക്കെയുള്ളതുകൊണ്ട് ആ പരിസ്ഥിതി സൗഹൃദ വ്യവസായത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ...... ഇവിടെ എമർജിംഗ് കേരളയെ കളിയാക്കി പറഞ്ഞവരുണ്ട്. വിവിധ വിദേശ രാജ്യങ്ങളിൽ നിന്ന് ആളുകൾ വന്നു.

അവർക്ക് ഇവിടെ ഏറ്റെടുക്കാവുന്ന പദ്ധതികളെക്കുറിച്ച് സംസാരിച്ചു. ചിലതിലൊക്കെ എം.ഒ.യു. ആയിട്ടുണ്ട്. ഇതൊന്നും ഇന്ന് സംസാരിച്ച് നാളെ നടക്കുന്ന കാര്യങ്ങളല്ല. പക്ഷെ നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് അടിത്തറ പാകുന്ന പദ്ധതികളാണെന്ന കാര്യം ആരും വിസ്മരിക്കരുത്. 2012-ലെ എമർജിംഗ് കേരള പോലെതന്നെ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കും കേരളം ഇന്ന് ഇന്ത്യയിൽ ഒരു കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. 2014-ൽ വ്യവസായ വകുപ്പ് നടത്തിയ യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്, എത്രയോ ചെറുപ്പക്കാരായ ആൾക്കാർ ഈ നാടിനനുസരിച്ച്, നമ്മുടെ സംസ്ഥാനത്തിന്റെ വിഭവങ്ങൾക്കും സാഹചര്യങ്ങൾക്കും കാർഷിക സൗകര്യങ്ങൾക്കുമൊക്കെ അനുസൃതമായിക്കൊണ്ട് ഇവിടെ ഒരുപാട് പുതിയ പദ്ധതികൾ കൊണ്ടുവന്നു. ആ പദ്ധതി ഇന്ന് നടപ്പായോ എന്നുള്ളതല്ല, ആ പദ്ധതികൾ നടപ്പാക്കാനുള്ള ശ്രമങ്ങൾ വിവിധ ഘട്ടങ്ങളിൽ നിൽക്കുകയാണ്. നമ്മുടെ ചെറുപ്പക്കാരെ സംരംഭകരാക്കി മാറ്റാൻ വ്യവസായ വകുപ്പ് നൽകിയ നേതൃത്വം രചനാത്മകമായ നേതൃത്വമാണെന്ന് യുവജനങ്ങൾക്ക് ആവേശം പകരുന്ന, ആശ പകരുന്ന ഒന്നാണ്. വ്യവസായ രംഗത്ത് വളരെ വലിയ മാറ്റങ്ങൾ ഈ നാല് വർഷത്തിനുള്ളിൽ ചലനാത്മകമായിത്തന്നെ കാലത്തിനനുസരിച്ച് ഇന്നത്തെ

സാഹചര്യങ്ങൾക്കനുസരിച്ച് നേതൃത്വം കൊടുക്കാൻ നമ്മുടെ വ്യവസായ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട്.

അതുപോലെതന്നെ ഇന്ന് വിദ്യാഭ്യാസരംഗം ശാന്തമാണ്. മലബാർ മേഖലയിൽ പ്ലസ് ടുവിന്റെ വലിയ അന്തരമുണ്ടായിരുന്നു. എന്തെല്ലാം തരത്തിലുള്ള കുപ്രചരണങ്ങൾ നടന്നു. പക്ഷെ പ്ലസ് ടു ഇവിടെ പ്രാവർത്തികമാക്കി. ഇനിയും ധാരാളം കുട്ടികൾ സീറ്റ് കിട്ടാതെയും മറ്റും പുറത്തുണ്ട്. ഓപ്പൺ സ്കൂളിലെ സീറ്റിന്റെ വേക്കൻസിയൊക്കെ ചൂണ്ടിക്കാണിച്ച് അതിനെ തകിടംമറിക്കാൻ പലരും ശ്രമിച്ചില്ലേ; പുതിയ കോളേജുകൾ വന്നു. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും പുതിയ കോളേജുകളുണ്ടായി. ഞാൻ പാലക്കാട് നിന്നുവരുന്ന ഒരു എം.എൽ.എ.യാണ്. അഭിമാനത്തോടുകൂടി പറയട്ടെ, മുമ്പ് മുഖ്യമന്ത്രിമാരെപ്പോലും സമ്മാനിച്ച ഇടതുപക്ഷത്തിന് നേതൃത്വം കൊടുത്ത പാലക്കാടിന് അന്നില്ലാത്ത വികസനങ്ങളുണ്ടായി. ഇന്ന് ആ വികസനത്തിന് കൂടുതൽ കൂടുതൽ ഭംഗി പകർന്നുകൊണ്ട് കേരളം പ്രതീക്ഷിച്ച ഐ.ഐ.ടി. ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. അങ്ങനെ ധാരാളം നേട്ടങ്ങൾ. വിദ്യാർത്ഥി സമരങ്ങളില്ലാത്ത വർഷങ്ങളാണ് നമ്മുടെ മുമ്പിലൂടെ കടന്നുപോയത്. എസ്.എഫ്.ഐ.ക്കാർക്ക് ഈ നാല് വർഷക്കാലം ഒരു പണിയും ഉണ്ടായിരുന്നില്ല.

വിദ്യാഭ്യാസ വകുപ്പ് അത്രയേറെ കാര്യക്ഷമമായതാണ് അതിന് കാരണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നിർബന്ധമായും നടത്തണം. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലോകം അറിയണം. അത് ലോകം അറിയാനുള്ള ഒരു സാഹചര്യമാണ് അതിലൂടെ നമ്മൾ ഉണ്ടാക്കുന്നത്. അതുപോലെതന്നെ ഇവിടെ പുതിയ 66 പഞ്ചായത്തുകളും 31 മുനിസിപ്പാലിറ്റികളുമുണ്ടായത് വികസനത്തിന് ആക്കം കൂട്ടും. ആളോഹരി സേവന ലഭ്യത ഇതുവഴി വർദ്ധിക്കും. സാമൂഹ്യ നീതി വകുപ്പ് എല്ലാ ജില്ലകളിലും മാനസിക വൈകല്യമുള്ളവർക്കായി മാനസിക സാമൂഹിക പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുകയാണ്. അത് സ്വാഗതാർഹമാണ്. മാനസിക രോഗികളെ മറക്കരുത്. നമ്മുടെ പെൺമക്കൾ ഉയരങ്ങൾ കീഴടക്കി മുന്നോട്ട് പോകുമ്പോൾ അതിന് കൂടുതൽ ഉത്തേജനം പകരുന്ന പെൺകുട്ടികളെ സഹായിക്കുന്ന 'അവളുടെ വിദ്യാഭ്യാസം നമ്മുടെ ഉത്തരവാദിത്തം' എന്ന പദ്ധതി പ്രകാരം പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് സൗജന്യ പാഠപുസ്തകം വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ഏറെ സ്വാഗതാർഹമാണ്. പൊതുമരാമത്ത് വകുപ്പ് ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കി. കേരളം നല്ല റോഡുകളുടെ നാടായി. നമ്മുടെ ദേശീയപാതകളുടെ വികസനത്തിന്റെ ഭാഗമായി ഇവിടെ പ്രഖ്യാപിച്ച

പുതിയ ബൈപ്പാസുകളുടെ കൂട്ടത്തിൽ കൊല്ലവും, ആലപ്പുഴയും തലശ്ശേരിയുമുണ്ട്. പക്ഷെ എനിക്കൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് മണ്ണാർക്കാട് ബൈപ്പാസാണ്. മണ്ണാർക്കാട് പട്ടണം പാലക്കാട്-കോഴിക്കോട് റൂട്ടിൽ ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. പ്രാഥമികമായ നടപടികൾ തുടങ്ങിയിട്ടുണ്ട്. പക്ഷെ ഈ ബൈപ്പാസുകളുടെ കൂട്ടത്തിൽ ഇതേ ശ്രദ്ധയോടുകൂടി മണ്ണാർക്കാട് ബൈപ്പാസിനേയുംകൂടി ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ടവരെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഊർജ്ജമേഖലയിൽ ഇവിടെ ഒരു പ്രഖ്യാപനം വന്നിട്ടുള്ളത് എന്റെ നിയോജകമണ്ഡലത്തിലെ അഗളിയിൽ 82 മെഗാവാട്ട് വൈദ്യുതി കാറ്റാടി വഴി ഉത്പാദിപ്പിക്കാനുള്ള ഒരു പ്രോജക്ട് എൻ.റ്റി.പി.സി.യുമായി ഒപ്പുവെച്ചിട്ടുണ്ടെന്നുള്ളതാണ്. ഇത് വളരെയേറെ സാദ്ധ്യതയുള്ള ഒന്നാണ്. കഴിഞ്ഞകാലത്ത് ചില വിവാദങ്ങളൊക്കെ ഉണ്ടായെന്നുള്ളത് വേറെ കാര്യം, പക്ഷെ കാറ്റാടിയിൽ നിന്ന് ഇപ്പോൾതന്നെ അട്ടപ്പാടിയിലെ അഗളിയിൽ വൈദ്യുതി ഉത്പാദിപ്പിച്ച് നമ്മുടെ പൂളിലേയ്ക്ക് അത് വിതരണം ചെയ്യുന്നുണ്ട്. അത് ഡെവലപ് ചെയ്തെടുക്കണം. ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക് ഇന്ന് ഒരുപാട് പാരിസ്ഥിതിക പ്രശ്നങ്ങളുള്ളതുകൊണ്ട് ഈ കാറ്റാടി നമുക്ക് നല്ലൊരു മാർഗ്ഗമാണ്. അതിന്റെ ഗൗരവത്തോടുകൂടി ആ വിഷയം കാണണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

സമയ പരിമിതിമൂലം ഞാൻ ഉപസംഹരിക്കുകയാണ്. എല്ലാ അർത്ഥത്തിലും കാലത്തോടൊപ്പം കേരളത്തെ മുന്നോട്ട് നയിക്കുന്ന ഈ നയപ്രഖ്യാപനത്തെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ മാർച്ച് ആറാം തീയതി നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനം മുൻവർഷങ്ങളിലെ നയപ്രഖ്യാപനങ്ങളുടെ ഒരു വിരസമായ ആവർത്തനം മാത്രമാണ്. SPEEID KERALA, ഭ്രരഹിത കേരളം, ഗോവർദ്ധിനി പദ്ധതി, കാരുണ്യ ചികിത്സാ പദ്ധതി, 2013-ൽ മുഖ്യമന്ത്രിക്ക് യു.എൻ. അവാർഡ് കിട്ടിയത്, 2012-ലെ ശ്രേഷ്ഠഭാഷാ പദ്ധതി, മീനച്ചിൽ, വാമനപുരം, അച്ചൻകോവിൽ, ചാലിയാർ എന്നീ നദികളുടെ ഒഴുകിവരുന്ന വെള്ളം സംഭരിക്കൽ തുടങ്ങിയ എല്ലാ പ്രഖ്യാപനങ്ങളും 2013, 2014 വർഷങ്ങളിലെ നയപ്രഖ്യാപനങ്ങളുടെ ഒരാവർത്തനം മാത്രമാണ്. വിലക്കയറ്റം, അഴിമതി, കാർഷിക വിലത്തകർച്ച, പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി., ദുർബ്ബല–അവശ ജനവിഭാഗങ്ങൾക്കുള്ള പെൻഷൻ, പരമ്പരാഗത വ്യവസായങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചെല്ലാംതന്നെ ഇതിൽ മൗനം പാലിച്ചിരിക്കുകയാണ്. ഒരു ജനവിരുദ്ധ അഴിമതി സർക്കാരിന്റെ

നയപ്രഖ്യാപനമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. റബ്ബർ എന്നൊരു വാക്കുപോലും ഇല്ലാത്ത നയപ്രഖ്യാപനമാണ് ചരിത്രത്തിലാദ്യമായി ഇവിടെ ഉണ്ടായിരിക്കുന്നത്. റബ്ബറിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ പോലും ഉമ്മൻ ചാണ്ടി സർക്കാർ തയ്യാറല്ല എന്നുള്ളതാണ്. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്താൻ പോവുകയാണെന്ന് അങ്ങേയ്ക്ക് അറിയാം. രാജസ്ഥാനിൽ ഭേദഗതി വരുത്തി. അത് കേരളത്തിലും കൊണ്ടുവരുമെന്ന് ബി.ജെ.പി. സർക്കാരിനോടൊപ്പംതന്നെ നീങ്ങുന്ന ഒരു സർക്കാരായി ഉമ്മൻ ചാണ്ടി സർക്കാർ മാറിയിരിക്കുകയാണ്. നാഷണൽ ഗെയിംസിനെ സംബന്ധിച്ചിടത്തോളം ഞെട്ടിപ്പിക്കുന്ന കുറെ കാര്യങ്ങൾ ഞാൻ പിന്നാലെ ഈ സഭയിൽ പറയുന്നുണ്ട്. ഇപ്പോൾ 120.15 കോടി രൂപയുടെ അഴിമതിയെ സംബന്ധിച്ച് ഞാൻ നൽകിയ കേസിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഈ സഭാ കാലയളവിൽത്തന്നെ പറയുന്നതിനായി ശ്രമിക്കാം. അങ്ങേയ്ക്ക് ഞാൻ എഴുതിത്തന്നത് പ്രകാരം, മാണി സാർ കൂടി ഈ സഭയിൽ ഉണ്ടാകണമായിരുന്നു. 2013 ഏപ്രിൽ മാസം 3 മുതൽ 2014 മാർച്ച് മാസം 1 വരെ മാത്രം 116,15,62,953/- രൂപയുടെ റിക്കവറിക്കാണ്

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സ്റ്റേ കൊടുത്തിരിക്കുന്നത്. വേണ്ടപ്പെട്ടവർക്കും വേണ്ടപ്പെട്ട വ്യാപാരി സുഹൃത്തുക്കൾക്കുമാണ് സ്റ്റേ കൊടുത്തിരിക്കുന്നത്. മന്ത്രി എന്ന പദം ഉപയോഗിച്ച് സംസ്ഥാന ഖജനാവിന് ലഭിക്കേണ്ട നികുതിപ്പണം ഈടാക്കുന്നത് സ്റ്റേ ചെയ്യുന്നതിനുള്ള അധികാരം കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരം ഒരു ധനകാര്യ വകുപ്പുമന്ത്രിക്കില്ലെന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഈ സ്റ്റേ കൊടുത്തതുമായി ബന്ധപ്പെട്ട് 6,40,00,000/- രൂപയുടെ അഴിമതി ആരോപണം നടന്നത് ഈ സഭയിൽ ഉന്നയിക്കുകയും വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പുതുതായി അദ്ദേഹം കൊടുത്തിട്ടുള്ള സ്റ്റേ അടക്കമുള്ള പുതിയ ആരോപണത്തെ സംബന്ധിച്ചും കോടതിയെ സമീപിക്കുകയാണ്. 211 കേസുകളിലാണ് സ്റ്റേ കൊടുത്തിരിക്കുന്നത്. ഒരു സ്വർണ്ണക്കടക്കാരന് 16,55,49,443/- രൂപയുടെ സ്റ്റേ കൊടുത്തു. പാവപ്പെട്ട കർഷകത്തൊഴിലാളിക്കും മറ്റ് ദരിദ്രവിഭാഗങ്ങൾക്കും പെൻഷൻ കൊടുക്കാൻ ഇവിടെ പണമില്ല. ശ്രീ. കെ. എം. മാണിക്കെതിരെ സാമ്പത്തിക അഴിമതി, അനധികൃത സ്വത്ത് സമ്പാദിക്കൽ എന്നീ കുറ്റങ്ങൾക്ക് പ്രോസിക്യൂഷൻ നടപടി ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ 04.03.2015-ൽ ഞാൻ ഫയൽ ചെയ്ത കേസ് നമ്പർ CMP 290/2015

പ്രകാരം കോടതിയിൽ ഫയലിൽ സ്വീകരിക്കുകയും 04.03.2015-ൽ മറ്റ് തുടർ നടപടികൾക്കായി മാറ്റി വച്ചിരിക്കുകയുമാണ്. ശ്രീ. കെ. എം. മാണി ഇതിൽ ഒന്നാം പ്രതിയാണ്. ശ്രീധരി ആയുർവേദിക് മെഡിക്കൽ പ്രൈവറ്റ് എന്ന സ്ഥാപനത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണി കൊടുത്തിരിക്കുന്നത് അമ്പത് കോടി രൂപയുടെ സ്റ്റേയാണെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. എറണാകുളത്തുള്ള സുഗൻ കൺസ്ട്രക്ഷൻസ് എന്ന് പറയുന്ന ഒരു കമ്പനിക്ക് 16,25,00,000/- രൂപയുടെ സ്റ്റേയാണ് കൊടുത്തിരിക്കുന്നത്. ചന്ദ്രപ്രഭ എന്ന് പറയുന്നൊരു ട്രസ്റ്റിന് 2,62,00,000/- രൂപയുടെ സ്റ്റേ കൊടുത്തിരിക്കുകയാണ്. കേരള ഗവൺമെന്റിന് മൂക്കുപ്പൊടി വാങ്ങാൻ പൈസയില്ലാത്തപ്പോഴാണ് കോടികളുടെ സ്റ്റേ കൊടുത്തിരിക്കുന്നത്. ശ്രീധരീയം, തോംസൺ ഗ്രൂപ്പിനുംകൂടി കൊടുത്തിരിക്കുന്നത് അമ്പത്തിരണ്ട് കോടി രൂപയുടെ സ്റ്റേയാണ് കൊടുത്തിരിക്കുന്നത്. ശ്രീ. കെ. എം. മാണിയുടെ ജനനം മുതലുള്ള ചരിത്രം വച്ചുനോക്കിയാൽ, അമ്പത്തിരണ്ട് കോടിയുടെ പത്ത് ശതമാനം വച്ച് നോക്കിയാൽ 5,20,00,000/- രൂപയുടെ അഴിമതി അക്കാര്യത്തിൽ നടന്നതായി ഞാൻ ആരോപണം ഉന്നയിക്കുകയാണ്. അങ്ങേയ്ക്ക് ഞാൻ അതിന്റെയെല്ലാം കോപ്പി തന്നിട്ടുണ്ട്. സ്റ്റേ കൊടുത്തത് വഴി മാത്രം ശ്രീ.

കെ.എം. മാണി 11 കോടി 61 ലക്ഷം രൂപയുടെ അഴിമതിയാരോപണം നടത്തുന്നതായി ഞാൻ സഭയിൽ ഉത്തരവാദിത്തത്തോടുകൂടി ഉന്നയിക്കുകയാണ്. ശ്രീ. കെ.എം. മാണിയുടെ അനധികൃത സ്വത്ത് സമ്പാദ്യത്തെകുറിച്ച് മുൻപ് ആരോപണം ഉയർന്നു വന്നിരുന്നു. 1965-ലെ ഇലക്ഷനിൽ മൽസരിക്കുന്നതിന് മാണിസാർ വച്ച സത്യവാങ്മൂലത്തിൽ തനിക്ക് ലാളം വില്ലേജിൽ 2.58 ഹെക്ടർ ഭൂമിമാത്രമാണുള്ളതെന്ന് പറഞ്ഞു. 2006-ൽ അദ്ദേഹത്തിന് 75,000 രൂപ വിലയുള്ള ഒരു അംബാസഡർ കാർ ഉണ്ടെന്നാണ് പറഞ്ഞത്. പാവം, 75,000 രൂപയുടെ ഒരു അംബാസഡർ കാർ മാത്രമുള്ള ശ്രീ. കെ.എം. മാണി, 2011-ൽ 2,65,63,350 രൂപയുടെ സ്ഥാപന ജംഗമ വസ്തുക്കളും 7,96,000 രൂപ വില വരുന്ന ഒരു ലാൻസർ കാറും, പന്ത്രണ്ടേകാൽ ലക്ഷം രൂപ വരുന്ന ഒരു ഇന്നോവ കാറും ഉണ്ടെന്നാണ് സ്റ്റേറ്റ്മെന്റ് നൽകിയിരിക്കുന്നത്. ശ്രീ. കെ.എം. മാണിയുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയും ഈ സ്റ്റേറ്റ്മെന്റും തമ്മിൽ അജഗജാന്തരമായ വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിന് പുറത്തുള്ള ഒരു ഏജൻസിയെക്കൊണ്ട് അദ്ദേഹത്തിന്റെ ആകെയുള്ള സ്വത്തിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി തയ്യാറാകണമെന്ന് ഞാൻ ഉന്നയിക്കുകയാണ്.

കേരളാ കോൺഗ്രസിന്റെ കോട്ടയത്തുള്ള ഓഫീസ് 70 സെന്റ് ഭൂമിയിൽ

സ്ഥിതിചെയ്യുകയാണ്. കോടിക്കണത്തിന് രൂപ വിലവരുന്ന ആ ഭൂമിയുടെ കാര്യവും മറച്ചുവച്ചില്ലേ. പാലായിൽ 70 സെന്റും ഒരു വീടും ഉണ്ട്. അതെല്ലാംകൂടി കൂട്ടിയാൽതന്നെ കോടികൾ വരും. ശ്രീ. കെ.എം. മാണി എന്നുള്ള പേര് മാറ്റണം. ഇനി ബി.പി.എൽ. മാണിയെന്നാണ് നമ്മൾ വിളിക്കേണ്ടത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട മാണി. ശ്രീ. കെ.എം. മാണിയുടെ സ്വത്ത് സമ്പാദനത്തെ സംബന്ധിച്ചും വ്യാജ സ്റ്റേറ്റ്മെന്റ് കൊടുത്തതിനെ സംബന്ധിച്ചും അന്വേഷണം നടത്തുന്നതിനുള്ള തയ്യാറെടുപ്പ് നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും ശ്രദ്ധിക്കണം. 1995-ൽ പാലാഴി ടയർ ഫാക്ടറി എന്ന സ്ഥാപനം പാലായ്ക്കടുത്ത് 20 ഏക്കർ ഭൂമി വാങ്ങി. പഴയ കഥയാണെങ്കിലും ഇന്നതിന് വളരെ പ്രസക്തിയുണ്ട്. ശ്രീ. പി.സി. ജോർജിന് അറിയാം. ഞങ്ങളോടൊപ്പം ഉണ്ടായിരുന്നപ്പോൾ അങ്ങത് ഉന്നയിച്ചിട്ടുള്ളതാണ്. 40 ലക്ഷം രൂപയാണ് അന്നത് വാങ്ങുന്നതിനുവേണ്ടി മുടക്കിയത്. സഹകരണ മേഖലയിലാണ് ഈ സ്ഥാപനം ആരംഭിക്കുന്നതിന് തയ്യാറായത്.

മി. ചെയർമാൻ: ശ്രീ. ശിവൻകുട്ടി, പ്ലീസ്... പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി.സി. ജോർജ്: സർ, എന്റെ പേര് പരാമർശിച്ചപ്പോൾ എനിക്ക് പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. സഖാവ് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന

സമയത്ത് അദ്ദേഹത്തിന്റെ അടുത്ത് ഞാൻ തന്നെ പോയി മാണിസാറിനെതിരെ പരാതി എഴുതിക്കൊടുത്തിരുന്നു. 6 മാസം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട ഇ.കെ. നായനാർ എന്നെ വിളിച്ച് പരാതി മുഴുവൻ പരിശോധിച്ചെന്നും അതിൽ ശ്രീ. കെ.എം. മാണി ഒരു തെറ്റും ചെയ്തിട്ടില്ലെന്നും എന്നോട് പറഞ്ഞു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇ.കെ. നായനാർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ശ്രീ. പി.സി. ജോർജ് രാവിലെ ഒന്നും ഉച്ചയ്ക്ക് ഒന്നും വൈകുന്നേരം ഒന്നും പറയുന്ന ആളാണ്. അതുകൊണ്ട് ഏതാണ് വിശ്വസിക്കേണ്ടതെന്ന് പറയാൻ സാധിക്കുകയില്ല. ശ്രീ. പി.സി. ജോർജ് പരാതി കൊടുത്തിരുന്നു. പി.സി. ജോർജേ, നമ്മൾ തമ്മിൽ വഴക്ക് വേണ്ട. റബ്ബർ കൃഷിക്കാർക്ക് വേണ്ടിയാണ് ആ സഹകരണ സംഘം ആരംഭിച്ചത്. 110 കോടി രൂപ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് പിരിച്ചെടുത്തു. പക്ഷേ പാലാഴി ടയേഴ്സ് എന്ന സ്ഥാപനം ഒരു ടയറും ഉത്പാദിപ്പിച്ചില്ല.

<u>മി. ചെയർമാൻ</u>: ശ്രീ. വി. ശിവൻകുട്ടി, അത് നമ്മുടെ സഭയിൽ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ പറയട്ടെ. ഓരോ സഹകരണ സംഘത്തിൽനിന്നും 10 ലക്ഷം രൂപവച്ച് വാങ്ങിയതിന്റെ രസീത് ഞാൻ അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. ഇപ്പോൾ 110 കോടി രൂപയും ഈ സ്ഥലവും അദ്ദേഹത്തിന്റെ

സ്വന്തമാക്കുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് അന്വേഷണം നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് അവിടെയിപ്പോൾ 20 ഏക്കർ സ്ഥലത്ത് ട്രിപ്പിൾ ഐ.ടി. എന്ന സ്ഥാപനത്തിന് തറക്കല്ലിട്ടിരിക്കുകയാണ്. അതിനുവേണ്ടി 40 ലക്ഷം രൂപ ചിലവഴിച്ചിരിക്കുന്നതിന് ഓഡിറ്റ് ഒബ്ജക്ഷൻ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ പാലാഴി ടയേഴ്സിനെ സംബന്ധിച്ച്, ഇപ്പോൾ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച്, 110 കോടി രൂപ പിരിച്ചെടുത്തതിനെ സംബന്ധിച്ച്, ആ റബ്ബർ മരങ്ങൾ മുഴുവൻ വെട്ടിയതിനെ സംബന്ധിച്ച്, കഴിഞ്ഞ 10-17 വർഷത്തോളം ഇതിൽനിന്ന് കിട്ടിയ ലാഭത്തെ സംബന്ധിച്ച് എല്ലാംതന്നെയുള്ള ഒരു വിജിലൻസ് എൻക്വയറി ഞാൻ ഈ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല ഇന്നിവിടെ വെല്ലുവിളിച്ചു. അദ്ദേഹം കെ.എസ്.യു.വിന്റെ പ്രസിഡന്റും ഞാൻ എസ്.എഫ്.ഐ.യുടെ പ്രസിഡന്റുമായിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അങ്ങ് ഞങ്ങളെ വെല്ലുവിളിക്കാൻ പാടില്ലായിരുന്നു. അങ്ങനെ വെല്ലുവിളിച്ചാലൊന്നും നിയമസഭയിൽനിന്നും പുറത്തു പോകുന്നവരല്ല ഞങ്ങൾ.

<u>മി. ചെയർമാൻ</u>: അങ്ങ് ധാരാളം കാര്യങ്ങൾ എഴുതി തന്നിരിക്കുകയാണ്.

അങ്ങേയ്ക്കുള്ള സമയം 13 മിനിട്ടേയുള്ളൂ. ഇനി 14 പേർ സംസാരിക്കാനുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, എന്റെ സമയത്ത് ഇടപെടല്ലേ. ആഭ്യന്തര വകുപ്പുമന്ത്രി വെല്ലുവിളിച്ചാൽ ഞങ്ങളങ്ങനെ പേടിക്കില്ല. 13-ാം തീയതി ഇടതുപക്ഷ മുന്നണി പ്രഖ്യാപിച്ചിട്ടുള്ളതുപോലെ ശ്രീ. കെ.എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽനിന്ന് പിന്തിരിയണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യു.ഡി.എഫും ഇടപെടണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി കുറച്ചുകൂടി പക്വതയോടെ പറയണ്ടേ. പോലീസിനെ അകത്ത് കയറ്റുമെന്ന് ഞങ്ങൾക്ക് വിവരം കിട്ടിയിട്ടുണ്ട്. ഞങ്ങൾ വീട്ടിൽ നിന്ന് രാവിലെ ഇറങ്ങി വരുന്നത് തിരിച്ച് വീട്ടിലേയ്ക്ക് ചെല്ലാമെന്ന് പറഞ്ഞിട്ടൊന്നുമല്ല. അതുകൊണ്ട് ഒരു പ്രശ്നവുമില്ല. ഞങ്ങൾ രണ്ടിലൊന്ന് അറിഞ്ഞിട്ടേ പോവുകയുള്ളൂ. നേരത്തെ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു 'ഞങ്ങളാരും ഓട് പൊളിച്ച് അകത്ത് കയറിയവരല്ല' എന്ന്. ഞങ്ങൾ പോസ്റ്റ് എണ്ണി വന്നവരാണോ. എൽ.ഡി.എഫുകാർ പോസ്റ്റ് എണ്ണിയൊന്നും വന്നവരല്ല, അന്തസ്സായി മത്സരിച്ച് ഈ നിയമസഭയിൽ വന്നതുതന്നെയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല നടത്തിയിട്ടുള്ള വെല്ലുവിളി മാന്യതയുണ്ടെങ്കിൽ പിൻവലിക്കണമെന്നാണ് എനിക്ക് അതിനെ സംബന്ധിച്ചിടത്തോളം സൂചിപ്പിക്കാനുള്ളത്.

മി. ചെയർമാൻ: അങ്ങ് സമയം കൂടി നോക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ ശ്രീ. കെ.എം. മാണിയെ സംബന്ധിച്ചിടത്തോളം അഴിമതി ആരോപണം വന്നല്ലോ. ഞാൻ അങ്ങേയ്ക്ക് ഒരു സി.ഡി തന്നിട്ടുണ്ട്. ഒരു മണിക്കൂർ 35 മിനുട്ട് നേരമുള്ള സി.ഡിയാണ്. ആ സി.ഡി. പുതിയ എവിഡൻസ് ആക്ട് അനുസരിച്ച് തെളിവായി സ്വീകരിക്കാൻ കഴിയുന്നതാണ്. ആ ശബ്ദരേഖയിൽ പറയുകയാണ്, ശ്രീ. കെ.എം. മാണിയുടെ മരുമകൻ ശ്രീ. ജോർജ് എന്ന റിയൽ എസ്റ്റേറ്റുകാരൻ വഴി ശ്രീ. ബിജു രമേശിനെ കാണാൻ ശ്രമിക്കുകയും ശ്രീ. ബിജു രമേശ് വിസമ്മതിച്ചപ്പോൾ 10 കോടി രൂപ നൽകാമെന്നും കേസിൽനിന്ന് പിന്തിരിയണമെന്നും ആവശ്യപ്പെടുകയുണ്ടായി. മാണിസാറിന്റെ സ്വത്ത് മുഴുവൻ വച്ച് നീട്ടിയാലും ഞാൻ വീഴില്ല എന്ന് ശ്രീ. ബിജു രമേശ് ആ സി.ഡി.യിൽ പറഞ്ഞിരിക്കുകയാണ്. കേസിൽനിന്ന് പിന്തിരിയുന്നതിനുവേണ്ടി ഈ വിധത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ രസകരമായ പുതിയൊരു കാര്യം, കേരള രാഷ്ട്രീയത്തിൽതന്നെ പുതിയൊരു കാര്യമാണ്. 8 കോടി രൂപയുടെ സ്റ്റേ അനുവദിക്കുന്നതിനുവേണ്ടി ശ്രീ. ജോൺ കല്ലാട്ട് ഒരു സുഹൃത്തിനുവേണ്ടി പോയി. ഇതും ആ സി.ഡി.യിലുണ്ട്. 25

ലക്ഷം രൂപ മാണിസാർ ആവശ്യപ്പെട്ടു. 25 ലക്ഷം രൂപ കൊടുത്തതിൽ എണ്ണിനോക്കിയപ്പോൾ 6,000 രൂപയുടെ കുറവുകണ്ടതിനാൽ തിരിച്ചു വിളിച്ചിട്ട് 6,000 രൂപ കൊണ്ടുവരാൻ പറഞ്ഞു. അത് കൊണ്ടുവന്നതിനുശേഷമാണ് സ്റ്റേ ഉത്തരവ് കൊടുത്തത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു. എല്ലാം എഴുതിത്തന്നു. അതിവിടെയുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: കേരളത്തിലെ ലോകായുക്ത....

മി. ചെയർമാൻ: ശ്രീ. ശിവൻകുട്ടി, ചെയർ പറയുന്നത് കേൾക്കണം. അത് ഉന്നയിക്കാൻ പറ്റില്ല. കാരണം, A person to be appointed as Lok ayukta shall be a person who has held office of a judge of the Supreme Court or that of a Chief Justice of the High Court and shall be appointed in the advice tendered by the Chief Minister in consultation with the Speaker of the Legislative Assembly of the State and the Leader of Opposition in the Legislative Assembly of the State. അപ്പോൾ ലോകായുക്തയെക്കുറിച്ച് ഇവിടെ അങ്ങനെയൊരു ആരോപണം ഉന്നയിക്കാൻ പറ്റില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ അത് പുറത്ത് പറഞ്ഞുകൊള്ളാം. ഞാൻ

ലോകായുക്ത പക്ഷപാതപരമായി യു.ഡി.എഫ് -ന് വേണ്ടിയും, ശ്രീ. ഉമ്മൻചാണ്ടിക്കു വേണ്ടിയും, ശ്രീ. കെ. എം. മാണിക്കുവേണ്ടിയും നിൽക്കുന്നുവെന്ന് പറഞ്ഞുവെന്ന് മാത്രമേ ഉള്ളൂ. ശ്രീ. പി.സി. ജോർജ്ജ് കേരളത്തിലെ പോലീസിനെ സംബന്ധിച്ചിടത്തോളവും, ചന്ദ്രബോസ്സിന്റെ കൊലപാതകത്തെ സംബന്ധിച്ചിടത്തോളവും, നടത്തിയ പത്രസമ്മേളനത്തിന്റെ സി.ഡി. ഈ സഭയുടെ രേഖയുടെ ഭാഗമായി മാറേണ്ടതുണ്ട്. ഇത് ശ്രീ. പി.സി.ജോർജ്ജ് എനിക്ക് തന്നതല്ല, കൊലയാളിയായിട്ടുള്ള നിസാം സരിതാകേസ്സ് നടന്ന അവസരത്തിൽ വേറൊരു വനിതയെ രംഗത്തിറക്കി മൂന്ന് കോടി രൂപ ആ വനിതയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പിന്നാലെ കൊണ്ടുവരും എന്നുള്ള കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പോയിന്റ് ഓഫ് ഓർഡർ, This is the apt time, ലോകായുക്തയെക്കുറിച്ചുള്ള പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് ചെയർ പറഞ്ഞു കഴിഞ്ഞു. ലോകായുക്തയെക്കുറിച്ചുള്ള പരാമർശം രേഖയിൽ ഉണ്ടാകില്ല.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സർ, ശ്രീ. എം.പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിൻതുണയ്ക്കുകയാണ്. ഈ നന്ദി പ്രമേയ അവതരണ വേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം അതിനെ ബഹിഷ്കരിക്കുകയും ബഹളം വയ്ക്കുകയും ഉണ്ടായി, അത് അങ്ങേയറ്റം ദൗർഭാഗ്യകരവുമായി. കാരണം, ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്ന അവസരത്തിൽ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നടപടി ക്രമമനുസരിച്ച് 2009-ൽ കൊണ്ടുവന്ന റൂൾസ് ഓഫ് പ്രൊസീജ്യുവർ അനുസരിച്ച് ആണ് ഇത് ഇങ്ങനെയാക്കിയത്, അതുപ്രകാരം Code of conduct for members during Governor's address.

If any member or other person interrupt or obstruct the Governor's address to the house either before or during or after the address while the Governor is in the hall with any speech or point of order or walkout or any other manner such interruption, obstruction or show of disrespect shall condemn to act of disorder and disrespect to the Governor and may be considered as a grossly disorderly conduct on the part of concerned member or other person and a contempt to the house which may be dwelt with by the House subsequently on a motion moved by a member. ആരെങ്കിലും മൂവ്

ചെയ്ത് കഴിഞ്ഞാൽ നടപടിയെടുക്കാൻ പാകത്തിലുള്ള ഒരു നടപടിയാണ്. 2009-ൽ നിങ്ങൾ ഭേദഗതി ചെയ്ത റൂൾസ് ഓഫ് പ്രൊസീജ്യുവർ പ്രകാരം ആ ദിവസം നിങ്ങൾ ചെയ്തത് അങ്ങേയറ്റം ദൗർഭാഗ്യകരമായി എന്ന് ആദ്യമേ തന്നെ പറയട്ടേ. ഈ ഗവൺമെന്റിന് ഒരു നയമുണ്ട്, ആ നയമാണ് പ്രഖ്യാപിച്ചത്. നയമില്ലാത്തത് നിങ്ങൾക്കാണ്, കാരണം, നിങ്ങൾ ആറു മാസം മുൻപ് പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് രാജിവയ്ക്കണം. ബഹുമാന്യനായ, സത്യസന്ധനായ, നിഷ്കളങ്കനായ, പരിശുദ്ധനായ മാണി സാറിനെ മുഖ്യമന്ത്രി ആക്കണം. ഇപ്പോൾ നിങ്ങൾ പറയുന്നു, ബഹുമാനപ്പെട്ട മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കരുത്, ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ബഡ്ജറ്റ് അവതരിപ്പിക്കണം. ഇങ്ങനെയൊരു നയമില്ലായ്മ, ഇങ്ങനെയൊരു രാഷ്ട്രീയമില്ലായ്മ, നിങ്ങൾ പറഞ്ഞതാണ്, നിയമസഭാരേഖ ഇന്നലെയും പോയി നോക്കിയിട്ട് ക്ലാരിറ്റി വരുത്തിയിട്ടാണ് ഞാൻ പറയുന്നത്, അല്ലാതെ ഞാൻ വെറുതേ പറഞ്ഞതല്ല. ഈ ഗവൺമെന്റിന്റെ മാതൃക എന്താണ്? ഇവിടെ ആളുകൾ പറയുന്ന ചൈനീസ്, അമേരിക്കയെക്കാൾ മുതലാളിത്തത്തെ സ്വീകരിക്കുന്നതാണ് ചൈനീസ് മാതൃക. ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് നോർഡിക് മോഡൽ ഡെവലപ്പ്മെന്റാണ്. ഡെൻമാർക്ക്, ഫിൻലാന്റ്, സ്വീഡൻ, നോർവേ തുടങ്ങിയ രാജ്യങ്ങളുടെ വികസനം ഇന്ന് ലോകത്ത്

ഒരു ചർച്ചയാണ്. ആ നോർഡിക് മോഡൽ ഡെവലപ്പ്മെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഒരു ക്ഷേമ രാഷ്ട്രത്തിന്റെ രീതിയാണ്. നിങ്ങൾ എല്ലാ കാലത്തും ഞങ്ങളുടെ ഗവൺമെന്റ് വരുമ്പോൾ സാധാരണ രീതിയിൽ മുഴക്കുന്ന ഒരു മുദ്രാവാക്യമാണ് വിദ്യാഭ്യാസ മേഖലയിൽ നിന്ന് സർക്കാർ പിൻവാങ്ങുന്നു, ആരോഗ്യമേഖലയിൽ നിന്ന് സർക്കാർ പിൻമാറുന്നു, സേവന മേഖലയിൽ നിന്ന് സർക്കാർ പിൻമാറുന്നു, ഇതെല്ലാം കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുന്നു. ഞങ്ങൾ പിൻമാറിയതാണോ, അതോ കൂടുതൽ അതിലേക്ക് വന്നതാണോ? കാരണം മുദ്രാവാക്യം വിളിച്ച് നിങ്ങൾ അധികാരത്തിലിരുന്ന സമയത്ത് സർക്കാർ മേഖലയിൽ ഒരു മെഡിക്കൽ കോളേജുപോലും തുടങ്ങിയിട്ടില്ല. എന്നാൽ ഇവിടെ മഞ്ചേരിയിൽ മെഡിക്കൽ കോളേജ് തുടങ്ങി, ഇടുക്കിയിൽ തുടങ്ങി, പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം തുടങ്ങി, കോന്നിയിൽ, വയനാട്ടിൽ, കാസർഗോഡ്, ഹരിപ്പാട്, പാരിപ്പള്ളിയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നു. തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ്. നമുക്ക് സ്വാതന്ത്ര്യംകിട്ടിയതുമുതൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടം വരെ അഞ്ച് മെഡിക്കൽ കോളേജ് മാത്രമാണ് ഉണ്ടായിരുന്നത്. 9 പുതിയ മെഡിക്കൽ കോളേജുകളാണ് സർക്കാർ മേഖലയിൽ

ആരംഭിച്ചത്. രണ്ട് കാര്യങ്ങളാണ്, ഒന്ന് നിരാലംബരും, നിസ്സഹായരും, നിസ്വരുമായ ജനസമൂഹത്തെ സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിന് എറിഞ്ഞുകൊടുക്കുകയല്ല സർക്കാർ ചെയ്തത്, മറിച്ച് സർക്കാരിന്റെ സൗജന്യമായ ചികിത്സയിലേക്ക് അവരെ കൊണ്ടു വരികയും അതോടൊപ്പം പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു. മഹാനായ അയ്യൻകാളി പറഞ്ഞു എന്റെ സമുദായത്തിൽ 10 ബി.എ.ക്കാരുണ്ടാകണമെന്ന് പറഞ്ഞപ്പോൾ, 100 കുട്ടികൾക്ക് പ്രവേശനം കൊടുക്കുമ്പോൾ 75 പട്ടികജാതിക്കാരെ പഠിപ്പിക്കുന്ന പട്ടികജാതിക്കാരുടെ മെഡിക്കൽ കോളേജ് ആരംഭിക്കാൻ കഴിഞ്ഞത് അയ്യൻകാളിയുടെ പേരിൽ സർക്കാർ എയ്ഡഡ് കോളേജ് കൊല്ലം ജില്ലയിലെ പത്തനാപുരത്ത് ആരംഭിക്കുവാൻ കഴിഞ്ഞതും, നടപ്പിലാക്കാൻ സാധിച്ചതും ഇവിടെയാണ്. ഡോ. കെ.ടി. ജലീലിന്റെ മണ്ഡലത്തിൽ എയ്ഡഡ് കോളേജ് ഈ ഗവൺമെന്റാണ് കൊണ്ടുവന്നത്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന്റെ മണ്ഡലത്തിൽ, തലശ്ശേരിയിൽ ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിട്ടാണ് കോളേജ് വന്നത്. ഞങ്ങൾ ഒരു വിവേചനവും കാണിച്ചിട്ടില്ല നിങ്ങളേപ്പോലെ, നിങ്ങളാണെങ്കിൽ വിവേചനത്തോടുകൂടിയാണ് പെരുമാറിയത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങളുടെയൊന്നും മണ്ഡലത്തിൽ ഒരു സർക്കാർ

കോളേജോ, എയ്ഡഡ് കോളേജോ കിട്ടിയിട്ടില്ല. പക്ഷേ ഞങ്ങൾ വന്നപ്പോൾ കേരളത്തിൽ സർക്കാരോ, എയ്ഡഡോ കോളേജ് ഇല്ലാത്ത എവിടെയെല്ലാമുണ്ടോ അവിടെയൊക്കെ കോളേജുകൾ ആരംഭിച്ചു. 259 കോഴ്സുകൾ എയ്ഡഡ് മേഖലയിൽ പുതുതായി ആരംഭിച്ചു. കോളേജുകൾ, എയ്ഡഡ് കോളേജുകൾ, സ്കൂളുകൾ, കോഴ്സുകൾ, മെഡിക്കൽ കോളേജുകൾ ഇതൊക്കെ സർക്കാർ മേഖലയിലാണ് ആരംഭിച്ചത്. ലോകത്തിന്, ഇൻഡ്യയിൽ കേരളം ഒരു മാതൃകയാണ്, കാരണം, വിദ്യാഭ്യാസ ആരോഗ്യ സേവന മേഖലകളിൽ നിന്ന് സർക്കാർ പിൻവാങ്ങുകയല്ല മറിച്ച് സ്വകാര്യ കുത്തകകൾക്ക് മേൽ സർക്കാർ ആധീശത്വം, സ്ഥാപനങ്ങൾ വഴി ഉണ്ടാക്കിയെടുക്കുന്ന ഒരു നയം, സമീപനം നോർഡിക് മാതൃക വഴി നമ്മൾ സ്വീകരിച്ചത്. ആരോഗ്യകിരണം എന്ന പദ്ധതി ഈ ഗവൺമെന്റിന്റെ ഏറ്റവും മനോഹരമായ നന്മയുള്ള ഒരു പദ്ധതിയാണ്. ഒരു വയസ്സു മുതൽ പതിനെട്ട് വയസ്സു വരെയുള്ള കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ കൊടുക്കുന്ന പദ്ധതിയാണ്. ഇന്നുവരെ 21 ലക്ഷം കുട്ടികൾക്കാണ് ആരോഗ്യകിരണം വഴി ആ സഹായം ലഭിച്ചിട്ടുള്ളത്. കേരളത്തിൽ ഒരുപാട് കുഞ്ഞുങ്ങൾ ജനിക്കുമ്പോഴേ കേൾവി ശക്തിയില്ലാത്തവരുണ്ട്, സംസാര ശേഷിയില്ലാത്തവരായുണ്ട്, ആ കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്താൻ അഞ്ചര ലക്ഷം രൂപ സൗജന്യമായി

കൊട്ടുത്ത് 180 കുഞ്ഞുങ്ങളെക്കൊണ്ട് അച്ചാ അമ്മാ എന്നുവിളിപ്പിച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ്, ഐക്യജനാധിപത്യമുന്നണിയുടെ ഗവൺമെന്റ്. നിങ്ങൾ ഉപരിവിപ്ലവകരമായി നടത്തുന്ന പ്രചരണങ്ങളോ, മാധ്യമങ്ങളെ കൂട്ടുപിടിച്ച് നടത്തുന്ന കള്ള പ്രചരണങ്ങളോ, അതൊന്നും ഏൽക്കാതെ പോകുന്നത് ഈ പാവപ്പെട്ട സാധാരണക്കാരായ ജനങ്ങൾ ഇതൊക്കെ നേരിട്ട് അനുഭവിക്കുന്നത് കൊണ്ടാണ്. നിങ്ങൾ എത്ര കള്ളപ്രചരണം നടത്തിയാലും അതൊന്നും ഏൽക്കാൻ പോകുന്നില്ല. നിങ്ങൾ ചോദിച്ചു എവിടെ സ്നേഹതീരം, ഞങ്ങളുടെയൊക്കെ മണ്ഡലത്തിൽ ഞങ്ങൾ നടപ്പിലാക്കുന്നുണ്ട്. സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കുന്നുണ്ട്, കാരുണ്യ, നിങ്ങൾ മാണി സാറിനെ ആക്ഷേപിക്കുന്നുണ്ടല്ലോ, പുതുപ്പള്ളി, തൃക്കാക്കര, അഴിക്കോട്, വണ്ടൂര് തുടങ്ങിയ മണ്ഡലങ്ങളിൽ അതിനുവേണ്ടിയുള്ള സോഷ്യൽ സെക്യൂരിറ്റി ക്യാമ്പുകൾ എക്സ്ക്ലൂസീവായി നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നിങ്ങളുടെ മുഖ്യമന്ത്രി ഇപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി ഇരിക്കുന്ന കസേരയിലിരുത്തിക്കൊണ്ട്, ധനകാര്യ വകുപ്പുമന്ത്രിയെ ഇപ്പുറത്ത് ഇരുത്തിക്കൊണ്ട് ഈ കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ ഇടയിൽ 80,000 കോടി രൂപ തട്ടിയെടുത്തുകൊണ്ടുപോയ സാന്റിയാഗോ മാർട്ടിനെക്കുറിച്ച്

അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. ശ്രീ. വി.ഡി. സതീശനും, ശ്രീ. തോമസ് ഐസക്കും തമ്മിൽ തിരുവനന്തപുരം പ്രസ്സ് ക്ലബിൽ പരസ്യ സംവാദം നടത്തിയിട്ടുണ്ട്. ഇവിടെ ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞു, ഞങ്ങൾ പണം കടം വാങ്ങിയതാണ്. നിങ്ങൾക്ക് പണം കടം വാങ്ങാൻ സാന്റിയാഗോ മാർട്ടിനെപ്പോലെയുള്ള ഒരു കൊള്ളരുതാത്തവനേ ഉണ്ടായിരുന്നുള്ളൂവോ? ശ്രീ. പ്രകാശ് കാരാട്ട് സമ്മതിച്ചല്ലോ, പണം വാങ്ങിയത് തെറ്റായിപ്പോയി, തിരിച്ചുകൊടുക്കണമെന്ന്. അദ്ദേഹത്തിനെ ചുമതലയിൽ നിന്നു മാറ്റി, വേറൊരു ജയരാജന് ചുമതലകൊടുത്തു. പാർട്ടി പത്രത്തിന് രണ്ട് കോടി രൂപ കൊടുത്തു. ഈ ലോട്ടറിയുടെ നറുക്കെടുപ്പ് ഏഷ്യാനെറ്റിനില്ല, സൂര്യയ്ക്കില്ല, ഇൻഡ്യാവിഷനില്ല, മനോരമയ്ക്കില്ല, ജയ്ഹിന്ദിനില്ല ഈ ചാനലുകളിൽ ഒന്നിലും ഇല്ല. ഇതൊക്കെ ടി.ആർ.പി. ഇല്ലാത്തതാണോ? കൈരളിയ്ക്കുമാത്രം പണം. എന്നിട്ട് 80,000 കോടി രൂപ മൂന്ന് കൊല്ലം കൊണ്ട് ഈ സംസ്ഥാനത്തു നിന്നും തട്ടിയെടുത്തുകൊണ്ടുപോയി എന്ന് മുഖ്യമന്ത്രിയുടെ ആരോപണം. ആ ലോട്ടറി തന്നെ ഈ ഗവൺമെന്റ് കാരുണ്യ ബനവലന്റ് ഫണ്ട് വഴി, ഈ നയപ്രഖ്യാപനത്തിൽ പറയുന്ന 600 കോടി രൂപ പാവപ്പെട്ടവർക്ക് കൊടുത്തു. നിങ്ങൾക്ക് ഇപ്പോൾ തോന്നുന്നുണ്ടാകും ഇതൊക്കെ നമ്മുടെ ഗവൺമെന്റിന്റെ കാലത്തും ചെയ്യാമല്ലോ എന്ന്, കുറ്റബോധമുണ്ടാകും ഇതൊക്കെ

നമ്മുടെ കാലത്തും ചെയ്യാമല്ലോ എന്ന്. പക്ഷെ എന്തു ചെയ്യാൻ പറ്റും ഇനി ഒരു അവസരവുമില്ല. അതുകൊണ്ട് ഈ നന്മകളെ നിങ്ങൾ അംഗീകരിക്കാൻ തയ്യാറാകണം. അതിനുപകരം നിങ്ങൾ ഇപ്പോഴും ജനാധിപത്യ വിരുദ്ധമായ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നിങ്ങളുടെ പ്രശ്നങ്ങളെന്തെല്ലാം ഞങ്ങൾ പരിഹരിച്ചു. മൂലമ്പള്ളി പ്രശ്നം, നിങ്ങളുടെ കാലത്തുള്ളതാണ്. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി പറഞ്ഞു അവർക്ക് നക്സലൈറ്റുകളുമായി ബന്ധമുണ്ടെന്ന്, പിന്നെ അദ്ദേഹമത് തിരുത്തി. ചെങ്ങറ, മൂലമ്പള്ളി, തുടങ്ങിയ നിങ്ങളുടെ കാലത്തെ പ്രശ്നം ഞങ്ങൾ പരിഹരിച്ചു. അതുപോലെ എൻഡോസൾഫാൻ നിങ്ങളുടെ കാലത്തെ പ്രശ്നം ഞങ്ങൾ പരിഹരിച്ചു. നഴ്സുമാരുടെ പ്രശ്നം നിങ്ങളുടെ കാലത്തുണ്ടായിരുന്നു ഞങ്ങൾ പരിഹരിച്ചു. നിങ്ങളുടെ കാലത്തുണ്ടായിരുന്ന ആദിവാസികളുടെ ഭൂമി പ്രശ്നം ഞങ്ങൾ പരിഹരിച്ചു. പക്ഷിപ്പനി പോലുള്ള ഒരു ക്രൈസിസ് ഉണ്ടാകുമ്പോഴാണ് ആ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ വിലയിരുത്തുന്നത് ആ വിഷയവും ഗവൺമെന്റ് ഇടപെട്ടു പരിഹരിച്ചു. അങ്ങനെ നിങ്ങളുടെ കാലത്തുണ്ടായിരുന്ന പല ജനകീയ പ്രശ്നങ്ങളും ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് പരിഹരിച്ചത്. ദേശീയ ഗയിംസിനെപ്പറ്റി ഇവിടെ പറഞ്ഞു. അവസാന ദിവസം മേനാംകുളത്തുവച്ച് മുഖ്യമന്ത്രിയും, സ്പോർട്സ്

മിനിസ്റ്ററും, ഇൻഡ്യൻ ഒളിംപിക് അസോസിയേഷന്റെ പ്രസിഡന്റും കൂടി പത്ര സമ്മേളനം നടത്തുമ്പോൾ ഞാനും ആ വേദിയിൽ പത്രക്കാരോടൊപ്പമുണ്ടായിരുന്നു. അതിന്റെ പുറകിൽ രാമചന്ദ്രൻ പറയുന്നത് it is unbelievable എന്നാണ്. ഇത്രയും ഗഭീരമായി നടത്തിയ ദേശീയ ഗയിംസിനെപ്പറ്റി ആർക്കും ഒരു പരാതിയുമില്ല. ഇവിടെ നിങ്ങൾ എന്തെല്ലാമാണ് പ്രചരിപ്പിച്ചത്. ഇവിടെ ഗ്രൗണ്ടില്ല, സാധനങ്ങളെല്ലാം കടലിൽ കിടക്കുകയാണ്, ഇവിടെ മത്സരം നടക്കാൻ പോകുന്നില്ല. മാറ്റിവയ്ക്കേണ്ടിവരും. പക്ഷേ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി, പ്രസിഡന്റ്, ഇൻഡ്യ ഒളിംപിക് അസോസിയേഷൻ പ്രസിഡന്റ് രാജ്യത്തെ മുഴുവൻ അത്ലറ്റുകളും ഇതുപോലെ ഒരു ദേശീയ ഗയിംസ് നടത്തിയിട്ടില്ലായെന്ന് പറഞ്ഞു. ഈ ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ട് അതുകൊണ്ടാണ് ഞങ്ങൾ പതറി പോകാത്തത്. ഞങ്ങൾ പതറില്ല ജനങ്ങളിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. ഓപറേഷൻ കുബേര. ഇവിടെ ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽ നിന്ന് നിരപരാധികളായ സാധാരണക്കാരെ മോചിപ്പിച്ചുവഴി ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞു. ക്ലീൻ കാമ്പസ് സേഫ് കാമ്പസ് നമ്മുടെ കാമ്പസ്സുകളെ ലഹരിയിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞു. ഇപ്പോൾ ഓപറേഷൻ സുരക്ഷ ഇതുപോലെ എന്തെങ്കിലും പരിപാടി നിങ്ങളുടെ കാലത്തുണ്ടായിരുന്നോ? ഫ്ലാഷ്ഷിപ്പ് പ്രോഗ്രാം ഞാൻ

ആവർത്തിക്കുകയാണ്. വിഴിഞ്ഞം ആവർത്തിക്കേണ്ടിവന്നത് ആവശ്യമുള്ളതുകൊണ്ട്. വിഴിഞ്ഞം കണ്ണൂർ വിമാനത്താവളം, കൊച്ചിൻ മെട്രോ, സ്മാർട്ട് സിറ്റി, സ്റ്റാർട്ടപ് വില്ലേജ് പോലെയുള്ള (യംഗ് എന്റർപ്രണർ സമ്മിറ്റ്) പോലെയുള്ള മനോഹരമായ നവീനമായ ആശയങ്ങൾ നമ്മൾ നടപ്പിലാക്കുന്നു. ഇവിടെ പാൻ മാസാല നിരോധിച്ചത് ഈ ഗവൺമെന്റാണ്. അതിനെതിരെ ഒരു സമരവും നടന്നിട്ടില്ല. ഈ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് പാൻ മസാല നിരോധിച്ചത്. ഇവിടെ നിങ്ങൾ ഒരു ബാറും പൂട്ടിയില്ല. ഞങ്ങൾ 700 ബാറുകൾ പൂട്ടി. നിങ്ങൾ എന്താ ചെയ്തത്, നിങ്ങൾ എല്ലാം റഗുലറൈസ് ചെയ്തുകൊടുത്തു. ബിവറേജസ് കോർപറേഷന്റെ പത്തു ശതമാനം കുറച്ചത് മാറ്റണമെന്നാണോ നിങ്ങളുടെ അഭിപ്രായം. അങ്ങനെയാണെങ്കിൽ അതൊരു നയമായിട്ട് എഴുതി തരണം. പുകയില നികുതി ഞങ്ങൾ കൂട്ടി, ഈ ഈവിൾ ടാക്സസ് എല്ലാം ഞങ്ങൾ കൂട്ടി. അങ്ങനെയാണ് ഒരു ഗവൺമെന്റ് ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നത്. കൊച്ചിയിലെ കൊക്കൈൻ കേസ് നിങ്ങളെന്താണ് ആരും ഇവിടെ ഉന്നയിക്കാത്തത്? നമ്മുടെ കൊച്ചിയിലെ ഒരു ഹോട്ടലിൽ നിന്നും സിനിമാതാരങ്ങളെയടക്കം പിടിച്ചതല്ലേ? ഇവിടെ ഒരാളുപോലും അതിനെക്കുറിച്ച് മിണ്ടുന്നില്ലല്ലോ? എന്താ നിങ്ങൾ നിശബ്ദമാകുന്നത്. കൊച്ചിയിലെ കൊക്കൈൻ

കേസ്സിന്റെ കാര്യത്തിൽ പ്രതിപക്ഷത്തെ ചെറുപ്പക്കാരായ ഒരൊറ്റ എം.എൽ.എ.പോലും അതിനെക്കുറിച്ച് ഒരക്ഷരവും മിണ്ടുന്നില്ലല്ലോ. നിങ്ങൾ പറയണ്ടേ, നിങ്ങൾക്ക് ഈ ചെറുപ്പക്കാർ കൊക്കെയ്ൻ പോലുള്ള ലഹരിമരുന്നുകൾക്ക് അടിമപ്പെടുത്തി അവരെ വഴിതെറ്റിപ്പിക്കുന്ന പ്രശ്നത്തിൽ നിങ്ങൾ ഇടപെടണ്ടേ? നിങ്ങളും ഈ വിഷയത്തെപ്പറ്റി പറയണ്ടേ ഞങ്ങൾ മാത്രം ഇടപെട്ടാൽ മതിയോ. നിങ്ങൾ എന്താ ഇതുപോലുള്ള ജനകീയ വിഷയങ്ങളിൽ ഇടപെടാത്തതെന്താ? അതിന്റെ കാര്യം നമുക്കെല്ലാപേർക്കും അറിയാം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വർഗ്ഗ താൽപര്യം ആരുടെ കൂടെയാണ് നിൽക്കേണ്ടത്. ആദിവാസികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി നിൽപ്പ് സമരം നടത്തി, അതിന്റെ പേരിൽ നിങ്ങൾ നിയമസഭയിൽ ഉപരോധം നടത്തി ഗവൺമെന്റിനെ മുൾമുനയിൽ നിർത്തി ആദിവാസിക്ക് ഭൂമി നേടികൊടുക്കാൻ വേണ്ടി നിയമസഭ വളഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ വർഗ്ഗ താൽപര്യം ഉയർന്ന് നിന്നേനെ. നിങ്ങൾ ആരുടെ താൽപര്യമാണ് ഇവിടെ ഉയർത്തിപിടിക്കുന്നത്.? അതിനു പകരം നിങ്ങൾ ശ്രീ.കെ.എം.മാണി സാറിനെ വഴിയിൽ തടയുന്നത് ആർക്കുവേണ്ടിയാണ്? ശ്രീ.ബിജു രമേശിന്റെ വിഷയമാണിത്, ആ വിഷയം നിങ്ങളല്ല ആദ്യമേറ്റെടുത്തത്. സംഭവം കഴിഞ്ഞ് 15 ദിവസത്തിനുശേഷം സി.പി.ഐ. ഏറ്റെടുക്കുകയും 20

ദിവസം കഴിഞ്ഞ് നിങ്ങൾ ഏറ്റെടുക്കുകയും ചെയ്ത വിഷയമാണ്. ശ്രീ.ബിജു രമേശിന്റെ ആളുകൾ സർക്കാരിനെ സ്വാധീനിക്കാമെന്ന് കരുതി പണം പിരിക്കുകയും സർക്കാരിനെ സ്വാധീനിക്കാൻ കഴിയാതിരുന്ന സന്ദർഭമാണുണ്ടായത്. സ്വാധീനിക്കാൻ പറ്റിയിരുന്നെങ്കിൽ ബാർ പൂട്ടാൻ പറ്റില്ലായിരുന്നു. സ്വാധീനിക്കാൻ പറ്റാത്തതുകൊണ്ട് ബാർ പൂട്ടി, പൂട്ടിക്കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു ആരോപണമുന്നയിച്ചു. അദ്ദേഹത്തിന്റെ ഡ്രൈവർ അത് ശരിയാണെന്ന് പറഞ്ഞു. ലളിതകുമാരി Vs. സ്റ്റേറ്റ് ഓഫ് യു.പി.കേസ് പ്രകാരം ഒരു എഫ്.ഐ.ആർ. ഇട്ടു. ഇവിടെ ഞാൻ ആരുടേയും പേര് പറയുന്നില്ല. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ട് എഫ്.ഐ.ആറിൽ പ്രതിയായ ആളുകൾ നിങ്ങളുടെ അടുത്തിരുപ്പുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയില്ല, ലളിതകുമാരി വഴി വന്നതല്ല. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി എഫ്.ഐ.ആറിൽ പ്രതിയായ ആളുകൾ അപ്പുറത്തുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ഹൈക്കോടതിയിലും മാറി മാറി സമീപിച്ചിട്ടും എഫ്.ഐ.ആർ റദ്ദാക്കാൻ കഴിഞ്ഞില്ലല്ലോ? ബഹുമാനപ്പെട്ട സുപ്രീം കോടതിയേയും ഹൈക്കോടതിയേയും സമീപിച്ചിട്ടും ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് എഫ്.ഐ.ആറിൽ പ്രതിചേർത്തിട്ട് റദ്ദാക്കാൻ കഴിയാത്ത ആളുകൾ എണീറ്റ് നിന്ന് ശ്രീ.കെ.എം.മാണി സാറിനെതിരെ ഇത്തരം

ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ ഇത് നിലനിൽക്കുമോ? രണ്ട് ആരോപണങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഒന്ന് ഞാൻ പറയില്ല. വളരെ ബഹുമാന്യരായ ആളുകളാണ്. ഞാൻ ചെറിയ പയ്യനാണ്. ഒന്നാമത്തെ ആരോപണം ശ്രീ.ബിജു രമേശ് ശ്രീ. കെ.എം.മാണി സാറിനെതിരെ ഉന്നയിച്ച ആരോപണമാണ് അത് ഞാൻ പറഞ്ഞ്കഴിഞ്ഞു. രണ്ടാമത്തെ ആരോപണം ആരാണ് ഉന്നയിച്ചത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയ്ക്ക് കൊടുക്കുകയും സംസ്ഥാന കമ്മിറ്റി തള്ളുകയും പോളിറ്റ് ബ്യൂറോയ്ക്ക് കൊടുക്കുകയും അതിനുശേഷം പത്രങ്ങളിൽ വരുകയും അദ്ദേഹമോ പാർട്ടിയോ നിരസിക്കാതിരുന്ന ആ കത്തിലെ ഒരു വാചകം ഇങ്ങനെയാണ്. രാമചന്ദ്രനെക്കാൾ കുഞ്ഞനന്തനും മനോജനുമാണ് കുറ്റത്തിൽ കൂടുതൽ പങ്കാളികളായിട്ടുള്ളതെന്ന് സംശയാധീതമായി തെളിഞ്ഞിട്ടുണ്ട്. അതിനു ശേഷവും പാർട്ടിസെക്രട്ടറി കുഞ്ഞനന്തനേയും മനോജനേയും ന്യായീകരിക്കാൻ നിർബന്ധിതനാകുന്നതിന്റെ സാഹചര്യം പരിശോധിക്കപ്പെടണം. കുഞ്ഞനന്തനും മനോജനും വായ തുറക്കുമെന്ന് ഭയന്നിട്ടല്ലേ ഇപ്പോഴും അദ്ദേഹം ഇത്തരമൊരു നിലപാട് എടുക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പാർട്ടിയ്ക്ക് കൊടുത്ത കത്ത് മലയാള മനോരമ ഫുൾ ടെസ്റ്റ് പ്രസിദ്ധീകരിച്ചതാണ്. അതിനെതുടർന്ന് പിറ്റേ ദിവസം പാർട്ടി സെക്രട്ടറി വലിയ

ക്ഷുഭിതനായി ഒരു പത്ര സമ്മേളനം നടത്തി. അതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രതികരിച്ചത് എനിക്കെതിരായി എന്തോ പറഞ്ഞുവെന്ന് കേട്ടു, ഞാൻ അത് അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളിക്കളയുന്നുവെന്നാണ്. ഇങ്ങനെ തികഞ്ഞ അവജ്ഞയോടുകൂടി പുച്ഛിച്ചുതള്ളിയതിനുശേഷം നിങ്ങൾക്കദ്ദേഹത്തിനെതിരെ എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ ഉള്ളിന്റെ ഉള്ളിൽ നിങ്ങൾക്കെല്ലാപേർക്കുമറിയാം ബഹുമാന്യനായ................

മി.ചെയർമാൻ :ഇനി ഒരു മിനിറ്റേയുള്ളൂ

ശ്രീ.പി.സി. വിഷ്ണുനാഥ്: ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറയുന്നതിൽ വസ്തുതയുണ്ട്, സത്യമുണ്ടെന്ന് നിങ്ങളുടെ മനസ്സാക്ഷി നിങ്ങളോട് പറയുന്നതുകൊണ്ടാണ് അദ്ദേഹമുയർത്തുന്ന ആരോപണങ്ങളെ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയാത്തത്. പക്ഷേ അദ്ദേഹത്തിനൊരു പ്രശ്നമുണ്ട്, അനാവശ്യമായി എപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ വൈര്യനിര്യാതന ബുദ്ധിയോടുകൂടി മറ്റ് പലരോടും സ്വീകരിക്കുന്നതുപോലെ, പാമോയിലിൻ കേസ്സിൽ മുഖ്യമന്ത്രിയുടെ പുറകേ പോയി. പ്രതിപക്ഷ നേതാവിനെക്കുറിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയും, ബഹുമാനപ്പെട്ട ഹൈക്കോടതിയും അവരുടെ വിധി ന്യായങ്ങളിൽ എന്താ പറഞ്ഞതെന്നറിയാമോ? Petitioner is trying to protract

the matter so as to keep the case in limelight for taking political advantage against CW 23rd witness who is the present Chief Minister. ഇത് ജസ്റ്റിസ് സതീഷ് ചന്ദ്രൻ അദ്ദേഹത്തിന്റെ വിധി ന്യായത്തിൽ പറഞ്ഞതാണ്. അതായത് പൊളിറ്റിക്കൽ ലൈംലൈറ്റിൽ നിർത്തി പൊളിറ്റിക്കൽ അഡ്വവാൻണ്ടേജുണ്ടാക്കാൻ വേണ്ടി കോടതിയെ ഉപയോഗിക്കുന്നു. ബഹുമാമനപ്പെട്ട സുപ്രീം കോടതി പറഞ്ഞതെന്താണ്, കലക്കവെള്ളത്തിൽ മീൻ പിടിക്കരുതെന്നാണ്. ഇനി തെളിവ് ഹാജരാക്കിയില്ലെങ്കിൽ എനിക്ക് വലിയ ശിക്ഷ ഈടാക്കേണ്ടതായി വരുമെന്നാണ്.

മി.ചെയർമാൻ : പ്ലീസ്.........

ശ്രീ.പി.സി.വിഷ്ണുനാഥ്: സർ, ഞാൻ അവസാനിപ്പിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി ആരെങ്കിലും നല്ലതു പറഞ്ഞാൽ, ആരെ വേണമെങ്കിലും ആ നല്ലത് പറഞ്ഞതിനെതിരായിട്ടുള്ളവരെ പിൻതുണയ്ക്കും. ഇത് ഞാൻ കഴിഞ്ഞ ദിവസം നിയമസഭാ രേഖയിൽ നിന്നെടുത്തതാണ്.

മി.ചെയർമാൻ : പ്ലീസ്............

ശ്രീ.പി.സി.വിഷ്ണുനാഥ്: സർ, ഞാൻ അര മിനിട്ട് കൊണ്ട് നിർത്താം. ഒന്നര മിനിട്ട് ശ്രീ ശിവൻകുട്ടി എടുത്തു. ഇറാഖിൽ അകപ്പെട്ട നഴ്സുമാരെ കൊണ്ടുവന്നു. അപ്പോൾ ബഹുമാനപ്പെട്ട മുൻ സ്പീക്കർ ജി. കാർത്തികേയൻ മുഖ്യമന്ത്രിയേയും

സർക്കാരിനേയും അഭിനന്ദിച്ചു. അന്ന് പ്രതിപക്ഷ നേതാവ് ഒരു പ്രസംഗം നടത്തി. അദ്ദേഹം പറഞ്ഞത് സദ്ദാം ഹുസൈന്റെ പട്ടാളക്കാർ കാട്ടിയ അത്യന്തം മനുഷ്യസ്നേഹപരമായ സമീപനം കൊണ്ടാണ് നമ്മുടെ സഹോദരിമാർ നാട്ടിലേയ്ക്ക് മടങ്ങാൻ സാധിച്ചതെന്നാണ്. അങ്ങനെ സ്നേഹമസൃണമായി പെരുമായിയ പട്ടാളക്കാരെ ഭീകരരെന്ന് പറഞ്ഞാണ് നമ്മൾ ആക്ഷേപിക്കുന്നത്. സദ്ദാം ഹുസൈന്റെ പട്ടാളക്കാർ കാട്ടിയ മനുഷ്യ സ്നേഹപരമായ സമീപനം അവിടെ പോരാട്ടം നടത്തുന്ന അവരോട്ടും തിരിച്ചും കാണിക്കാനുള്ള സൻമനസ്സ്..

മി.ചെയർമാൻ : യെസ്സ് .. യെസ്സ്...

ശ്രീ.പി.സി.വിഷ്ണുനാഥ്: അതായത് ഈ പത്ര പ്രവരത്തകരേയും മനുഷ്യാവകാശ പ്രവർത്തകരേയും കുനിച്ച് നിർത്തി തല കണ്ടിക്കുന്ന ഐ.എസു കാരോട്ടും നമ്മൾ മനുഷ്യ സ്നേഹപരമായ സമീപനം സ്വീകരിക്കണം എന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞത്. ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ സ്വീകരിക്കുന്ന സമീപനം ജമ്മു കാശ്മീരിൽ ശ്രീ. മുഫ്തി മുഹമ്മദ് സയ്യിദ് തീവ്രവാദികളോട് കാണിച്ച സമീപനം പോലെയാണ്. അതുകൊണ്ട് ഇൻഡ്യയുടെ മതേതരത്വം വലിയ വെല്ലുവിളികൾ നേരിടുകയാണ്. രാജ്യത്തിന്റെ മതേതരത്വത്തെ അട്ടിമറിക്കാൻ വേണ്ടിയിട്ട് ശ്രീ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഫാസിസ്റ്റുകൾ

വലിയ പരിശ്രമം നടത്തുമ്പോൾ അതിനെതിരായിട്ട് ജനാതിപത്യത്തേയും മതേതരത്വത്തേയും സംരക്ഷിക്കാൻ കോൺഗ്രസ്സ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതായിട്ടുള്ള ഈ കാലഘട്ടത്തിൽ ഇത്തരം ജനാതിപത്യ വിരുദ്ധ സമീപനങ്ങളിൽ നിന്നും നിങ്ങൾ പിന്നോട്ട് പോകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ നയപ്രഖ്യാപനത്തേയും നന്ദിപ്രമേയത്തേയും ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരള നിയമസഭയുടെ തീരുമാനപ്രകാരം പ്രധാനപ്പെട്ട സെക്രട്ടറിമാരെ നിയോഗിച്ചിതിനുശേഷമാണ് പ്ലാച്ചിമടയിലെ കൊക്കോകോള പദ്ധതിയുടെ ഫലമായി കൃഷി തകർന്ന കൃഷിക്കാർക്കും രോഗം പിടിച്ചവർക്കും നഷ്ടപരിഹാരം നൽകുവാൻ തീരുമാനിച്ചത്. ഇത് സ്റ്റേറ്റിന്റെ തീരുമാനമാണ്. ആ തീരുമാനം കേന്ദ്രഗവൺമെന്റിനയച്ചു. കുറെക്കാലത്തേയ്ക്ക് കോൺഗ്രസ് ഗവൺമെന്റ് അത് നടപ്പാക്കിയില്ല. ഇപ്പോൾ വന്ന ബി.ജെ. പി. ഗവൺമെന്റ് ഈ തീരുമാനം ഇവിടെ തിരിച്ചയച്ചിരിക്കുകയാണ്. ഇത് നടപ്പിലാക്കാൻ സാധിക്കുകയില്ല എന്നാണ് പറയുന്നത്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഇതിനെക്കുറിച്ച് ഒരു വാക്കും കാണുന്നില്ല. നമ്മുടെ വർഗ്ഗസ്വഭാവം എന്താണ്? കൊക്കകോളയുടെ ഉടമസ്ഥന്മാരെ സഹായിക്കുന്ന വർഗ്ഗസ്വഭാവമാണോ ഈ ഗവൺമെന്റിനുള്ളത്? ഇവിടെ റേഷൻ

വിതരണം നടത്തി. എന്നാൽ കേന്ദ്രഗവൺമെന്റ് റേഷൻ വിതരണം നിർത്താൻ പോകുകയാണ്. കൃഷിക്കാരിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്നത് ഒഴിവാക്കുന്നതിനെ സംബന്ധിച്ചും കേന്ദ്രഗവൺമെന്റ് ആലോചിക്കുകയാണ്. സംസ്ഥാനഗവൺമെന്റിന് സ്റ്റേറ്റിലെ സാധാരണക്കാരെ ബാധിക്കുന്ന ഗൗരവമായ പ്രശ്നം കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനുമുമ്പാകെ ഒരഭിപ്രായം പറയാൻ ഗവർണ്ണറെക്കൊണ്ട് ഒരു വാക്ക് പറയിക്കാൻ സംസ്ഥാനഗവൺമെന്റ് എന്തുകൊണ്ട് സന്നദ്ധമായില്ല? അതുപോലെ ഇവിടെ നമ്മൾ ആരുടെ ഭാഗത്ത് നിൽക്കുന്നു എന്നതാണ് പ്രധാനപ്പെട്ട കാര്യം. കേരളത്തിൽ ലക്ഷക്കണക്കിന് ഏജന്റുമാരടക്കം എൽ.ഐ.സി.യിൽ അനേകം ജീവനക്കാരുണ്ട്. കോൺഗ്രസ്-ഐ അധികാരത്തിലിരുന്നപ്പോൾ 26 ശതമാനം എൽ.ഐ.സി.യുടെ ഷെയറുകൾ വിറ്റഴിക്കുവാൻ തീരുമാനിച്ചു. അതിനെ ഇൻഡ്യയിലെ പ്രധാനപ്പെട്ട കക്ഷികൾ എതിർത്തു എന്നുമാത്രമല്ല ഇന്ന് അധികാരത്തിലുള്ള ബി.ജെ.പി. പഴയ ധനകാര്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപ്പിലാക്കാൻ സാധിക്കുകയില്ല എന്ന് അവരുടെ സബ്ജക്റ്റ് കമ്മറ്റി തീരുമാനിച്ചു. അദ്ദേഹം അതിന്റെ ചെയർമാനായിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ മകനാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത്. 49 ശതമാനം ഷെയറുകൾ

വിറ്റഴിക്കുവാൻ തീരുമാനിക്കുന്നു. പാർലമെന്റിൽ പാസ്സാക്കി എടുക്കാൻ സഹായിച്ചത് ആരുടെ സഹായത്താലാണ്. കോൺഗ്രസ്-ഐ ആണ് ഇതിന് പിന്നിലുള്ളത്. കോൺഗ്രസ്സിന്റെ വർഗ്ഗ താല്പര്യം എന്താണ്? ഇവിടെ ബഹുമാനപ്പെട്ട മുസ്ലീംലീഗിലെ സുഹൃത്തുക്കളടക്കം കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ ജനവിരുദ്ധമായ നയങ്ങളെ എതിർക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. അവർ ചില കാര്യങ്ങൾ പറയുന്നുണ്ടെങ്കിലും അവരുടെ യഥാർത്ഥ താല്പര്യം ഇൻഡ്യാ രാജ്യത്തിലെയും വിദേശത്തുമുള്ള കുത്തകകളുടെ താല്പര്യം സംരക്ഷിക്കുക എന്നുള്ളതാണ്. ആ കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എതിർക്കാൻ ബഹുമാനപ്പെട്ട മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ കോൺഗ്രസ്-(ഐ)യുമായി സഹകരിക്കണമെന്ന് പറഞ്ഞു. കോൺഗ്രസ് (ഐ) അന്തർദേശീയ കുത്തകകളടക്കം ഇൻഡ്യയിലെ കുത്തകകളുടെ താല്പര്യ സംരക്ഷണത്തിന് ബി.ജെ.പി. കൊണ്ടുവരുന്ന നയങ്ങളുമായി സഹകരിക്കാൻ അവർ സന്നദ്ധരാകുന്നു. പത്തു കൊല്ലം അവർ ഭരിച്ച അവസരത്തിൽ മാത്രമാണ് ഇൻഡ്യാ രാജ്യത്തെ കുത്തകകൾക്ക് ഇതുപോലെ കൊള്ളയടിക്കാൻ അവസരമുണ്ടായത്. ഞാൻ പഴയകാലത്തിലേക്കൊന്നും പോകുന്നില്ല. മൊറാർജി ദേശായി ഭരിച്ചപ്പോൾ ഇൻഡ്യയിലെ വൻകിട വ്യവസായികൾക്ക് പ്രധാനപ്പെട്ട നഗരങ്ങളിൽ ഇത്ര കോടി രൂപയുമാത്രമേ

വ്യവസായങ്ങൾ നടത്താൻ പാടുള്ളു അല്ലെങ്കിൽ ബാക്കി നടത്തണമെങ്കിൽ ഗ്രാമത്തിൽ പോകണമെന്ന് തീരുമാനിച്ചു. വി.പി. സിംഗ് ധനകാര്യമന്ത്രി, രാജീവ്ഗാന്ധി പ്രധാനമന്ത്രി ആയ ഘട്ടത്തിൽ ഇന്ന് ഇൻഡ്യാരാജ്യത്തെ പല പ്രധാനപ്പെട്ട കുത്തകകളും നടത്തുന്ന അഴിമതിക്കെതിരായി വി.പി.സിംഗ് സംസാരിച്ച അവസരത്തിൽ അദ്ദേഹത്തെ ധനകാര്യമന്ത്രിസ്ഥാനത്തു നിന്നുമാറ്റി രാജ്യരക്ഷാവകുപ്പുമന്ത്രിയാക്കി മാറ്റി. ആ അവസരത്തിൽ ആണ് ബോഫോഴ്സ് ഇടപാട് രാജീവ്ഗാന്ധിയുടെ അഴിമതി കണ്ടുപിടിച്ച് അതിൽനിന്ന് അദ്ദേഹം മാറേണ്ടിവന്നു. അതുകഴിഞ്ഞ് ഇവർ അധികാരത്തിൽ വന്നശേഷം മാത്രമാണ് ഈ കഴിഞ്ഞ പത്തുകൊല്ലത്തെ കോൺഗ്രസ്(ഐ)യുടെ ഭരണ നേതൃത്വത്തിന്റെ ഫലമായിട്ടാണ് ഇൻഡ്യാരാജ്യത്തെ വൻകിട കുത്തകകൾക്ക് ഇൻഡ്യയെ കൊള്ളയടിക്കാൻ സാധിച്ചത്. ഇന്ന് ബി.ജെ.പി.യും കോൺഗ്രസ് ഐ-യും ഒരുമിച്ച് ഇൻഡ്യാ രാജ്യത്തെ വൻകിട കുത്തകകൾക്ക് വിൽക്കുന്ന അവസരത്തിൽ കേരളത്തിലെ ഗവൺമെന്റെങ്കിലും ഈ കുത്തകൾക്കെതിരായി സംസാരിക്കുവാൻ സാധിക്കണമെങ്കിൽ ഗവർണ്ണറെക്കൊണ്ട് കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള പ്ലാച്ചിമട അടക്കമുള്ള നമ്മുടെ ഭക്ഷണ സാധന ങ്ങളുടെ പ്രശ്നങ്ങളടക്കം ഒരു തീരുമാനം പറയിപ്പിക്കാൻ സാധിപ്പിക്കാത്ത ഈ

ഗവൺമെന്റിന് ഇന്നിവിടെ ബഹുമാനപ്പെട്ട പലരും പറഞ്ഞ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കാൻ നിങ്ങൾക്ക് സാധിക്കില്ല. ഞാനിതിനെ എതിർക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഒരു നെയ്ത്തുകാരനായി ആരംഭിച്ച് ലോകത്തിന്റെ മഹാകവിയായി മാറിയ തിരുവള്ളുവരിന്റെ തിരുക്കുറലിൽ നിന്ന് 385- ാം കുറൾ നമ്പർ പറയാതെ ഉദ്ധരിച്ചുകൊണ്ട് ദുർവ്യാഖ്യാനം ചെയ്ത് സമാപിക്കുന്ന ഗവർണ്ണറുടെ ഈ പ്രസംഗത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. പാപങ്ങളുടെ കെട്ടഴിച്ചാലും കെട്ടഴിച്ചാലും തീരാത്ത ഭരണപാപങ്ങളുള്ള ഈ ഗവൺമെന്റിന് പാപങ്ങളെപ്പറ്റി പറയാൻ ആയിരം നാവുള്ള അനന്തൻ വിചാരിച്ചാലും പെട്ടെന്ന് പറഞ്ഞുതീർക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള ഈ ഗവൺമെന്റിനെപ്പറ്റി വിശുദ്ധസാംസ്കാരിക ഗ്രന്ഥമായ തിരുക്കുറലിനെ ഉദ്ധരിച്ചുകൊണ്ട് ദുർവ്യാഖ്യാനം നടത്തിയ ഗവർണ്ണർ യാതൊരു കാരണവശാലും മാപ്പർഹിക്കുന്നില്ല എന്നുള്ളതാണ്. 'സത്യം ശിവം സുന്ദരം' എന്ന് അദ്ദേഹം ഇവിടെ പറയുമോ എന്ന് ഞാൻ സംശയിച്ചിരുന്നു. അങ്ങനെ പറഞ്ഞിരുന്നെങ്കിൽ അസത്യം, അവാസ്തവം, ആസുരം എന്ന് ഞാനതിനെ വിശേഷിപ്പിക്കുമായിരുന്നു. ഗവർണ്ണർ ഗൗരവതരമായ ഒരു പാണ്ഡിത്യകുറ്റമാണ്

ചെയ്തിരിക്കുന്നത്. 'ഇയറ്റലും ഈട്ടലും കാത്തലും കാത്ത വകുത്തലും വല്ലത് അരശ് എന്ന് മലയാളത്തിലും ഇംഗ്ലീഷിലും അച്ചടിച്ചിട്ടുണ്ട്. വെറും ഏഴ് വാക്കുകൾ മാത്രമാണ് ഈ 385-ാം കുറളിൽ പറയുന്നത്. കുറൾ എന്നു പറയുന്നത് ചെറുത്, സംക്ഷിപ്തമായത് എന്നാണ്. അങ്ങനെ ഏഴ് തമിഴ് വാക്കുകകൾ മാത്രമുള്ള 385-ാം കുറളിനെ അദ്ദേഹം ദുർവ്യാഖ്യാനം ചെയ്ത് 35 വാക്കുകളാണ് ട്രാൻസിലേറ്റ് ചെയ്തിരിക്കുന്നത്. അത് മലയാളത്തിൽ ക്വട്ടേഷനിൽ ഇട്ടതുകൊണ്ട് അതൊരു ഇന്റർപ്രട്ടേഷനല്ല. അദ്ദേഹമാണ് ഇത് ട്രാൻസിലേറ്റ് ചെയ്തു എന്നാണ് ഞാൻ സംശയിക്കുന്നത്. ഇത് ഗുരുതരമായിട്ടുള്ള നിരുത്തരവാദിത്തമാണ്. ഈ മഹത്തായിട്ടുള്ള ഗീത ദ്വയം രണ്ട് വരികൾ വീതമുള്ള couplet ആണ്. അങ്ങനെ 133 ഖണ്ഡങ്ങളിലായിട്ടുള്ള 1330 couplet ആണ് അതിനകത്തുള്ളത്. മഹാഗുണങ്ങൾ, സമ്പത്ത്, പ്രേമം തുടങ്ങിയ മൂന്ന് ഭാഗങ്ങളായിട്ടുള്ള ഇതിനെ ലോകം മുഴുവൻ ആദരിക്കുന്ന ഇതിനെ നിസ്സാരമായി ഉമ്മൻ ചാണ്ടി ഗവൺമെന്റിനെ ന്യായീകരിക്കാൻവേണ്ടി അദ്ദേഹം കുരങ്ങന്റെ തലയിലേയ്ക്ക് ഒരു പൂമാല വലിച്ചെറിയുന്നതുപോലെ അതിനെ വലിച്ചെറിഞ്ഞിരിക്കുകയാണ്. ഇത് ഈ ഗവൺമെന്റിനെപ്പറ്റി പറയാൻ അദ്ദേഹത്തിന് എങ്ങനെ ഈ മഹാകാവ്യത്തെ അനാദരിക്കേണ്ടി വന്നത് ഒരു പക്ഷേ, അദ്ദേഹം മന:പൂർവ്വം ചെയ്തതെന്നാണ്

ഞാൻ കരുതുന്നത്. കാരണം ഈ ഗവൺമെന്റിനെപ്പറ്റി നല്ലതു പറയണമെങ്കിൽ തീർച്ചയായിട്ടും അത് നന്മ എന്തെന്ന് അറിയാൻ പാടില്ലാത്തവർക്കുമാത്രമേ കഴിയുകയുള്ളൂ. കസ്തൂരി ശ്രീനിവാസൻ, ഭാരതീയ വിദ്യാഭവൻ, ബോംബെ ഇറക്കിയ ആധികാരികമായ ട്രാൻസിലേഷൻ King wealth creates protects defends; *and for his.... welfare spends* ഇതുമാത്രമേ ഉള്ളൂ. നെറ്റിൽ കാണുന്ന പരിഭാഷയിൽപോലും producing, saving, protecting, regulating and equitable sharing is the way to all for governance എന്നുമാത്രമേയുള്ളൂ. പക്ഷേ ഞാൻ ഇതുമുഴുവൻ വായിക്കുന്നില്ല. സമയം തീർന്നുപോകും. As is told by the great Tamil sage Thiruvalluvar എന്ന് തുടങ്ങിയ അദ്ദേഹം 35 വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. മലയാളത്തിൽ അദ്ദേഹം ഇയറ്റലും ഈട്ടലും കാത്തലും എന്നു തുടങ്ങിയ മഹാനായ യോഗി എന്നു പറഞ്ഞിട്ട് സത്ഭരണംവരെ 24 വാക്കുകൾ ഉപയോഗിച്ചിരിക്കുകയാണ്. യഥാർത്ഥത്തിലുള്ള ട്രാൻസിലേഷൻ അല്ല ഇത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിനെ പുകഴ്ത്താൻ തിരുവള്ളുവർ ഉപയോഗിക്കാത്ത വാക്കുകൾ ഉപയോഗിച്ചുകൊണ്ട് ദുർവ്യാഖ്യാനം ചെയ്തു ഈ കുറ്റം മാപ്പ് അർഹിക്കാത്ത ഒരു പാണ്ഡിത്യകുറ്റമാണെന്ന് പറയാതിരിക്കാൻ എനിക്ക് നിർവ്വാഹമില്ല. ഇതിന് മറുപടി അഞ്ചാം ഖണ്ഡത്തിലെ പത്താം കുറളിൽ

ബഹുമാനപ്പെട്ട ഗവർണ്ണർക്ക് തിരുവള്ളുവർതന്നെ മറുപടി നൽകുന്നുണ്ട്. അഞ്ചാം ഖണ്ഡത്തിൽ പത്താം കുറളിൽ ഇങ്ങനെയാണ് പറയുന്നത്. അതായത് who cannot expound their learning excellence are like a bunch of flowers with no fragrance സ്വന്തം പാണ്ഡിത്യം ശരിയായി വിനിയോഗിക്കാൻ കഴിയാത്ത ഒരാളിന് മണമില്ലാത്ത പൂക്കൾക്ക് തുല്യമാണ് എന്ന ഗവർണ്ണർക്കുള്ള മറുപടി ഈ കുറളിൽതന്നെയുണ്ട്. അദ്ദേഹം ഇതെല്ലാം വായിക്കേണ്ടതാണ്. ഇത് കൊണ്ടൊന്നും പ്രശ്നം തീരുന്നില്ല. തിരുക്കുറലിന്റെ പല ഖണ്ഡങ്ങളും എടുത്തുകൊണ്ട് ഗവർണ്ണർ പറഞ്ഞ തെറ്റുകളെ വിമർശിക്കാൻ ആഗ്രഹിക്കുകയാണ്. 45 -ാം ഖണ്ഡത്തിൽ പറയുന്നുണ്ട്. seeking the counsel of great men വലിയ ആളുകളുടെ ഉപദേശം ഗവൺമെന്റ് തേടണമെന്നാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും സഹപ്രവർത്തകരായമന്ത്രിമാരും ബ്യൂറോക്രാറ്റുകളുടെ മുന്നിൽ ചമ്രംപിണഞ്ഞ് ഇരിക്കുന്നതാണ് കോഴിക്കോട് കാണാൻ സാധിച്ചത്. അവർ ഐ.എ.എസ്. കാരിൽ നിന്നുംപഠിക്കാൻ ഇരിക്കുന്നതാണ് എന്നാണ് പറയുന്നത്. ഐ.എ.എസ്സുകാരുടെ സ്വഭാവമെല്ലാം നാം മനസ്സിലാക്കിയതാണ്. ചീഫ് സെക്രട്ടറിയായ ഒരു ഐ.എ.എസുകാരൻ ഇവിടെ കാണിച്ചുകൂട്ടിയ കോപ്രായങ്ങൾ നാം കണ്ടതാണ്. അവരിൽ നിന്നാണ് ഇവർ പഠിക്കുന്നത്. അവരെ

പഠിപ്പിക്കുന്നതിനു പകരം അവരുടെ തോന്നിവാസമൊക്കെ ഉൾകൊണ്ടുകൊണ്ട് അങ്ങ് ഭരിക്കാൻ ശ്രമിച്ചതാണ് ജനങ്ങളുടെ മുമ്പാകെയുള്ള പ്രശ്നം എന്നാണ് ഞാൻ പറയുന്നത്. 45-ാം ഖണ്ഡത്തിൽ 8- മത്തെ റൂളിൽ പറയുന്നത് *with none to …. him a king will fall ….. none his ruling ….* മുഖ്യമന്ത്രി അല്ലെങ്കിൽ മന്ത്രിമാരെ തിരുത്തുവാൻ കൂടെയാരുമില്ലെങ്കിൽ അവരെയാരും നശിപ്പിക്കേണ്ടി വരില്ല. അവർ സ്വയം നശിച്ചുപോകും. കാരണം 2012-ൽ ഈ ഗവൺമെന്റ് വീഴേണ്ടതാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ ഭരണം ജനങ്ങളുടെമുമ്പിൽ നല്ലതല്ലാത്തൊരു ഭരണം കാഴ്ചവച്ചത് ഭാഗ്യപരമായ നിർഭാഗ്യം കൊണ്ട് അദ്ദേഹത്തിന്റെ ഗവൺമെന്റ് വീണില്ല. അതുകൊണ്ട് ഇനിയുള്ള 12 മാസം വീഴുമെന്നൊന്നും ഞാൻ പ്രവചിക്കുന്നില്ല. തീർച്ചയായും ജനങ്ങൾ ഇക്കാര്യത്തിൽ ഒരു തിരുത്തൽ വരുത്തുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിനെ തിരുത്താൻ കോൺഗ്രസ്സിന് കഴിയുമോ? കോൺഗ്രസ്സിനെ തിരുത്താൻ ഡൽഹിയിൽ എന്തെങ്കിലും ശക്തിയുണ്ടോ? അഖിലേന്ത്യാ **വൈസ് പ്രസിഡന്റ്, വർക്കിംഗ് പ്രസിഡന്റ്** അവധിക്ക് പോയ കാര്യത്തെസംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല. അതിന്റെ സ്ഥിതി എന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതിനുശേഷം ശ്രീ. എ. കെ. ആന്റണി മിണ്ടാതിരുന്നിട്ട് ഇവിടെ വന്ന് കോൺഗ്രസ്സ് പാർട്ടി

നന്നാകുമെന്ന് പറഞ്ഞാലൊന്നും കോൺഗ്രസ്സ് പാർട്ടി നന്നാകാൻ പോകുന്നില്ല, അവരെ തിരുത്താൻ ആളില്ല, ഡൽഹിയിലും ഇവിടെയും കോൺഗ്രസ് പാർട്ടിയെ തിരുത്താൻ ആളില്ല, ഈ ഗവൺമെന്റിനെ തിരുത്താൻ ആളില്ല. ഈ ഗവൺമെന്റിനെ കയറൂരി വിട്ടിരിക്കുന്ന, ഓച്ചിറ കാളയെപ്പോലെ കേരളത്തിലെമ്പാടും മേഞ്ഞുനടന്ന് എല്ലാ ഉപദ്രവങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. 65-ാം ഖണ്ഡത്തിൽ the power of speech എന്ന് പറയുന്നുണ്ട്. 5-ാമത്തെ കുറൾ in speaking, you must ensure that none can ......speech ensure ഗവൺമെന്റ് സംസാരിക്കുമ്പോൾ, ഗവൺമെന്റിന്റെ പ്രസംഗം മറ്റാരും തിരുത്തരുത് എന്ന് ഉറപ്പുണ്ടാക്കണം. ആ ഉറപ്പ് ഉണ്ടാക്കിയിട്ടില്ല. ആ പ്രസംഗം തിരുത്തേണ്ടി വന്നിരിക്കുകയാണ്. എനിക്ക് കൂടുതലായി പറയാനുണ്ടെങ്കിലും ഞാൻ പ്രസംഗം കൂടുതലായി ദീർഘിപ്പിക്കുന്നില്ല. ഗവർണ്ണറുടെ പ്രസംഗം തിരുക്കുറളിലുള്ള എല്ലാ മഹാവാക്യങ്ങളെയും നിഷേധിക്കുന്നതാണ്. അർഹതയില്ലാത്ത ഒരു കാര്യത്തെ ന്യായീകരിക്കുന്നതിനുവേണ്ടി അദ്ദേഹം ഈ മഹത്തായ കാവ്യത്തെ ദുരുപയോഗം ചെയ്തുവെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പക്ഷേ മാണിസാറിനുവേണ്ടി ഇപ്പോൾ ഞാനൊരു കാര്യം പറയാം. ഇവിടെ നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട് എല്ലാവരും വളരെ വിശദമായി സംസാരിക്കുകയുണ്ടായി. അങ്ങയുടെ

13-ാം തീയതിയിലെ ബഡ്ജറ്റ് അവതരണവുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തിന്റെ വിമർശനങ്ങളും പ്രതിഷേധങ്ങളും വരുന്നുണ്ട്. മാണിസാർ ഇപ്പോഴല്ല ഇത് ഓർക്കേണ്ടിയിരുന്നത്. The enemy within..... എന്നൊരു കുറളുണ്ട്. 89-ാം ഖണ്ഡത്തിൽ കുറൾ 3 ആണ്. of hidden hates beware and guard your life, ***in needful times*** it is worse than a potter's life. ബഹുമാനപ്പെട്ട കെ. എം. മാണി, നിങ്ങൾ കേരള കോൺഗ്രസ്സ് ഉണ്ടാക്കുന്നത് എന്തിനാണെന്ന് ഇവിടെ പലപ്പോഴും ചർച്ച ചെയ്തതാണ്. കേരള കോൺഗ്രസ്സിന്റെ എം.എൽ.എ.മാർക്ക് അന്നും ഇന്നും ഇപ്പോഴും ഒന്നും പറയാനില്ല. നിങ്ങൾ കോൺഗ്രസ്സിനെ എതിർക്കാനല്ലേ? കേന്ദ്രത്തിന്റെ തെറ്റായ വികസന നയങ്ങൾ കേരളത്തിന് ദോഷകരമാണെന്നുള്ളതുകൊണ്ട്, നമ്മെ അവഗണിക്കുകയാണ് എന്നുള്ളതുകൊണ്ട് അതിനെ എതിർക്കാനല്ലേ? ആ കേരള കോൺഗ്രസ്സ് കോൺഗ്രസ്സുമായി ഐക്യമുന്നണി ഉണ്ടാക്കാൻ .... കാരണം രണ്ടും ബൂർഷ്വാ പാർട്ടികളാണ്. ഞങ്ങൾ അതിനെ അംഗീകരിക്കുന്നു. പക്ഷേ ഒരു പ്രാദേശിക ബൂർഷ്വാ പാർട്ടി, ഒരു ചെറിയ ബൂർഷ്വാ പാർട്ടി കേരളത്തിന്റെ വികസനത്തിൽ കോൺഗ്രസ്സുമായി വഴക്കുണ്ടാക്കിയ, ഒരു പ്രത്യേകമായി ഉണ്ടാക്കിയ പാർട്ടിയാണ്. കോൺഗ്രസ്സ് ഇന്ന് ധൃതരാഷ്ട്രാലിംഗനത്തിലമർന്ന് പൈസ ഉണ്ടാക്കാനോ, അഴിമതി കാണിക്കാനോ,

സുഖസൗകര്യത്തിനുവേണ്ടി ആ കേരള കോൺഗ്രസ്സിനെ നശിപ്പിച്ചതിന്റെ പാപമാണ് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അത് അനുഭവിച്ച് തീരാതെ വേറെ യാതൊരു വഴിയുമില്ല. സ്വന്തം പാർട്ടിയുടെ ഭാവി ഭാഗധേയങ്ങളേക്കാൾ, സ്വന്തം കുടുംബത്തിന്റെയും തന്റെയും ബന്ധപ്പെട്ടവരുടെയും സാമ്പത്തിക ഭാഗധേയം ഉയർത്തിപ്പിടിച്ചാൽ രാഷ്ട്രീയത്തിൽ അതുവരെ നേടിയ എല്ലാ യശസ്സും ഒറ്റയടിക്ക് ഒലിച്ചുപോകുന്നതാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഞങ്ങൾക്കെല്ലാവർക്കും വിഷമമുണ്ടെങ്കിലും വേറെ വഴിയൊന്നുമില്ല. ഇവിടെ ശ്രീ. എസ്. ശർമ്മ പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെ വ്യക്തിപരമല്ല ഇത് പറയുന്നത്. ഇത് വസ്തുതാപരമായ രാഷ്ട്രീയ വിമർശനങ്ങളാണ് ഞങ്ങൾ പറയുന്നത്. അതുകൊണ്ട് നിങ്ങൾ സൂക്ഷിച്ചിരിക്കുക, യു.ഡി.എഫ്.-ലെ ഓരോരുത്തരും സൂക്ഷിക്കുക. നിങ്ങൾക്കെതിരെ ഒരു കത്തി തൊട്ടടുത്തിരിപ്പുണ്ട്. തൊട്ടടുത്തിരിക്കുന്ന സുഹൃത്തിന്റെ കയ്യിൽ നിങ്ങൾക്കെതിരെ ഒരു കത്തിയുണ്ട്. അത് പോർട്ടറുടെ കത്തിയെക്കാൾ ഭയാനകമായിരിക്കുമെന്ന് തിരുവള്ളുവർ പറഞ്ഞത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നിങ്ങൾക്കിടയിൽ എന്ത് ഐക്യമാണുള്ളത്? ശ്രീ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവർ ഇപ്പോൾ എവിടെയാണുള്ളത്? നിങ്ങളുടെ കൂട്ടത്തിൽ കുഴപ്പങ്ങൾ കാണിക്കുന്ന കൂട്ടായ്മയ്ക്ക്

നിൽക്കുന്നവർ ഒഴികെ ഒരാൾക്ക് ഇതിൽനിന്നും രക്ഷയില്ല. കുഴപ്പങ്ങൾ കാണിച്ചാലും നിങ്ങൾ സംരക്ഷിക്കും. പക്ഷേ കുഴപ്പങ്ങൾ കാണിക്കുന്നവർ അതിനെ ചോദ്യം ചെയ്തുകഴിഞ്ഞാൽ അവരെ കുഴപ്പക്കാരെന്ന് പറഞ്ഞ് വെളിയിലാക്കുകയും അതിനേക്കാൾ വലിയ കുഴപ്പക്കാരെ സംരക്ഷിക്കുകയും ചെയ്യുന്ന കാര്യമാണ്. ഇവിടെ സത്ഭരണത്തെപ്പറ്റിയാണ് പറയുന്നത്. എന്ത് സുതാര്യതയാണ് നിങ്ങൾക്കുള്ളത്? ഞാൻ ചോദിക്കുകയാണ്, നിയമസഭയിൽ ഇന്ന് പ്രസംഗിക്കാൻ വേണ്ടി പദ്ധതി ചെലവിനെ സംബന്ധിച്ചുള്ള പേപ്പറുകൾ നോക്കി. ഒന്നും ലഭ്യമല്ല, നെറ്റിലും ലഭ്യമല്ല, ഗവൺമെന്റ് രേഖയിലും ലഭ്യമല്ല. ഒരു രേഖയും വെളിയിൽ വിടുന്നില്ല. എത്ര ശതമാനം പദ്ധതി തുക ചെലവഴിച്ചുവെന്ന് ഇവിടെ ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയുമോ? 50 ശതമാനമെന്നും 30 ശതമാനമെന്നുമൊക്കെയാണ് പത്രങ്ങളിൽ വന്ന കണക്ക്. സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി 20 ദിവസം മാത്രമേ ബാക്കിയുള്ളൂ. പൈസ ചെലവഴിച്ചിട്ടില്ല, ചെലവഴിക്കാൻ കയ്യിൽ പൈസയില്ല. 22,762 കോടി രൂപയിൽ നിങ്ങൾ ചെലവഴിച്ച വാർഷിക അടങ്കൽ തുക, എനിക്ക് കിട്ടിയ കണക്കുപ്രകാരം ഞാൻ ശേഖരിച്ചെടുത്തതാണ്. ഇത് ആധികാരികമായിട്ടൊന്നും കിട്ടിയ കണക്കല്ല. എന്നാൽ ആ കണക്കിൽ വലിയ വ്യത്യാസമുണ്ടാകാനുമിടയില്ല.

10,762 കോടി രൂപ. 42 ശതമാനം മാത്രമാണ് ആ തുക. ഈ അസംബ്ലിയുടെ ആദ്യകാലത്ത് തന്നെ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ ഇതൊന്നും ശരിയല്ല, എല്ലാം ശരിയാകുമെന്ന് മാണിസാർ പറഞ്ഞു. ഒന്നും ശരിയായില്ലെന്ന് മാത്രമല്ല കൂടുതൽ കുഴപ്പാണ് ഉണ്ടായത്. 1,62,000 കോടി രൂപയുടെ കമ്മിയാണ് ഉണ്ടായിരിക്കുന്നത്. 1,50,000 രൂപവരെ ഉണ്ടാകുള്ളുവെന്നാണ് നേരത്തെ ഞങ്ങൾ പറഞ്ഞതെങ്കിലും അതിനെയും കവച്ചുവച്ചിട്ട് 1,62,000 കോടി രൂപയുടെ കമ്മി ഉണ്ടായിരിക്കുകയാണ്. ഇതുവരെയുള്ള പദ്ധതിവിഹിതം 45 ശതമാനമാണ്. കേന്ദ്രാവിഷ്കൃത പദ്ധതിക്കനുവദിച്ച തുക 2,762 കോടി രൂപയാണ്. എന്നാൽ നിങ്ങൾ 1,243 കോടി രൂപ മാത്രമേ നിങ്ങൾ ചെലവഴിച്ചിട്ടുള്ളൂ. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം വളരെ ഗംഭീരമായാണ് ചെലവഴിച്ചത് എന്നുള്ളകാര്യത്തിൽ നിങ്ങൾ വലിയ പുകഴ്ത്തലുകളൊക്കെയാണ് ഉണ്ടാക്കിയത്. പക്ഷേ 1,300 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇത്തവണ ഇനിയും കുറച്ചുംകൂടി ചെലവഴിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. കയ്യിൽ പൈസയില്ലാത്തതുകൊണ്ട് ഇത്തവണ വലിയ ചെലവഴിക്കലൊന്നും നടക്കാൻ പോകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിങ്ങൾ 44% മാത്രമേ ചെലവഴിച്ചുള്ളൂ. ബാക്കി തുക പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ജില്ലാ പഞ്ചായത്തിനും

ബ്ലോക്ക് പഞ്ചായത്തിനും കൊടുത്തിട്ടില്ല. നിങ്ങൾ 32,000 കോടി രൂപയുടെ നികുതി വരുമാനം കണക്കാക്കി. എന്നാൽ ധനകാര്യ വകുപ്പിന്റെ കണക്കുപ്രകാരം ഇപ്പോൾ 6,000 കോടിരൂപയുടെ കുറവാണ് വരുമാനമുണ്ടായിരിക്കുന്നത്. ആ വരുമാനം കുറഞ്ഞതിനെ സംബന്ധിച്ച് ഇവിടെ ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ചതുപോലുള്ള പ്രശ്നങ്ങൾ കൊണ്ടാണോ എന്നുള്ളത് നിങ്ങൾ വ്യക്തമാക്കണം. നിങ്ങൾക്ക് അതിനുള്ള ഉത്തരവാദിത്തമുണ്ട്. എന്തുകൊണ്ട് 6,000 കോടിരൂപ പറഞ്ഞു എന്നുള്ളതിൽ നിങ്ങൾ വ്യക്തമായ ഉത്തരം നൽകണം. ചെലവ് കൂടുമ്പോൾ അനുമാനത്തേക്കാൾ ഈ തുക കൂടുകയല്ലേ വേണ്ടത്? പക്ഷേ ഇത് കൂടുന്നില്ലായെന്നുള്ളതാണ്. 24% നികുതി വളർച്ച നിങ്ങൾ അവകാശപ്പെട്ടു. വെറും 6.10% നികുതി വളർച്ച മാത്രമാണ് ഉണ്ടായിട്ടുള്ളത്. 13,650 കോടി രൂപ കടമെടുക്കാൻ നിങ്ങൾ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതി. 12,200 കോടി രൂപയും കടമെടുത്ത് കഴിഞ്ഞു. ശേഷിക്കുന്നത് 1450 കോടി രൂപ മാത്രമാണ്. 2,800 കോടിരൂപ പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് കൊടുക്കാനുണ്ടെന്ന് പറഞ്ഞ് അവർ സമരം ചെയ്യുകയാണ്. അവരുടെ പണം മാത്രം കൊടുത്താൽ ഇവിടത്തെ പ്രശ്നം തീരുമോ? 1450 കോടി രൂപകൊണ്ട് എന്ത് ചെയ്യാനാണ് സാധിക്കുന്നത്? അതുകൊണ്ട് സംസ്ഥാന സർക്കാർ 1000 കോടി രൂപ കൂടി അധികമായി കേന്ദ്ര

ഗവൺമെന്റിനോട് കടപത്രം ഇറക്കാൻ അനുവാദം ചോദിച്ചിരിക്കുകയാണ്. പക്ഷേ 6500 കോടി രൂപയെങ്കിലുമില്ലാതെ മാർച്ച് മാസം 31 തികയ്ക്കാൻ കഴിയില്ല എന്നുള്ള വസ്തുത ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് സുതാര്യതയെ സംബന്ധിച്ച് പറയുന്നു. എന്ത് സുതാര്യതയാണ് ഈ ഗവൺമെന്റിനുള്ളത്? ഞാൻ പറഞ്ഞകാര്യം വീണ്ടും ആവർത്തിക്കുന്നു. നിങ്ങൾ എന്തുകൊണ്ടാണ് ചെലവഴിച്ച പദ്ധതി തുകയുടെ കണക്ക് നൽകാത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 'സുതാര്യകേരളം' അതിനായി പ്രത്യേക വെബ്സൈറ്റ് ഉണ്ടല്ലോ, എന്തുകൊണ്ടാണ് നിങ്ങൾ അതിൽ കൊടുക്കാത്തത്? എന്തുകൊണ്ടാണ് ഇത് ഒളിപ്പിച്ചുവച്ചിരിക്കുന്നത്? നിങ്ങൾക്ക് ഒരിക്കലും സുതാര്യ കേരളം എന്ന മുദ്രാവാക്യം അല്ലാതെ ഒന്നുംതന്നെ പറയാനില്ല. ഇതുമാത്രമല്ല, കുറേയധികം പദ്ധതികൾ നിങ്ങൾ ഇവിടെ പറയുന്നുണ്ട്. വനം- Man And Animal Conflict എന്നൊക്കെയാണ് നിങ്ങൾ വനംവകുപ്പിന്റെ കാര്യത്തിൽ പറഞ്ഞിരിക്കുന്നത്. മൃഗങ്ങളെ കാട്ടിൽ കിടക്കാൻ നിങ്ങൾ സമ്മതിക്കുന്നില്ല. നിങ്ങൾ അവരെ അവിടെനിന്നും ആക്രമിക്കുകയാണ്. അവരുടെ മരങ്ങളെയും പൂഞ്ചോലകളെയും നിങ്ങൾ ഇല്ലാതാക്കുകയാണ്. അതുകൊണ്ടാണ് അവർ നാട്ടിലേക്ക് ഇറങ്ങുന്നത്. വനം കൊള്ളക്കാരായ കള്ളന്മാരെ നിങ്ങൾ കാട്ടിലേക്ക്

അയക്കുകയും കാട്ടിലെ മൃഗങ്ങളെ നിങ്ങൾ നാട്ടിലേക്ക് ഇറക്കികൊണ്ട് നാട്ടുകാരുമായി പോരാട്ടം നടത്തിയശേഷം Man And Animal Conflict എന്നൊക്കെ പറയുന്നതിൽ കാര്യമില്ല. അതിൽ ഒരു കോൺഫ്ലിക്റ്റുമില്ല. പണ്ടൊക്കെ വല്ലപ്പോഴും മാത്രമേ ആനയും കടുവയുമൊക്കെയെ കാട്ടിൽനിന്ന് നാട്ടിലേക്ക് ഇറങ്ങുകയുള്ളൂ. നാട്ടിലെ കാട്ടുകള്ളന്മാരെ നിങ്ങൾ കാട്ടിലേക്കയച്ചതുകൊണ്ടാണ് ഇപ്പോൾ മൃഗങ്ങൾ സർവ്വത്ര നാട്ടിലേക്കിറങ്ങാൻ കാരണമായത്. അതുകൊണ്ട് ഇക്കാര്യത്തിൽ തത്വശാസ്ത്രം പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ വനം കൊള്ളക്കാരെ ശരിയായിട്ട് തടയാൻ ശ്രമിക്കൂ. 'നിർഭയ കേരളം സുരക്ഷിത കേരളം' എന്നൊക്കെ നിങ്ങൾ പറയുകയാണ്. ഗവർണ്ണർ സിന്ദാബാദ് വിളിക്കുന്നത് പോലെയാണ് എനിക്ക് 'നിർഭയ കേരളം സുരക്ഷിത കേരളം' തോന്നിയത്. എന്ത് നിർഭയമാണ്, എന്ത് സുരക്ഷയാണ് ഇവിടെയുള്ളത്? ഇവിടെ പെണ്ണുങ്ങൾക്ക് സുരക്ഷയുണ്ടോ? ആ കഥകളൊന്നും ഞാൻ ഓരോന്നായി പറയുന്നില്ല. പാവപ്പെട്ട ഒരു സെക്യൂരിറ്റിക്കാരൻ നിർഭയമായി രാത്രിയിൽ കാത്തുകൊണ്ടിരിക്കുകയായിരുന്നു. നിർഭയമായിട്ടുതന്നെ സ്വർണ്ണ ഷൂസിട്ട ഒരുത്തൻ അയാളെ ചവിട്ടി കൊല്ലുകയാണുണ്ടായത്. എന്നിട്ട് ഐ.ജി.യും ഡി.ഐ.ജി. യും മറ്റേ പപ്പുപിള്ളയും പരമുപിള്ളയും എല്ലാം അയാളുടെ പാദസേവകരായി നടക്കുകയാണ്. മന്ത്രിമാർ അയാളെ ബഹുമാനിക്കുകയാണ്,

കളക്ടർ കൂട്ട് നിൽക്കുന്നു. അവസാനം പ്രശ്നമായപ്പോൾ അയാൾക്കെതിരെ കാപ്പാ നിയമം ചുമത്തിയെന്ന് നോട്ടീസിറക്കി. ഭരണകക്ഷികളിൽ പലരുടേയും പിൻതുണക്കാരനല്ലേ ആ നിസ്സാം എന്ന് പറയുന്നയാൾ? എത്രയോ നിസ്സാമുമാരുണ്ട്? എന്ത് സുരക്ഷയാണ് നമുക്കുള്ളത്? എന്ത് നിർഭയത്വമാണ്? എന്റെ മണ്ഡലത്തിലെ എസ്.ഡി കോളേജിന് ചുറ്റുമുള്ള ആറ് വീടുകളിൽ കഞ്ചാവ് കച്ചവടക്കാരുടെ ഏജന്റുമാർ കോൺഗ്രസ്സ് പാർട്ടിയിലെ പാവപ്പെട്ട തൊഴിലാളികളുടെ വീടുകൾകയറി തല്ലിത്തകർത്തു. എം.പി, കെ.സി. വേണുഗോപാലും അതിനെതിരെ പ്രസ്താവന ഇറക്കിയിട്ടുണ്ട്. അവിടത്തെ റസിഡന്റ്സ് അസോസിയേഷൻ ഈ കഞ്ചാവുകച്ചവടക്കാരെപ്പറ്റി സൗത്ത് പോലീസ് സ്റ്റേഷനിൽ പരാതി നൽകി. ആ പരാതി അതുപോലെതന്നെ കഞ്ചാവുകച്ചവടക്കാരുടെ കയ്യിൽ കൊടുത്തു. അങ്ങനെയാണ് വീടുകളെല്ലാം അക്രമിച്ചത്. ഇവിടെ സ്റ്റേറ്റുമെന്റുണ്ട്. ആ എസ്.ഐ.യെ അറസ്റ്റ് ചെയ്തോ, നടപടി സ്വീകരിച്ചോ? കേരളത്തിൽ എല്ലാവർക്കും ഭയമാണ്. സ്ത്രീകളും പുരുഷൻമാരും പ്രായമായവരും ഒരുപോലെയാണ് കേരളത്തെ ഭയക്കുന്നത്. ഇക്കാര്യം എല്ലാവരും മനസ്സിലാക്കണം. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല നല്ല ഉദ്ദേശത്തോടുകൂടിയായിരിക്കും ഓപ്പറേഷൻ കുബേര ഇവിടെ നടപ്പാക്കിയത്. എന്നാൽ ധാരാളം കുചേലന്മാരെയാണ് ഓപ്പറേറ്റ്

ചെയ്തിരിക്കുന്നത്. ധാരാളം കുബേരന്മാരെ നിങ്ങളുടെ പോലീസ് വെറുതേ വിടുകയാണ്. ഈ പോലീസ് സേനയുടെ 30 ശതമാനവും കള്ളന്മാരും കൊള്ളക്കാരും സാമൂഹിക വിരുദ്ധന്മാരുമാണ്. നിങ്ങൾ ഐ.ജി.മുതലുള്ളവരെ പിരിച്ചുവിടണം. നിങ്ങൾ അവരെയൊക്കെ പിരിച്ചുവിട്ട് നല്ല ചെറുപ്പക്കാരെ നിയമിക്കണം. നിങ്ങളിവരെയൊക്കെ വച്ചുകൊണ്ട് പോലീസ് സേന നന്നാക്കാമെന്ന് വിചാരിച്ചാൽ നടക്കില്ല. ആദ്യം പോലീസ് സേനയെ ശുദ്ധീകരിക്കു, അതിനുള്ള നടപടികളെടുക്കു. അവരാണ് ഈ തരത്തിലുള്ള ക്രിമിനലുകൾക്കെല്ലാം കൂട്ടുനിൽക്കുന്നത്. ക്രിമനലൈസേഷൻ പോലീസിൽ വളർന്നുകൊണ്ടേയിരിക്കുകയാണ്. ഗതാഗതം, വർഷം തോറും 4000 മരണം, അതിൽ ഗവർണ്ണറുടെ ഒരു മുദ്രാവാക്യമുണ്ട്. ശുഭയാത്ര 2015- ശരിയാണ് ശവശരീരങ്ങളുടെ മുകളിൽക്കൂടി കാറോടിച്ചു പോകാം. ശുഭയാത്രയാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ കോൺട്രാക്ടർമാർ അഴിമതി കാണിക്കുകയാണ്. കോൺട്രാക്ടർമാരും എഞ്ചിനീയർമാരും തമ്മിലുള്ള nexus (അവിശുദ്ധബന്ധം) ആണിത്. നാഷണൽ ഹൈവേ ഒരു യുദ്ധക്കളമാണ്. അതൊരു റോഡാണോ; യുദ്ധക്കളമാണ്. 45 മീറ്റർ സ്ഥലം ഇല്ലാത്തതുകൊണ്ടാണോ 30 മീറ്റർ സ്ഥലം ഏറ്റെടുത്തിട്ട് വർഷം 60 ആയി. വെറും മൂന്നോ നാലോ മീറ്റർ മതി വലിയ

വണ്ടികൾക്ക് പോകാൻ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. നാല് വരിക്ക് 4 മീറ്റർ വച്ച് 4x4 = 16 മതി. എന്നിട്ടും ബാക്കിയാണ്. പക്ഷെ പാവപ്പെട്ട ആളുകളെ ഓടിച്ച് സ്ഥലമെടുത്ത് വെറുതെയിട്ട് റോഡ് നിർമ്മിക്കുകയുമില്ല മനുഷ്യനെ സ്വൈര്യമായി താമസിക്കാൻ സമ്മതിക്കുകയുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ജി. സുധാകരൻ, അങ്ങ് മൂന്ന് മിനിട്ട് അധികമെടുത്തു. ഇവിടെ ആരും സമയം കൂടുതലെടുത്തിട്ടില്ല.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം കൂടി പറയട്ടെ. ഇപ്പോൾ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എന്നുപറയുന്നു. എന്താണെന്ന് അറിയാമോ ഗുരുകുലം. താടിവച്ച നമ്മുടെ ഗുരു ചുറ്റുപാടും നമ്മുടെ മന്ത്രിമാരെല്ലാം വിദ്യാർത്ഥികളായി എന്തു ഗുരുകുലമാണ്, ഈ പേരെന്താണ്, ഈ കാലത്ത് ഗുരുകുല വിദ്യാഭ്യാസം പറ്റുമോ; എന്തടിസ്ഥാനത്തിലാണിത്? അർത്ഥശൂന്യമായ വാക്കുകളും വാചകങ്ങളും കൊണ്ട് നിറച്ച ഗവർണ്ണറുടെ ഈ നയപ്രഖ്യാപനത്തിൽ നയവുമില്ലാ ഒന്നുമില്ലായെന്ന് മാത്രമല്ല, കഴിഞ്ഞ നയപ്രഖ്യാപനം 90 പേജുണ്ടായിരുന്നു. ഇപ്പോഴത് 46 പേജാക്കി ചുരുക്കി.

ഇതിനേക്കാൾ കുറച്ചുകൂടി വൃത്തിയായ പേജിൽ അച്ചടിക്കാമായിരുന്നില്ലേ? ഇത്രയും മോശപ്പെട്ട പേപ്പറിൽ ഈ നയപ്രഖ്യാപനം, അങ്ങാടിയിൽ മീൻ പൊതിഞ്ഞുതരുന്ന കടലാസ്സു പോലുള്ള കടലാസ്സിലാണ് ഇത് അച്ചടിച്ച് തന്നിരിക്കുന്നത്. ഒറ്റവാചകം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നയപ്രഖ്യാപനം അവസാനിപ്പിച്ചതെങ്ങനെയാണ് ellavarkkum ashamsakal.. ashamsa അല്ല ash എന്നുപറഞ്ഞാൽ എന്താണ്? ചാരം.. ഈ ഗവൺമെന്റിന്റെ ചുടലചാരം ഗവർണ്ണർ എല്ലാവർക്കും വിതറിയിട്ട് അതിന് ആശംസകൾ എന്നുപറയുന്നു. ഗുരുതരമായ തെറ്റല്ലേ; ashamsa ആണോ? ash എന്നുപറഞ്ഞാൽ ചാരമെന്നാണ്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അവസാനം aas എന്നെഴുതിയാൽ പോരേ, ക്യാബിനറ്റിലെ ഒരു സബ്കമ്മിറ്റി നോക്കിയിട്ടാണ് ഗവർണ്ണർ പ്രഖ്യാപനം നടത്തുന്നത്. നിങ്ങളെന്ത് നോക്കി, നിങ്ങളിത് വായിച്ചിട്ടില്ല. തിരുക്കുറൽ വായിക്കാത്തവർ തിരുക്കുറലിനെപ്പറ്റി ഇവിടെ സംസാരിക്കാമോ, ഞാൻ അവസാനിപ്പിക്കുന്നു. ഞാൻ പ്രസംഗിക്കാൻ ഉദ്ദേശിച്ചതല്ല. ശ്രീ. എ. കെ. ബാലൻ നിർബന്ധിച്ചതുകൊണ്ട് മാത്രം സംസാരിക്കുന്നതാണ്. സംസാരിച്ചാൽ യാതൊരു പ്രയോജനവും ഇല്ലാത്ത ഗവൺമെന്റിന്റെ ഈ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ബഹുമാന്യനായ കേരള ഗവർണ്ണർ ഇവിടെ

അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ പിന്താങ്ങിക്കൊണ്ടുള്ള ഈ നന്ദി പ്രമേയത്തെ ഞാൻ പിൻതുണയ്ക്കുകയാണ്. ഇത്തവണത്തെ നയപ്രഖ്യാപനം വളരെ ശ്രദ്ധേയമായിരുന്നു. കാരണം, ചില പദ്ധതികളുടെ പേരുകൾ സ്ഥിരമായി പ്രഖ്യാപിക്കുക, അങ്ങനെ ഒരു പദ്ധതി പ്രഖ്യാപനങ്ങളുടെ ആധിക്യം ഒന്നുമല്ല ഇതിൽ കാണാൻ സാധിക്കുന്നത്. എന്നാൽ കൃത്യമായിട്ടുള്ള ഒരു വിഷൻ, അടുത്ത അഞ്ചോ പത്തോ വർഷത്തിനു ശേഷം ഈ സംസ്ഥാനം എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാട് നമുക്ക് ഇതിൽ കാണാൻ സാധിക്കുന്നുണ്ട്. ആ കാര്യത്തിൽ ഞാൻ പ്രത്യേകമായി ഈ ഗവൺമെന്റിനെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാന്യനായ ജി. സുധാകരൻ പല കാര്യങ്ങളും പറഞ്ഞു. പക്ഷേ അദ്ദേഹം പറഞ്ഞതു മുഴുവൻ 'നിങ്ങൾ' എന്നുള്ളതാണ്. അതിൽ നിന്നും വ്യത്യസ്തമായി 'നമ്മൾ' എന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് അല്പം കൂടി ഒരു കൂട്ടുത്തരവാദിത്വം ഇക്കാര്യത്തിൽ ഏറ്റെടുക്കണം എന്നുള്ളതാണ് പുതിയ തലമുറയുടെ ഒരു പ്രതിനിധി എന്ന നിലയ്ക്ക് എനിക്ക് പറയുവാനുള്ളത്. കാരണം, നമ്മൾ പരസ്പരം തർക്കിക്കുകയല്ല വേണ്ടത്. ഇതല്ല നമ്മളിൽ നിന്നും ഈ നാട്ടിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നത്. നമ്മുടെ രാഷ്ട്രീയ വ്യവസ്ഥിതിയിൽ ഈ നാട്ടിലെ ഒരു പുതിയ തലമുറയ്ക്ക് വിശ്വാസം നഷ്ടപ്പെടുകയാണ്. പല രീതിയിലുള്ള ആക്ഷേപങ്ങൾ രാഷ്ട്രീയ

പാർട്ടികൾക്കും നേതാക്കന്മാർക്കും നമ്മുടെ സിസ്റ്റത്തിനും നേരെ ഉയരുമ്പോൾ അത് പ്രഥമ ദൃഷ്ടിയാൽ വിശ്വസിക്കുന്ന അവസ്ഥയിലേക്ക് നമ്മുടെ ജനങ്ങൾ മാറുകയാണ്. അതിന്റെ കാര്യകാരണങ്ങളൊന്നും അറിയാനുള്ള താല്പര്യം പോലും ഇല്ലാതെ മുൻവിധിയോടു കൂടി അതിന്റെ ഒരു വിധി പ്രഖ്യാപനം നടത്തുന്ന അവസ്ഥയിലേക്ക് എന്തുകൊണ്ട് നമ്മുടെ നാട്ടിലെ ജനങ്ങൾ മാറുന്നു; എന്തുകൊണ്ട് ഈ ജനാധിപത്യ വ്യവസ്ഥിതിയിൽ തന്നെ അവർക്കു വിശ്വാസം നഷ്ടപ്പെടുന്നുവെന്ന് നമ്മൾ കാര്യമായി ആലോചിക്കണം. മുംബൈയിലെ ചില സർവ്വകലാശാലകളിൽ നടന്ന ഒരു സർവ്വെയെക്കുറിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ വായിച്ചു. ആ സർവ്വേയിൽ 50 ശതമാനത്തിലേറെ സർവ്വകലാശാല വിദ്യാർത്ഥികൾ പറയുന്നത് ജനാധിപത്യത്തെക്കാൾ ഇവിടെ വരേണ്ടത് പട്ടാള ഭരണമാണെന്നുള്ളതാണ്. വലിയൊരു ഇൻഡിക്കേറ്ററാണ്. കേരളത്തിൽ കുറേക്കൂടി രാഷ്ട്രീയ പ്രബുദ്ധമായൊരു പൊളിറ്റിക്കൽ ഇന്റൻസിറ്റിയുള്ള ഒരു സംസ്ഥാനത്ത് ഒരുപക്ഷേ ആ ചിന്ത മുഴുവനായി വന്നിട്ടുണ്ട് എന്ന് ഇപ്പോൾ പറയാൻ പറ്റില്ല. പക്ഷേ നമ്മുടെ സൂചനകൾ അങ്ങോട്ടാണ്. നമുക്ക് ഇക്കാര്യത്തെക്കുറിച്ച് കുറച്ചു കൂടി ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട് എന്ന് തോന്നുകയാണ്. ജനങ്ങളുമായി വിശ്വാസ്യത പുലർത്തുന്ന, ജനങ്ങളെ വിശ്വാസത്തിലെടുക്കുന്ന ഒരു ഭരണ സമ്പ്രദായത്തെക്കുറിച്ച്

ആലോചിക്കേണ്ട തായിട്ടുണ്ട്. വളരെ അഭിമാനത്തോടുകൂടി തന്നെ പറയട്ടെ, ഈ നാട്ടിലെ ജനങ്ങൾ ആവർത്തിച്ച് വിശ്വാസം അർപ്പിക്കുന്ന ഒരു ഭരണ കക്ഷിയാണ് ഇന്ന് കേരളത്തിന്റെ ഭരണത്തെ മുന്നോട്ടു കൊണ്ടു പോകുന്നത്. അപ്പുറത്തുള്ള പ്രതിപക്ഷ രാഷ്ട്രീയ മുന്നണി ആത്മാർത്ഥമായി ഒന്ന് ആത്മപരിശോധന നടത്തണം. നിങ്ങൾ എന്നാണ് ഇതിനു മുൻപ് ഒരു തെരഞ്ഞെടുപ്പ് ജയിച്ചിട്ടുള്ളത്? കഴിഞ്ഞ 9 വർഷമായി നിങ്ങളുടെ പാർട്ടിയോ നിങ്ങളുടെ മുന്നണിയോ കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ നിന്നും അകന്നു നിൽക്കുകയാണ്. നിങ്ങൾക്കു തെരഞ്ഞെടുപ്പ് ജയിക്കാൻ സാധിക്കുന്നില്ല. നിങ്ങൾ അവസാനമായി ഒരു തെരഞ്ഞെടുപ്പ് ജയിച്ചത് 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പാണ്. അതിനുശേഷം 2009-ൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നു. നിങ്ങൾ പരാജയപ്പെട്ടു. ആ ലോക്സഭയിലേക്ക് 3 സിറ്റിംഗ് എം.എൽ.എ.മാർ മത്സരിച്ചു ജയിച്ചപ്പോൾ ആ മൂന്നു സ്ഥലങ്ങളിലും ഉപതെരഞ്ഞെടുപ്പ് നടന്നു. ആ മൂന്ന് സീറ്റിലും ഞങ്ങളാണ് ജയിച്ചത്. 2010-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. 60 ശതമാനത്തിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഞങ്ങളെ പിന്തുണയ്ക്കുന്ന, ഞങ്ങളുടെ രാഷ്ട്രീയ നയത്തെ പിന്തുണയ്ക്കുന്ന ജനപ്രതിനിധി കളാണ് ജയിച്ചുവന്നത്. 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾ അധികാരത്തിൽ വന്നു. അതിനുശേഷം പിറവത്തും

നെയ്യാറ്റിൻകരയിലും നടന്ന രണ്ട് ഉപതെരഞ്ഞെടുപ്പുകളെക്കുറിച്ച് നേരത്തേ ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ചു. 12,000-ത്തോളം വോട്ടിന്റെ അധിക ഭൂരിപക്ഷ ത്തിലാണ് ജനങ്ങൾ ഞങ്ങളെ തെരഞ്ഞെടുത്തത്. 2014-ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നപ്പോഴും ഇവിടെ സൂചിപ്പിച്ചതുപോലെ സാധാരണഗതിയിൽ സംസ്ഥാനം ഭരിക്കുന്ന കക്ഷിക്കെതിരായിട്ടുള്ള വിധിയെഴുത്താണ് സമീപകാലത്തൊക്കെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉണ്ടാകാറുള്ളതെങ്കിൽ ആ ഒരു ചരിത്രത്തെയും മാറ്റിക്കുറിച്ചുകൊണ്ട് 12 സീറ്റോടുകൂടി യു.ഡി.എഫ്.നെ വീണ്ടും ജനങ്ങൾ വരിക്കുന്നുവെന്നുള്ളത് ഒരു ഇൻഡിക്കേറ്ററാണ്. ആ സൂചന നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കണം. കാരണം ഈ സർക്കാർ ജനങ്ങൾക്കൊപ്പം നിൽക്കുന്നു. ഈ സർക്കാരിനാണ് ഈ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയെന്നുള്ള ഒരു വിശ്വാസം ഇവിടെ ജനിപ്പിക്കാൻ സാധിക്കുന്നുണ്ട്. അതിനെ ഇല്ലായ്മ ചെയ്യാൻ നിങ്ങൾ ശ്രമിച്ചാൽ, അതിനുവേണ്ടി ഇല്ലാക്കഥകൾ പ്രചരിപ്പിക്കാൻ നിങ്ങൾ ശ്രമിച്ചാൽ ഈ സിസ്റ്റത്തിൽത്തന്നെ വിശ്വാസം നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് ജനങ്ങൾ മാറിപ്പോകും. ആ അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി നിങ്ങൾ ക്രിയാത്മകമായ മുദ്രാവാക്യങ്ങളുയർത്തണം എന്നുള്ളതാണ് പ്രതിപക്ഷ സുഹൃത്തുക്കളോടുള്ള എന്റെ

അഭ്യർത്ഥന. നിങ്ങൾ സമരം ചെയ്യണമെന്നുള്ള താണ് ഞങ്ങളുടെ ആവശ്യം. നിങ്ങൾ ക്രിയാത്മകമായ സമരങ്ങൾ ചെയ്യണം. ഗവൺമെന്റിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കണം. എന്താണ് ബെറ്റർ ആൾട്ടർനേറ്റീവെന്ന് സജസ്റ്റ് ചെയ്യാൻ സാധിക്കണം. അതു ചെയ്യാതെ കാടടച്ച് വെടിവച്ച് ഇതൊന്നും ശരിയല്ലായെന്നൊരു ഇംപ്രഷൻ ഉണ്ടാക്കുന്നതുകൊണ്ട് ആർക്കാണ് ഗുണം?

ഇപ്പോൾ ദേശീയ ഗെയിംസിനെക്കുറിച്ചിവിടെ സൂചിപ്പിച്ചതിൽ എന്തെല്ലാമായിരുന്നു ആക്ഷേപം; എത്ര നിഷേധാത്മകമായിട്ടാണ് ഒരു വിഭാഗം മാധ്യമങ്ങളും ഇവിടത്തെ പ്രതിപക്ഷവും ആദ്യംതൊട്ടുതന്നെ കേരളത്തിന്റെ ഒരു അഭിമാനമായി മാറാനുള്ള സാദ്ധ്യതയുണ്ടായിരുന്ന ആ ടൂർണ്ണമെന്റിനെ നോക്കിക്കണ്ടത്? എല്ലാ ആക്ഷേപങ്ങളുടെയും പൊള്ളത്തരം വെളിച്ചത്തുവന്നു. ഏറ്റവും ഭംഗിയായ രീതിയിൽ ഇൻഡ്യയുടെ ഒരു സ്പോർട്സ് fraternity ഏറ്റവും അഭിമാനത്തോടുകൂടി ഇതൊരു വേൾഡ് ക്ലാസ് ടൂർണ്ണമെന്റാണെന്ന് പറയുന്ന അവസ്ഥയിലേയ്ക്ക് ആ സ്പോർട്സ് മീറ്റിനെ മാറ്റാൻ നമുക്ക് സാധിച്ചു. അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിൽ വളരെ സുതാര്യമായി മടിയിൽ ഒരു കനവുമില്ലാത്ത ഒരു വ്യക്തിക്ക് തെരുവിൽ തോന്നുന്ന ആ ഒരു ആത്മവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് വകുപ്പിന്റെ മന്ത്രിയും

കേരളത്തിലെ ഗവൺമെന്റുതന്നെ പറയുന്നു, ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകളുണ്ടെങ്കിൽ നിങ്ങൾ ചൂണ്ടിക്കാണിക്കു, നിങ്ങളെക്കൂടി ബോദ്ധ്യപ്പെടുത്തുന്ന തരത്തിൽ സുതാര്യമായി ആ കണക്കുകൾ ഓഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കാമെന്ന് പറയാൻ കഴിയുന്ന ഒരാത്മവിശ്വാസം ഈ ഗവൺമെന്റിനുള്ളത് ഈ ഗവൺമെന്റിന്റെ കൈകൾ ശുദ്ധമാണ് എന്നുള്ളതുകൊണ്ടാണ്. 213 കോടി രൂപയുടെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഈ രാജ്യത്ത് ഉണ്ടാക്കാൻ സാധിച്ചു. 9 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ സാധിച്ചു. 16 സ്റ്റേഡിയങ്ങൾ പുതുക്കിപണിതു. ഈ ഒരു ഇൻഫ്രാസ്ട്രക്ചർ നമുക്ക് നിലനിൽക്കുകയാണ്. നമുക്ക് വരും നാളുകളിൽ ആ മേഖലയിൽ ലോകമറിയുന്ന, ലോകം കീഴടക്കാൻ കഴിയുന്ന, താരങ്ങളെ സൃഷ്ടിക്കാൻ ഒരുപക്ഷെ അതുകൊണ്ട് സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് കേരളത്തിന്റെ വികസന മാതൃകയെക്കുറിച്ച് സൂചിപ്പിച്ചു. ഈ ഗവൺമെന്റ് മുന്നോട്ടു കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന മാതൃക. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ ശക്തമായ ഒരടിത്തറ ഈ സംസ്ഥാനത്തുണ്ട്. അതിനെ കുറേക്കൂടി ഊർജ്ജിതമായി മുന്നോട്ടുകൊണ്ടു പോകുകയെന്നുള്ളതാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നയസമീപനം. ഈ

ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമുക്കറിയാം 200 രൂപയായിരുന്നു സാധാരണക്കാർക്ക് കിട്ടുന്ന സാധാരണ ക്ഷേമ പെൻഷനുകൾ. കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടുണ്ടോയെന്നറിയില്ല തുടർച്ചയായി 4 ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ആ 4 ബഡ്ജറ്റിലും ആവർത്തിച്ച് ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ മാണിസാർ അവതരിപ്പിച്ച 4 ബഡ്ജറ്റുകളാണ് എന്നുള്ളത് കേരളം ശ്രദ്ധയോടുകൂടി നോക്കിക്കാണുകയാണ്. ഇന്ന് ക്ഷേമ പെൻഷനുകൾ ഏറ്റവും മിനിമം 500 രൂപയിൽ എത്തിനിൽക്കുകയാണ്. അത് ഒട്ടും പര്യാപ്തമാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കാർക്കുമില്ല. അതുകൂടുതൽ വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കണം. ആ നിർദ്ദേശം നിങ്ങളുടെ ഭാഗത്തുനിന്ന് ഉയരേണ്ടതല്ലേ; ദൗർഭാഗ്യവശാൽ ആ നിർദ്ദേശം നിങ്ങളുടെ ഭാഗത്തുനിന്നുയർന്നില്ല. കാരണം നിങ്ങൾ ജനങ്ങളിൽനിന്ന് അകലുകയാണ്. എന്താണ് ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്? എവിടെയൊക്കെയാണ് പോരായ്മകൾ, അവിടെ ഇടപെട്ട് ക്രിയാത്മകമായി അത് ചൂണ്ടിക്കാണിച്ച് അത് തിരുത്തിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. ആ അവസ്ഥ എങ്ങനെ വന്നുവെന്നുള്ളതിനെക്കുറിച്ച് നിങ്ങളൊന്ന് ആത്മപരിശോധന നടത്തണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഗവൺമെന്റിന്റെ തുടക്കത്തിൽത്തന്നെ നമ്മൾ ലക്ഷ്യം വച്ചൊരു കാര്യമാണ് ക്ഷേമ പെൻഷനുകൾ വളരെ കൃത്യമായി സമയബന്ധിതമായി കൊടുക്കുകയെന്നുള്ളത്. സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്ന തരത്തിൽ മാസാമാസം ക്ഷേമ പെൻഷനുകളും കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നുള്ളത് നമ്മുടെ സ്വപ്നമാണ്. ആ സ്വപ്നം ഇനിയും പൂർണ്ണമായും സാക്ഷാത്കരിക്കാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ ഇനിയുള്ള പ്രവർത്തന കാലയളവിനകത്ത് അത് ചെയ്തുതീർക്കാൻ ഗവൺമെന്റിന് സാധിക്കട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുകയാണ്. സോഷ്യൽ സെക്യൂരിറ്റി നെറ്റ് നമുക്ക് കൂടുതൽ വിപുലീകരിക്കാൻ സാധിക്കണം. കേന്ദ്രസർക്കാർതന്നെ സോഷ്യൽ സെക്ടർ എക്സ്പെൻഡിച്ചർ വലിയതോതിൽ കുറച്ചുകൊണ്ടുവരികയാണ്. ശ്രീ. അരുൺ ജയ്റ്റ്ലി കഴിഞ്ഞ ദിവസം അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ നമ്മുടെ ജി.ഡി.പി.യുടെ മൊത്തം വലുപ്പം കൂട്ടിയിട്ടുണ്ട്. ഒരു കോടി 41 ലക്ഷം കോടിയായി ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം മാറിയിട്ടുണ്ട്. പക്ഷെ സോഷ്യൽ സെക്ടറിൽ ജി.ഡി.പി.യുടെ പെർസന്റേജ് എക്സ്പെൻഡിച്ചർ നോക്കുകയാണെങ്കിൽ, 2014-15-ൽ 1.86 ശതമാനമായിരുന്നത് 1.68 ശതമാനത്തിലേയ്ക്ക് കുറഞ്ഞിരിക്കുകയാണ്. ഫുഡ് സബ്സിഡി കൂടിച്ചേർത്ത്

പരിശോധിച്ചാലും 2.84-ൽ നിന്ന് 2.57 ലേയ്ക്ക് ഈ സാമൂഹ്യ മേഖലയിലുള്ള നിക്ഷേപം കുറഞ്ഞിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്, ആരോഗ്യ മേഖലയ്ക്ക്, കുടിവെള്ളത്തിന്, റൂറൽ ഡെവലപ്മെന്റിന് ഒക്കെയുള്ള നിക്ഷേപം കേന്ദ്രസർക്കാർ വൻതോതിൽ വെട്ടിക്കുറയ്ക്കുമ്പോൾ നമുക്ക് അധികമായ ഉത്തരവാദിത്വം ഈ കാര്യത്തിൽ നിർവ്വഹിക്കാനുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അഴിമതിയെക്കുറിച്ച് ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. അഴിമതിയെന്നു പറയുന്നത് ഒരു രാഷ്ട്രീയ ആയുധമാകരുത്. ആരാണ് കൂടുതൽ തെറ്റുകാർ, ആരാണ് കൂടുതൽ മോശക്കാർ എന്ന് പരസ്പരം പഴിചാരുകയല്ല, എങ്ങനെയാണ് ഇതിൽനിന്ന് മുന്നോട്ട് പോകുവാൻ സാധിക്കുക എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതുണ്ട്. അഴിമതിയെന്നു പറയുന്നത് വ്യക്തിപരമായ ഒരു പ്രശ്നമല്ല. ഒരു വ്യക്തി മാറി വേറൊരു വ്യക്തി വന്നാൽ അതോടുകൂടി അഴിമതി ഇല്ലാതാകുമെന്നു പറയുന്നത് അരാഷ്ട്രീയമായ സമീപനമാണ്. നമ്മുടെ വ്യവസ്ഥിതിയെ zero tolerant towards corruption എന്നുപറയുന്നൊരു ആശയത്തിലേയ്ക്ക് മാറ്റാൻ എന്തുചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ആ ദിശയിൽ ചിന്തിച്ചു. അതിന്റെ ഭാഗമായിട്ടാണ് ആർ.ടി.ഐ. ആക്ട് നിലവിൽ വന്നത്. പത്തുവർഷമായി കേരളത്തിൽ ആ നിയമത്തിന്റെ

അടിസ്ഥാനത്തിലുള്ള പലകാര്യങ്ങളും വേണ്ടത്ര രീതിയിൽ നടക്കുന്നില്ല എന്ന ആക്ഷേപം എനിക്കുണ്ട്. നമുക്ക് ഇൻഫർമേഷൻ കമ്മീഷണർമാരുണ്ട്. ബഹുമാന്യനായ സ്പീക്കർ ഇക്കാര്യം ഒന്നു ശ്രദ്ധിക്കണം. ആർ.ടി.ഐ. നിയമത്തിന്റെയുള്ളിൽത്തന്നെ ഇൻഫർമേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ഓരോവർഷവും നിയമസഭയ്ക്ക് സമർപ്പിക്കണമെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്നോ നാലോ വർഷമായി അവർ അത് ചെയ്യുന്നില്ല. അതുകൊണ്ട് നിലവിലുള്ള ഇൻസ്റ്റിറ്റ്യൂഷൻസിനെ ശക്തിപ്പെടുത്തുക, ഇൻസ്റ്റിറ്റ്യൂഷൻസിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുക, അത് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക, അവർക്കൊരു അക്കൗണ്ടബിലിറ്റി ഉണ്ടാകുന്നുവെന്ന് ഉറപ്പുവരുത്തുക. ഈ രീതിയിലാണ് അഴിമതിയെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടത്. കേന്ദ്രത്തിന്റെ കാര്യം പറയുകയാണെങ്കിൽ വലിയ കഷ്ടമാണ്. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണർ സ്ഥാനം കഴിഞ്ഞ ഒരുവർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. അഴിമതിയെക്കുറിച്ച് വലിയ കോലാഹലമുണ്ടാക്കിയ ശ്രീ. നരേന്ദ്രമോഡിയുടെ സർക്കാർ അധികാരത്തിൽവന്നിട്ട് കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണർ സ്ഥാനത്തേയ്ക്ക് ഇന്നേവരെ നിയമനം നടത്തിയിട്ടില്ല. ആ സ്ഥാനം ഇപ്പോഴും

ഒഴിഞ്ഞുകിടക്കുകയാണ്. ചീഫ് ജസ്റ്റിസ് ഇല്ലാത്ത സുപ്രീംകോടതിപോലെ, സ്പീക്കർ ഇല്ലാത്ത നിയമസഭ പോലെയാണ് ആ സ്ഥാപനം ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ രംഗത്തും എന്തുകൊണ്ട് അഴിമതി ഉണ്ടാകുന്നു, അതെങ്ങനെ ചെറുക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതുണ്ട്. പല വകുപ്പുകളെക്കുറിച്ചും പലതരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. അത് പൂർണ്ണമായും തെറ്റാണ് അതല്ലെങ്കിൽ അതൊന്നുമില്ലാത്തതാണ് എന്ന് കണ്ണടച്ച് ഇരുട്ടാക്കാൻ ഞാൻ ആളല്ല. എവിടെയാണ് തിരുത്തേണ്ടത് എന്ന് പരിശോധിച്ച് തിരുത്താൻ സാധിക്കണം. ആ രീതിയിൽ മുന്നോട്ടുപോകാൻ കഴിഞ്ഞാൽ മാത്രമേ നമ്മുടെ രാഷ്ട്രീയ രംഗത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസ്യത തിരിച്ചുപിടിക്കാൻ സാധിക്കുകയുള്ളൂ. പല കാര്യങ്ങളെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. നമുക്ക് ഒരു world class infrastructure ഉണ്ടാകണം. അതിനുവേണ്ടിയുള്ള കാര്യങ്ങൾ പറയുന്നുണ്ട്. അതുപോലെതന്നെ എനർജി സെക്യൂരിറ്റിക്കുവേണ്ടി കൂടുതൽ ജലവൈദ്യുത പദ്ധതികൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് സാധ്യതകൾ തേടിക്കൊണ്ട് ഭാവിയിലേയ്ക്ക് ഊർജ്ജസുരക്ഷിതത്വം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് വലിയ

സാധ്യതകളുണ്ട്. ആ സാധ്യതകളെ പ്രയോജനപ്പെടുത്താൻ കേരളത്തെ ഒരു എഡ്യൂക്കേഷൻ ഹബ്ബ് ആക്കി മാറ്റാൻ എന്തു ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. എൺവയോൺമെന്റ് ഫ്രണ്ട്ലി ആയിട്ടുള്ള വ്യവസായങ്ങൾ ഉണ്ടാകണം. വളരെ എഫിഷ്യന്റായിട്ടുള്ള ഗവേണൻസ് സിസ്റ്റമുണ്ടാകണം. അതിനെക്കുറിച്ചൊക്കെ നമുക്ക് ചിന്തിക്കേണ്ടതുണ്ട്. കാർഷിക രംഗത്ത് വലിയ പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്നു നാലു വർഷത്തിനകത്ത് നടന്നിട്ടുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ കേര കർഷകർക്ക് സ്വന്തംകാലിൽ നിൽക്കാനുള്ള വലിയൊരവസരം ഈ ഗവൺമെന്റ് ഒരുക്കിയിരിക്കുകയാണ്. അതിനെ നമ്മൾ ഏതു രീതിയിൽ പ്രയോജനപ്പെടുത്തണം, എങ്ങനെയതിനെ വിപുലപ്പെടുത്തണം, എങ്ങനെയിതിന്റെ കവറേജ് വർദ്ധിപ്പിക്കണമെന്ന് ആലോചിക്കേണ്ടതുണ്ട്. ഗോവർദ്ധിനി സ്കീമിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഒരു ലക്ഷം പശുക്കളെക്കൂടി നമ്മുടെ ക്യാറ്റിൽ ഫോഴ്സിലേയ്ക്ക് കൂട്ടിച്ചേർത്തുകൊണ്ട് കൂടുതൽ ഉൽപാദനം ഇവിടെ ഉണ്ടാക്കാൻ സാധിക്കണം. അതിനനുസൃതമായിട്ടുള്ള നയസമീപനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ നമ്മുടെ പൊതു രാഷ്ട്രീയം അതിനനുകൂലമല്ല എന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. ഒരു ലക്ഷം പശുക്കൾ ഇവിടെ കൂടുതലായി ഉണ്ടാകണമെന്നുപറഞ്ഞുകൊണ്ട്

ഗോവർദ്ധിനി സ്കീമിനെ നമ്മൾ പോസിറ്റീവായി സമീപിക്കുമ്പോൾ കേന്ദ്രസർക്കാർ അടക്കമുള്ള ആളുകൾ ഇതിനെ ഈ നാട്ടിൽ വർഗ്ഗീയത വളർത്താനുള്ള ഒരു ആസൂത്രിത ഉപാധിയായി സ്വീകരിക്കുന്നുവെന്ന് കാണുമ്പോൾ വലിയ ദുഃഖം തോന്നുകയാണ്. കേന്ദ്രത്തിലെ പ്രധാനമന്ത്രി ഒരു മാതൃകാ നിയമം ഗോവധ നിരോധനവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്ക് അയയ്ക്കാൻ തുനിയുന്നുണ്ട് എന്നാണ് കേൾക്കുന്നത്. കേരളത്തിന്റെ സാഹചര്യത്തിൽ നിന്നുകൊണ്ട് പ്രധാനമന്ത്രി അയയ്ക്കാനിരിക്കുന്ന ആ മാതൃകാ നിയമം നമുക്ക് സ്വീകാര്യമല്ല, അതിന്റെ സ്ഥാനം ഇവിടത്തെ ചവറ്റുകുട്ടയിലായിരിക്കുമെന്ന് ഈ സഭയ്ക്ക് ഒറ്റക്കെട്ടായി പറയാൻ സാധിക്കണം. പോസിറ്റീവായി രാഷ്ട്രീയത്തെ കാണാനും ആ പോസിറ്റീവ് രാഷ്ട്രീയത്തിലേയ്ക്ക് പുതിയ തലമുറയെ കൈപിടിച്ചുകൊണ്ടുവരാനും രാഷ്ട്രീയത്തെക്കുറിച്ച് ഇന്നുള്ള പെസിമിസം അവസാനിപ്പിച്ചുകൊണ്ട് ഇതിൽ പങ്കെടുത്ത് ഇതിന്റെയുള്ളിൽനിന്ന് റിഫോം ചെയ്യാനുള്ള വലിയ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നമ്മുടെ ചെറുപ്പക്കാരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ നമ്മുടെ ഭരണത്തേയും വ്യവസ്ഥിതിയേയും മാറ്റിത്തീർക്കുന്ന പ്രവർത്തനങ്ങൾക്ക് ദിശാബോധം തീർക്കുന്ന നയപ്രഖ്യാപനം എന്നുള്ള അർത്ഥത്തിൽ ഇതിനെ വീണ്ടും പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. സനാതന മൂല്യങ്ങളുടെ പ്രചാരകരിൽ ഉന്നതശീർഷനായി ഭാവിച്ചുനടക്കുന്ന ശ്രീ. എം.പി. അബ്ദു സമദ് സമദാനി ഇതുപോലൊരു നയപ്രഖ്യാപനത്തിന് നന്ദിപ്രമേയം അവതരിപ്പിക്കാൻ പാടില്ലായിരുന്നു. I will consider your objections എന്ന ഗൗരവമായ പ്രഖ്യാപനത്തോടെയാണ് ബഹുമാന്യനായ ഗവർണ്ണർ പ്രസംഗം ആരംഭിച്ചത്. എന്നാൽ പിന്നീട് അദ്ദേഹം ഈ നിയമസഭ കേട്ട ഏറ്റവും വലിയ തമാശയാണ് പറഞ്ഞത്. അതായത് തന്റെ സർക്കാരിന്റെ സുപ്രധാനമായ നേട്ടം 35-ാം ദേശീയ ഗെയിംസിന്റെ സംഘാടനമാണെന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ പ്രഖ്യാപിച്ചു. മുഖ്യ സംഘാടകനായ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോലും അംഗീകരിക്കാത്ത കാര്യമാണിത്. ചീഫ് വിപ്പും ചീഫ് സെക്രട്ടറിയും ഗെയിംസ് നടത്തിപ്പിലെ പിടിപ്പുകേടും അഴിമതിയും വിളിച്ചുപറഞ്ഞു. ഞങ്ങളാരെങ്കിലുമാണോ പറഞ്ഞത്? ആ സമാപന യോഗത്തിൽനിന്നും ബഹുമാനപ്പെട്ട മന്ത്രി ഇറങ്ങിപ്പോയി. കല്യാണത്തലേന്ന് മധുരം വയ്ക്കുമ്പോൾ കേട്ടില്ലെന്നുപറഞ്ഞ് വീട് വിട്ടിറങ്ങുന്ന ചില അമ്മായിമാരുണ്ട് ഞങ്ങളുടെ നാട്ടിൽ. അങ്ങനെയൊരവസ്ഥയിൽനിന്ന മന്ത്രി ആ വകുപ്പ് ഭരിക്കുന്ന സ്ഥിതിയിൽ നാഷണൽ ഗെയിംസ് എന്നുപറയുന്നത് വലിയ കേമമായി നടന്നുവെന്ന്, അതിൽ

പങ്കെടുത്ത അത്ലറ്റുകളും മത്സരാർത്ഥികളും ഗംഭീരമായ പ്രകടനങ്ങൾ കാഴ്ചവച്ചുവെന്നുള്ളത് ശരിയാണ്. പക്ഷെ സംഘാടനത്തിലെ പിഴവുകളും അതിലുണ്ടായ അഴിമതികളും നമുക്ക് മറച്ചുവയ്ക്കാൻ കഴിയുമോ? ആർക്കെങ്കിലും അത് മാറ്റിനിറുത്താൻ കഴിയുമോ. മാർക്സിസം, ലെനിനിസം, ഗാന്ധിസം എന്നൊക്കെ നമ്മൾ കേട്ടിട്ടുണ്ട്. പക്ഷെ അവിടെ ലാലിസം എന്നുപറയുന്ന പുതിയൊരു പരിപാടി അവതരിപ്പിച്ചു. കുറേ ആളുകൾ നിരന്നുനിന്ന് ചുണ്ടനക്കുകയും വേറെ ചില ഭാഗങ്ങൾ കലുക്കുകയും ചെയ്തത് കേമമായിരുന്നുവെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് പറയിക്കേണ്ടിയിരുന്നോയെന്നത് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. ഇവിടെ ശ്രീ. കെ. മുരളീധരൻ പ്രതിപക്ഷമാകെ ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ബഹിഷ്ക്കരിച്ചു, അത് വളരെ മോശമായിപ്പോയിയെന്നു പറഞ്ഞു. ശ്രീ. പി. സി. വിഷ്ണുനാഥ് പുതുക്കിയ ചട്ടങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇറങ്ങിപോക്ക് ഒഴിവാക്കേണ്ടതായിരുന്നുവെന്നുപറഞ്ഞു. ചട്ടങ്ങളിൽ ശീൽക്കാര ശബ്ദങ്ങൾപോലും കേൾപ്പിക്കാൻ പാടില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷം പ്രതിപക്ഷ നിരയിലിരുന്ന് കോലാഹലങ്ങൾ കാണിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള ആളുകൾ ഇപ്പോൾ ഇങ്ങനെ പ്രസംഗം നടത്തിയിട്ട് വല്ലകാര്യവുമുണ്ടോ? ഞങ്ങൾ ഇറങ്ങിപ്പോയി എന്നുള്ളത് ശരിയാണ്. നിങ്ങൾ

ഉദ്യോഗസ്ഥ ഗ്യാലറിയിലേയ്ക്കൊന്ന് നോക്കണം. ഇന്ന് രാവിലെ മുതൽ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തെക്കുറിച്ചുള്ള വലിയ ചർച്ചകൾ ഇവിടെ നടക്കുകയല്ലേ. കേരളത്തിൽ എത്ര ഐ.എ.എസ്.കാരും, ഐ.പി.എസ്.കാരും ഐ.എഫ്.എസ്.കാരുമാണുള്ളത്. ഈ ചർച്ചയിൽ പങ്കെടുക്കാൻ ഗ്യാലറിയിൽ ഒറ്റ ആളുണ്ടോ. മൂന്നാമത്തെ നിരയിൽ അല്പംമുമ്പുവരെ ആളുണ്ടായിരുന്നു. ഇപ്പോൾ അവിടെ നാലുപേർ മാത്രമാണുള്ളത്. കേരളത്തിലെ ഉദ്യോഗസ്ഥ സമൂഹം ബഹിഷ്ക്കരിച്ച സർക്കാരിനെ ജനപ്രതിനിധികൾക്ക് ബഹിഷ്ക്കരിക്കാൻ പാടില്ലായെന്നുപറയാൻ ശ്രീ. കെ. മുരളീധരനും ശ്രീ. പി. സി. വിഷ്ണുനാഥിനും എന്താണ് കാര്യം. നിങ്ങളെ ആരാണ് അംഗീകരിക്കുന്നത്. അടുത്ത പതിനാലു മാസക്കാലം നിങ്ങൾ എഴുതിവച്ചിട്ടുള്ള ഈ കാര്യങ്ങളിൽ ഒന്നുപോലും ഇവിടെ നടത്താൻ ഇവരാരെങ്കിലും തയ്യാറാകുമെന്ന് നിങ്ങളാരെങ്കിലും വിചാരിക്കുന്നുണ്ടോ? ഇനി ഞാൻ ഇതിൽ പറഞ്ഞിട്ടുള്ള ഓരോ കാര്യങ്ങളിലേയ്ക്ക് വരാം. മുൻ നയപ്രഖ്യാപന പ്രസംഗങ്ങളിലേയ്ക്കോ ബഡ്ജറ്റ് പ്രസംഗങ്ങളിലേയ്ക്കോ ഞാൻ പോകുന്നില്ല. ഇവിടെ മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചു. മലയാളത്തിന് ക്ലാസ്സിക്കൽ പദവി കിട്ടി. നൂറുകോടി കിട്ടുമെന്നല്ലേ പറഞ്ഞത്. അഞ്ചുപൈസ ഇതുവരെ കിട്ടിയോ? ഞാൻ താലൂക്ക് ലൈബ്രറി

കൗൺസിലിന്റെ പ്രസിഡന്റാണ്. കേരളത്തിലെ ഗ്രന്ഥശാലകൾ കൂടാതെ ഈ ശ്രേഷ്ഠ മലയാള പദ്ധതി നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിയുമോ? ഇന്നുവരെ ഒരു സർക്കുലർപോലും കേരളത്തിന്റെ സാംസ്കാരിക വകുപ്പിനോ മുഖ്യമന്ത്രിക്കോ ആർക്കെങ്കിലും അയയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഈ നയപ്രഖ്യാപന പ്രസംഗത്തിൽപ്പോലും നിരവധിയായ ഇംഗ്ലീഷ് വാക്കുകൾ കുത്തിതിരുകി ശ്രേഷ്ഠ പദവി കിട്ടിയ മലയാളത്തെ അങ്ങേയറ്റം അപമാനിച്ച സർക്കാരാണിത്. ഇവിടെ ശ്രീ. റ്റി.വി. രാജേഷ് വളരെ വിശദമായി പറഞ്ഞു. ഈ ഗവൺമെന്റ് ഇതിനുമുമ്പ് പ്രഖ്യാപിച്ച സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, സീപ്ലെയിൻ, എയർ കേരള, സബർബൻ ട്രെയിൻ, മെമു ട്രെയിൻ, മോണോ റെയിൽ, ശബരി പാത തുടങ്ങിയ നിരവധി പദ്ധതികളിൽ ഏതാണ് നടന്നത്. ഞാൻതന്നെ ഈ സഭയിൽ മുമ്പുപറഞ്ഞു, നിങ്ങൾ കൊട്ടിഘോഷിച്ച സ്മാർട്ട് സിറ്റിയിൽ ആകെയൊരു പവലിയൻ ഉണ്ടാക്കി. 'പവലിയൻ' എന്ന വാക്കിന്റെ മലയാളം 'തണ്ടിക' എന്നാണ്. അങ്ങനെയാണെങ്കിൽ അത് തണ്ടിക സിറ്റിയാണ്. വേറൊരു കുന്തവും അവിടെ ചെയ്യാൻ പറ്റിയിട്ടില്ല. മറ്റെന്തെങ്കിലും നടന്നെങ്കിൽ പറയൂ. മിഷൻ 676 - ആറും ഏഴും ആറും പത്തൊമ്പത്, ഒമ്പതും ഒന്നും പത്ത് - ഒറ്റ അജണ്ടയേയുള്ളൂ, അധികാരത്തിൽ തുടരുക. മിഷൻ 676 പ്രകാരം ഞങ്ങളുടെ

വകുപ്പിൽ പലതും നടക്കുമെന്ന് പറഞ്ഞ് അച്ചടിച്ചുവന്നു; എന്തെങ്കിലും നടന്നോ. പെൻഷനുകളെല്ലാം കൊടുക്കണമെന്ന് ഇവിടെ ശ്രീ. വി. ടി. ബൽറാം അല്പംമുമ്പ് പറഞ്ഞു. പേജ് നാലിൽ ഇവിടെ എഴുതി വച്ചിരിക്കുകയാണ് എല്ലാ പെൻഷനുകളും വിതരണം ചെയ്യുന്നു. അവശ കലാകാരന്മാരുടെ പെൻഷൻ കൊടുത്തിട്ടുണ്ടോ; മാസങ്ങളായി കുടിശ്ശികയല്ലേ. ഇങ്ങനെ നുണയാണോ പ്രസംഗമായി എഴുതിവയ്ക്കേണ്ടത്. ഇവിടെ പോലീസ് യൂണിവേഴ്സിറ്റിയെക്കുറിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു. ധനവകുപ്പ് അതിനെ എതിർത്തിരിക്കുകയല്ലേ. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ പേരിൽ കേസ് എടുത്തത് ആഭ്യന്തര വകുപ്പല്ലേ. റബ്ബർ കർഷകർക്കുവേണ്ടി എന്തെങ്കിലും ചെയ്തോ; എത്ര ടൺ ശേഖരിച്ചു? അതുപോലെ, മൂവായിരം പോളിഹൗസ്; ഏതെങ്കിലുമൊന്ന് വന്നോ; എത്രയെണ്ണം സ്ഥാപിച്ചു? നീരയുമായി ബന്ധപ്പെട്ട് കൃഷി-എക്സൈസ് വകുപ്പ് മന്ത്രിമാർ തമ്മിൽ വലിയ വാദം നടക്കുകയല്ലേ; ജൈവകൃഷി എവിടെയാണ് നടന്നത്? നിറവ് പദ്ധതി, നെൽകൃഷിക്കാർക്ക് പണം കൊടുത്തോ; കർഷകർക്ക് സ്മാർട്ട് കാർഡ് - ആർക്കാണ് കിട്ടിയത്; ലക്ഷം യുവകർഷകരുടെ കാര്യം. ഇപ്പോൾ ഇതാ റബ്ബർ കർഷകരുടെ പ്രശ്നത്തെക്കാൾ ഗുരുതരമായ പ്രശ്നം, കാർഷിക മേഖലയിൽ എൽ.ടി.-5 എ-യിലായിരുന്ന വൈദ്യുതി ഉപഭോക്താക്കളെ എൽ.ടി.-

4 എ-യിൽ ഉൾപ്പെടുത്തി നാണ്യവിളകൾക്ക് ജലസേചനം നടത്തുന്ന കൃഷിക്കാരോട് ഒരു വർഷം മുമ്പുള്ള വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ അടയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളം കൊടുത്തിട്ടുണ്ടോ; നിങ്ങളല്ലേ പറഞ്ഞത് സി.എൻ.ജി.-ക്ക് (കംപ്രസ്ഡ് നാച്വറൽ ഗ്യാസ്) 100 കോടി ഇപ്പോൾ ലഭിക്കുമെന്ന്, എവിടെയാണ് കിട്ടിയത്; കേരളത്തിലെ പെൻഷൻകാരുടെ പ്രശ്നങ്ങൾ; ഇതിൽ ഏതെങ്കിലുമൊന്ന് നടന്നിട്ടുണ്ടോ? മുന്നോക്ക സമുദായ കോർപ്പറേഷന്റെ കാര്യം പേജ് 10, ഖണ്ഡിക 14-ൽ പറഞ്ഞിട്ടുണ്ട്. പിള്ള ഗ്രൂപ്പ് ഇപ്പോൾ ഈ മുന്നണിയിലില്ലെന്ന് ബഹുമാന്യനായ യു.ഡി.എഫ്. കൺവീനർ ഇന്നലെ പറഞ്ഞിരിക്കുന്നു. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ചെയർമാനായ മുന്നോക്ക വികസന കോർപ്പറേഷൻ, ക്യാബിനറ്റ് റാങ്കാണ് കൊടുത്തിരിക്കുന്നത്. പഞ്ചായത്തുകൾക്ക് ഫണ്ട് കൊടുത്തിട്ടുണ്ടോ; വീട്ടുകരവും കെട്ടിട നികുതിയും എത്രയാണ് കൂട്ടിയത്; ഇൻവെസ്റ്റേഴ്സ് മീറ്റ്, പാർട്ണർ കേരള - എന്താണ് നടന്നിട്ടുള്ളത്? വന്യജീവികളുടെ ആക്രമണം - ആന കുത്തിയും കടുവ പിടിച്ചും പന്നി കുത്തിയും ആളുകൾ മരിച്ചുകൊണ്ടിരിക്കുകയല്ലേ; ടൂറിസം രംഗത്ത് എന്ത് പുരോഗതിയാണുള്ളത്? സ്ത്രീകൾക്ക് സുരക്ഷ - ചുംബന സമരം നടന്നപ്പോൾ തെരുവുകളിൽ പെൺകുട്ടികളെയടക്കം അടിച്ചോടിച്ചില്ലേ. കെ.എസ്.ആർ.ടി.സി.-

യിൽ ശുഭയാത്ര - പേജ് 20, ഖണ്ഡിക 35. കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കാര്യം മാത്രമെടുത്താൽപോരേ. പെൻഷൻകാർ എത്രപേരാണ് ആത്മഹത്യ ചെയ്തത്; ഇപ്പോഴും സമരം നടക്കുകയല്ലേ. കെ.എസ്.ആർ.ടി.സി.യിലെ ഒരു തൊഴിലാളി സംഘടനയുടെ മുൻനേതാവായിരുന്നയാൾ മന്ത്രിയായിരുന്നിട്ടുപോലും അവർക്ക് രക്ഷയില്ല. പൊതുവിതരണ സംവിധാനം - സപ്ലൈകോയിൽ അഴിമതിയാണെന്ന് ഞങ്ങളാണോ പറഞ്ഞത്; ജേക്കബ് ഗ്രൂപ്പിന്റെ ചെയർമാനായ ശ്രീ. ജോണി നെല്ലൂരാണ് പറഞ്ഞത്; അത് നിഷേധിക്കാൻ കഴിയുമോ? വൈദ്യുതി രംഗത്ത് എന്താണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്? അതുപോലെതന്നെ മദ്യനയം - വൈൻ-ബിയർ പാർലറുകൾ ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ ഇന്റർനെറ്റിൽ പ്രചരിച്ചത്, കെ.പി.സി.സി. പ്രസിഡന്റിന്റെ പടം കൊടുത്തിട്ട് ഡാഷ് പോയ അണ്ണാനെപ്പോലെ എന്ന അടിക്കുറിപ്പുമായാണ്. ഞങ്ങൾ ആരെങ്കിലുമാണോ ഈ നയം മാറ്റിയത്; ഞങ്ങളാരെങ്കിലുമാണോ അപഹാസ്യമായ ഈ നിലപാടുകൾ സ്വീകരിച്ചത്; നിങ്ങൾ സമാധാനം പറയേണ്ടേ. ഇവിടെ ശ്രീ. മോൻസ് ജോസഫ് മാണിസാർ 50 കൊല്ലം പിന്നിട്ടുവെന്ന് പറഞ്ഞു. 50 മെഴുകുതിരിയും കേക്കുമൊന്നും വേണ്ട. ഒരു മെഴുകുതിരി കത്തിച്ചുവച്ച് കേക്ക് ഊതിക്കെടുത്തി മാണിസാറിന്റെ അമ്പതാം വാർഷികത്തിന് ആശംസ നേരാൻ ഒരു പട്ടിക്കുറുക്കനുണ്ടായോ ഈ

കേരളത്തിൽ. കേരളീയ സമൂഹവും കേരളാ കോൺഗ്രസും അംഗീകരിച്ച മാണിസാറിന്റെ അവസ്ഥയിൽ നിങ്ങൾക്ക് എന്തുചെയ്യാൻ പറ്റി? അദ്ദേഹത്തിന് സ്തുതി പാടിവച്ചിരിക്കുകയാണ്. ഇത് എല്ലാ ആളുകൾക്കും മനസ്സിലാകും. ഭയങ്കര വികസനം നടക്കാൻ പോകുകയാണെന്നല്ലേ പറയുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രീ. എ. കെ. ശശീന്ദ്രൻ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് കരാറുകാരുടെ കാശ് കൊടുക്കണമെന്ന് പറഞ്ഞു. അന്നേരം ഞങ്ങളെ കൂകി ഇറക്കിവിട്ടു. ഞങ്ങൾ കരാറുകാരുടെ ആൾക്കാരാണെന്ന് പറഞ്ഞു. പിറ്റേ ആഴ്ച കാക്കനാട് കളക്ടറേറ്റിന് മുന്നിലെ കരാറുകാരുടെ ധർണ്ണ ഉദ്ഘാടനം ചെയ്തത് ഞങ്ങളെ കൂകി ഇറക്കിവിട്ട ശ്രീ. ബെന്നി ബെഹനാനാണ്. കരാറുകാരുടെ കാശ് കൊടുക്കണമെന്ന് അവിടെപ്പോയി പറയുകയാണ്. നിയമസഭയിൽ വന്നപ്പോൾ എന്താണ്, ഒന്നും കൊടുക്കേണ്ട കാര്യമില്ല. ഞങ്ങളുടെ മണ്ഡലത്തിലെ കരാറുകാർക്കെങ്കിലും കൊടുക്കണം, അവരുടെ കാര്യമെങ്കിലും നടക്കട്ടെയെന്ന് ഞാൻ പറഞ്ഞു. പക്ഷെ കൊടുത്തോ? ഇങ്ങനെ വളരെ വികലമായ, തെറ്റായ രീതിയിൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ചീഫ് സെക്രട്ടറിക്കെതിരെ മന്ത്രി, ഡി.ജി.പി.ക്കെതിരെ ചീഫ് വിപ്പ് - അദ്ദേഹം ലേഖനം എഴുതിയിരിക്കുകയാണ്. അതിൽ ഡി.ജി.പി.-യുടെ മുഖം തുറന്നുകാട്ടുമെന്നാണ് പറയുന്നത്. ഡി.ജി.പി.-യുടെ

മുഖം തുറന്നാൽ ആഭ്യന്തര മന്ത്രിയുടെ മുഖം കാണും. ആഭ്യന്തര മന്ത്രിയുടെ മുഖം തുറന്നാൽ മുഖ്യമന്ത്രിയുടെ മുഖം തുറക്കും. മുഖ്യമന്ത്രിയുടെ മുഖം തുറന്നാൽ സർക്കാരിന്റെ മുഖം തുറക്കും. ഞങ്ങൾ ഇതെല്ലാം കണ്ടുകഴിഞ്ഞു. ശ്രീ. പി. സി. ജോർജ് മൊബൈലിൽ കാണുമ്പോൾ ഞങ്ങൾ ടവറിൽ കാണുമെന്നാണ് ശ്രീ. ഉഴവൂർ വിജയൻ പറഞ്ഞിട്ടുള്ളത്. ശ്രീ. പി. സി. ജോർജ് മൊബൈലിൽ വരെയേ എത്തിയിട്ടുള്ളൂ. ഞങ്ങൾ ടവറിൽ കണ്ടുകഴിഞ്ഞു. അതുകൊണ്ടാണ് 13-ാം തീയതി ഈ അഴിമതി സർക്കാരിന്റെ അഴിമതി മന്ത്രിക്ക് സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവാദം നൽകരുതെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. അത് ശക്തിയുക്തം വീണ്ടും ഉന്നയിച്ചുകൊണ്ട്, ഈ നന്ദിപ്രമേയത്തെ വീണ്ടും എതിർത്തുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കർശനമായ നിർദ്ദേശങ്ങളിലൂടെയും സ്നേഹസമ്പന്നമായ ശാസനകളിലൂടെയും ഈ സഭയെ കഴിഞ്ഞ നാലുവർഷക്കാലം കൈപിടിച്ച് നടത്തിയ ആദരണീയനായ ജി.കെ.-യുടെ ഓർമ്മകൾക്കുമുന്നിൽ എന്റെ ആദരാഞ്ജലികൾ ഒരിക്കൽക്കൂടി അർപ്പിക്കുന്നു. ഈ നന്ദിപ്രമേയത്തെ ഞാൻ ഹൃദയംകൊണ്ട് പിന്തുണയ്ക്കുന്നു. കേരളത്തിൽ ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് 2011-ൽ അധികാരത്തിൽ വന്ന സമയത്ത് ഞാൻ ഉൾപ്പെടെയുള്ള

തുടക്കക്കാർക്കും മറ്റെല്ലാവർക്കുമുണ്ടായിരുന്ന ആശങ്ക 72 സീറ്റുമായി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിന് കേരളത്തിൽ അഞ്ചുവർഷം തുടർച്ചയായി ഭരിക്കാൻ കഴിയുമോ; 72 സീറ്റുമായി മാത്രം അധികാരത്തിൽ വന്നിരിക്കുന്ന ഒരു ഗവൺമെന്റിന് കേരളത്തിലെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുമോ; 72 അംഗങ്ങളുടെ മാത്രം പിന്തുണയുള്ള ഒരു ഗവൺമെന്റിന് വികസന പ്രവർത്തനങ്ങളിൽ നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ട് പോകാൻ കഴിയുമോ എന്നതാണ്. ആ ആശങ്കയെ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പല പ്രസംഗങ്ങളും പ്രഖ്യാപനങ്ങളും അസംബ്ലിക്കകത്തും പുറത്തും കേട്ടവരാണ് ഞങ്ങളെല്ലാം. ഒന്നോ രണ്ടോ അംഗങ്ങൾ മൂത്രമൊഴിക്കാൻ പോയാൽ താഴെവീഴുന്ന ഗവൺമെന്റാണിതെന്ന് കേരളത്തിന്റെ ബഹുമാന്യനായ പ്രതിപക്ഷ നേതാവുപോലും ഒരിക്കൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന് 100 ദിവസത്തെ ആയുസ്സേയുള്ളുവെന്നാണ് കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ സഭയ്ക്കകത്ത് പ്രഖ്യാപിച്ചത്. മൂന്ന് മാസത്തെ ആയുസ് ഈ ഗവൺമെന്റിന് കൽപ്പിച്ച ആളുകളുണ്ട്. മംഗൾയാൻ ചൊവ്വയിൽ എത്തുമ്പോഴേയ്ക്കും ഉമ്മൻചാണ്ടി ഗവൺമെന്റ് താഴെയിറങ്ങിയിട്ടുണ്ടായിരിക്കും എന്നുൾപ്പെടെയുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ പലതും ഈ സഭ കേട്ടതാണ്, പുറംലോകം ചർച്ച

ചെയ്തതാണ്. മംഗൾയാൻ ചൊവ്വയിലെത്തി, മംഗൾയാൻ ഈ ഹോളി ദിനത്തിൽ വളരെ കളർഫുളായ ഒരു പിക്ചറും നമ്മുടെ നാട്ടിലേക്ക് അയച്ചിട്ടുണ്ട്. ഇപ്പോഴും കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തന്നെയാണ്, കേരളം ഭരിക്കുന്നത് ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് തന്നെയാണ് എന്നുള്ളത് ഈ ഗവൺമെന്റിനെ സംബന്ധിച്ച് അവർ നടത്തിയ എല്ലാ പ്രഡിക്ഷൻസും തെറ്റായിരുന്നുവെന്ന് തെളിയിക്കുന്ന ഒന്നാണ്. ഈ ഗവൺമെന്റിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളൊന്നുംതന്നെ ജനങ്ങൾ ഏറ്റെടുത്തിരുന്നില്ല എന്നതിന്റെ തെളിവാണത്. ഈ ഗവൺമെന്റിനെതിരായി നടത്തിയ സമരങ്ങളൊന്നുംതന്നെ ക്ലച്ചുപിടിക്കാതെ ദയനീയമായി പരാജയപ്പെട്ടുപോയി എന്നുള്ളതിന്റെ തെളിവായിത്തന്നെയാണ് ഈ ഗവൺമെന്റ് ഇപ്പോഴും കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ കാര്യങ്ങളും നടപ്പാക്കിയോ എന്നുള്ളത് എനിക്ക് മുമ്പേ പ്രസംഗിച്ച ശ്രീ. സാജു പോൾ ആവേശത്തോടെ പ്രസംഗിക്കുന്നതുകേട്ടു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളെ സംബന്ധിച്ച് എന്ത് ഫോളോഅപ്പാണ് ഈ ഗവൺമെന്റിൽ നിന്നുണ്ടായിട്ടുള്ളത് എന്നെല്ലാം വളരെ ആവേശത്തോട്ടുകൂടി ചോദിക്കുന്നതുകേട്ടു. എന്റെ കയ്യിലുള്ളത്

2009-10-ൽ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അവതരിപ്പിച്ച ബഡ്ജറ്റാണ്. അതിലെ പേജ് 34, ഖണ്ഡിക 93 - വിമാനത്താവളങ്ങൾ എന്ന ഹെഡ്ഡിംഗിൽ, പുതുതായി ഇടുക്കിയിലും വയനാട്ടിലും രണ്ട് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതാണ്. സംയുക്ത സംരംഭങ്ങളായിട്ടായിരിക്കും ഇവ സ്ഥാപിക്കുക. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അഞ്ച് കോടി രൂപ വകയിരുത്തുന്നു എന്നുള്ള മട്ടിലുള്ള പല പ്രഖ്യാപനമുണ്ട്. ഇപ്പോൾ ഇടുക്കിയിലും വയനാട്ടിലും നിന്നുള്ള എം.എൽ.എ.മാർ ഈ എയർ സ്ട്രിപ്പിലിറങ്ങിയ വിമാനങ്ങളിൽ കയറിയല്ല കേരള നിയമസഭയിലേയ്ക്ക് വന്നിട്ടുള്ളത് എന്നാണ് എന്റെ വിശ്വാസം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചില കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ട്. പക്ഷെ ഈ ഗവൺമെന്റിന്റെ വിമർശിക്കുന്ന ആളുകൾ അവരുടെ ഭരണ കാലയളവിൽ കേരളത്തിന് നൽകിയ സംഭാവനകൾ എന്താണെന്നുള്ളത് സംബന്ധിച്ച് ആത്മപരിശോധന നടത്താൻ തയ്യാറാകണം. ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല എന്നും ഈ ഗവൺമെന്റ് കേരളത്തിന് ഒരു ഗുണവും ചെയ്തിട്ടില്ല എന്നും പ്രഖ്യാപിക്കുന്ന ആളുകൾ, ഒരു രൂപയ്ക്ക് അരി കൊടുത്ത ഒരു ഗവൺമെന്റിനെ വിമർശിക്കുമ്പോൾ 50 പൈസയ്ക്ക് അരി കൊടുത്ത ചരിത്രം അവർക്കുണ്ടോ.

അല്ലെങ്കിൽ അതിന് തുല്യമായി ഒരു രൂപയ്ക്കെങ്കിലും അരി കൊടുത്ത ചരിത്രം ഇവർക്ക് പറയാൻ സാധിക്കുമോ? ഇവിടെ മുമ്പ് പ്രസംഗിച്ച ഭരണകക്ഷിയിലെ ബഹുമാന്യരായ എം.എൽ.എ.മാർ സൂചിപ്പിച്ച കേരളം രൂപംകൊണ്ടതുമുതൽ 2011 വരെ കേരളത്തിൽ ആകെയുണ്ടായിരുന്നത് 5 സർക്കാർ മെഡിക്കൽ കോളേജുകളായിരുന്നുവെങ്കിൽ 2011-ൽ അധികാരമേറ്റ ഈ ഗവൺമെന്റ് 2015-ൽ എത്തിനിൽക്കുമ്പോൾ ഒരൊറ്റ ഭരണത്തിൻ കീഴിൽ മെഡിക്കൽകോളേജുകളുടെ എണ്ണം 9 ആയി വർദ്ധിപ്പിച്ചുവെന്ന്. അത് ഒരു നേട്ടമല്ല എന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? അവരുടെ ഗവൺമെന്റിന്റെ സമയത്ത് ഒരെണ്ണമെങ്കിലും തുടങ്ങിയതിനുശേഷം ഇവിടെവന്ന് ഈ ഗവൺമെന്റിനെ വിമർശിക്കുന്നുവെങ്കിൽ നമുക്കത് ഉൾക്കൊള്ളാമായിരുന്നു. 12 പുതിയ താലൂക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ചു, അത് യാഥാർത്ഥ്യമായി. 12 എണ്ണം വേണ്ട ഒന്നോ രണ്ടോ പുതിയ താലൂക്ക് ആരംഭിച്ചതിനുശേഷമാണ് ഈ ഗവൺമെന്റിനെ വിമർശിക്കുന്നതെങ്കിൽ അത് നമുക്ക് ഉൾക്കൊള്ളാൻ സാധിക്കുമായിരുന്നു. നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ച ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് വരുമ്പോൾ ഉന്നയിച്ചു കേൾക്കാറുള്ള മുദ്രാവാക്യം വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഗവൺമെന്റ്

പിൻവാങ്ങുന്നുവെന്നതാണ്. 5 പുതിയ മെഡിക്കൽ കോളേജ് തുടങ്ങിയതും പൊതുമേഖലയിലാണ്. പാലക്കാട് പട്ടികജാതി വകുപ്പിനുകീഴിൽ ആരംഭിച്ച മെഡിക്കൽ കോളേജിൽ 70 വിദ്യാർത്ഥികളെ സൗജന്യമായാണ് പഠിപ്പിക്കുന്നത്. ഫീസ് കൊടുക്കുന്നത് ഗവൺമെന്റാണ്. ബാക്കി 30 കുട്ടികളെ ഗവൺമെന്റ് ഫീസിലാണ് അവിടെ പഠിപ്പിക്കുന്നത്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജിലും ഈ കുട്ടികൾ ഗവൺമെന്റ് ഫീസിൽ പഠിച്ചുകൊണ്ടിരിക്കുന്നു. പാലക്കാട് തുടങ്ങിയ സിവിൽ സർവ്വീസ് അക്കാദമിയിലും കുട്ടികൾ ഗവൺമെന്റ് ഫീസിൽ പഠിച്ചു കൊണ്ടിരിക്കുന്നു. സർക്കാർ കോളേജോ എയ്ഡഡ് കോളേജോ ഇല്ലെങ്കിൽ യാതൊരുവിധ പക്ഷപാതവുമില്ലാതെ എല്ലാ നിയോജക മണ്ഡലങ്ങളിലും സർക്കാർ കോളേജ് അല്ലെങ്കിൽ എയ്ഡഡ് കോളേജ് എന്ന തലത്തിൽ ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ കോളേജുകൾ അനുവദിച്ചുതുടങ്ങിയപ്പോൾ അവരുടെ ഭരണകാലത്ത് അഞ്ചോ ആറോ കോളേജെങ്കിലും തുടങ്ങിയിട്ട് ഈ ഗവൺമെന്റിനെ വിമർശിച്ചിരിന്നുവെങ്കിൽ അതിന് ഒരു അർത്ഥമുണ്ടാകുമായിരുന്നു.

കാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖം മുതലായ ഗുരുതര രോഗം ബാധിച്ചവർക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ ധനസഹായം

കാരുണ്യാ ബെനവലന്റ് ഫണ്ടിലൂടെ ലോട്ടറി ഉപയോഗിച്ച് ഈ ഗവൺമെന്റ് 25,000 രോഗികൾക്ക് കൊടുത്തപ്പോൾ ലോട്ടറി എന്നുകേട്ടാൽ സാന്റിയാഗോ മാർട്ടിൻ എന്ന് ആളുകൾ മറുപടി പറഞ്ഞിരുന്ന കാലം മറന്ന് ഇപ്പോൾ കണ്ണടയ്ക്കുന്നവർക്ക് മാത്രമേ ഇരുട്ടാകുകയുള്ളൂവെന്നത് അവർ തിരിച്ചറിയാതെ പോകുകയാണ്.

ജനസമ്പർക്ക പരിപാടിയെപ്പോലും വിമർശിക്കുന്നതുകണ്ടു. വിമർശനങ്ങളെ ഈ ഗവൺമെന്റ് രണ്ട് ചെവിയും കണ്ണും കൊട്ടിയടച്ചല്ല നേരിടുന്നത് അതിൽ ക്രിയാത്മക വിമർശനമുണ്ടെങ്കിൽ ഏറ്റെടുക്കാൻ തയ്യാറാണ്. ജനസമ്പർക്ക പരിപാടിയിലേയ്ക്ക് ആരാണ് കടന്നുവരുന്നത്. ഇവിടത്തെ സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളാണ്. ഒരു ദിവസത്തിൽ 20 മണിക്കൂറും രാഷ്ട്രീയത്തിനും ജാതിക്കും മതത്തിനും അതീതമായി പാവപ്പെട്ട ആളുകളുടെ പരാതികേൾക്കാനും അതിന് പരിഹാരം കണ്ടെത്താനും ശ്രമിക്കുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ ലോകം അംഗീകരിക്കുമ്പോൾ ഐക്യരാഷ്ട്ര സഭ അംഗീകരിക്കുമ്പോൾ അതിൽ അസൂയ പൂണ്ടിട്ടല്ലാതെ എന്തിനാണ് പാവങ്ങൾക്ക് കിട്ടുന്ന അവകാശത്തെ ഇവർ എതിർക്കുന്നത് എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ജനസമ്പർക്ക പരിപാടി തടയുമെന്ന് പ്രഖ്യാപിക്കുകയും തിരുവനന്തപുരത്തെ ജനസമ്പർക്ക പരിപാടിയുടെ വേദിയിലേയ്ക്ക്

നമ്മുടെയെല്ലാം സുഹൃത്ത് ശ്രീ. വി. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ മാർച്ച് നടത്തുകയും ചെയ്ത് അവിടെയെത്തിയ ശ്രീ. ശിവൻകുട്ടി അരമണിക്കൂറിനുള്ളിൽ കുഴഞ്ഞ് വീണ് ആശുപത്രിയിലാവുകയും മുഖ്യമന്ത്രി 8.00 മണിവരെ ജനസമ്പർക്ക പരിപാടി അവിടെത്തന്നെ നടത്തുകയും ചെയ്തകാര്യം അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, പാവപ്പെട്ട ജനങ്ങൾക്ക് കേരളാ മുഖ്യമന്ത്രി നൽകുന്ന സഹായങ്ങൾ കണ്ട് അതിന്റെ അനിവാര്യത ബോധ്യപ്പെട്ടപ്പോൾ അവിടേയ്ക്ക് ഞാൻ മാർച്ച് നടത്തിയത് തെറ്റായിപ്പോയല്ലോ എന്ന കുറ്റബോധംകൊണ്ട് അദ്ദേഹം കുഴഞ്ഞുവീണതാകാനാണ് സാധ്യതയെന്നാണ് എനിക്ക് തോന്നുന്നത്. ജനസമ്പർക്ക പരിപാടിയെ ശക്തമായി എതിർത്തിരുന്നവരുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ള ആളുകൾ ആനുകൂല്യത്തിനുവേണ്ടി മുഖ്യമന്ത്രിയെ കാണാൻ വന്നുയെന്നത് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. സുകൃതം പദ്ധതിയും, കാരുണ്യ കേരളം പദ്ധതിയും, പുതുതായി തുടങ്ങാൻ പോകുന്ന മെഡിക്കൽ കോളേജുകളും, ആഭ്യന്തര വകുപ്പ് കേരളത്തിലെ സാധാരണക്കാർക്കു വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ഓപ്പറേഷൻ കുബേരപോലുള്ള പദ്ധതിയും, കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന സേഫ് കാമ്പസ് ക്ലീൻ കാമ്പസ് തുടങ്ങിയ ഒട്ടേറെ പദ്ധതികളുമായി ഈ ഗവൺമെന്റ്

മുന്നോട്ട് പോകുമ്പോൾ തങ്ങളുടെ ഭരണകാലത്ത് ഇതിൽ നിന്നും ബെറ്ററായ എന്ത് നടപടിയായിരുന്നു കാഴ്ചവച്ചിരുന്നത് എന്ന് പറയാൻ ഇവർക്ക് സാധിക്കേണ്ടേ? എന്നിട്ടല്ലേ ഈ ഗവൺമെന്റിനെ വിമർശിക്കേണ്ടത്, എന്നിട്ടല്ലേ വിമർശനങ്ങളുടെ മുൾമുനയിൽ നിർത്തേണ്ടത്. ഇവരുടെ വിമർശനങ്ങളുടെയും സമരങ്ങളുടെയും ഏറ്റവും വലിയ പ്രത്യേകത ഒരിക്കലും ജനങ്ങളുമായി ബന്ധപ്പെട്ടതോ ആക്ച്വൽ കണ്ടന്റ് ഉള്ളതോ ആയ കാര്യങ്ങളല്ല എന്നുള്ളതാണ്.

ദേശീയ ഗെയിംസിനെതിരെ വലിയ വിമർശനം നടന്നു. വലിയ കോലാഹലം നടന്നു. പ്രചരണങ്ങളെ പത്രമാധ്യമങ്ങൾപോലും വിശ്വസിച്ചിരുന്നുവെന്നതാണ് വസ്തുത. ദേശീയ ഗെയിംസ് തുടങ്ങുന്നതിനുമുമ്പ് പത്രങ്ങളിൽ വന്ന വാർത്തകളിൽ ചിലത് ഇവയാണ്. " ദേശീയ ഗെയിംസ് സെപ്തംബറിലേയ്ക്ക് നീട്ടിയേക്കും, ദേശീയ ഗെയിംസ് തീയതി തീരുമാനം തെരഞ്ഞെടുപ്പിനുശേഷം, പണിതിട്ടും പണിതിട്ടും പണിതീരാതെ ഗ്രീൻഫീൽഡ് സ്റ്റേഡിയം, സ്പോർട്ട്സ് നയത്തിനെതിരെ രൂക്ഷ വിമർശനം, ഒളിമ്പിക് അസോസിയേഷൻ ഇടഞ്ഞു, ദേശീയ ഗെയിംസ് അവതാളത്തിൽ, സ്പോർട്ട്സ് കൗൺസിൽ നോക്കുകുത്തി, ദേശീയ ഗെയിംസ് കൗണ്ട്ഡൗൺ, ട്രാക്കിലാകാതെ ഒരുക്കങ്ങൾ, മെല്ലെപ്പോക്കിൽ സ്റ്റേഡിയം നിർമ്മാണം, വിളിപ്പാടകലെ ദേശീയ ഗെയിംസ് കേരളം ഇപ്പോഴും സീറോ" തുടങ്ങി

എന്തെല്ലാം വാർത്തകളാണ് വന്നത്. ഇങ്ങനെയാണ് ഈ ഗവൺമെന്റിനെ പലരും ട്രീറ്റ് ചെയ്തത്. എന്നാൽ ദേശീയ ഗെയിംസ് കഴിഞ്ഞപ്പോൾ ഇതേ പത്രങ്ങൾ അച്ചുനിരത്തി. ഞാൻ അവരെ അഭിനന്ദിക്കുന്നു, എന്റെ നന്ദിയും അറിയിക്കുന്നു. " കായികരംഗത്തിന് നവചൈതന്യം, അഭിമാനവും ആത്മവിശ്വാസവും നൽകിയ ദേശീയ ഗെയിംസ്, കേരളത്തിന്റെ അഭിമാന ഗെയിംസ്, ചെലവ് കുറച്ച് ദേശീയ ഗെയിംസ് കൾച്ചറൽ കമ്മിറ്റി, ദേശീയ ഗെയിംസ് സൗകര്യങ്ങൾക്ക് സാങ്കേതിക സമിതിയുടെ ഫുൾമാർക്ക്"എന്നതുൾപ്പെടെയുള്ള പ്രതികരണങ്ങളുമായി കടന്നുവന്നു. ഈ ഗെയിംസ് തുടങ്ങുന്നതിന് മുമ്പ് ഇതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് ഒരുവശത്ത് നടത്തിക്കൊണ്ടിരുന്നത്. ഞങ്ങൾ അന്നേ പറഞ്ഞിരുന്നു ദേശീയ ഗെയിംസ് കൃത്യമായി നടക്കുമെന്നും ഗെയിംസിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തീകരിച്ചു എന്നും. ഞാൻ പറയുന്നത് വിശ്വസിക്കണ്ട, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ കായിക വകുപ്പുമന്ത്രിയോ യു.ഡി.എഫ്-ന്റെ നേതാവ് പറയുന്നതോ വിശ്വസിക്കണ്ട. Indian Olympic Association has accepted the 35th National Games as the best ever held. എന്നുവച്ചാൽ ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും മികച്ച ദേശീയ ഗെയിംസെന്ന് ഇന്ത്യയുടെ ഒളിമ്പിക് അസോസിയേഷൻ പ്രഖ്യാപിക്കുന്നു. അതുപോലെതന്നെ ഇന്ത്യൻ പ്രസിഡന്റും പ്രൈം മിനിസ്റ്ററും എഴുതിയിരിക്കുന്ന

കത്തുകളിലും അത് വ്യക്തമായിട്ടുണ്ട്. " I congratulate the organizers and participants for the enthusiasm, camaraderie, team spirit and healthy competition which has been the hallmark of the 35th National Games" എന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി എഴുതിയിരിക്കുന്നത്. The President congratulated Kerala for hosting the National Games for the second time after 1987 and the State has build elaborate as well as state of art infrastructure across the State. ഇന്ത്യയുടെ പ്രസിഡന്റ് പറഞ്ഞതാണ്. " Despite of all human cry every venue was completed as per international standards and as per the respective National Sports Federation requirement" എന്നാണ് നാഷണൽ സ്പോർട്ട്സ് ഫെഡറേഷൻ അഭിപ്രായപ്പെട്ടത്. അതുപോലെ ഗെയിംസ് വില്ലേജിനെയും എക്യുപ്മെന്റ്സിനെയും സ്റ്റേഡിയങ്ങളെയും സംബന്ധിച്ചും എല്ലാം അനുകൂലമായ പ്രഖ്യാപനങ്ങൾ ഗെയിംസിനുശേഷം ഉണ്ടായി. ചരിത്രത്തിലാദ്യമായി 11,000 കായികതാരങ്ങളെ വച്ച് ഒരു പരാതിയും കേൾപ്പിക്കാതെ ഗെയിംസിന്റെ ആക്ച്വൽ കണ്ടന്റിൽ കോംപ്രമൈസില്ലാതെ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ശ്രീമതി അഞ്ജു ബേബി ജോർജ് പറഞ്ഞത് " I would like to congratulate all those who work behind

the screen for the grand success of the games" എന്നാണ്. സുശീൽകുമാർ യാദവ് എന്ന ഇന്ത്യയുടെ ഒളിമ്പിക് ചാമ്പ്യൻ പറയുന്നത് മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം പോലെ നല്ലൊരു സ്റ്റേഡിയം ഇന്ത്യയുടെ ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ലെന്നാണ്. ശ്രീമതി ഷൈനി വിത്സൻ പറയുന്നത് " As a sports person we felt very happy about the way to conduct this National Games in such a great manner. We visited all the venues and all the venues are truly world class" ഇത് പറയുന്നത് കോൺഗ്രസിന്റെ നേതാവ് അല്ല, ഇന്ത്യയുടെ അഭിമാനം കാത്ത ഒളിമ്പ്യനാണ്. എന്തിന് അധികം പറയുന്നു, ഞാൻ വായിച്ചു നോക്കിയപ്പോൾ ഒരു പ്രതികരണം വളരെ കൗതുകകരമായി തോന്നി. മുൻ സ്പീക്കറും സ്പോർട്സ് വകുപ്പുമന്ത്രിയുമായിരുന്ന ശ്രീ. എം. വിജയകുമാർ ചാനലിലൂടെ ഇതിനെ എതിർത്തത് ഞാൻ കണ്ടു. എന്നാൽ സ്വന്തംകൈപ്പടയിൽ അദ്ദേഹം എഴുതിയിരിക്കുന്നത് '35th National Games was superb' എന്നാണ്. ഇതിനെ ലാലിസം എന്ന പ്രോഗ്രാമിന്റെ പേരിൽ മാത്രം...... ലാലിസം എന്നത് ഉദ്ഘാടന സമ്മേളനത്തിന്റെ ഒരു എക്സ്റ്റന്റഡ് ഈവന്റ് ആണ്. അതൊരു കലാപരിപാടിയാണ്. അതെല്ലാ സമയവും നമ്മൾ ഉദ്ദേശിച്ചതുപോലെ ആയെന്നു വരില്ല. ഞാനൊറ്റ സംശയം ചോദിക്കട്ടെ 2014-ൽ ബ്രസീലിൽ നടന്ന ഫുട്ബോൾ വേൾഡ് കപ്പിലെ ഒഫിഷ്യൽ തീംസോങ്ങിന്റെ

രണ്ടുവരി ഇവിടെയുള്ള ബഹുമാന്യരായ ജനപ്രതിനിധികൾക്ക് ആർക്കെങ്കിലും പറയാൻ കഴിയുമോ? കഴിയില്ല. എന്നാൽ ശ്രീ. പി. സി. വിഷ്ണുനാഥോ, ശ്രീ. റ്റി. വി. രാജേഷോ, ശ്രീ. ആർ. രാജേഷോ 2010- ലെ സോങ് പറയും, 'വക്കാ വക്കാ ദിസ് ടൈം ഫോർ ആഫ്രിക്കായെന്ന്.' കാരണം കലാരൂപങ്ങളുടെ അക്സപ്റ്റൻസിൽ വ്യത്യാസങ്ങളുണ്ടാകും. 1998-ലെ 'ഗോൾ ഗോൾ' എന്ന ഗാനം മലയാളി ഓർത്തിരിക്കും. എന്നാൽ 2014- ലെ ഗാനം ഓർമ്മയില്ല. അപ്പോൾ ഉദ്ഘാടന സമ്മേളനവുമായി ബന്ധപ്പെട്ട് നടക്കുന്ന ഒരു എക്സ്റ്റന്റഡ് ഈവന്റ് മാത്രമാണത്. കലാപരിപാടിയുടെ അക്സപ്റ്റൻസിൽ വ്യത്യാസങ്ങളുണ്ടാകും. എന്നാൽ അതുമാത്രമാണ് ദേശീയ ഗെയിംസ് എന്ന് പറഞ്ഞ് താറടിക്കാനുള്ള ശ്രമമായിരുന്നു ഒരു വശത്ത് നടന്നത്. ഒറ്റവാചകം പറഞ്ഞ് ഞാൻ എന്റെ പ്രസംഗം നിർത്താം. മഹാനായ കാലാകാരനെ അപമാനിക്കാനുള്ള ശ്രമവും നടന്നു. മോഹൻലാൽ ഓർമ്മിക്കപ്പെടുന്നത് ലാലിസത്തിന്റെ പേരിലായിരിക്കില്ല. മോഹൻലാൽ ഓർമ്മിക്കപ്പെടുന്നത് ദേവാസുരത്തിലെ മംഗലശ്ശേരി നീലകണ്ഠന്റെ പേരിലായിരിക്കും അല്ലെങ്കിൽ കിരീടത്തിലെ സേതുമാധവന്റെ പേരിലായിരിക്കും. അതല്ലെങ്കിൽ ചിത്രത്തിലെ വിഷ്ണുവിന്റെ പേരിലായിരിക്കും കിലുക്കത്തിലെ ജോജിയുടെ പേരിലായിരിക്കും. അതുപോലെ തന്നെ ഈ ഗവൺമെന്റ് ഓർമ്മിക്കപ്പെടുന്നത്

സോളാറിന്റെയും സരിതയുടെയും പേരിലല്ല ഇവിടത്തെ സാധാരണക്കാർക്ക് നൽകിയ വർദ്ധിപ്പിച്ച പെൻഷന്റെയും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെയും മെട്രോയുടെയും സ്മാർട്ട് സിറ്റിയുടെയും പേരിലുമാണ്. മാത്രമല്ല ഐക്യജനാധിപത്യ മുന്നണി കേരളത്തിലുണ്ടാക്കാൻപോകുന്ന ചരിത്രത്തിലെ ആദ്യത്തെ ഭരണത്തുടർച്ചയുടെ പേരിലായിരിക്കും ഈ ഗവൺമെന്റ് ഓർമ്മിക്കപ്പെടുന്നത് എന്ന് സൂചിപ്പിച്ചുകൊണ്ട്, നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കെ. കെ. ലതിക</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ സി.പി.ഐ.(എം)-നെക്കുറിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടികളെക്കുറിച്ചും പറയുന്നതുകേട്ടു. നാലുതട്ടിലായി ബ്രാഞ്ച് മുതൽ പാർട്ടി കോൺഗ്രസ് വരെ നടത്തുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. കോൺഗ്രസ് എന്നുപറയുന്ന പ്രസ്ഥാനത്തിന് ഏതെങ്കിലുമൊരു അര സമ്മേളനമെങ്കിലും നടത്താൻ സാധിക്കുമോ; പിന്നെന്തിനാണ് ബാക്കിക്കാര്യം പറയുന്നത്. ആവശ്യമുള്ള കാര്യം മാത്രം വിമർശിച്ചാൽ പോരേ. നയത്തിനെക്കുറിച്ച് മാത്രം പറയാനുണ്ടെങ്കിൽ അത് മാത്രം പറഞ്ഞാൽ മതി. ഈ ഗവൺമെന്റിന് ഒരു നയമുണ്ടോ; ഉണ്ടെന്നും ഇല്ലെന്നും പറയാൻ സാധിക്കില്ല. സ്ത്രീകളുടെ പുരോഗമനവുമായി ബന്ധപ്പെട്ട്

പറയുകയാണെങ്കിൽ ഈ ഗവൺമെന്റിന് ഒരു നയമുണ്ടെന്ന് പറയാൻ സാധിക്കില്ല. ഇന്ന് രാവിലത്തെ ചോദ്യോത്തരവേള ശ്രദ്ധിച്ചവർക്കറിയാം, ആദിവാസി അമ്മമാരുടെ പോഷകാഹാരക്കുറവിനെക്കുറിച്ചും 200-നടുത്ത് കുട്ടികളുടെ മരണത്തിനിടയായ സാഹചര്യത്തെക്കുറിച്ചും തെറ്റായ...... നേരത്തെ കൃഷിക്കാർ മരിച്ചതുമായി ബന്ധപ്പെട്ട സംഭവത്തെക്കുറിച്ച്, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ആരും മരിച്ചിട്ടില്ല എന്നുള്ള ഉത്തരം കൊടുത്തതുപോലെ പാർലമെന്റിനെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ ഒരു ഉത്തരം കൊടുക്കുകയാണ്. യഥാർത്ഥത്തിൽ ഈ സമൂഹത്തിന്റെ ഏറ്റവും വലിയ ശ്രദ്ധയുണ്ടാകേണ്ട പ്രശ്നം ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല ശക്തമായ നടപടികൾ എടുക്കാനും ശരിയായ രൂപത്തിൽ പ്രതികരിക്കാൻപോലും തയ്യാറാവുന്ന ഒരു അവസ്ഥയില്ല. ആഭ്യന്തര വകുപ്പുമന്ത്രി മാറിയപ്പോൾ ഒരു മാറ്റം വരുമെന്ന് ഞാൻ വിചാരിച്ചു. ഇപ്പോൾ കാപ്പ എടുക്കാൻ പ്രയാസപ്പെടുന്നത് കണ്ടല്ലോ. ഒരു കേസുമായി ബന്ധപ്പെട്ട് എന്റെ മകന്റെ പേരിൽ എത്ര പെട്ടെന്നാണ് കാപ്പ എടുത്തത്. കാപ്പയ്ക്ക് ആധാരമായ കാരണം എന്തെന്ന് പോലും ഇവർക്കറിയില്ല.

പുതിയ ആഭ്യന്തര വകുപ്പുമന്ത്രി വന്നപ്പോൾ വലിയ മാറ്റമുണ്ടാകുമെന്നാണ് വിചാരിച്ചത്. പക്ഷെ, സരോജിനി അമ്മ എന്ന സ്ത്രീയെ വീട്ടിൽവച്ച് അക്രമിച്ച് കൊലചെയ്ത സംഭവം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെയില്ലാത്തതാണ്. ആർ.എസ്.എസ്. ആക്രമണത്തിന്റെ ഭാഗമായി എരുവട്ടി-വെണ്ടുട്ടായി വൈഷ്ണവത്തിൽ സരോജിനി അമ്മ അക്രമിക്കപ്പെട്ടു. കണ്ണൂരിലെ നിയമോൾ എന്ന പെൺകുട്ടി അവരുടെ അച്ഛന് ഇഷ്ടപ്പെട്ട ഒരു വേഷം ധരിച്ചുവെന്നതിന്റെ പേരിൽ ബോംബാക്രമണം നടത്തി. ഇതൊക്കെ ആർ.എസ്.എസ്. ആണ് ചെയ്തത് എന്നുള്ളതുകൊണ്ട് അതിനെയൊക്കെ അംഗീകരിക്കുന്ന ഒരു സമീപനമാണ്. ഇവിടെ ആർ.എസ്.എസ്. എന്ന ഹിന്ദു തീവ്രവാദശക്തിയെ ഒരു ഭാഗത്തും മറുഭാഗത്ത്..... ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിക്കുന്നതു കേട്ടു...., ഞങ്ങൾ ചോദിക്കട്ടെ, ആരാണ് ആർ.എസ്.എസ്. നെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ചിട്ടുള്ളത്. എം.ജി. കോളേജിൽ സി.ഐ.-യെ ആക്രമിച്ച ആർ.എസ്.എസ്. കാരന്റെ കേസ് ആരാണ് ഇല്ലാതാക്കിയത്. ആർ.എസ്.എസ്.-ന് അനുകൂലമായ എല്ലാ സമീപനവും സ്വീകരിക്കുന്ന, ഇക്കഴിഞ്ഞ ദിവസങ്ങളിലെ കേസുകളെടുത്ത്

പരിശോധിച്ചാൽ 22 ആളുകളെ നഷ്ടപ്പെട്ട സി.പി.ഐ. (എം)-ന്, അതിൽ ഏറ്റവുമധികം ആളുകളെ കൊന്നത് ആർ.എസ്.എസ്. കാരാണ്. ഇവിടെ അതിനെതിരായി എന്ത് സമീപനമാണ് എടുത്തത്; ഇവിടെ UAPA ചുമത്തുന്നത് കണ്ടിട്ടില്ല, ശക്തമായ യാതൊരു രീതിയിലുമുള്ള കേസ് എടുക്കുന്നില്ല, ഈ സമീപനമാണ് സ്വീകരിക്കുന്നത്. എന്റെ നാട്ടിൽ നാലരവയസുള്ള ഒരു പെൺകുട്ടി പീഡിപ്പിക്കപ്പെട്ടു. അവിടത്തെ ഡിവൈ.എസ്.പി. കൃത്യമായ അന്വേഷണം നടത്തുകയും റിപ്പോർട്ട് കൊടുക്കുകയും ചെയ്തു. നാലര വയസ്സുകാരിക്ക് നുണ പറയാൻ സാധിക്കില്ലല്ലോ. എന്താണ് നടന്നതെന്ന് നാലര വയസ്സുകാരി കൃത്യമായി പോലീസിനോട് പറഞ്ഞു. അതിൽ ഒട്ടും കളവില്ലെന്നുകണ്ട് പോലീസ് കൃത്യമായ റിപ്പോർട്ട് നൽകി. പക്ഷേ, ചരിത്രത്തിൽ ഇന്നുവരെ കേൾക്കാത്ത രൂപത്തിൽ, ഈ കുട്ടിയെ അപമാനിക്കുന്ന രൂപത്തിൽ പരസ്യമായി പ്രതികരണം നടത്തിയ ഒരാളുടെ പേരിൽ കേസെടുത്തു. അയാൾ ഒരു പരാതി കൊടുത്തു. ആ പരാതിയുടെ അടിസ്ഥാനത്തിൽ ഡിവൈ.എസ്.പി.-യിൽ നിന്ന് അന്വേഷണം മാറ്റി പകരം പ്രതിയുടെ ആവശ്യപ്രകാരം അന്വേഷണം നടത്തി ആ പ്രതി പറഞ്ഞതുപോലെ ഒരു

റിപ്പോർട്ടുണ്ടാക്കി. ഈ കുട്ടി പീഡിപ്പിക്കപ്പെട്ടത് ഒക്ടോബർ 30-നാണ്. അതിനുശേഷം ഈ കുട്ടിയെ അവിടത്തെ ആശുപത്രിയിൽ കൊണ്ടുപോയി. അവരുടെ നിർദ്ദേശ പ്രകാരം വീണ്ടും കുട്ടിയെ തലശ്ശേരിയിലെ ആശുപത്രിയിലേയ്ക്കും മെഡിക്കൽ കോളേജിലേയ്ക്കും കൊണ്ടുപോയി. ഇവിടെ നിന്നൊക്കെ കിട്ടിയ മെഡിക്കൽ റിപ്പോർട്ടുകൾ തെറ്റാണെന്ന് പറഞ്ഞുകൊണ്ട് ഈ പ്രതി ആവശ്യപ്പെട്ട രൂപത്തിൽ മറ്റൊരു റിപ്പോർട്ട് ഇപ്പോൾ കോടതിയിൽ കൊടുത്തിരിക്കുകയാണ്. ഞാൻ കരുതിയത് വ്യത്യസ്തനായ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമെന്നാണ്. പക്ഷേ നാലര വയസ്സുകാരിക്ക് വോട്ടില്ലാത്തതുകൊണ്ട്, വളരെ കൃത്യമായ രൂപത്തിൽ ക്രൈം കാണിച്ചിട്ടുള്ള സംഭവത്തെ ന്യായീകരിച്ചുകൊണ്ട് ഈ കുട്ടിക്ക് ഒരു നീതിയും കിട്ടാത്ത രൂപത്തിലുള്ള ഒരവസ്ഥ ഇവിടെയുണ്ടായിരിക്കുകയാണ്. സെക്ഷൻ 164 പ്രകാരം പയ്യോളി കോടതിയിൽ കുട്ടിയുടെ മൊഴി കൊടുത്തിട്ടുണ്ട്. വനിതാ കമ്മീഷന് മുന്നിലും മൊഴി കൊടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിൽപ്പോലും ഇന്ന് ഈ പ്രതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് നിയമിച്ച ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ആരാണെന്ന് ഞാൻ പറയുന്നില്ല. ആ

ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. പ്രതി ആവശ്യപ്പെട്ട രൂപത്തിലുള്ള ഒരു രേഖയുണ്ടാക്കി കോടതിയിൽ കൊടുത്തിരിക്കുകയാണ്. എന്തുഭരണമാണ് ഇവിടെ നടക്കുന്നത്; ഭരണമെന്ന് പറയാൻ സാധിക്കുമോ? ഈ ഗവൺമെന്റിന്റെ നയമെന്താണ്; ഒട്ടും പക്ഷപാതമില്ലാതെയാണെന്ന് ഇവിടെ ആരോ പറയുന്നതു കേട്ടു. എങ്ങനെയാണ് ഇങ്ങനെയൊക്കെ പറയാൻ സാധിക്കുന്നത്; പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലത്തിലെ വികസനത്തെക്കുറിച്ച് പറയാൻ അപ്പുറത്തുള്ളവർക്ക് സാധിക്കുമോ? നിങ്ങൾ നേരത്തെ പറഞ്ഞതുപോലെ ഓടു പൊളിച്ചുവന്നവരല്ല ഞങ്ങൾ. ഞങ്ങളും തെരഞ്ഞെടുക്കപ്പെട്ട് വന്നവർ തന്നെയാണ്. യഥാർത്ഥത്തിൽ ആസ്തി വികസന ഫണ്ടുപോലും കൃത്യമായി ലഭ്യമാകുന്നില്ല. പഞ്ചായത്തിന് അവാർഡ് കൊടുക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്. ചരിത്രത്തിലിന്നുവരെ അവാർഡ് കൊടുത്ത പഞ്ചായത്തിനോട് അവാർഡ് വാങ്ങാൻ ചെല്ലുമ്പോൾ നിങ്ങൾക്ക് അവാർഡില്ല ഇന്നത് എഴുതി തന്നാൽ മാത്രമേ അവാർഡ് നൽകു എന്നുപറയുന്നത് നമ്മൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ. അതുപോലെ വികസനത്തിന്റെ ഭാഗമായി അംഗീകരിച്ച പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് ഈ വർഷത്തെ മികച്ച ബ്ലോക്ക് പഞ്ചായത്ത് അവാർഡ് ലഭിച്ച്

അവാർഡ് വാങ്ങാൻ വന്നപ്പോൾ സമരം നടത്തി അവാർഡ് വാങ്ങേണ്ട ഒരു ഗതികേട് വന്നു. ഇത് അപ്പുറത്തുള്ളവർക്ക് അറിയുമോ എന്നറിയില്ല. അതുപോലെ ഹാഡ പദ്ധതി പ്രകാരം മലയോര പഞ്ചായത്തായ ചക്കിട്ടപ്പാറ പഞ്ചായത്തിന് 40 ലക്ഷം രൂപ അനുവദിച്ചതാണ്. ഏറ്റവും നന്നായി വികസന പ്രവർത്തനം നടത്തുന്ന പഞ്ചായത്തിന് ആ ഫണ്ട് കൊടുക്കാൻ തയ്യാറായിട്ടില്ല. ഇതൊക്കെ എന്തിന്റെ പേരിലാണ്? ഈ പഞ്ചായത്തുകളെല്ലാം ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് എന്നുള്ളതിന്റെ ഭാഗമായിട്ടാണ്. കാരശ്ശേരി ബാങ്കിന്റെ ഒരു പ്രശ്നമുണ്ട്. നിലവിലുള്ള നിയമങ്ങളെ അട്ടിമറിച്ചുകൊണ്ട് ഒരു പുതിയ ജി.ഒ. ഇറക്കിക്കൊണ്ട് താലൂക്കിലെ മുഴുവൻ ശാഖകൾ തുടങ്ങുവാനുള്ള അനുവാദം കൊടുത്തിരിക്കുകയാണ്. എന്തിനാണ് കൊടുത്തിരിക്കുന്നതെന്ന് അതിന്റെ പിന്നാമ്പുറം പരിശോധിച്ചാൽ മനസ്സിലാകും. ഒരു രീതിയിലും അംഗീകരിക്കാൻ കഴിയാത്ത നയവും സമീപനവുമാണ് ഈ സർക്കാർ മുന്നോട്ടുപോയി കൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ എല്ലാ നയവും ഇതേ രൂപത്തിൽ തന്നെയാണ്. നയപ്രഖ്യാപനം എന്നുപറഞ്ഞുകൊണ്ട് ഇവിടെ വായിച്ചിട്ടുള്ളത്

നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ നയപ്രഖ്യാപനത്തിൽ നിന്ന് കുറേ പേജുകൾ എടുത്ത് ഒരു ചെറിയ പുസ്തകമാക്കി. അതിൽ ചെറിയ ചില വ്യത്യാസമേ കാണുന്നുള്ളൂ. 2015 ഡിസംബർ മാസത്തോടുകൂടി കണ്ണൂർ വിമാനത്താവളത്തിൽ നിന്നും വിമാനമുയരുമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ അതുമാറി 2016 മേയ് മാസമായിട്ടുണ്ട്. സ്ത്രീകൾക്കുവേണ്ടി എന്തൊക്ക പദ്ധതികളാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. 205337 സ്ത്രീപീഡനങ്ങൾ നടന്നു. അതിൽ ഏറ്റവും കൂടുതൽ റേപ്പ് നടന്നത് നമ്മുടെ തലസ്ഥാന നഗരത്തിലാണ്. എങ്ങനെയാണ് നടക്കാതിരിക്കുക. മാർച്ച് 8-ന് വാർത്താ മാധ്യമങ്ങളിൽ കണ്ടിട്ടുണ്ടാകും. ജയിലിൽ പ്രതികളായി വരുന്ന സ്ത്രീകളെ പീഡിപ്പിക്കുക. ജുഡീഷ്യൽ കസ്റ്റഡിയിൽ ആയിക്കഴിഞ്ഞാൽ, ശിക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ, ഗവൺമെന്റിന്റെ കസ്റ്റഡയിലല്ലെ അവരുള്ളത്. അങ്ങനെ കസ്റ്റഡിയിലുള്ള ആളുകളെ ചില ഉന്നത ഉദ്യോഗസ്ഥന്മാർ രാത്രി ഏഴ് മണിക്ക് ശേഷം ജയിലിനകത്ത് വരികയും അവർ ആവശ്യപ്പെടുന്ന രൂപത്തിലേക്ക് കാര്യങ്ങൾ ചെയ്തിട്ടില്ലെങ്കിൽ അവരെ മാനസികരോഗികളാക്കി ചികിത്സയ്ക്ക് അയയ്ക്കുന്നുവെന്ന വാർത്ത ഒരു മാധ്യമത്തിൽ വന്നിട്ടുള്ളതാണ്. അതുപോലെ ഇവർ

ആവശ്യപ്പെടുന്ന രൂപത്തിൽ ചെയ്തുകൊടുത്തുകഴിഞ്ഞാൽ അവർക്ക് പരോൾ ലഭിക്കുകയും ചെയ്യുന്നു. ഇത് ശരിയാണെങ്കിൽ വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. എന്റെ നാട്ടിലെ കെ. പി. രവീന്ദ്രൻ ശിക്ഷിക്കപ്പെട്ട് ജയിലിനകത്ത് കഴിയുമ്പോഴാണ് ആർ.എസ്.എസ്സുകാർ അദ്ദേഹത്തെ ജയിലിനുള്ളിൽവച്ച് കൊന്നിട്ടുള്ളത്. ഒരു കാര്യവും ഈ ഗവൺമെന്റിന് ചെയ്യാൻ വേണ്ടി തയ്യാറായില്ല. ഒരു അമ്മയും ഒരു കുടുംബവും എന്നെങ്കിലും എന്റെ മകൻ തിരിച്ചുവരുമെന്ന് കാത്തിരുന്നിട്ട് ശവശരീരം കൊണ്ടുപോകുമ്പോൾ ഇവിടെയുള്ള ഒരു മന്ത്രിമാരും അവിടെ ചെല്ലാൻ തയ്യാറായില്ലെന്ന് മാത്രമല്ല മുപ്പതിനായിരം രൂപയാണ് ആ കുടുംബത്തിന് കൊടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. ഇന്നിപ്പോൾ സ്ത്രീകളെ പീഡിപ്പിക്കപ്പെടുന്ന, നമ്മൾ കണ്ടതാണ് അട്ടക്കുളങ്ങര ജയിലിനകത്ത് ചില ആളുകൾ കിടന്നപ്പോൾ എന്തൊക്കെ സൗകര്യങ്ങളാണ് ചെയ്തുകൊടുത്തത്. നിസാമിന് ചെയ്തിട്ടുള്ള കാര്യങ്ങൾ നമ്മൾ കണ്ടതാണ്. ജയിലിനകത്ത് ശിക്ഷിക്കപ്പെട്ട് കഴിയുന്ന സ്ത്രീകൾ സുരക്ഷിതരാണെന്ന് ഉറപ്പുവരുത്തേണ്ടത് ഗവൺമെന്റാണ്. ഈ ഗവൺമെന്റിന്റെ കൊള്ളരുതായ്മകളെ അംഗീകരിക്കാൻ ഒരു

രൂപത്തിലും ഒരു ജനവിഭാഗത്തിനും കഴിയില്ല. ഈ ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്ന ഈ അനീതിക്കെതിരായി ജനം മറുപടി നൽകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ തങ്ങൾ ചെയ്ത ഒരു നേട്ടങ്ങളും പറയാനില്ലാത്തതുകൊണ്ടാണ് ഗെയിംസിന്റെയും മറ്റ് പല കാര്യങ്ങളും പറഞ്ഞുകൊണ്ട് ഇവിടെയുള്ള ചില മെമ്പർമാർ പല രീതിയിലും മുന്നോട്ട് പോയത്. ഇവിടെ ഒരുപാട് കൊള്ളരുതായ്മകളുടെ ഒരു കൂട്ടം മാത്രംചെയ്ത, അഴിമതിയിൽ മുങ്ങിക്കുളിച്ച ഈ ഗവൺമെന്റിന്റെ നയങ്ങൾ ഒരു രൂപത്തിലും അംഗീകരിക്കാൻ കഴിയില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഒരാൾ പണ്ടൊരു തത്തയെ വളർത്തി ആ തത്തയ്ക്ക് സ്വന്തമായി സംസാരിക്കാൻ അറിയില്ല. തത്തയെ എന്ത് പഠിപ്പിക്കുന്നുവോ അത് തത്ത പറയും. അത് തത്തയുടെ ഗതികേടെന്ന് പറഞ്ഞാൽ മതി. ശ്രീ. അബ്ദു സമദ് സമദാനി, ഞാൻ ഏറ്റവും ബഹുമാനിക്കുന്ന സഹപ്രവർത്തകനാണ്, അദ്ദേഹം ഒരു മതപണ്ഡിതനുംകൂടിയാണ്.  പല കാര്യത്തിലും വളരെ പാണ്ഡിത്യമുള്ള വ്യക്തിയുമാണ്. അദ്ദേഹത്തോട് എനിക്ക് ബഹുമാനമുണ്ട്. അദ്ദേഹം വേദ പുസ്തകത്തിൽ മറന്ന ഒരു വാചകമുണ്ട് 'അസത്യത്തിന് കൂട്ടുനിന്നാൽ നരകം'. അത്

മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹത്തെ ഇവിടെ കണ്ടില്ല. അക്കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. നയപ്രഖ്യാപന പ്രസംഗം തുടങ്ങുമ്പോൾ പറയുന്നത് നാഷണൽ ഗെയിംസിനെക്കുറിച്ചാണ്. നാഷണൽ ഗെയിംസ് ഗംഭീരമായിരുന്നുവെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ സമ്മതിച്ചുവെന്നാണ്. ആരാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ? സത്യം വെളിപ്പെടുത്താൻ പറ്റിയ ഒരു ഏജൻസിയാണ്. ആരാണ് അതിന്റെ തലപ്പത്തിരിക്കുന്നത്; കേരളത്തിൽ ഇരിക്കുന്നവർ ആരാണ്; ഇന്ത്യയിൽ ഇരിക്കുന്നവർ ആരാണ്; ഇതിനുമുമ്പ് ഇരുന്നവർ ആരാണ്? കൽമാഡിയെപ്പോലുള്ള ആളുകൾ എവിടെ കിടക്കുന്നുവെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം. നമ്മളെന്നോ നിങ്ങളെന്നോ എന്ന വ്യത്യാസം ഇതിനകത്തില്ല. ശ്രീ. വി.ടി. ബൽറാം പറഞ്ഞത് ശരിയാണ്. ആര് സർട്ടിഫൈ ചെയ്യുവെന്നുള്ളത് നമ്മൾ ചിന്തിക്കണം. സത്യം സർട്ടിഫൈ ചെയ്യാൻ യോഗ്യതയുള്ള പ്രസ്ഥാനം അതിനെ സർട്ടിഫൈ ചെയ്യുവെന്നുള്ളതാണ്. അതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷണം തുടങ്ങിയിട്ടുണ്ട്. വിളിച്ചാൽപോയി അഭിപ്രായം പറയുമെന്നല്ലാതെ അങ്ങോട്ടുപോയി അഭിപ്രായം പറയില്ല. പഞ്ചായത്ത് വകുപ്പിനെക്കുറിച്ച് പറഞ്ഞു. വളരെ ജനകീയമായ പദ്ധതികളുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കണം. ഭവന പദ്ധതികൾ-

ഇ.എം.എസ്. ഭവന പദ്ധതികൾപോലുള്ള പദ്ധതികൾ അനുഭവിച്ച ജനങ്ങൾ ഭവനമില്ലാത്ത അവസ്ഥയാണ്. സീറോ ലാൻഡ്ലെസ് പദ്ധതി പ്രകാരം ലാൻഡ് കൊടുക്കാൻ തീരുമാനിച്ചു. അതൊരു നല്ല പദ്ധതിയാണ്. ലാന്റ് കിട്ടുന്നവർക്ക് എവിടെയാണ് കിട്ടുന്നത്? ആ ലാന്റ് കൊടുക്കാൻ കേരളത്തിൽ സ്ഥലമില്ല. ഇവിടെയുള്ള മുഴുവൻ ആളുകൾക്കും ലാന്റ് കൊടുക്കണമെങ്കിൽ തമിഴ്നാടിന്റെ മൂന്ന് ജില്ലകൾ നമ്മൾ വിലയ്ക്ക് വാങ്ങിച്ചാൽ മാത്രമേ കൊടുക്കാൻ സാധിക്കു. ആദിവാസികൾക്ക് കൊടുക്കാമെന്ന് പറഞ്ഞ ഭൂമി കൊടുത്തിട്ടില്ല. അതിന് സ്ഥലമില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് സാറിനെപോലുള്ളവർ ഇതെല്ലാം കേൾക്കുന്നുണ്ട്. കേരളത്തിൽ സ്ഥലമുണ്ടോ? അഞ്ചേക്കർ പറഞ്ഞ് ഒരേക്കറായി ഇപ്പോൾ മൂന്ന് സെന്റായി. ഇപ്പോൾ കൊട്ടാരക്കരയിലും പത്തനാപുരത്തും പുത്തുരും ഉള്ളവർക്ക് കാസർഗോഡുള്ള ചന്ദ്രഗിരി മലയിലാണ് സ്ഥലം കൊടുത്തിരിക്കുന്നത്. ആര് പോകും? തിരുവനന്തപുരത്ത് പേയാട് താമസിക്കുന്ന ആളിന് പട്ടത്ത് സ്ഥലം കൊടുത്താൽ പോകാത്ത മനുഷ്യരാണ്. ഒരു മനുഷ്യൻ ആവാസ വ്യവസ്ഥയിൽ ജീവിച്ചുപോയി. എന്റെ സുഹൃത്തുകൾ, എന്റെ സഹപ്രവർത്തകർ, എന്റെ ബന്ധുക്കൾ, എന്റെ സഹപാഠികൾ അവരോടൊപ്പം ജീവിച്ച ഞാൻ കാസർഗോഡ് ചന്ദ്രഗിരിയിൽ പോയി താമസിക്കണമെന്ന് കൊട്ടാരക്കരയും പത്തനാപുരത്തുമുള്ളവരോട്

പറഞ്ഞാൽ അവർ പോകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്......യെസ്.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: സർ, എന്നെ പറയാൻ സമ്മതിക്കണം. ഞങ്ങളുടേത് ചെറിയ പാർട്ടിയാണ്. ഇപ്പോൾ അവിടെയുമില്ല ഇവിടെയുമില്ല ഇവിടെയിരിക്കുകയാണ്. ഞങ്ങൾ അഴിമതി ചൂണ്ടിക്കാണിച്ചതുകൊണ്ട് പുറത്താണ്. അഴിമതിയെക്കുറിച്ചൊന്നും പറയുന്നില്ല. അന്നത്തെ പ്രസംഗം പോലൊന്നുമില്ല. ഭവന പദ്ധതികൾ ഉണ്ടാക്കണം, അത് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. അതാണ് ജനങ്ങൾക്കാവശ്യം. ഇരുപതാമത്തെ പാരഗ്രാഫിൽ പറയുന്നത് കാസർഗോഡ് ഡി.എഫ്.ഒ. ഓഫീസ് തുടങ്ങുമെന്നാണ്. ഞാൻ മന്ത്രിയായിരുന്നപ്പോൾ അവിടത്തെ എം.എൽ.എ. പറഞ്ഞിട്ട് കെട്ടിടം പണി തുടങ്ങിയതാണ്. ഉദ്ഘാടനം ചെയ്തുവെന്നല്ലാതെ..... 2012-ലെ കാര്യമാണ് പറയുന്നത്. ലാലിസം-മോഹൻലാലിനെക്കുറിച്ചൊന്നും പറയുന്നില്ല. ലാലിസം എന്ന പ്രോഗ്രാം എങ്ങനെ കടന്നുകയറിയെന്നതിനെക്കുറിച്ച് അന്വേഷിക്കണം. അത് പരാജയപ്പെട്ടുവെന്നല്ല. മൈക്കിൾ ജാക്സന്റെ പരിപാടികൾ നടത്തിയവർ കേരളത്തിൽ വന്ന് അന്വേഷിച്ച് പോയിടത്ത് ലാലിസം പോലുള്ള പ്രോഗ്രാം കമ്മിറ്റിക്കാർ ചേർന്ന് എങ്ങനെ അവിടെ എത്തിച്ചുവെന്നുള്ളത് പരിശോധിക്കണം.

അത് വരുംദിവസങ്ങളിൽ പരിശോധിക്കപ്പെടുമെന്നുള്ളത് എനിക്കറിയാം. അതുപോലെ നന്മ സ്റ്റോറുകൾ കേരളത്തിന്റെ കരുത്തായിരുന്നു. അയ്യായിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്ന നന്മ സ്റ്റോറുകളും കൺസ്യൂമർ ഫെഡുകളും തകർന്ന് തരിപ്പണമായി. നമ്മൾ അത് പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുക്കണം. കാരണം എല്ലാ എം.എൽ.എ. മാരെയും ബാധിക്കുന്ന വിഷയമാണ്. പാവപ്പെട്ടവർക്ക് വില കുറച്ച് സാധനങ്ങൾ കൊടുക്കണം. സപ്ലൈകോയേക്കാൾ ഗംഭീരമായ പ്രകടനം കാഴ്ചവെച്ച നന്മ സ്റ്റോറുകൾ തകർന്നപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഐ.എൻ.ടി.യു.സി. യുടെ യൂണിയന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിൽ നിന്നും പിരിച്ചുവിട്ടവർ കൊല്ലത്ത് പട്ടിണി സമരം നടത്തുകയാണ്. ട്രഷറിയിൽ എസ്.ബി. അക്കൗണ്ട് തുടങ്ങുമെന്ന് ഇതിനകത്ത് പറയുന്നുണ്ട്. തീർച്ചയായും നല്ല കാര്യമാണ്. കോർ ബാങ്കിംഗ്- കോർ ബാങ്കിംഗ് എന്ന് പറഞ്ഞാൽ ആവശ്യപ്പെട്ടാൽ 15 ദിവസം കഴിഞ്ഞ് പൈസ കൊടുക്കുന്നതല്ല. ATM- Any Time Money ഉണ്ടാകുമെന്നാണ് മാണിസാർ പറഞ്ഞത്. ട്രഷറി അക്കൗണ്ടിൽ നിന്ന് Any Time Money എന്ന് ഞാൻ പലപ്പോഴും പറഞ്ഞ് കേട്ടിട്ടുണ്ട്. ഞാൻ എന്റെ എം.എൽ.എ. ശംബളം ഇടുന്നത് ഇവിടുത്തെ ട്രഷറി അക്കൗണ്ടിലാണ്. കുറച്ച്പൈസ ഒരുമിച്ച് എടുക്കാൻ

ചെന്നപ്പോൾ 15 ദിവസം കഴിഞ്ഞ് തരാമെന്നാണ് എന്നോട് പറഞ്ഞത്. മറ്റുള്ളവരുടെ ഗതികേട് എന്താണെന്ന് ആലോചിക്കണം. ട്രഷറിയിൽ പണമില്ല. അവിടെ എങ്ങനെയാണ് എ.ടി.എം. പ്രവർത്തിക്കുന്നത്. പി.ഡബ്ല്യൂ.ഡി. വർക്കുകളിൽ അമ്പത് ലക്ഷം രൂപയ്ക്ക് ചെയ്യേണ്ട വർക്ക് ഒന്നേകാൽ കോടി രൂപയ്ക്ക് ചെയ്തിട്ട് ബാക്കി ആര് കൊണ്ടുപോകുന്നുവെന്നുള്ള കാര്യം അന്വേഷിക്കണം. 800 കോടി രൂപ കേരളത്തിൽ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടെന്ന് പറഞ്ഞാൽ, ഞാൻ പറയുന്നു അതിൽ 400 കോടി രൂപ മാത്രമേ കൊടുക്കാൻ കാണുകയുള്ളൂ. ബാക്കി തുക എവിടെപ്പോയിയെന്ന് അന്വേഷിക്കണം. ഈ ചോർച്ച തടയാനുള്ള സംവിധാനങ്ങളുണ്ടാക്കണം. ശ്രീ. വി. ടി. ബൽറാം പറഞ്ഞതുപോലെ, അഴിമതി തടയാനുള്ള സിസ്റ്റത്തെയാണ് നമ്മൾ എടുക്കേണ്ടത്. ശരിയാണ്. ഞാൻ സിസ്റ്റത്തിനകത്തുനിന്നുകൊണ്ട് ഇന്ന ഇന്ന രീതിയിൽ കുഴപ്പങ്ങൾ നടക്കുന്നുണ്ടെന്ന് കാണിച്ചുകൊണ്ട് എന്റെ പാർട്ടിയുടെ ചെയർമാൻ മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തു. അദ്ദേഹം ഗൗനിച്ചില്ല. സെപ്റ്റംബർ 29-ന് അദ്ദേഹത്തിന്റെ വീട്ടിൽ പോയി കണ്ടുപറഞ്ഞു ഇന്ന ഇന്ന രീതിയിലാണ് modus operandi ശ്രദ്ധിക്കണം എന്നുപറഞ്ഞു. അത് ഒരു കുറ്റമാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. കാരണം അഴിമതിയെപ്പറ്റി പറഞ്ഞാൽ ഒന്നുകിൽ പുറത്ത്, അല്ലെങ്കിൽ അഴിമതി

പറയുന്നവരുടെ വായിൽ ആയിരത്തിന്റെ കെട്ടുകൾ തിരുകി കയറ്റാൻ ആരും ശ്രമിക്കരുത്, അത് ഒരു രാജ്യത്തിനും നല്ലതല്ല. കെ.എസ്.ആർ.ടി.സി. യെപ്പറ്റി ഒരു കാര്യവും ഇപ്രാവശ്യം പറഞ്ഞില്ല. ആയിരം ബസ്സുകൾ ഇറക്കുമെന്ന് നൂറ്റാണ്ടുകളായി പറയുകയാണ്. ഇപ്രാവശ്യം ആയിരം ബസിന്റെ കണക്ക് പറഞ്ഞില്ല. ഇതിനകത്ത് ഒരു സത്യം കണ്ടത് കോവളം-കോട്ടപ്പുറം പാത ഉടൻ പൂർത്തിയാക്കി ജലഗതാഗതം ശക്തിപ്പെടുത്തുമെന്ന് പറയാത്തതാണ് ഈ പ്രമേയത്തിന്റെ പ്രത്യേകത. 2002-ലെ ശ്രീ. എ.കെ. ആന്റണി സർക്കാരിന്റെ കാലത്തെ പ്രമേയത്തിൽ കൊറിയർ സർവ്വീസ് തുടങ്ങുമെന്ന് പറഞ്ഞെങ്കിലും 2015 ആയിട്ടും തുടങ്ങിയില്ല. തുടങ്ങുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. കശുവണ്ടി കോർപ്പറേഷനെ സംബന്ധിച്ച് കശുവണ്ടി കോർപ്പറേഷൻ അടഞ്ഞുകിടക്കുകയല്ലേ; കശുവണ്ടി കോർപ്പറേഷനെ രക്ഷിക്കണ്ടേ? പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന കൊല്ലം ജില്ലയിലെ കശുവണ്ടി കോർപ്പറേഷനെല്ലാം പൂട്ടിക്കിടക്കുകയാണ്. കാപ്പെക്സ് ഫാക്ടറികൾ വിട്ടുകൊടുക്കാൻ സുപ്രീംകോടതി പറഞ്ഞിട്ടും റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നില്ല. മുതലാളിമാർക്കുവേണ്ടി നിൽക്കുകയാണോ നമ്മൾ; വിട്ടുകൊടുക്കാൻ വേണ്ടി നിൽക്കുകയാണോ? ജനകീയ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടേണ്ട കാര്യങ്ങളാണ്. അത് പറയുന്നതുകൊണ്ട് പുറത്തുപോകുന്നതിൽ വിരോധമില്ല. മെഡിക്കൽ

കോളേജുകൾ അനുവദിച്ചു. കോന്നിയിൽ മെഡിക്കൽ കോളേജ് അനുവദിച്ചത് നല്ലകാര്യമാണ്. അതൊരു വിജനമായ പ്രദേശത്താണ്. തിരുവനന്തപുരത്തുനിന്ന് ആറ് കി. മീറ്റർ ദൂരം പോലുമില്ലാത്ത മെഡിക്കൽ കോളേജിനടുത്ത് പുതിയ മെഡിക്കൽ കോളേജ് തുടങ്ങാൻ പോകുന്നു. തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിൽ സൂചിയും നൂലും പഞ്ഞിയും സ്കാനിംഗ് സൗകര്യങ്ങളും കിടക്കാൻ കട്ടിലുമില്ലാതെ ആളുകൾ വിഷമിക്കുമ്പോൾ, ഒരു കട്ടിലിൽ നാല് പേർ കിടക്കുകയാണ്. ഇവിടെ ആറ് കി.മീ. ഇപ്പുറത്ത് ജനറൽ ഹോസ്പിറ്റലിനെ മെഡിക്കൽ കോളേജാക്കി ഉയർത്തുകയാണ്. കേരളത്തിൽ സർക്കാർ മെഡിക്കൽ കേളേജുകളില്ലാത്ത എത്രയോ വിജന പ്രദേശങ്ങളുണ്ട്. അവിടെയാണ് പോകേണ്ടത്. ഒരു സിറ്റിയിൽ രണ്ട് മെഡിക്കൽ കേളേജുകൾ, പത്തനംതിട്ടയിൽ ആറെണ്ണം, കോന്നി മണ്ഡലത്തിൽ രണ്ടെണ്ണം സ്വകാര്യ മെഡിക്കൽ കോളേജിനെപ്പറ്റി പറയുന്നില്ല. ഒരു ഗവ. മെഡിക്കൽ കോളേജ് വരുന്നത് നല്ലതുതന്നെയാണ്. അതിന് കുഴപ്പമില്ല. അടുത്തടുത്ത് ആറ് കി. മീറ്ററിനുള്ളിൽ വരുന്നത് അന്യായമാണ്. ഇതെല്ലാം നല്ലതാണ്. നാഷണൽ ഗെയിംസിനെക്കാൾ വലിയ കളി, കാലുകൊണ്ട് തട്ടുക, തലകൊണ്ട് അടിക്കുക, കൈകൊണ്ട് അടിക്കുക, എം.എൽ.എ. മാരുടെ അസെറ്റ് ഫണ്ട് അടക്കമുള്ള ഫയലുകൾ സെക്രട്ടേറിയറ്റിലെ ഖജനാവിൽ

പണമില്ലാത്തതുകൊണ്ട് തെക്ക്-വടക്ക് അടിക്കുകയാണ്. ഇത് നിങ്ങൾക്കും ഞങ്ങൾക്കുമെന്നില്ല, നമുക്ക് ബാധകമാണ് അതുകൊണ്ട് ഈ സഭയിൽ ഇതിനൊരു പരിഹാരമുണ്ടാകണം. എം.എൽ.എ. മാർ ആസ്തി ഫണ്ടിന് എഴുതി കൊടുത്താൽ ആറ്-ഏഴ് മാസം തെക്കുവടക്കിനടിക്കുകയാണ്. അങ്ങനെയല്ലായെന്ന് ഇവിടെയിരിക്കുന്ന ഭരണ-പ്രതിപക്ഷ എം.എൽ.എ. മാർ പറയട്ടെ. തലകൊണ്ടടിക്കും കാല് കൊണ്ടടിക്കും പുറകോട്ടടിക്കും അങ്ങനെ ഇട്ടുകളിക്കുകയാണ്. എന്തുതന്നെയായാലും തേനും പാലും അമൃതും വിളമ്പാം, പക്ഷേ അഴിമതിയുടെ പൊട്ടിയകലത്തിൽ അത് നിറച്ചുകൊടുക്കാമെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയില്ലായെന്ന് മാത്രമേ ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നുള്ളൂ.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. എതിർക്കുന്നത് മറ്റൊന്നുംകൊണ്ടല്ല. ഇവിടെ എല്ലാവരും അഭിപ്രായപ്പെട്ടതുപോലെ കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലമായി ചർവ്വിതചർവ്വണം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ, അതിന്റെ ചണ്ടിയാണ് യഥാർത്ഥത്തിൽ ഈ നയപ്രഖ്യാപനം. ഇന്ന് അതിന് നന്ദി പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച

ബഹുമാനപ്പെട്ട അബ്ദു സമദ് സമദാനി, കുറ്റബോധംകൊണ്ടാണെന്നുതോന്നുന്നു നിർബന്ധിക്കപ്പെട്ട് അവതരിപ്പിച്ചു, ആ നിമിഷം ഇവിടെനിന്ന് പോയി. ഇപ്പോൾ കാണാനില്ല. അദ്ദേഹം ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. ഈ ഗവൺമെന്റിനുണ്ടായ പലതരത്തിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളുമൊക്കെ പറഞ്ഞു. ആ പ്രാതികൂല്യങ്ങളുടെ തിരമാലകളെ വകഞ്ഞുമാറ്റിക്കൊണ്ട് യു.ഡി.എഫ്. കുതിച്ചുയരുമെന്നാണ് സമദാനി പ്രവചിച്ച് സ്ഥലം വിട്ടത്. അതു നടക്കില്ലല്ലോ. സമദാനി കൊതിച്ചാലും നടക്കാത്ത കാര്യമാണ്. കാരണം യു.ഡി.എഫ്. എന്നുപറയുന്നത് അഴിമതിയുടെ ടൈറ്റാനിക് ആണ്. ജനരോഷമാകുന്ന തിരമാലകളിൽ തട്ടിത്തകർന്നുകൊണ്ടിരിക്കുന്ന ടൈറ്റാനിക്. ടൈറ്റാനിക് സിനിമ കണ്ടാൽ ഓർമ്മയുണ്ടാകും. ശ്രീ. മഞ്ഞളാംകുഴി അലി അദ്ദേഹത്തിനറിയാം, അവസാനം തകർന്നുകൊണ്ടിരിക്കുന്ന ടൈറ്റാനിക് കപ്പൽ ഛേദത്തിന്റെ ഒരു തുമ്പിൽ കാമുകീ കാമുകന്മാർ ഇങ്ങനെ മേലോട്ടു നോക്കി നിൽക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഏതാണ്ട് ആ പരുവത്തിൽ തകർന്നുകൊണ്ടിരിക്കുന്ന ടൈറ്റാനിക് ആകുന്ന യു.ഡി.എഫ്. കപ്പലിനുമേൽ കയറിനിൽക്കുന്ന അവസ്ഥയാണിപ്പോഴുള്ളത്, അതാണ് സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് ശ്രീ. സമദാനി പ്രവചിച്ചുപോയതുകൊണ്ട് കാര്യമില്ല. അദ്ദേഹം

മറ്റൊരു കാര്യം പറഞ്ഞു, ഗാന്ധിജിയുടെ തിരിച്ചുവരവാണ് ആം - ആദ്മിയിലൂടെ ഡൽഹിയിൽ കണ്ടതെന്ന്. എന്തായാലും കോൺഗ്രസ്സിലൂടെ അങ്ങനെയൊരു തിരിച്ചുവരവ് അദ്ദേഹം പ്രതീക്ഷിക്കുന്നില്ലായെന്നതിന്റെ പരസ്യമായ പ്രസ്താവന കൂടിയാണ് ഇവിടെ നടന്നത്. ഇവിടെ ആരും പ്രതികരിച്ചുകണ്ടില്ല. എങ്ങനെയാണ് കോൺഗ്രസ്സിന് ഇനിയിപ്പോൾ ഗാന്ധിജിയെക്കുറിച്ച്, ഗാന്ധിജിയെക്കുറിച്ച് മാത്രമല്ല നെഹ്റുവിനെപ്പോലും ഉപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഗാന്ധിജിക്കുമുമ്പേ വധിക്കപ്പെടേണ്ട ആളായിരുന്നു നെഹ്റുവെന്ന് ആർ.എസ്.എസ്.-ന്റെ മുഖപത്രം, ആ ധ്വനി വച്ചുകൊണ്ട് ലേഖനമെഴുതിയത് ഓർക്കുന്നില്ലേ? അന്ന് കെ.പി.സി.സി. യുടെ പ്രസിഡന്റ് കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക് ജാഥ നടത്തുകയായിരുന്നു. ബാറിനെക്കുറിച്ചുമാത്രമാണ് അദ്ദേഹം പറഞ്ഞത്. ഈ കാര്യത്തെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. കാരണം നെഹ്റുവിന്റെ ഓർമ്മകൾ നിങ്ങളെപ്പോലും അസ്വസ്ഥരാക്കുന്നു എന്നുള്ളതാണ്. നെഹ്റു ഉയർത്തിപ്പിടിച്ച മതേതര പാരമ്പര്യം, ഞങ്ങൾ വിമർശനങ്ങളൊക്കെ ഉന്നയിച്ചെങ്കിലും, നമ്മുടെ സമ്പദ്ഘടനയ്ക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ, അതൊക്കെ നിങ്ങൾ എന്നേ ഉപേക്ഷിച്ചു. ബാബറി മസ്ജിദിന്റെ തകർച്ചയെത്തുടർന്ന് ഇന്ത്യയിൽ വർഗ്ഗീയമായിട്ടുള്ള ധ്രുവീകരണവും ബി.ജെ.പി. ക്ക് അധികാരത്തിൽ വരുന്നതിന് അരങ്ങൊരുങ്ങിയതുമെല്ലാം

എല്ലാവർക്കും അറിയാം. പക്ഷേ ഈ ബാബറി മസ്ജിദിന്റെ പ്രശ്നം, രാമജന്മഭൂമിയെന്ന് വിശേഷിപ്പിച്ച് ആ മസ്ജിദിനുള്ളിൽ രാമവിഗ്രഹം ആദ്യം ഒളിച്ച് കടത്തിക്കൊണ്ടുവച്ചത് നെഹ്റുവിന്റെ കാലത്തായിരുന്നു. ആ പ്രക്രിയ ഉണ്ടാക്കാനിടയുള്ള ആപത്തിനെക്കുറിച്ച് ബോദ്ധ്യമുള്ള ജവഹർലാൽ നെഹ്റു ആ വിഗ്രഹമെടുത്ത് സരയൂ നദിയിൽ ഒഴുക്കാൻ പറഞ്ഞു. കാരണം രാമൻ അവസാനകാലത്ത് മോക്ഷം പ്രാപിച്ചത് സരയൂ നദിയിലാണെന്നാണ്. അവിടെയാണ് അത് കിടക്കേണ്ടതെന്ന് പറഞ്ഞു. അതാണ് ജവഹർലാൽ നെഹ്റുവിന്റെ നിലപാട്. പക്ഷേ നരസിംഹറാവുവിന്റെ കാലത്ത് ബാബറി മസ്ജിദ് തകർക്കുന്നതിന് നിങ്ങൾ കുടപിടിച്ച് കൂട്ടുനിന്നു. നിങ്ങൾ നെഹ്റുവിന്റെ പാരമ്പര്യം ഉപേക്ഷിച്ചു, റാവുവിന്റെ പാരമ്പര്യം ഉയർത്തിപ്പിടിച്ചു. അവിടെയാണ് ഈ കോൺഗ്രസ്സിന്റെ തകർച്ച തുടങ്ങിയത്. നിങ്ങൾ ആ നിലപാട് തിരുത്താത്തിടത്തോളംകാലം ഇന്ത്യയിൽ കോൺഗ്രസ്സിന് പിടിച്ചുനിൽക്കാനാവില്ല. ആം-ആദ്മിയിലൂടെയോ മറ്റെന്തെങ്കിലും ആദ്മിയിലൂടെയോ ഗാന്ധിജിയൊക്കെ തിരിച്ചുവരുന്നതായി ട്ടൊക്കെ സ്വപ്നം കാണാമെന്നല്ലാതെ നിങ്ങൾക്കൊരിക്കലും ബി.ജെ.പി. യെ പ്രതിരോധിക്കുന്നതിന് രാഷ്ട്രീയമായി നേതൃത്വം കൊടുക്കാൻ കഴിയില്ല. ഇന്നത്തെ ഇന്ത്യയുടെ രാഷ്ട്രീയ ഭൂമികയിൽ തലപോയ

തെങ്ങുപോലെയല്ലേ കോൺഗ്രസ്സ് നിൽക്കുന്നത്. ബി.ജെ.പി. ഗവൺമെന്റിന്റെ സുപ്രധാനമായ ബഡ്ജറ്റ് സമ്മേളനത്തിൽ അതിനെ നയിക്കേണ്ട കപ്പിത്താൻ നാടുവിട്ടില്ലേ; എന്നിട്ടാണോ നിങ്ങൾ ചിലരൊക്കെ പ്രസംഗിക്കുന്ന സമയത്ത് ഞങ്ങൾക്ക് വേദോപദേശം തരുന്നത്. ആര്യാടൻ സാറൊക്കെ ഇവിടെ ഇരിക്കുന്നുണ്ട്, രക്ഷപ്പെടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? നെഹ്റുവിന്റെ പാരമ്പര്യമൊക്കെ ഉയർത്തിയെടുക്കാൻ കഴിയുമോയെന്ന് അങ്ങയെപ്പോലെയുള്ളവരൊക്കെ ഒന്ന് ശ്രമിച്ചുനോക്കൂ. അല്ലാതെ എവിടെയും പ്രതീക്ഷയില്ല. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കേരളത്തിന്റെ വികസനത്തെക്കുറിച്ച് എന്തെങ്കിലും പ്രതീക്ഷ നൽകുന്ന ഒരു കാഴ്ചപ്പാട് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതാണ് ഞാൻ പറഞ്ഞത്, വെറും ചണ്ടിയാണെന്ന്. ഒരു കാര്യം നിങ്ങൾ പറഞ്ഞു - തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മോട്രോ പദ്ധതി. അത് എന്റെ ഗവൺമെന്റ് യാഥാർത്ഥ്യമാക്കുമെന്ന് ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചു. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ പദ്ധതി പ്രഖ്യാപിച്ച് കഴിഞ്ഞ പാർലമെന്റ് ഇലക്ഷൻ കാലത്ത് ആളുകളെ വ്യാമോഹിപ്പിച്ച് നാല് വോട്ടും കൈക്കലാക്കി., ഒരു നാണവുമില്ലാതെ അതങ്ങ് ഉപേക്ഷിച്ചു. അത് ഉപേക്ഷിച്ച സമയത്ത് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി പറഞ്ഞത്, ഞങ്ങളിനി ലൈറ്റ് മെട്രോയെക്കുറിച്ച് ആലോചിക്കുകയാണെന്ന്. എന്തുകൊണ്ടാണ് മോണോ റെയിൽ പദ്ധതി ഉപേക്ഷിച്ചത്; അതുസംബന്ധിച്ച് ആത്മപരിശോധന നിങ്ങൾ നടത്തിയോ? അങ്ങനെയൊരു അഭിപ്രായം പറഞ്ഞോ? അന്ന് ആ മോണോ റെയിൽ പദ്ധതിയുടെ ഡി.പി.ആർ. പ്രാവർത്തികമാക്കാൻ സെൻട്രൽ ഗവൺമെന്റിന്റെ ഇരുപത് ശതമാനം ഷെയർ, ഇരുപത് ശതമാനം സ്റ്റേറ്റ് ഗവൺമെന്റിന്റേത്, അറുപത് ശതമാനം വായ്പ, ഇങ്ങനെയായിരുന്നു അതിന്റെ പാറ്റേൺ. അതിൽ ഇരുപത് ശതമാനം ഈ നിമിഷംവരെ സംസ്ഥാന ഗവൺമെന്റ് നീക്കിവച്ചോ? വായ്പയുണ്ടാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ? മറ്റൊരു ഇരുപത് ശതമാനം സെൻട്രലിൽനിന്ന് ലഭിക്കണമെങ്കിൽ അതിനൊരു കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ സബ്മിറ്റ് ചെയ്യേണ്ടിയിരുന്നു. അങ്ങനെയൊരു പ്ലാൻ പോലും തയ്യാറാക്കാതെ അത് ടെണ്ടർ ചെയ്തു. ടെണ്ടർ ചെയ്തപ്പോൾ, ഇതൊരു കളിപ്പീരാണെന്ന് മനസ്സിലായപ്പോൾ, അതിൽ പങ്കെടുത്ത **ഒമ്പാടിയ (Ombadia)** എന്ന ജർമ്മൻ കമ്പനി ആ പേരും പറഞ്ഞ് യഥാർത്ഥ എസ്റ്റിമേറ്റ് കോസ്റ്റിന്റെ മൂന്നിരട്ടി ക്വാട്ട് ചെയ്തു. നിങ്ങളത് ഉപേക്ഷിച്ചു. ഇപ്പോൾ ലൈറ്റ് മെട്രോയെന്നുപറഞ്ഞ് പ്രായോഗികമല്ലാത്ത ഒരു അബദ്ധ പഞ്ചാംഗമായി ഒരു

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നേരത്തെ ഗവൺമെന്റ് നേരിട്ട് നടത്തുന്നു എന്നുപറഞ്ഞു, ഇപ്പോൾ പി.പി.പി. മാതൃകയിലാണെന്ന് പറയുന്നു. അടുത്ത തെരഞ്ഞെടുപ്പിന്റെ കാമ്പയിൻ മെറ്റീരിയലിനപ്പുറത്ത് എന്തെങ്കിലും നിങ്ങൾ ഇതുകൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ? ഈ നിലയിലാണ് നിങ്ങളുടെ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. ഓരോ തെരഞ്ഞെടുപ്പിനുമുള്ള വലിയ പ്രചരണങ്ങൾ, അതിന്റെ വായ്ത്താരി, അതിനുള്ള ചില കാര്യങ്ങൾ പറയുകയെന്നല്ലാതെ മറ്റൊന്നുമില്ല. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. ഞാൻ സ്പോർട്സുമായി ബന്ധപ്പെട്ട് ഇവിടെ നിൽക്കുന്ന ഒരാളാണ്. കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ പ്രസിഡന്റാണ്. അതുകൊണ്ട് ഞാൻ ഇതിന്റെ സംഘാടനത്തിൽ ആദ്യവസാനം നിന്നു. കമ്മിറ്റിയിൽനിന്ന് രാജിവച്ചിട്ടുപോലും ഞങ്ങളുടെ പാർട്ടിയുടെയൊക്കെ നിർദ്ദേശമനുസരിച്ച് പൂർണ്ണമായും സഹകരിച്ച് നിന്നതാണ്. അതൊരു ലാലിസത്തിന്റെ പേരിൽ മാത്രമൊന്നുമല്ല ഇതിനോടുള്ള വിമർശനം ഞങ്ങൾ ഉന്നയിച്ചത്. ലാലിസം എന്നുപറഞ്ഞ പ്രോഗ്രാമിന്റെ സാങ്കേതികമായ പിഴവുകളുടെ പ്രശ്നമൊന്നുമല്ല. യഥാർത്ഥത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങളത് പരിശോധിക്കേണ്ടതായിരുന്നു. കേരളത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും

എറണാകുളത്തും ആലപ്പുഴയിലും കണ്ണൂരുമൊക്കെയായി നടന്ന ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, അതിന്റെ പർച്ചേസും വേദിയൊരുക്കലുമെല്ലാം തിരുവനന്തപുരത്തുവച്ച് നിശ്ചയിച്ചത് എന്തിനാണ്? എല്ലാത്തിന്റെയും കടിഞ്ഞാൺ ഇവിടെയായിരുന്നു. ഓരോ സ്ഥലത്തും മന്ത്രിമാർ ചെയർമാൻമാരായ സംഘാടക സമിതികളുണ്ട്, ജില്ലാ കളക്ടർമാർ ജനറൽ കൺവീനർമാരായിരുന്നു, ജനപ്രതിനിധികളുണ്ട്, എന്തുകൊണ്ട് കാര്യങ്ങളെല്ലാം അവിടവിടെ തീരുമാനിക്കാൻ കൊടുത്തില്ല. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. കാരണം ശ്രീ. വി. ശിവൻകുട്ടിയും മുൻ സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ. ഗണേഷ്കുമാറുമൊക്കെ ഒരുപാട് കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവർക്കൊക്കെ കൂടുതൽ ആധികാരികമായി പറയാൻ കഴിയും. കോഴിക്കോടിന്റെ ഒരനുഭവത്തിൽ ഞാൻ പറയുകയാണ്. അവിടെ ഈ ഗെയിംസിന്റെ സ്റ്റേഡിയം നിർമ്മാണങ്ങളൊക്കെ ആദ്യഘട്ടത്തിൽ നടന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ച നിങ്ങളത് പൂർത്തിയാക്കി. നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെന്തെങ്കിലുമുണ്ടോയെന്ന് പരിശോധിക്കാം. ഗെയിംസിന്റെ മറ്റടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉപകരണങ്ങൾ മറ്റ് സംവിധാനങ്ങൾ എല്ലാം ഒരുക്കുന്നതിന് ഡൽഹി ബേയ്സ്ഡായിട്ടുള്ള ഒരു കമ്പനിക്ക് ദീവാളി (Divali) എന്ന

കമ്പനിക്കാണ് കോൺട്രാക്ട് കൊടുത്തത്. അവിടെയാണ് അന്വേഷിക്കേണ്ടത്. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നത് ആ ദീവാളി കമ്പനിക്ക് പണം കൊടുക്കുന്നതിനുമുമ്പ് ആവശ്യമായ പരിശോധന മുഴുവൻ നടത്തിയില്ലെങ്കിൽ നിങ്ങൾ കുടുങ്ങും. അവർ എന്താണ് ചെയ്തത്? ഓവർലൈസ് എന്നൊരു പുതിയ പ്രതിഭാസം തന്നെ........ അവസാനമിനിക്കുപണികൾക്കുവേണ്ടി അവർ ഒരുപാട് കാര്യങ്ങൾ ചെയ്തു. അവിടത്തെ ബീച്ച് വോളിയുടെ കോർട്ട് കളിയുടെ തലേദിവസമാണ് പൂർത്തിയാകുന്നത്. അവസാനം അവർക്ക് ചെയ്യാൻ പറ്റാതെവന്നപ്പോൾ അവിടത്തെ ലോക്കൽ കോൺട്രാക്ടറിന്റെ അടുത്ത് പോയി. ഇങ്ങനെ പറഞ്ഞാൽ അവർ ചെയ്യില്ലെന്ന് പറഞ്ഞു. അവസാനം അവർ പറഞ്ഞ പണം കൊടുത്തിട്ടാണ് ചെയ്തത്. അവിടെ ടെൻഡർ ഇല്ല, ക്വട്ടേഷൻ ഇല്ല ഒന്നുമില്ല.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, 30 കോടി രൂപയുടെ സാധനങ്ങളാണ് വിദേശത്ത് നിന്ന് വാങ്ങുന്നതിനുവേണ്ടി തീരുമാനിച്ച് ഓർഡർ കൊടുത്തത്. ഇപ്പോഴും നാലിലൊന്ന് സാധനങ്ങൾ കപ്പലിലാണെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തീർച്ചയായും. മാത്രമല്ല ഗെയിംസ് കഴിഞ്ഞ് കുറച്ച ദിവസങ്ങൾ കഴിഞ്ഞുവന്ന സാധനങ്ങൾ ഇവിടെ പൂഴ്ത്തിവച്ചത് അങ്ങയുടെ

നേതൃത്വത്തിൽ ആളുകൾ പോയി പിടിച്ചെടുത്തതും എന്റെ ശ്രദ്ധയിലുണ്ട്. 500 ലാപ്ടോപ്പുകൾ നിങ്ങൾ കച്ചവടം ചെയ്തുവെന്ന് പറഞ്ഞു. എനിക്കറിയില്ല. കോഴിക്കോട് 17 ലാപ്ടോപ് പുതിയത് വന്നു. 14 എണ്ണം യൂസ്ഡ് വന്നു. ഇതെന്തിനാണ്? അത് അവിടെ ആവശ്യമില്ല. അവസാനം അതിൽ രണ്ടോ മൂന്നോ എണ്ണം ആരോ ഉപയോഗിച്ചു. ബാക്കി അവിടെ കൂട്ടിയിട്ടു. 14 ലാപ്ടോപ് യൂസ്ഡ് വന്നപ്പോൾ ഞാൻ ഗവൺമെന്റ് സെക്രട്ടറിയെ വിളിച്ചുചോദിച്ചു. അവിടെ കെട്ടിയിട്ടേക്കാൻ പറഞ്ഞു. പിന്നെ അത് കൊണ്ടുപോയി. എങ്ങോട്ട് കൊണ്ടുപോയി; എന്തിന് വാങ്ങി; ആരുടെ പണമാണ് ചെലവാക്കിയത്; എന്തിനായിരുന്നു ചെലവാക്കിയത്? 40 കമ്പ്യൂട്ടർ ടേബിൾ, ഒരു കമ്പ്യൂട്ടർ പോലുമില്ല. അവിടത്തെ എല്ലാ കാര്യങ്ങളും നെറ്റ് വഴി അയച്ചതൊക്കെ ജില്ലാ ഫുഡ്ബോൾ അസോസിയേഷന്റെ ഓഫീസിൽനിന്നാണ്. ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ തരാൻ പറഞ്ഞിട്ട് കിട്ടിയിരുന്നില്ല. അവിടെ വാങ്ങാൻ അധികാരമില്ല. 40 കമ്പ്യൂട്ടർ ടേബിളും അതിന്റെ ചെയറും അവിടെ കൊണ്ടുവന്ന് പൂട്ടിയിട്ടു. അതുപോലെ ആയിരക്കണക്കിന് സൈൻബോർഡുകളാണ് അവിടെ കൊണ്ടുവന്ന് കൂട്ടിയിട്ടത്. ഞങ്ങൾക്ക് ആവശ്യമില്ല. ആകെ മൂന്നുവേദി - ഫുഡ്ബോൾ, വോളിബാൾ, ബീച്ചുവോളി - അതിനുവേണ്ടി പത്തോ ഇരുപതോ എണ്ണം വേണം. നിങ്ങൾ

ആയിരക്കണക്കിന് കൊണ്ടുപോയി കൂട്ടിയിട്ടു. ഒന്നിന് 900 രൂപയാണ് ചാർജ് ചെയ്യുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയത്. അതുപോലെ വി.വി.ഐ.പി. കൾക്ക് ഇരിക്കാൻ സോഫാ സെറ്റ്. ഒരു വി.വി.ഐ.പി. കളും അവിടെ ഇരുന്നില്ല. ഈ സോഫയിൽ ഒന്നിരിക്കാൻ നിങ്ങൾ മന്ത്രിമാരാരും അങ്ങോട്ട് വന്നില്ല. ഞങ്ങൾക്കാർക്കും ഈ സോഫയിൽ ഇരിക്കാൻ നേരമില്ല. വന്നാൽ ഇരിക്കാൻ പ്രത്യേക സ്യൂട്ട്റൂമുകളൊക്കെ അറേഞ്ച് ചെയ്ത് വച്ചിരുന്നു. അങ്ങനെ മുപ്പത്തഞ്ചോളം സോഫകൾ. അവരോട് ചോദിച്ചപ്പോൾ പറഞ്ഞത് ഈ സോഫയ്ക്ക് ഒന്നിന് 2250 രൂപ ഒരു ദിവസത്തേക്ക് വാടക, അങ്ങനെ പത്ത് ദിവസത്തേക്ക് ഇരുപത്തിരണ്ടായിരത്തി ചില്വാനം രൂപ വാടക. ഞാൻ അതേ കടയിൽനിന്ന് അതിന്റെ ക്വട്ടേഷൻ വാങ്ങിപ്പിച്ചു. സോഫ സ്വന്തമായി വാങ്ങിയാൽ 14312 രൂപയാണ്. അതങ്ങ് വാങ്ങിയാൽ പോരായിരുന്നോ? നാഷണൽ ഗെയിംസ് ഓഫീസിലെ കണക്കിൽ പതിനായിരം രൂപയാണ് വാടക എന്നാണുള്ളത്. പതിനായിരം രൂപയാണെങ്കിലും നാലായിരം രൂപ കൊടുത്താൽ ആ സോഫ എന്നേക്കുമായി നമുക്ക് അസ്സെറ്റായി മാറും. അമ്പത് രൂപ വാടകയ്ക്ക് കിട്ടുന്ന കസേരക്ക് അഞ്ഞൂറ് രൂപ വാടക. ഇരുപത് രൂപയ്ക്ക് കിട്ടുന്ന സാധാകസേരക്ക് അമ്പത് രൂപ വാടക. ഈ നിലയിലൊക്കെയാണ് ചെയ്തത്. ഞാൻ നേരത്തെ

സഭയിൽ പറഞ്ഞതാണ്. അങ്ങ് ഇടപെട്ട് ശ്രദ്ധിച്ചുകൊള്ളണം. അല്ലെങ്കിൽ കുഴപ്പമാകും.

ശ്രീ. വി. ശിവൻകുട്ടി: സർ, വോളന്റിയേഴ്സിനും പത്രക്കാർക്കും കൂടി 4000/- രൂപയോളം വില വരുന്ന ട്രാക്ക്സ്യൂട്ടും കിറ്റും കൊടുക്കുമെന്ന് പറഞ്ഞു. അവസാനം 750/- രൂപയുടെ സാധനം പോലും കൊടുക്കാതെ ഇവിടത്തെ തെരുവുകളിലായിരുന്നു അത് കച്ചവടം ചെയ്തത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ മൊത്തം സ്റ്റേറ്റിന്റെ കാര്യം പറയുകയല്ല കോഴിക്കോടിന്റെ അനുഭവങ്ങളാണ് പറയുന്നത്. സിനിമക്കാരായ രഞ്ജിത്ത്, വി.എം. വിനു, കൈതപ്രം ദാമോദരൻ നമ്പൂതിരി എന്നിവരുൾപ്പെടെ സിനിമ, സംഗീതം, നാടകം, എന്നീ മേഖലകളിലുള്ള പ്രമുഖർ കോഴിക്കോടുണ്ട്. അവരെ ഉൾപ്പെടുത്തിക്കൊണ്ട് നല്ലരീതിയിലുള്ള സാംസ്കാരിക പരിപാടികൾ ഞങ്ങൾ അവിടെ ആലോചിക്കാം എന്ന് സ്വാഗതസംഘരൂപീകരണ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീറിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ പറഞ്ഞതാണ്. ഇവിടെ സൂര്യ കൃഷ്ണമൂർത്തിയുടെ പ്രോഗ്രാം അറേഞ്ച് ചെയ്തിട്ടുണ്ടെന്ന്

പറഞ്ഞപ്പോൾ അതിനെക്കാൾ ചെലവ് കുറഞ്ഞ പ്രോഗ്രാം അവിടെ ചെയ്യാം എന്നു പറഞ്ഞപ്പോൾ അത് സമ്മതിച്ചില്ല. എല്ലാം തിരുവനന്തപുരത്ത് നടത്തുന്നതിന് നിങ്ങൾ രണ്ടു കോടി രൂപയ്ക്കോ മറ്റോ കരാർ കൊടുത്തു. ഇവിടത്തെ ഏതോ സാംസ്കാരിക കൂട്ടിക്കൊടുപ്പുകാർക്കാണ് അത് കൊടുത്തതെന്നാണ് ഞാൻ പറയുന്നത്. ഉത്തരവാദിത്വത്തോടുകൂടിയാണ് ഞാനിത് പറയുന്നത്. എന്തിനു വേണ്ടിയാണ് അത് ചെയ്തത്?

ചെയർ പേഴ്സൺ: യെസ്...... യെസ്....പ്ലീസ്. സമയം കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: 5 കോടിയാണ് കൊടുത്തതെന്നും പറയുന്നു. എത്രയാണെങ്കിലും ഇവിടത്തെ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ തലപ്പത്തിരിക്കുന്നവർ എല്ലാം ചേർന്നാണ് ഈ കാര്യങ്ങൾ ചെയ്തത്. ഇക്കാര്യത്തിൽ ഇപ്പോൾ ആളുകൾക്കുള്ള വികാരമെന്ന് പറഞ്ഞാൽ, സി.ബി.ഐ. എങ്ങനെയെങ്കിലും ഒന്ന് ചോദ്യം ചെയ്തിരുന്നുവെങ്കിൽ തെളിവു കൊടുക്കാൻ അവർ കാത്തിരിക്കുകയാണ്. നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആ നിലയിലേക്ക് ഇപ്പോൾ എത്തിയിരിക്കുകയാണ്. നിങ്ങൾ ഇത് അഭിമാനകരമായി

നടന്നെന്ന് പറഞ്ഞില്ലേ; മത്സരങ്ങളൊക്കെ കൃത്യമായി നടന്നിട്ടുണ്ടാവാം. ഇവിടത്തെ സ്പോർട്സ് കൗൺസിലുകളും അസോസിയേഷനുകളുമൊക്കെ അതിൽ നല്ല പങ്കു വഹിച്ചിട്ടുണ്ട്. അതിന്റെ മറവിൽ നടന്ന കോടികളുടെ വെട്ടിപ്പു സംബന്ധിച്ച് നിങ്ങൾക്ക് നിസ്സംഗമായി നില്ക്കാൻ പറ്റില്ല. അത് അന്വേഷിക്കാൻ ഇപ്പോൾ തീരുമാനിച്ചതിന്റെ ഭാഗമായി നിങ്ങൾ അതിനെക്കുറിച്ച് വലിയ മികവു പറയേണ്ടതില്ല. ആ നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചത് നിങ്ങളുടെ കെടുകാര്യസ്ഥതയും ദുർഭരണവും അഴിമതിക്ക് കുടപിടിക്കുന്ന നിലപാടുമാണ്. ഞാൻ ഒരുകാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നേരും നെറിയുമില്ലാത്ത പോലീസ് ഭരണമാണ് ഇവിടെ നടക്കുന്നത്. കൊടും ക്രിമിനലുകളുടെ കൂട്ടുകാരായി ഉന്നത പോലീസ് അധികാരികൾ വാഴുകയാണ്. അവരെ വെള്ള പൂശുന്ന സമീപനം അങ്ങ് സ്വീകരിക്കരുത്. നിസാമിന്റെ വിഷയമൊന്നും ഞാനിവിടെ പറയുന്നില്ല. അത് ഇവിടെ പറഞ്ഞു കഴിഞ്ഞതാണ്. അതിൽ ഏതെങ്കിലും ഒരു സാമി - ഒന്നുകിൽ ആ സ്വാമി അല്ലെങ്കിൽ ആസാമി ഇവർ ആരെങ്കിലുമൊരാൾ പറഞ്ഞതല്ലേ ശരിയാവാൻ

പാട്ടുള്ളൂ. ഞാൻ രാവിലെ പറയാൻ ശ്രമിച്ച ഒരു കാര്യം, ജെയിംസ് മാത്യു എം.എൽ.എ. യുടെ അറസ്റ്റുമായി ബന്ധപ്പെട്ടാണ്. എം.എൽ.എ. യെ ജയിലലടച്ച അതേ പോലീസുകാർ അതിനെക്കാൾ ഗുരുതരമായ അതേ സ്വഭാവത്തിലുള്ള ഒരു കേസിൽ സ്വീകരിച്ച നിലപാട് സംബന്ധിച്ചാണ് പറയുന്നത്. ഒരു കോൺഗ്രസ് നേതാവിനെതിരെ കോഴിക്കോട് ഫാറൂക്ക് പോലീസ് സ്റ്റേഷനിൽ ഒരു എഫ്.ഐ.ആർ. ഉണ്ട്. പ്രതീഷ് തിരുത്തിയൽ എന്നു പറയുന്ന, മലബാർ ദേവസ്വം ബോർഡിന്റെ കോഴിക്കോട് ഏരിയാ കമ്മിറ്റി ചെയർമാനായ അദ്ദേഹം ഒരു യുവതിയെ പീഡിപ്പിച്ചു. അതിനെത്തുടർന്ന് അവർ ആത്മഹത്യാക്കുറിപ്പ് എഴുതി വച്ചിട്ട് ആത്മഹത്യ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് എഫ്.ഐ.ആർ. എഴുതി അദ്ദേഹത്തിന്റെ പേരിൽ കേസെടുത്തു. എന്നാൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്തിട്ടില്ല. നിങ്ങൾ ആ കേസ് അന്വേഷിച്ചിട്ടില്ല. ഈ കേസ് വന്നതിനുശേഷമാണ് അദ്ദേഹത്തെ ഏരിയാ കമ്മിറ്റി ചെയർമാനായി നിയമിച്ചത്. അദ്ദേഹത്തെ ഇപ്പോഴും ആ സ്ഥാനത്തുനിന്ന് നീക്കിയിട്ടില്ല. ആ പെൺകുട്ടിയുടെ അച്ഛൻ മുഖ്യമന്ത്രിയെ വന്നു കണ്ടെങ്കിലും ഒരു ഫലവുമുണ്ടായില്ല. ഇത് രണ്ട്

നീതിയല്ലേ; സഭയിലുള്ള തന്റെ സഹപ്രവർത്തകനോട് ഈ ക്രൂരത കാണിക്കുമ്പോൾ ഇത്തരത്തിലുള്ള ക്രിമിനലുകൾക്കെതിരെ അങ്ങയെപ്പോലുള്ള ആളുകൾ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? ഈ ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളും അഴിമതിക്കാരെയും ക്രിമിനലുകളെയും സംരക്ഷിക്കുന്ന കാര്യത്തിൽ ഹരം കൊള്ളുകയാണ്. ഒരുദാഹരണം പറയാം, കോൺഗ്രസ് അനുകൂല സംഘടനയായ എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് പി. എസ്. ബൈജുവിനെതിരെ 2013 ഏപ്രിൽ 17-ാം തീയതി ഇന്റലിജൻസ് എ.ഡി.ജി.പി. സെൻകുമാറിന്റെ അന്വേഷണ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ പറയുന്നത് "......that P.S. Baiju who is the President of All Kerala Excise Staff Association. It is a pro-congress association. Moreover, he has a close contact with Shri Suresh, Private Secretary of Ex. Excise Minister Shri K. S. Babu. He has illegal association with abkari contractors, spirit mafia and anti socialists of Kollam District...” അങ്ങനെ പറഞ്ഞുവന്നിട്ട് അതിന്റെ conclusion & recommendation-ൽ പറയുന്നത്; “.......the verification reveal that, all the allegations mentioned in the source report about Mr. P.S. Baiju are correct. His

involvement in several activities were disposed during confidential verification. Yes, the allegations are grave in nature and substantive evidence are highly necessary" എന്ന് പറഞ്ഞുകൊണ്ട് 2013-ൽ അദ്ദേഹത്തിനെതിരെ വിജിലൻസ് എൻക്വയറി ശിപാർശ ചെയ്തു. ഇതിൽ എന്തു നടപടി സ്വീകരിച്ചു? ഇദ്ദേഹത്തിന് notorious ക്രിമിനലുകളുമായി ബന്ധമുണ്ടായിട്ടും ഒരു നടപടിയും സ്വീകരിച്ചില്ലെന്നു മാത്രമല്ല അദ്ദേഹത്തെ കൊല്ലത്തുള്ള ലീൻ നിലനിർത്തിക്കൊണ്ട് വീടിനടുത്തുള്ള സ്ഥലത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. അതു കൂടാതെ പ്രമോഷനും കൊടുത്തു. ഇത്തരം കുറ്റവാളികളെ പൂർണ്ണമായും സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിൽ നിങ്ങൾ അഭിരമിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെയുള്ള ഗവൺമെന്റിന്റെ നയത്തിനെതിരെ എന്റെ ശക്തമായ പ്രതിഷേധം അറിയിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ച് ശ്രീ. എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ പ്രതിപക്ഷം ചർച്ചയിൽ

സജീവമായി പങ്കെടുക്കുന്നുണ്ട്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീമതി കെ. കെ. ലതിക ഈ ഗവൺമെന്റിന് ഒരു നയമുണ്ടോ എന്ന് ചോദിച്ചു. എനിക്ക് അങ്ങോട്ട് ചോദിക്കാനുള്ളത് പ്രതിപക്ഷത്തിന് ഒരു നയമുണ്ടോ എന്നാണ്. പ്രതിപക്ഷം ഗവർണ്ണറെ ബഹിഷ്ക്കരിച്ചു, പക്ഷെ ഇവിടെ നടക്കുന്ന നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽ അവർ പങ്കെടുക്കുന്നുണ്ട്. കല്യാണത്തിൽ പങ്കെടുക്കാതെ കല്യാണ സദ്യയെക്കുറിച്ച് അഭിപ്രായം പറയുന്നതുപോലെയാണ് പ്രതിപക്ഷം ഇവിടെ ഈ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് അഭിപ്രായം പറയുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാരിന്റെ നയമാണ് ഗവർണ്ണർ പ്രഖ്യാപിക്കുന്നത്. സർക്കാരിനെ ജനങ്ങളാണ് തെരഞ്ഞെടുക്കുന്നത്. നയപ്രഖ്യാപനം ബഹിഷ്ക്കരിച്ചതുവഴി ജനങ്ങളെയാണ് നിങ്ങൾ ബഹിഷ്ക്കരിച്ചിട്ടുള്ളത് എന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങളും നിങ്ങളെ ബഹിഷ്ക്കരിച്ചിരിക്കുന്നു. ജനങ്ങളെ വേണ്ടാത്ത എൽ.ഡി.എഫ്.-നെ കേരളത്തിലെ ജനങ്ങൾക്കും വേണ്ടായെന്ന് അവർ ഒറ്റക്കെട്ടായി പറയുകയാണ്. ഇവിടെ എനിക്ക് ഓർമ്മ വരുന്നത് ശ്രീ. എം. ടി. വാസുദേവൻ നായരുടെ 'മാജിക്ക്

എന്ന ഒരു മിനിക്കഥയാണ്. മാജിക്കുകാരൻ തന്റെ എല്ലാ കഴിവുകളും പ്രകടിപ്പിക്കുകയാണ്. മാജിക്കുകാരൻ കഴിവുകൾ ഓരോന്നായി പ്രകടിപ്പിക്കുമ്പോൾ ഇത് യഥാർത്ഥ കഴിവാണോയെന്ന് കാണികൾക്ക് സംശയമായി. അവസാനം ആ മാജിക്കുകാരൻ തന്റെ കരൾ പറിച്ചെടുത്തു കാണിച്ചു. എന്നിട്ടും ആളുകൾ വിശ്വസിക്കുന്നില്ല. കരൾ പറിച്ചെടുത്തു കാണിച്ചിട്ടും ആളുകൾ പറയുന്നത് അതൊരു കാക്കപ്പൂവ് എന്നാണ്. അപ്പോൾ ഇത് എവിടത്തെ ജനങ്ങളാണെന്ന് ചോദിച്ച മാജിക്കുകാരനോട് കൂടിയ ആളുകൾ പറയുന്നു ഇത് കേരളമാണ് എന്ന്. രാവും പകലും അദ്ധ്വാനിച്ച് ജനങ്ങളോടൊപ്പം നില്ക്കുന്ന മുഖ്യമന്ത്രി ചെയ്ത ഒരു കാര്യത്തെയും അംഗീകരിക്കാൻ തയ്യാറില്ലാത്ത ആളുകളെക്കുറിച്ച് ലോകം ചോദിക്കുന്നു ഇവർ ആരാണെന്ന്. ഇവരാണ് സി.പി.ഐ.(എം)കാർ എന്ന് മറുപടി പറയേണ്ടി വരും. ഇവർക്കുമാത്രമേ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ എതിർക്കാൻ സാധിക്കുകയുള്ളൂ. അതാണ് പറഞ്ഞത് കരൾ പറിച്ചെടുത്ത് കാണിച്ചിട്ടും ആ പാവപ്പെട്ട മാജിക്കുകാരനെ അംഗീകരിക്കാൻ കഴിയാത്തവരായിരുന്നു മുമ്പത്തെ കേരളീയ ജനത; ഇപ്പോൾ കേരളം മാറിയിരിക്കുകയാണ്; ജനങ്ങളും മാറിയിരിക്കുകയാണ്.

കേരളത്തിലെ ജനങ്ങൾ മാറിയെങ്കിലും എൽ.ഡി.എഫ്.-ന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ മാറിയില്ലായെന്നതാണ് നമ്മെ ദുഃഖിപ്പിക്കുന്ന കാര്യം. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തമിഴ് യോഗി തിരുവള്ളുവരെ ഉദ്ധരിച്ചുകൊണ്ട് വിഭവങ്ങളെ പരമാവധി സമാഹരിക്കുകയും വിഭവങ്ങളെ ഫലപ്രദമായി സമ്പത്തായി മാറ്റുകയും അങ്ങനെ നേടിയെടുത്ത സമ്പത്തിനെ സുരക്ഷിതമായി സൂക്ഷിക്കുകയും ആ സമ്പത്തിനെ സംസ്ഥാനത്തിലെ ജനതയ്ക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന രീതിയിൽ വിവേകപൂർവ്വം ചെലവഴിക്കുകയും ചെയ്യുന്നതാണ് സദ്ഭരണമെന്ന് ഗവർണ്ണർ പറയുകയുണ്ടായി. പക്ഷെ സദ്ഭരണം എൽ.ഡി.എഫ്.-ന് അറിയില്ല. അവർക്ക് അറിയാവുന്നത് സെൽ ഭരണമാണ്. അതുകൊണ്ട് അവരോട് അത് പറഞ്ഞിട്ട് കാര്യമില്ല. സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം പുതിയ ഒരു പാർട്ടി സെക്രട്ടറി ഉണ്ടായിരിക്കുന്നു. അവരുടെ നയത്തിലും സമീപനത്തിലും നമ്മൾ മാറ്റം പ്രതീക്ഷിക്കുന്നു. വിപ്ലവമെന്നാൽ അകത്തളങ്ങളിൽ നാം പഠിക്കേണ്ട ഉന്നതമായ ജീവിതബോധമാണ് എന്നുള്ള തിരിച്ചറിവ് നമ്മുടെ വിപ്ലവ പാർട്ടികൾക്ക് നഷ്ടമായിരിക്കുന്നു എന്നതാണ് നമ്മെയെല്ലാം ദുഃഖിപ്പിക്കുന്ന കാര്യം. സ്വയം പരിഷ്ക്കരിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും മാത്രമേ ജീവിതത്തേയും ലോകത്തേയും പരിഷ്ക്കരിക്കാൻ

സാധിക്കുകയുള്ളൂ എന്ന ബാലപാഠം ഇപ്പോൾ സി.പി.ഐ.(എം)-കാരും എൽ.ഡി.എഫ്.-കാരും മറന്നുപോയിരിക്കുന്നു. പുതിയ സെക്രട്ടറിയിലൂടെ ഒരു മാറ്റം ഈ കേരളം പ്രതീക്ഷിക്കുന്നുവെന്നാണ് അത് സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. ബി.ജെ.പി.-യുടെ ഹിന്ദുത്വ നിലപാടുകളെക്കുറിച്ച് പ്രസംഗിക്കുകയും പരോക്ഷമായി അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിലപാട് നമ്മുടെ വിപ്ലവ പാർട്ടികൾ സ്വീകരിച്ചതിന്റെ പ്രത്യക്ഷ നിദർശനമാണ് 13-ാം തീയതി നമ്മൾ കാണാൻ പോകുന്നത്. അന്ന് സെക്രട്ടേറിയറ്റും നിയമസഭയും വളയുമെന്നാണ് ബി.ജെ.പി-യും യുവമോർച്ചയും പറയുന്നത്. അതുതന്നെയാണ് സി.പി.ഐ.(എം)ഉം പറയുന്നത്. ബി.ജെ.പി.-യും സി.പി.ഐ..(എം) ഉം ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണെന്ന് വിശ്വസിക്കുവാൻ തീർച്ചയായും നമുക്ക് കഴിയുകയില്ല. അങ്ങനെ വിശ്വസിപ്പിക്കുന്ന ഒരു സാഹചര്യം അവർ കേരളത്തിൽ ഉണ്ടാക്കാൻ പാടില്ലെന്നാണ് അവരോട് അഭ്യർത്ഥിക്കുവാനുള്ളത്. സി.പി.ഐ.(എം). തകരുന്നത് തീർച്ചയായും നമ്മെ സന്തോഷിപ്പിക്കുന്ന കാര്യമല്ല. അവർ ഒരിക്കലും തകരാൻ പാടില്ല. പക്ഷേ ജനങ്ങളോടൊപ്പം നിൽക്കാനും ആളുകളെ അംഗീകരിക്കാനും അവർക്ക് സാധിക്കണം. പ്രിയപ്പെട്ട മുഖ്യമന്ത്രിയെ നമ്മളെല്ലാവരും അംഗീകരിക്കുന്നത് അദ്ദേഹം ജനങ്ങളുടെ വിചാരങ്ങൾക്കും

വികാരങ്ങൾക്കുമൊപ്പം നിൽക്കുന്നതുകൊണ്ടാണ്. മുഖ്യമന്ത്രിയെ വിമർശിക്കുന്ന ആളുകളോട് പറയുവാനുള്ളത് അദ്ദേഹം നടത്തിയ ജനസമ്പർക്ക പരിപാടി ലോകത്തിന്റെ അംഗീകാരം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടെന്നാണ്. രാവിലെ 9 മണി മുതൽ രാത്രി 12 മണിവരെ ജനസമ്പർക്കപരിപാടിയിൽ പങ്കെടുത്തുകൊണ്ട് കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ പരാതി സ്വീകരിക്കുന്നയാളാണ് കേരളത്തിന്റെ മുഖ്യമന്ത്രി. ഒരു മണിക്കൂറെങ്കിലും തികച്ച് ജനങ്ങളോടൊപ്പം നിൽക്കുവാൻ ഇവിടെയുള്ള ഏതെങ്കിലും നേതാവിന് സാധിക്കുമോ? അപ്പോൾ ജനങ്ങളോടൊപ്പം നിൽക്കുന്ന ഒരു മുഖ്യമന്ത്രിയാണ് നമുക്കുള്ളത്. ഈ ഗവൺമെന്റ് തകരുമെന്ന് ഞങ്ങളൊക്കെ പ്രതീക്ഷിച്ചതാണെന്ന് പ്രിയപ്പെട്ട ശ്രീ. ജി. സുധാകരൻ വ്യംഗ്യമായ ഭാഷയിൽ സൂചിപ്പിച്ചു. പക്ഷേ ശ്രീമാൻ ഉമ്മൻചാണ്ടി നേതൃത്വം നൽകുന്നു എന്നതുകൊണ്ട് ഈ ഗവൺമെന്റ് 4 കൊല്ലം തകർന്നില്ല. ഇനി അടുത്ത ഒരു വർഷവും ഈ ഗവൺമെന്റ് തകരില്ല എന്നാണ് വ്യംഗ്യമായ ഭാഷയിൽ ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചത്. ശ്രീ. ഉമ്മൻചാണ്ടി നേതൃത്വം നൽകുകയാണെങ്കിൽ ഈ ഒരു കൊല്ലം മാത്രമല്ല അടുത്ത 5 വർഷവും കേരളം ഭരിക്കുന്നത് യു.ഡി.എഫ്. ആയിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരുണ്യ ബെനവലന്റ് പദ്ധതിയെക്കുറിച്ച് ഇവിടെ ചിലർ വളരെ നിസ്സാരമായാണ് പ്രസംഗിച്ചത്. കാരുണ്യ

ബെനവലന്റ് പദ്ധതിയിലൂടെ കേരളത്തിലെ പതിനായിരക്കണക്കിന് ആളുകൾക്കാണ് രോഗശമനമുണ്ടായത്. നിങ്ങൾ പ്രിയപ്പെട്ട മാണിസാറിനെതിരെ എന്ത് കൊടുങ്കാറ്റ് അഴിച്ചുവിട്ടാലും അതിനെ പ്രതിരോധിക്കുവാൻ അദ്ദേഹത്തിന്റെ കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ആശ്വാസം കിട്ടിയ പാവപ്പെട്ട പതിനായിരങ്ങളുടെ പ്രാർത്ഥനയുണ്ടാകും. നിങ്ങൾ ഭരിക്കുന്ന കാലത്ത് എൻഡോസൾഫാൻ ഇരകൾക്ക് എന്ത് നൽകാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് ചിന്തിക്കണം. എൻഡോസൾഫാൻ സെല്ലിന്റെ ചെയർമാൻ നമ്മുടെ പ്രിയപ്പെട്ട കൃഷിവകുപ്പുമന്ത്രി ഇവിടെയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ഇരകൾക്ക് എത്ര തുകയാണ് നൽകിയതെന്ന് കാസർഗോഡ് ജില്ലയിൽനിന്നുള്ള എം.എൽ.എ.-മാർക്ക് അറിയാം. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം' എന്ന നിലപാട് സ്വീകരിക്കുന്ന ആളുകൾക്കു മാത്രമേ ഈ സർക്കാരിനെ എതിർക്കുവാൻ സാധിക്കുകയുള്ളൂ. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ജനങ്ങളുടെ ജീവിതത്തിൽ നന്മയുണ്ടാക്കുന്ന ധാരാളം പ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്ന് നമുക്കെല്ലാവർക്കുമറിയാം. സാമൂഹ്യനീതി വകുപ്പുതന്നെ ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആശ്വാസകിരണം, വയോമിത്രം, കോക്ലിയർ ഇംപ്ലാന്റേഷൻ, സ്നേഹപൂർവ്വം, വിശപ്പുരഹിത നഗരം,

പ്രത്യാശ, നിർഭയ, ഓട്ടിസം സ്പെക്ട്രം ഡിസോർഡറിനുള്ള സമഗ്ര പരിപാടി, മറവിരോഗം ബാധിച്ചവർക്ക് സഹായമെത്തിക്കാനുള്ള സംസ്ഥാന ഉദ്യമം, ഓരോ ജില്ലയിലേയും ഒരു പഞ്ചായത്തിനെ വയോജനങ്ങൾക്ക് സമഗ്ര പരിചരണ സൗകര്യങ്ങൾ നൽകുന്ന വയോജന സൗഹൃദ പഞ്ചായത്താക്കുന്ന പദ്ധതി, എല്ലാ ജില്ലകളിലും മാനസിക വൈകല്യമുള്ളവർക്കായി മാനസിക സാമൂഹിക പുനരധിവാസ കേന്ദ്രങ്ങൾ - ഇതെല്ലാം ചെയ്യുന്ന ഒരു ഗവൺമെന്റിനെ കേരളത്തിലെ പാവപ്പെട്ട ജനങ്ങൾ കയ്യൊഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇതുവരെ നേരം പുലർന്നിട്ടില്ല എന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ എറണാകുളത്ത് ഒരു ഇന്റർനാഷണൽ വിമൻസ് ട്രേഡ് സെന്റർ സ്ഥാപിക്കുന്നുവെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ബ്ലോക്കുതലത്തിൽ കുടുംബശ്രീ കാർഷികോല്പന്ന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതും അതിൽ 20 ശതമാനം വിഭിന്നശേഷിയുള്ളവർക്കായി നീക്കിവയ്ക്കുന്നതുമാണെന്നും, വിവിധ സമീപനത്തോടുകൂടി വാർദ്ധക്യ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ ജില്ലയിലേയും ഒരു പഞ്ചായത്തിനെ വയോജന സൗഹൃദമാക്കുന്നതാണെന്നും ഗവർണർ അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുകയുണ്ടായി.

എന്നിട്ടാണ് നിങ്ങൾ പറയുന്നത് ഗവൺമെന്റിന്റെ നയം ഗവർണർ പ്രഖ്യാപിച്ചിട്ടില്ലെന്ന്. ഇത്രയും കാര്യങ്ങൾ പ്രഖ്യാപിച്ച ഈ നയപ്രഖ്യാപന പ്രസംഗത്തെ എതിർക്കുവാൻ സി.പി.ഐ.(എം)-നും എൽ.ഡി.എഫ്.-നും അല്ലാതെ മറ്റാർക്കും കഴിയുകയില്ല. മിഷൻ 676-ന്റെ കീഴിൽ പണി നടന്നുകൊണ്ടിരിക്കുന്ന 154 പദ്ധതികൾ കേരള ജല അതോറിറ്റി 2015-16-ൽ പൂർത്തീകരിച്ചാൽ ജനസംഖ്യയുടെ 60 ശതമാനത്തിന് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാകും. ജലനിധി പദ്ധതി നടപ്പിലാക്കുന്നത് തുടരുമെന്നും ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുകയുണ്ടായി. അതുപോലെ മെഡിക്കൽ കോളേജുകളെക്കുറിച്ച് പറഞ്ഞു. കാസർഗോഡ് മെഡിക്കൽ കോളേജ് ഇപ്പോഴും തറക്കല്ലിട്ടപ്പോഴുള്ള അതേസ്ഥിതിയിൽ തന്നെയാണെന്ന് എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ഞാനും അദ്ദേഹവും ആ അവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി ഒന്നിച്ച് സമരം നടത്തിയിട്ടുണ്ട്. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. 79 കോടി രൂപ നബാർഡിൽ നിന്ന് കാസർഗോഡ് മെഡിക്കൽ കോളേജിന് അനുവദിച്ച് കിട്ടിയിരിക്കുകയാണ്. പ്രഭാകർ കമ്മീഷൻ പദ്ധതിയിൽനിന്ന് കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച 25 കോടി രൂപയും മെഡിക്കൽ കോളേജിന് നീക്കിവച്ചിരിക്കുകയാണെന്ന് കൃഷിവകുപ്പുമന്ത്രിക്കറിയാം.

അതിന്റെ ടെണ്ടർ വിളിച്ചിരിക്കുകയാണ്. പണി തുടങ്ങുന്നതിനായി അടുത്ത ആഴ്ച കരാർ നൽകും. നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇലക്ട്രിസിറ്റി - ഭാരതത്തിലെ ഊർജ്ജ വിതരണ കമ്പനികൾക്കിടയിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനുള്ള 2014-ലെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ഊർജ്ജ മന്ത്രാലയത്തിൽനിന്നും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിച്ചത് അർഹതയുടെ അംഗീകാരമാണ്. വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ നാല് വർഷങ്ങൾക്കുമുമ്പുള്ള കേരളത്തിന്റെ അവസ്ഥയെന്താണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടെ വിദ്യാർത്ഥി സമരങ്ങളും വിദ്യാർത്ഥി പ്രക്ഷോഭങ്ങളും നിരന്തരമായി ഉണ്ടാകാറുണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ നാല് വർഷവും കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളുടെ സമരമുണ്ടായിട്ടില്ല. കേരളത്തെ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ്ബ് ആക്കുന്നതിനായി ദുബായ് അക്കാഡമിക് സിറ്റിയുടെ മാതൃകയിൽ കേരളത്തിൽ ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുമെന്ന് ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുകയുണ്ടായി. കൂടാതെ സർക്കാർ എയ്ഡഡ് കോളേജുകളില്ലാത്ത 18 നിയമസഭാ നിയോജക മണ്ഡലങ്ങളിലായി 17 പുതിയ സർക്കാർ കോളേജുകളും ഒരു എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജും അനുവദിച്ചിരിക്കുകയാണ്. എന്റെ പ്രസംഗം

ചുരുക്കുന്നതിനുമുമ്പ് ഒരുകാര്യം കൂടി സൂചിപ്പിക്കുവാനുണ്ട്. പ്രിയപ്പെട്ട ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ നമ്മുടെ പ്രധാനമന്ത്രി ശ്രീമാൻ നരേന്ദ്ര മോദി എല്ലാ സംസ്ഥാന സർക്കാരുകൾക്കും ഗോവധം നിരോധിക്കാൻ നിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു സർക്കുലർ അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയാൻ സാധിച്ചു. അതുസംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്, പ്രിയപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു ജാഥ കാസർഗോഡ് നയിക്കുകയുണ്ടായി. ആ ജാഥ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രിയപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് അറബിക്കടലിൽ എന്നാണ്. ഗോവധനിരോധനം സംബന്ധിച്ച് അങ്ങനെയൊരു നിർദ്ദേശം ശ്രീമാൻ മോദി കേരള ഗവൺമെന്റിന് അയച്ചുകൊടുക്കുകയാണെങ്കിൽ ആ സർക്കുലറിന്റെ സ്ഥാനം അറബിക്കടലിലാണെന്ന് നമുക്ക് എല്ലാവർക്കും ഒറ്റക്കെട്ടായി പറയാൻ സാധിക്കണം. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെയും ശ്രീ. എം.പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദി പ്രമേയത്തേയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. അജിത്:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇന്ന് പ്രത്യേകതയുള്ളൊരു ദിവസമാണ്. ഒരേ ദിവസംതന്നെ 31 പേർ

നയപ്രഖ്യാപനത്തെ കുറിച്ച് സംസാരിക്കുകയാണ്. രാവിലെ സഭ തുടങ്ങിയത് അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട ചോദ്യത്തോടെയാണ്. എനിക്കു തോന്നുന്നത് നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ദുർബല ജനവിഭാഗത്തിനുവേണ്ടി 55 മിനിറ്റ് മാറ്റി വയ്ക്കപ്പെട്ടത്. ഞാൻ ഈ സഭയിൽ വന്നതിനുശേഷം ആദ്യമായിട്ടാണ് അങ്ങനെയൊരു പ്രക്രിയ കാണുന്നത്. ഞാൻ അതിന് സഭാംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. കാരണം ആ വിഷയം വളരെ ഗൗരമായി നമ്മൾ ചർച്ച ചെയ്തു. ചെയർ അൽപ്പം കൂടി ഒന്ന് ശ്രദ്ധചെലുത്തിയിരുന്നുവെങ്കിൽ ഒരു പക്ഷേ ഇത് ചരിത്രത്തിന്റെ ഭാഗമായി മാറുമായിരുന്നു. ഒരു മണിക്കൂർ നമുക്ക് ആ ഒറ്റ വിഷയത്തിൽ ചർച്ച ചെയ്യാനും ആശ്വാസകരമായ നിലപാടുകൾ സ്വീകരിക്കാനും കഴിയുമായിരുന്നു. നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഇവിടെ നടന്ന ചർച്ചകളിൽ എല്ലാംതന്നെ ചൂണ്ടിക്കാണിച്ച ഒരു കാര്യം ഇതൊരു ആവർത്തന വിരസതയുള്ള നയപ്രഖ്യാപനമാണെന്നായിരുന്നു. ഈ നയം കുറച്ച് കാലങ്ങളായി ഇവിടെ പറഞ്ഞുകേൾക്കുന്നുണ്ട്. പക്ഷേ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ കൊല്ലം-കോട്ടപ്പുറം, ആലപ്പുഴ-കൊല്ലം ബൈപ്പാസുകൾ സംബന്ധിച്ച പ്രഖ്യാപനങ്ങൾ പത്ര മാധ്യമങ്ങളിൽ വരാനുള്ള കുറെ

പ്രക്രിയകൾ എന്നല്ലാതെ ആശ്വാസകരമായ നടപടികളിലേയ്ക്ക് വരുന്നില്ലായെന്നതാണ് സമീപകാലങ്ങളിൽ കണ്ട കാഴ്ചകൾ. അതുകൊണ്ടുതന്നെ ജനങ്ങൾ നിരസിക്കുന്ന ഒരു നയപ്രഖ്യാപനമാണിത്. ബഡ്ജറ്റിലൂടെയും ഇതുതന്നെയാണ് ആവർത്തിക്കപ്പെടുന്നത്. നമ്മുടെ തെരുവോരങ്ങളിൽ സ്ത്രീകൾക്കുവേണ്ടി ശൗചാലയങ്ങൾ പണിയുമെന്ന് കഴിഞ്ഞ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പറഞ്ഞു. പക്ഷെ കേരളത്തിൽ അങ്ങോളമിങ്ങോളം പരിശോധിച്ചാൽ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പറഞ്ഞ ആ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ലെന്ന് കാണാം. അതുപോലെ കേരളത്തിൽ ഹൈടെക് ഫാമിംഗ് സംവിധാനം കൊണ്ടുവരുമെന്ന് കഴിഞ്ഞ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പറഞ്ഞിരുന്നു. കൃഷി വകുപ്പുമന്ത്രി വളരെ ഘോരമായി പ്രസംഗിക്കുകയും ധനകാര്യ വകുപ്പുമന്ത്രി നെഞ്ചത്തടിച്ച് പറയുകയും ചെയ്തിട്ടും കേരളത്തിൽ ആകെ 27 ഹൈടെക് ഫാമിംഗ് സംവിധാനമേ തുടങ്ങിയിട്ടുള്ളൂ. കേരളത്തിൽ ഈ പറയുന്ന സംവിധാനങ്ങൾ ഒന്നുംതന്നെ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. കാരണം കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പോകുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള പല പ്രക്രിയകളും ഇവിടെ പലരും സൂചിപ്പിച്ചു. കോടാനുകോടി രൂപയുടെ കടബാദ്ധ്യതയിലൂടെയാണ് കേരളം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്.

ഇവിടെ റോഡ് നിർമ്മാണ മേഖലയും കുടിവെള്ള വിതരണ മേഖലയും പ്രതിസന്ധിയിലാണ്. കരാറുകാരായിട്ടുള്ള കോൺട്രാക്ടർമാർക്ക് പണം നൽകാത്തതുകൊണ്ട് കുടിവെള്ള സംവിധാനം പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. കടുത്ത വേനലിലൂടെ കേരളം കടന്നുപോകുകയാണ്. നമ്മുടെ പൈപ്പ് ലൈനുകളെല്ലാം പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി പണം അനുവദിക്കാത്തതിനാൽ പൈപ്പ് നന്നാക്കാൻ സാധിക്കുന്നില്ല. റോഡ് നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട കരാറുകാർക്ക് 2300 കോടി രൂപയിലധികം നൽകാനുള്ളതുകൊണ്ട് ഒരു വർക്കുപോലും അവർ ചെയ്യുന്നില്ല. ഇതിനൊക്കെ പുറമെ നെല്ല് സംഭരിച്ചതിന്റെയും മരുന്ന് വാങ്ങിയതിന്റെയും പണം കൊടുത്തുതീർക്കാനുണ്ട്. കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ നെയ്ത്തു തൊഴിലാളികൾ കശുവണ്ടിത്തൊഴിലാളികൾ അങ്ങനെ ഏറ്റവും പരമ്പരാഗതമായ മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഈ നയങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ട് എങ്ങനെ നടപ്പിലാക്കുമെന്ന ആശങ്കയിലാണ്. ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ച, എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച കാര്യം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 5 ബസ്

വാങ്ങാൻ കെ.എസ്.ആർ.ടി.സി. വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എഴുതിക്കൊടുത്തിട്ട് ഒരു വർഷക്കാലമായെങ്കിലും ഇതുവരെ വാങ്ങാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം നാലോ അഞ്ചോ പ്രാവശ്യം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഒരു ബോട്ട് വാങ്ങിക്കാൻ ഏകദേശം ഒന്നേമുക്കാൽ കോടി രൂപ എഴുതിക്കൊടുത്തു. ഈ രണ്ട് ആവശ്യങ്ങൾക്കും മാർച്ച് 31-ാം തീയതിക്ക് മുൻപ് എ.എസ്. വാങ്ങിച്ചില്ലായെങ്കിൽ പണം ലാപ്സായി പോകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുകയാണ്. ഞാൻ കെ.എസ്.ആർ.ടി.സി. എം.ഡി. യോടും വാട്ടർ അതോറിറ്റി ഡയറക്ടറോടും ഇക്കാര്യം സംസാരിച്ചു. അവർ പറഞ്ഞത് അവർ ഫയൽ ധനകാര്യവകുപ്പുമന്ത്രിക്ക് അയക്കുകയും അത് തിരിച്ച് വരികയും വീണ്ടും അയയ്ക്കുകയും ചെയ്യുന്നുവെന്നാണ്. അതിനർത്ഥം എം.എൽ.എ. മാരുടെ ആവശ്യങ്ങൾ പോലും പരിഗണിക്കാൻ കഴിയുന്നത്ര സാമ്പത്തികമായ അവസ്ഥയിലല്ല ഈ ഗവൺമെന്റ് എന്നാണ്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് നിലനിർത്തുവാനും അതുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾക്ക് പരിഹാരം ഉണ്ടാക്കാനും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വിഷയവും സീറോ ലാന്റ് ഉൾപ്പെടെയുള്ള വിഷയങ്ങളും ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. ഭൂമി ലഭ്യമായ ആൾക്കാർ കാസർഗോഡും കണ്ണൂരും പോകുവാൻ നിർബന്ധിതരാകുകയാണ്. ഒരു പ്രദേശത്ത് ജീവിച്ചുവരുന്ന ആളുകളോട് അവിടത്തെ സാഹചര്യങ്ങളിൽനിന്നും ബന്ധുക്കളിൽ നിന്നും വിട്ടുമാറി കാസർഗോഡോ കണ്ണൂരോ പോയി ജീവിക്കാൻ പറഞ്ഞാൽ ബുദ്ധിമുട്ടാണ്. അതുകൊണ്ട് കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന ഈ പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആഴത്തിൽ ചിന്തിച്ച് മാതൃകാപരമായി നടപ്പിലാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ കില നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 37 ലക്ഷം പട്ടികജാതി കുടുംബങ്ങളുണ്ടെന്നാണ് പറയുന്നത്. അതിൽ 9 ലക്ഷം കുടുംബങ്ങൾക്ക് ഭവനം ഇല്ല. 2015-16 കാലഘട്ടത്തിൽ നിർമ്മിക്കപ്പെടാൻ കഴിയാത്ത വീടുകൾ പുനർനിർമ്മിക്കാൻ പ്രത്യേകം പദ്ധതി നടപ്പിലാക്കുമെന്ന് പറയുന്നു. അത് അഭിനന്ദനം അർഹിക്കുന്ന നല്ലൊരു കാര്യമാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത് 9 ലക്ഷം പേർക്ക് വീടില്ലാത്ത അവസ്ഥ കേരളത്തിൽ ഉണ്ടായതിൽ നമുക്ക് രണ്ടുകൂട്ടർക്കും പങ്കുണ്ട്. അതിന് ഒരു പരിഹാരമായിട്ട് വീട് വയ്ക്കാൻ 3 സെന്റ് ഭൂമി വീതമാണ് നൽകുന്നത്. നമുക്കറിയാം മത്സ്യത്തൊഴിലാളികൾ കടലിന്റെ മക്കളാണ്, ആദിവാസികൾ കാടിന്റെ മക്കളാണ്, അതുപോലെ തന്നെ പട്ടികജാതി വർഗ്ഗക്കാർ മണ്ണിന്റെ മക്കളാണ്. അവരാണ് മണ്ണിൽ പണിയെടുത്ത്

നമുക്ക് ആവശ്യമായ അന്നം ഉണ്ടാക്കുന്നത്. അവർക്ക് കൃഷിയിടവും വാസസ്ഥലവും കൊടുക്കണം എന്ന ആവശ്യം കേരളത്തിലുണ്ട്. കേരളത്തിൽ വൻകിട ഭൂമാഫിയാകളുടെ കൈവശം ധാരാളം സ്ഥലമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ തലയോലപ്പറമ്പിൽ 100 ഏക്കർ ഭൂമിയാണ് സന്തോഷ് മാധവൻ എന്ന ഒരു ഭൂമി ഇടപാടുകാരൻ വാങ്ങിച്ചിരിക്കുന്നത്. ഇപ്പോൾ ആ ഭൂമിയുടെ ക്രയവിക്രയം നടക്കുന്നില്ല. ആ ഭൂമിയിൽ കൃഷി ചെയ്യുന്നില്ല. 100 ഏക്കർ സ്ഥലം വാങ്ങിച്ച് വെറുതെയിട്ടിരിക്കുകയാണ്. അതുപോലെ തന്നെ വൻകിട ഭൂമാഫിയകൾ കേരളത്തിൽ ഒരുപാട് സ്ഥലം വാങ്ങി കൂട്ടിയിട്ടിരിക്കുകയാണ്. ഇതെല്ലാം പിടിച്ചെടുത്ത് കൃഷിക്ക് യോഗ്യമാക്കി പാട്ട കൃഷിക്ക് നൽകാനുള്ള സംവിധാനം ഗവൺമെന്റ് ചെയ്യണം. വീട് വയ്ക്കുന്നതിന് മൂന്ന് സെന്റ് ഭൂമി കൊടുക്കുക എന്ന സംവിധാനം കേരളത്തിൽ മാറേണ്ടതാണ്. കാരണം ഇന്ന് ഒരു വീട് വയ്ക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. മണലിനും സിമന്റിനും കമ്പിയ്ക്കും വില വളരെയധികം കൂടി. തമിഴ്നാട്ടിൽ അമ്മ സിമന്റ് എന്ന പേരിൽ 150/-രൂപയ്ക്ക് സിമന്റ് നൽകുമ്പോൾ നമുക്ക് ഒരു ചാക്ക് സിമന്റിന് 470 രൂപയാണ്. ഒരു കിലോ കമ്പിക്ക് 56 രൂപയായി. അങ്ങനെ ഒരോ ഇനത്തിലുമായി ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്നു. ഇവിടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിന് 2

ലക്ഷം രൂപയാണ് നൽകുന്നത്. ഇവിടെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകളായവർക്ക് കൊടുക്കുന്നത് മൂന്നര ലക്ഷം രൂപയാണ്. മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നത് 3 ലക്ഷം രൂപയാണ്. ഇവയെല്ലാം ഏകീകരിച്ച് അഞ്ചുലക്ഷം രൂപ വീതം നൽകാൻ നടപടി സ്വീകരിക്കണം. മറ്റൊന്ന്, വിദ്യാഭ്യാസമേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളേക്കാൾ മുന്നോക്കക്ഷേമ വികസന കോർപ്പറേഷൻ ആ വിഭാഗങ്ങൾക്ക് കൊടുക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവരും നൽകുന്നുണ്ട്. ബാങ്കിംഗ് മേഖലയിൽ ടെസ്റ്റ് എഴുതാൻ പോകാൻ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യം കൊടുക്കുന്നില്ല. റെയിൽവേയുടെ ടെസ്റ്റ് എഴുതാൻ പോകുന്നവർക്കും പി.എസ്.സി. ടെസ്റ്റ് എഴുതാൻ പോകുന്നവർക്കും കൊടുക്കുന്നില്ല. ആകെ നൽകുന്നത് ഗവൺമെന്റ് ചട്ടപ്പടി പ്രകാരമുള്ള യാത്രപ്പടിയാണ്. അത് ഇരുന്നൂറോ ഇരുന്നൂറ്റി അൻപതോ രൂപ മാത്രമാണ്. പക്ഷെ മുന്നോക്ക വികസന കോർപ്പറേഷനും പിന്നോക്ക വികസന കോർപ്പറേഷനും അവരുടെ പരിധിയിൽ വരുന്ന വിദ്യാർത്ഥികൾക്ക് അയ്യായിരം രൂപ വീതം കൊടുക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അത് കൊടുക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്ക് ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സ് വരെ കൊടുക്കുന്ന സ്റ്റൈഫന്റും സ്കോളർഷിപ്പും 250 രൂപ മുതൽ 500 രൂപ വരെയാണ്. എന്നാൽ മേൽപ്പറഞ്ഞ മറ്റ് രണ്ട് കോർപ്പറേഷനുകൾ അവരുടെ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നത് ആയിരം രൂപ വീതമാണ്. സിവിൽ സർവ്വീസ് എക്സാമിന് പോകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി തിരുവനന്തപുരത്ത് ട്രെയിനിംഗ് സെന്റർ ഉണ്ട്. ആ ട്രെയിനിംഗ് സെന്ററിൽ പഠിച്ച ഒരാൾക്കുപോലും ഐ.എ.എസ്. കിട്ടിയതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് ഗവൺമെന്റ് പരിശോധിക്കണം. പക്ഷെ മറ്റുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിന് വെളിയിൽ പോയി പഠിക്കാൻ അൻപതിനായിരം രൂപ വച്ച് കൊടുക്കുന്ന സംവിധാനം ഉണ്ട്. അത് ഈ വിഭാഗത്തിനും കൊടുക്കണം, അക്കാര്യത്തിലൊരു മാറ്റം ഉണ്ടാകണം. പട്ടികജാതി വിദ്യാർത്ഥികൾക്ക് നേരത്തെ കേരളത്തിന് വെളിയിൽ പോയി പഠിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നു, അവർക്ക് സ്റ്റൈഫെന്റും സ്കോളർഷിപ്പും കൊടുത്തിരുന്നുവെങ്കിലും ഇന്ന് അത് നിലനിൽക്കുന്നല്ല. അതുപക്ഷെ മുന്നോക്ക വികസന കോർപ്പറേഷനിലും പിന്നോക്ക വികസന കോർപ്പറേഷനിലും ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൊടുക്കുന്നുണ്ട്. എന്നാൽ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് കാലങ്ങളായി പറഞ്ഞുവരുന്നത് പട്ടികജാതി പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്കാണ് കൂടുതലായി ആനുകൂല്യങ്ങൾ കിട്ടുന്നതെന്നാണ്. ഈ തെറ്റിദ്ധാരണ മാറ്റണം. സുതാര്യത ഉണ്ടാകണമെങ്കിൽ ഇക്കാര്യത്തിൽ ഏകീകരണം ഉണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. ഈ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട തെറ്റധാരണപരമായ വിഷയങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുകയാണ്. ഇത് ജനങ്ങൾക്ക് അംഗീകരിക്കാൻ കഴിയാത്ത ഒരു നയപ്രഖ്യാപനമാണ്. നടക്കാത്ത കാര്യങ്ങൾ നടന്നുവെന്ന് ബഹുമാന്യനായ ഗവർണ്ണറെക്കൊണ്ട് പച്ചയായ കള്ളങ്ങൾ വിളിച്ചുപറയിപ്പിച്ചിരിക്കുകയാണ്. ഇതിനുമുൻപ് നടന്ന പല നയപ്രഖ്യാപനങ്ങളും ബഡ്ജറ്റുകളും പോലെ ഇതും നമുക്ക് യോജ്യമല്ലാത്തതും ജനങ്ങൾക്ക് സ്വീകാര്യമല്ലാത്തതുമായ രീതിയിലാണ്. അതുകൊണ്ടുതന്നെ കേരള ജനത ഈ നയപ്രഖ്യാപനത്തെ തള്ളിക്കളയുകയാണ്. ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയെക്കുറിച്ച് ആക്ഷേപം നിറഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ 13-ാം തീയതിയിലെ ബഡ്ജറ്റ് അദ്ദേഹത്തെക്കൊണ്ട് നടത്തിക്കരുത് എന്നുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആവശ്യം പരിഗണിക്കാൻ മുഖ്യമന്ത്രി ശ്രദ്ധചെലുത്തണമെന്നും നല്ലൊരു സഭാന്തരീക്ഷം ഉണ്ടാക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്നും സൂചിപ്പിച്ചുകൊണ്ട്, ഈ നയപ്രഖ്യാപനത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ശ്രീ. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെ എൽ.ഡി.എഫ്. എതിർത്തു, ബഹിഷ്കരിച്ചു. പക്ഷേ പ്രസംഗത്തിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തു. മാണിസാർ അവതരിപ്പിക്കുന്ന ബഡ്ജറ്റിനേയും എതിർക്കും, അതിനെതിരെ സമരം ചെയ്യും, ബഹിഷ്കരണവും നടത്തും. പക്ഷേ അതിനുശേഷം ചർച്ചയിൽ പങ്കെടുത്ത് പലതും ചോദിക്കും, ചോദിച്ച് വാങ്ങും. ഈ ഇരട്ടത്താപ്പ് വേണോ എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ശാന്തമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രതിപക്ഷം ഭരണകക്ഷിക്കെതിരെ ആഞ്ഞടിക്കുമെന്നൊക്കെ മാധ്യമങ്ങളിലൂടെ കണ്ടു. പക്ഷേ ഇന്നത്തെ ചർച്ച കണ്ടുകഴിഞ്ഞപ്പോൾ നിങ്ങളുടെ ആഞ്ഞടി നനഞ്ഞ പടക്കം പോലെയേയുള്ളൂവെന്ന് എല്ലാവർക്കും ബോദ്ധ്യമായി. എന്റെ സുഹൃത്തായ ശ്രീ. ജി. സുധാകരൻ, വളരെ സരസമായി ഭരണകക്ഷിക്കെതിരെ സംസാരിക്കുന്ന ആളാണ്. ശ്രീ. എ.കെ. ബാലൻ പറഞ്ഞതുകൊണ്ട് ഞാൻ ഇത്രയൊക്കെ പറയുന്നുവെന്ന് മാത്രം പറഞ്ഞ് അദ്ദേഹം അവസാനിപ്പിച്ചു. പ്രതിപക്ഷത്തിന്റെ പ്രകടനത്തിൽ, പ്രതിപക്ഷത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ വലിയ നിരാശയുണ്ടെന്നത് വ്യക്തമാക്കുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗമെന്ന് ഞാൻ ഈ

അവസരത്തിൽ സൂചിപ്പിക്കുന്നു. , അദ്ദേഹത്തിന്റെ പാർട്ടി ചെയർമാൻ എഴുതിക്കൊടുത്തിട്ട് അതുപോലും മുഖ്യമന്ത്രി വകവച്ചില്ലെന്ന് ഞങ്ങളുടെ സുഹൃത്തായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ വളരെ വികാരപരമായി പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പാർട്ടി ചെയർമാൻ എഴുതിത്തന്നത് അങ്ങ് വകവച്ചിരുന്നെങ്കിൽ, അന്ന് അത് പരിഗണിച്ചിരുന്നെങ്കിൽ ഈ അബദ്ധമുണ്ടാകുമായിരുന്നില്ലെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. അന്ന് ഇദ്ദേഹം പാർട്ടിയുടെ പ്രതിനിധി യായി മന്ത്രിസഭയിൽ ഇരിക്കാൻ യോഗ്യനല്ലായെന്നും അദ്ദേഹത്തെ താഴെയിറക്കണമെന്നും പാർട്ടി ചെയർമാൻ പറഞ്ഞു. അദ്ദേഹം സ്പോർട്സ് മന്ത്രിയായിരുന്നു. ആരാണ് സ്പോർട്സ് നന്നായി നടത്തിയെന്നുള്ളതിന് സർട്ടിഫിക്കറ്റ് തരേണ്ടതെന്നതിനെക്കുറിച്ച് അദ്ദേഹത്തിന് വലിയ സംശയം. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ ഭാരവാഹികളോ പ്രസിഡന്റോ പ്രധാനമന്ത്രിയോ അങ്ങനെയൊരു സർട്ടിഫിക്കറ്റ് തന്നാൽ പോര, ശിവൻകുട്ടിയുടെ സർട്ടിഫിക്കറ്റ് തന്നെ വേണമെന്ന് അദ്ദേഹം നിർബന്ധിക്കുമോ; അതാണോ അദ്ദേഹം ഉദ്ദേശിക്കുന്നത്. പ്രതിപക്ഷം വലിയ പ്രതീക്ഷയോടുകൂടിയാണ് നാഷണൽ ഗെയിംസിനെ നോക്കി ക്കണ്ടത്. കോമൺവെൽത്ത് ഗെയിംസ് പോലെ വലിയ

കുംഭകോണ ത്തിന്റെ കഥയാക്കി ഇതിനെ മുന്നോട്ടു കൊണ്ടുപോകാമെന്ന് പ്രതിപക്ഷം കരുതി, അതിനാണ് ശ്രീ. വി. ശിവൻകുട്ടിയും കുറച്ച് കുട്ടികളുമായി കരിങ്കൊടിയുമായി മുഖ്യമന്ത്രിയെയും മറ്റ് എല്ലാവരേയും തടയാനായി ഇറങ്ങിയത്. ഇതൊരു വലിയ കുംഭകോണമാണെന്ന് അന്നുമുതൽ വാതോരാതെ ശിവൻകുട്ടി പ്രസംഗിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടിയുമായി ശ്രീ. ശിവൻകുട്ടിയുൾപ്പെടെയുള്ള ആളുകളിറങ്ങി.

ശ്രീ. വി. ശിവൻകുട്ടി: പോയിന്റ് ഓഫ് ഓർഡർ....... അടിസ്ഥാന രഹിതമായ പ്രസ്താവനയാണ് ബഹുമാനപ്പെട്ട മെമ്പർ ശിവദാസൻ നായർ നടത്തുന്നത്. നാഷണൽ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണിയോ ഞാനോ മുഖ്യമന്ത്രിയെ തടയുകയോ കരിങ്കൊടി കാണിക്കുകയോ ചെയ്തിട്ടില്ല. കരിങ്കൊടി കാണിക്കാൻ തീരുമാനിച്ചാൽ എന്തുവന്നാലും കരിങ്കൊടി കാണിക്കുമെന്ന കാര്യത്തിലും സംശയമില്ല.

ശ്രീ. കെ. ശിവദാസൻ നായർ: ഓരോ സ്റ്റേഡിയം ഉദ്ഘാടനത്തിനും മുഖ്യമന്ത്രി പോകുമ്പോഴും കരിങ്കൊടിയുമായി പിറകേ ഓടുകയാണ്. ആ ഓടുന്ന ആളുകളുടെ പിറകേ ശിവൻകുട്ടിക്ക് ഓടാൻ ഒരു നിവൃത്തിയുമില്ല, എന്നാലും പോകുന്നുണ്ട്. പരമാവധി സ്പീഡിലാണ് കരിങ്കൊടി കാണിക്കാൻ പോകുന്നത്.

കാര്യവട്ടത്തുമാത്രമല്ല എല്ലായിടത്തും കരിങ്കൊടി കാണിച്ചു. നിങ്ങൾ നാണംകെട്ടില്ലേ ശിവൻകുട്ടി. നിങ്ങളുടെ പ്രതീക്ഷ മുഴുവൻ അസ്തമിച്ചില്ലേ? ആരുടെ സർട്ടിഫിക്കറ്റാണ് വേണ്ടതെന്നുള്ളതാണ് ചോദ്യം. From

Sini Markose, Arjuna awardee,

Preeja Sreedharan, Arjuna awardee

To

Hon'ble Sports Minister,
Kerala .

Respected Sir,

Thank you very much for conducting such a splendid National Games on a very short notice. The facilities provided in the games village were much better than the previous edition of Asian Games held in Inchion, South Korea. Our fellow international athletes and officials from other state also shared their positive feedback on the execution of the games and it was a pride moment. Being a Keralite please accept our sincere thanks.

ഇതിൽ കൂടുതൽ എന്ത് സർട്ടിഫിക്കറ്റാണ് വേണ്ടത്? ഇവിടെ ശിവൻകുട്ടിയും കൂട്ടരും ക്യാമറാമാനേയും കൊണ്ട് ഏതെങ്കിലും ഒരു സ്പോർട്സ് താരത്തിന്

സമയത്തിന് ഭക്ഷണം കിട്ടിയോ എന്നു നോക്കി അവിടെയൊക്കെ നടന്നില്ലേ? ഇതിനെതിരെ എന്തെല്ലാം ആരോപണങ്ങൾ ഉന്നയിക്കാൻ കോപ്പുകൂട്ടി നടന്നു. എന്തെങ്കിലും നടന്നോ? ഏറ്റവും ഭംഗിയായി നാഷണൽ ഗെയിംസ് നടത്തിയെന്നുമാത്രമല്ല ഗെയിംസ് നടത്തിയ സ്റ്റേഡിയങ്ങൾ കേരളത്തിന്റെ പൊതുസ്വത്തായി മാറിയെന്നതാണ് അഭിമാനകരമായ നേട്ടം. ആ നേട്ടം ഞങ്ങൾക്ക് ജനങ്ങളോട് പറയാനുണ്ട്. അത് പറഞ്ഞുകൊണ്ട് തന്നെ ഞങ്ങൾ മുന്നോട്ടുപോകും. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ശ്രീ. അബ്ദു സമദ് സമദാനി അവതരിപ്പിച്ച പ്രമേയത്തിൽ ഈ ഗവൺമെന്റിന്റെ വിജയം ഫലസിദ്ധിയുടെ ഉരകല്ലിൽ വച്ച് പരിശോധിക്കണമെന്ന് അദ്ദേഹം പറഞ്ഞു, അതുതന്നെയാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഞങ്ങൾ പട്ടയം കൊടുത്തു, ഇടതുമുന്നണിയും അവരുടെ ഗവൺമെന്റിന്റെ കാലത്ത്, 2006-2011-ൽ 84000 പട്ടയങ്ങൾ കൊടുത്തു. ഞങ്ങൾ ഈ നാല് വർഷക്കാലം കൊണ്ട് 121500 പട്ടയം കൊടുത്തു, ഇനിയും ഒരു വർഷം ബാക്കി കിടക്കുന്നു. ശ്രീ. എ. കെ. ബാലൻ, ഇത് ഞങ്ങളുടെ നേട്ടമായി അങ്ങും അംഗീകരിക്കണ്ടേ. ഞങ്ങൾ സീറോ ലാന്റ്ലെസ് പദ്ധതി കൊണ്ടുവന്നു. കിടപ്പാടമില്ലാത്തവന് ഒരു തുണ്ട് ഭൂമികൊടുക്കാനുള്ള പദ്ധതി. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മുഴുവൻ അപേക്ഷകർക്കും ഞങ്ങൾ ഭൂമി

നൽകിക്കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഞങ്ങൾ ഭൂമി കൊടുത്തുകൊണ്ടിരിക്കുന്നു. ഒരു തുണ്ട് ഭൂമിയില്ലാത്തവന് ഒരു തുണ്ട് ഭൂമി കിട്ടുമ്പോൾ, അവനെയാണ് വരുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ ആശ്രയിക്കുന്നത്. അവന്റെ പ്രാർത്ഥനകളാണ് ഉമ്മൻചാണ്ടി സർക്കാരിന് നാളെകളിൽ ഗുണം ചെയ്യുകയെന്ന് ഞങ്ങൾ കരുതുന്നു. റവന്യൂ വകുപ്പ് ഹാരിസൺ പ്ലാന്റേഷൻ മുതലാളിയുടെ മുമ്പിൽ മുട്ടുമടക്കാതെ അവനെതിരെ കേസെടുക്കുന്നു. ആ കേസിൽ ഹൈക്കോടതിയിൽ നിന്ന് അനുകൂലമായ വിധി സമ്പാദിച്ചു. ഭൂരഹിതരായ ആളുകൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി ഞങ്ങൾ ഭൂമി കണ്ടെത്തുകയാണ്. അന്യായമായി സർക്കാരിന്റെ ഭൂമി കൈവശം വച്ചിരിക്കുന്ന മുതലാളിമാരുടെ കയ്യിൽ നിന്ന് അത് ഏറ്റെടുക്കുവാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കുന്നു. അതാണ് ഞങ്ങൾ ചെയ്യുന്നത്. ഇന്ന് രാവിലെ പക്ഷിപ്പനിയുടെ കാര്യം ശ്രീമതി ജമീലാപ്രകാശം പറയുന്നതുകേട്ടു. ആലപ്പുഴയിലും പത്തനംതിട്ടയിലും പക്ഷിപ്പനി വന്ന് താറാവുകൾ ചത്തൊടുങ്ങി. നഷ്ടം വന്ന മുഴുവൻ കർഷകർക്കും, ഈ ഗവൺമെന്റ് ഒരു രൂപപോലും ബാക്കി വയ്ക്കാതെ നഷ്ടപരിഹാരം കൊടുത്തു. ഇത് ഞങ്ങൾ ഓരോ സാഹചര്യം വരുമ്പോൾ എങ്ങനെ പെരുമാറുന്നുവെന്നതിന്റെ തെളിവാണ്. ശബരിമല സീസൺ വരുന്നതിനുമുമ്പ് ശ്രീ. രാജു എബ്രഹാമിന്റെ ചാനലിലെ ചർച്ച കേട്ടാൽ ഇത് മുഴുവൻ

അവതാളത്തിലാകാൻ പോകുന്നവെന്നായിരുന്നു. എന്തെങ്കിലുമൊരു കുഴപ്പം അവിടെയുണ്ടായോ? ഭംഗിയായി ശബരിമലയിലെ ഉത്സവം സമാപിച്ചില്ലേ? എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തി. ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ വിദേശത്തുനിന്ന് നമ്മുടെ ആളുകളെ മടക്കിക്കൊണ്ടുവരാൻ ഈ ഗവൺമെന്റ് എടുത്ത നടപടി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞു. ഇവിടെ സാധാരണക്കാരിൽ സാധാരണക്കാരായ ആളുകൾക്കുവേണ്ടി അവരുടെ ക്ഷേമപ്രവർത്തനത്തിനുവേണ്ടി, ബുദ്ധിമുട്ട് അനുഭവിക്കുന്നവനുവേണ്ടി, കണ്ണീരൊലിപ്പിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അവരിലാണ് ഞങ്ങൾ പ്രതീക്ഷ അർപ്പിച്ചിരിക്കുന്നത്. അവരുടെ പ്രാർത്ഥനയിലാണ് ഞങ്ങൾ പ്രതീക്ഷ അർപ്പിച്ചിരിക്കുന്നത്. നിങ്ങളോ? നിങ്ങൾ ആരിലാണ് പ്രതീക്ഷ അർപ്പിച്ചിരിക്കുന്നത്. നിങ്ങൾ പ്രതീക്ഷ അർപ്പിച്ചിരിക്കുന്നത് ബിജു രമേശിലും സരിത എസ്. നായരിലുമാണ്. അവരില്ലെങ്കിൽ പിന്നെ നിങ്ങൾക്ക് പറയാനെന്തുണ്ട്? അതുകൊണ്ട് തന്നെ സരിത. എസ്. നായരുടെ ആരോപണങ്ങൾ ഇങ്ങനെ ലൈംലൈറ്റിൽ നിർത്തുന്നതിനുവേണ്ടി ഓരോ ദിവസവും ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ള മുൻനിര നേതാക്കന്മാർ തന്നെ വന്ന് മൊഴി കൊടുക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. മാത്യു റ്റി. തോമസും ഒരു തെളിവ്

കൊടുത്തു. എന്തായിരുന്ന തെളിവ് എന്നറിയാമോ; മുല്ലപ്പെരിയാർ ഡാം പൊട്ടുമെന്നുള്ള ഭീഷണി ഉണ്ടായി. മുല്ലപ്പെരിയാർ ഡാം പൊട്ടി വരികയാണെങ്കിൽ ഡാമിൽ താഴെ സ്ഥലം കിട്ടുന്നതിനുവേണ്ടി ഡാം തുറന്നുവിട്ടു. അത് സരിതയെ സഹായിക്കാൻ വേണ്ടിയായിരുന്നുവെന്ന് കണ്ടുപിടിച്ചിരിക്കുന്നു. മാത്യു റ്റി. തോമസ് അത് കണ്ടുപിടിച്ചിരിക്കുന്നു. എത്ര ബാലിശമായ ആരോപണങ്ങളാണ് നിങ്ങൾ ഓരോ ദിവസവും ഉന്നയിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ; ഇത്രയും വിലകുറഞ്ഞ അഴിമതിയാരോപണങ്ങൾ നിങ്ങൾ ഓരോരുത്തർ ക്കെതിരെയും ഉന്നയിക്കുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം. എല്ലാ രാഷ്ട്രീയക്കാരും കൊള്ളക്കാരാണ് എന്നുള്ള മെസ്സേജാണ് പൊതുജനങ്ങൾക്ക് നിങ്ങൾ കൊടുക്കുന്നത് എന്നുള്ള യാഥാർത്ഥ്യം മറക്കരുത്. ഏതു ധനകാര്യവകുപ്പുമന്ത്രിയാണ് റവന്യൂ റിക്കവറി നടപടിക്ക് സ്റ്റേ കൊടുക്കാത്തത്; ഡോ. ടി. എം. തോമസ് ഐസക് സ്റ്റേ കൊടുത്തിട്ടില്ലേ; ആരൊക്കെ കൊടുത്തിട്ടുണ്ട്; പക്ഷേ അവിടെയെല്ലാം ........

ശ്രീ. എ. എം. ആരിഫ്: സർ, പോയിന്റ് ഓഫ് ഓർഡർ..... അന്വേഷണ കമ്മീഷന്റെ മുമ്പിലിരിക്കുന്ന കേസ്സിലെ പ്രതിയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുന്നത് ഓർഡറിലാണോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. എ. എം. ആരിഫിന് നൊന്തു. അദ്ദേഹം ചാനലുകളിൽ ഇതെല്ലാം പറയുന്നതിന് കുഴപ്പമില്ല. ഇത്ര വില കുറഞ്ഞ ആരോപണം പോലും ഉന്നയിക്കാൻ ഒരു മടിയുമില്ല എന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ചാനലിൽ പറഞ്ഞ കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. ഒരു മടിയുമില്ല. ഇവിടെ വന്ന് ഓരോരുത്തർക്കുമെതിരെ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. റവന്യൂ വകുപ്പുമന്ത്രി റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ കൊടുത്തുവെന്നതാണ് പ്രശ്നം. റവന്യൂ റിക്കവറി അല്ലെങ്കിൽ ടാക്സിലെ കുടിശ്ശിക ഈടാക്കുന്നതിന് സ്റ്റേ കൊടുത്തത് ആദ്യത്തെ സംഭവമാണോ; എത്രയോ ധനകാര്യവകുപ്പുമന്ത്രിമാർ ഇവിടെ ഉണ്ടായിരുന്നു. ഏതെങ്കിലുമൊരു ധനകാര്യ വകുപ്പുമന്ത്രി സ്റ്റേ കൊടുക്കാതിരുന്നിട്ടുണ്ടോ; അതിനെതിരെ ആരോപണമുന്നയിക്കുകയാണ്. ബിജു രമേശിന്റെ കാര്യമാണ് - ഞങ്ങൾ രാജ്യത്ത് മദ്യമൊഴുക്കുകയാണ് എന്ന് പറയുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 152 ബാറുകൾക്ക് ലൈസൻസ് കൊടുത്തു. 152 ബാറുകൾക്ക് ലൈസൻസ് കൊടുത്തതുമാത്രമല്ല നേരത്തേ ലൈസൻസ് കൊടുത്തിരുന്ന ബാറുകൾക്ക് ഒരു വർഷമായിരുന്നു ലൈസൻസിന്റെ കാലാവധി. മുഴുവൻ ബാറുകൾക്കും പുതുക്കേണ്ടാത്ത രീതിയിൽ ഇൻഡെഫിനിറ്റായി ലൈസൻസ് കൊടുത്ത ആളുകളാണ് നിങ്ങൾ. ഞങ്ങൾ

അഴിമതിക്കാരാണ് എന്ന് നിങ്ങൾ ഞങ്ങളെ നോക്കി പറയുന്നു. ഞങ്ങൾ 418 ബാറുകൾ ഒറ്റയടിക്ക് പൂട്ടി. എന്നിട്ടും ഞങ്ങൾ അഴിമതിക്കാരാണ് എന്ന് ഞങ്ങളുടെ മുഖത്തുനോക്കി പറയുന്നു. ഞങ്ങളാണ് മദ്യമുതലാളിമാരുടെ ആളുകൾ എന്നുപറയുന്നു. ജനങ്ങളുടെ മുമ്പാകെ പറയുമ്പോൾ ജനങ്ങൾ ഇത് ഏതുതരത്തിൽ എടുക്കുമെന്നതിനെക്കുറിച്ച് നിങ്ങളും മനസ്സിലാക്കണം. ബിജു രമേശിന്റെ ബാർ പൂട്ടിച്ചു. ആ ബിജു രമേശ് ഉയർത്തുന്ന ആരോപണങ്ങൾ എടുത്തുകൊണ്ട് പരിപാവനമായ ഈ അസംബ്ലിയുടെ സമയം മെനക്കെടുത്തുന്ന ഇടതുപക്ഷത്തിന്റെ പാപ്പരത്തം ജനങ്ങൾ തിരിച്ചറിയുമെന്ന് നിങ്ങൾ മനസ്സിലാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്....അദ്ദേഹത്തിന്റെ സമയം കഴിഞ്ഞു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ബിജു രമേശിന്റെ ആരോപണങ്ങൾ പൊക്കിയെടുത്തുകൊണ്ടുവന്ന് അതാണ് ഏറ്റവും മഹാകാര്യമെന്ന് പറയുന്നു. ഇവിടെ എത്രയോ ചർച്ച ചെയ്തതാണ്. എഫ്.ഐ.ആർ. എന്തുകൊണ്ട് രജിസ്റ്റർ ചെയ്തു; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിന്റെ സാഹചര്യം സുപ്രീംകോടതിയുടെ ഒരു വിധിയാണ്. ആ വിധിയുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. പോലീസ് ഇൻവെസ്റ്റിഗേഷൻ നടക്കുന്നു. പോലീസ് ഇൻവെസ്റ്റിഗേഷൻ നടക്കുമ്പോൾ അതിനകത്ത് ഓരോ ദിവസവും മൊഴി കൊടുക്കുന്നുവെന്ന് പറഞ്ഞ്

ചാനലുകളിൽ ചർച്ചയാണ്. കാരണം ഇതൊരു കോഴ ഗവൺമെന്റാണ് എന്ന് വരുത്തിത്തീർക്കണ്ടേ; പുതിയതായി എന്തെങ്കിലും ഒരു ആരോപണം ആ സംഭവത്തെ സംബന്ധിച്ച് കൊണ്ടുവരാൻ നിങ്ങൾക്ക് ആർക്കെങ്കിലും കഴിഞ്ഞോ; ബിജു രമേശിന് കഴിഞ്ഞോ; ആർക്കെങ്കിലും കഴിഞ്ഞോ; ഇപ്പോഴും അതിന്റെ പേരിൽ ധനകാര്യവകുപ്പുമന്ത്രി രാജിവയ്ക്കണം എന്നുപറഞ്ഞുകൊണ്ട് പതിമൂന്നാം തീയതി വലിയ ഏതാണ്ടൊക്കെ നടക്കുമെന്ന് നിങ്ങൾ പറയുകയാണ്. ഒരുപാട് കാര്യങ്ങൾ നടക്കുമെന്നാണ് നിങ്ങൾ പറയുന്നത്. പതിമൂന്നാം തീയതി എന്തു നടക്കും; പത്രക്കാർ ചോദിക്കുന്നു എന്ത് നടക്കും; ജനങ്ങൾ ചോദിക്കുന്നു എന്ത് നടക്കും; ഇങ്ങനെ ആകാംക്ഷാഭരിതമായ രീതിയിൽ നിങ്ങൾ ഒരുപാട് സമരങ്ങൾ, ശ്രീ. ഇ. പി. ജയരാജൻ നിങ്ങൾ നടത്തിയിരുന്നില്ലേ; സെക്രട്ടേറിയറ്റിന്റെ നടയിൽ ശ്രീ. ഇ. പി. ജയരാജൻ നിങ്ങളുടെ തടിയും തണ്ടും കണ്ട് ഇതെല്ലം ഇപ്പോൾ തകരുമെന്ന് ജനങ്ങളെല്ലാം വിചാരിച്ചു. ഞങ്ങളെല്ലാവരും ഇതെല്ലം ഇപ്പോൾ തകരുമെന്ന് വിചാരിച്ചു. 'അമ്മേ ഞങ്ങൾ പോകുന്നു, കണ്ടില്ലെങ്കിൽ കരയരുത്' എന്നുപറഞ്ഞ് പാടിക്കൊണ്ട് കാസർഗോഡ് നിന്നും കണ്ണൂരിൽ നിന്നും ട്രെയിനിൽ കയറി ആളുകൾ സമരത്തിന് ഇങ്ങോട്ട് വരികയാണ്. 'അമ്മേ ഞങ്ങൾ പോകുന്നു, കണ്ടില്ലെങ്കിൽ കരയരുത്' എന്തൊരു പാട്ടായിരുന്നു. എന്തൊരു ധീരമായ

സമരപരിപാടിയായിരുന്നു. ഇവിടെ വന്ന് രണ്ടാമത്തെ ദിവസം ആരുമറിയാതെ തലയിൽ മുണ്ടിട്ടുകൊണ്ട് തിരികെ മടങ്ങിയ കഥ ഞങ്ങൾക്കറിയാം. പക്ഷേ ഇപ്പോൾ പറയുന്നു പതിമൂന്നാം തീയതി നടക്കുമെന്ന്. പതിമൂന്നാം തീയതി നടക്കും. പവനായി കേരളത്തിലേക്ക് വന്നു. പവനായിയുടെ പെട്ടി പരിശോധിച്ചപ്പോൾ വേദനയില്ലാതെ കൊല്ലാനുള്ള ആയുധം, വേദനയോടെ കൊല്ലാനുള്ള ആയുധം, റിവോൾവർ, കത്തി, കുന്തം, കുറുവടി അങ്ങനെ എന്തെല്ലാമുണ്ടായിരുന്നു. അവസാനമായി പവനായി ശവമായിപ്പോയില്ലേ; അതുപോലെ പതിമൂന്നാം തീയതിയും നിങ്ങളുടെ സമരം വെറും ഒരു സമരാഭാസമായി അവസാനിക്കുമെന്നതിൽ ആർക്കും ഒരു തർക്കവുമില്ല. അതാണ് ഉണ്ടാകാൻ പോകുന്നത്. ഇവിടെ ഞങ്ങൾ ആശ്രയിക്കുന്നത് ഭൂമി കിട്ടാനുള്ളവന് ഭൂമി കൊടുത്ത പാവപ്പെട്ടവനെയാണ്. ഈ ഗവൺമെന്റിന്റെ ക്ഷേമപദ്ധതികളുടെ പ്രയോജനം കിട്ടിയ ആളുകളെയാണ് ഞങ്ങൾ ആശ്രയിക്കുന്നത്. ഇൻഫോപാർക്കിന്റെയും ടെക്നോപാർക്കിന്റെയും വികസനത്തിലൂടെ ജോലി ലഭിച്ച സാധാരണക്കാരനെയാണ് ഞങ്ങൾ ആശ്രയിക്കുന്നത്. അതുപോലെ തന്നെ സ്റ്റാർട്ട് അപ്പ് വില്ലേജിൽ നിന്ന് തൊഴിലിന് അവസരം ലഭിച്ചയാളുകളെയാണ് ഞങ്ങൾ ആശ്രയിക്കുന്നത്. സാമൂഹ്യവിരുദ്ധന്മാരായ ചിലയാളുകളെയാണ് നിങ്ങൾ ആശ്രയിക്കുന്നത് എന്ന

കാര്യം മറക്കരുത് എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ബി.ജെ.പി.യെ എതിർക്കാൻ ഞങ്ങളുടെ മുഖത്തുനോക്കിയാണ് ചോദിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെല്ലാം നടത്തിയ കോൺഗ്രസ് വിരുദ്ധ പ്രചരണങ്ങൾ നിങ്ങളെ സഹായിച്ചോ; നിങ്ങളുടെ സ്പെയ്സ് നഷ്ടമായില്ലേ; കോൺഗ്രസ് വിരുദ്ധ പ്ലാറ്റ്ഫോമിൽ നിന്നും നിങ്ങൾ ഇപ്പോഴും മാറിയിട്ടില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. ഡൽഹിയിൽ നാല് നിയോജക മണ്ഡലങ്ങളിൽ നിങ്ങൾ മൽസരിച്ചു. നാല് നിയോജകമണ്ഡലങ്ങളിൽ നിന്നും നിങ്ങൾക്ക് ലഭിച്ചത് 1200 വോട്ടാണ്. ആം ആദ്മി പാർട്ടിയെ (AAP) ബാക്കി 66 നിയോജകമണ്ഡലങ്ങളിലും പിന്തുണച്ചുവെന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങളുടെ കൂടി പിന്തുണയോടുകൂടിയാണ് കെജ്രിവാൾ മുഖ്യമന്ത്രിയായത് എന്ന് നിങ്ങൾ പറഞ്ഞില്ലേ; 1200 വോട്ട് നാല് നിയോജകമണ്ഡലങ്ങളിൽ നിന്നും ലഭിച്ചുവെങ്കിൽ 66 മണ്ഡലങ്ങളിൽ AAP-നെ എത്രമാത്രം സഹായിച്ചുവെന്ന കണക്കിന് പാഴൂർപ്പടിവരെ പോകേണ്ടതുണ്ടോ എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. നിങ്ങൾ ഇപ്പോഴും കോൺഗ്രസ് വിരുദ്ധ പ്ലാറ്റ്ഫോമിൽ ആണ് നിൽക്കുന്നത്. നിങ്ങൾ അബദ്ധങ്ങൾ ഉന്നയിച്ച്, അഴിമതിയാരോപണങ്ങൾ ഉന്നയിച്ച് കോൺഗ്രസിനെ നീക്കം ചെയ്യാൻ ശ്രമിക്കുന്നു. കേരളത്തിലും അതിനുവേണ്ടിയാണ് പരിശ്രമിക്കുന്നത്. പക്ഷേ ആ സ്പെയ്സ്

നിങ്ങൾക്ക് ഒരുപക്ഷേ നഷ്ടമായേക്കും. ആ സ്പെയ്സ് കിട്ടാൻ പോകുന്നത് മറ്റുചില ആളുകൾക്കായിരിക്കും എന്ന യാഥാർത്ഥ്യവും നിങ്ങൾ ഉൾക്കൊള്ളണ മെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

കോൺഗ്രസ്സിനെ തിരുത്താൻ ആളുണ്ടോയെന്ന് ഇവിടെ ശ്രീ. ജി. സുധാകരൻ പറഞ്ഞു. എ.കെ.ജി.യുടെയും സുന്ദരയ്യയുടെയും സുർജിത്തിന്റെയുമൊക്കെ മാർക്സിസ്റ്റ് - കമ്മ്യൂണിസ്റ്റ് പാർട്ടി അഖിലേന്ത്യാ സെക്രട്ടറി പോളിറ്റ് ബ്യൂറോ കൂടി തീരുമാനമെടുത്ത് മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയെ എവിടെക്കൊണ്ടെത്തിച്ചു എന്നതിനെ സംബന്ധിച്ച് നിങ്ങൾ ആലോചിക്കുക. അവസാനം കേരളത്തിൽ മാത്രം അവശേഷിക്കുന്ന ഒരു പാർട്ടിയായി നിങ്ങൾ മാറിയിരിക്കുന്നു. നിങ്ങളെ തിരുത്താൻ ആരുണ്ട്; ഈ പാർട്ടിയുടെ സ്ഥാപക നേതാവിനെത്തന്നെ പടിയടച്ച് പിണ്ഡം വയ്ക്കാനായി നിൽക്കുന്ന നിങ്ങളെ തിരുത്താൻ ആരാണുള്ളത് എന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കു. നിങ്ങൾ ഞങ്ങളുടെ മുഖത്തുനോക്കി ഞങ്ങളെ തിരുത്താൻ ആരുണ്ട് എന്നാണ് ചോദിക്കുന്നത്. പക്ഷെ അതുകൊണ്ട് നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ ആലോചിക്കുക. നിങ്ങൾ നിങ്ങളെത്തന്നെ തിരുത്താൻവേണ്ടി ഇനിയെങ്കിലും ആലോചിക്കുക എന്നുമാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. കെ. ശിവദാസൻ നായർ: സർ, നിങ്ങൾ നടത്തുന്ന ഈ സമരാഭാസങ്ങൾ കേരള ജനതയ്ക്ക് മടുത്തുവെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡിംഗ് സ്പീച്ചിന് സമയം കൂടുതൽ കൊടുക്കുക സ്വാഭാവികമല്ലേ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, അതുകൊണ്ടുതന്നെ ഈ പതിമൂന്നാം തീയതി ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കും. അതിനെ യാതൊരു കാരണവശാലും നിങ്ങൾക്ക് തടയാൻ സാദ്ധ്യമല്ല എന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എ. എം. ആരിഫ്: അന്വേഷണ കമ്മീഷന്റെ പരിധിയിലിരിക്കുന്ന വിഷയത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചത് ഓർഡറിലാണോ അല്ലയോ എന്ന് അങ്ങ് പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പറയാം.

ശ്രീ. എസ്. ശർമ്മ: സർ, ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ ശ്രീ. എം. പി. അബ്ദു സമദ് സമദാനി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഒരു നയരഹിത

നയം എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാവുന്ന ഒരു പ്രഖ്യാപനമാണിത്. ബഹുമാനപ്പെട്ട എം. പി. അബ്ദു സമദ് സമദാനി അദ്ദേഹത്തിന്റെ ഭാഷാ ചാതുര്യമുപയോഗിച്ച് കുറെ കാര്യങ്ങളൊക്കെ ആസ്വാദന രീതിയിൽ ഇവിടെ അവതരിപ്പിച്ചു. ആം ആദ്മി പാർട്ടിയുടെ വരവും ഗാന്ധിജിയെ ഉദാഹരിച്ചുകൊണ്ടുമൊക്കെ പറഞ്ഞു. പക്ഷെ ഏറ്റവും ശ്രദ്ധേയമായത്, ഇന്നത്തെ ഇന്ത്യയിലെ ഗൗരവകരമായ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ഒരു വാക്കുപോലും ഈ നയത്തിലില്ല എന്നതാണ്. ഗാന്ധിജിയെക്കുറിച്ച് പറഞ്ഞ ശ്രീ. എം. പി. അബ്ദു സമദ് സമദാനി ഗാന്ധി ഘാതകരെക്കുറിച്ച് ഒരു വാക്കും പറഞ്ഞില്ല. ഗാന്ധി ഘാതക രാഷ്ട്രീയത്തെക്കുറിച്ച് ഇന്ന് ഇന്ത്യയിൽ പ്രകടമായി പ്രതിഫലിക്കുന്ന ഹിന്ദുത്വ രാഷ്ട്രീയത്തെ അടിസ്ഥാനമാക്കുന്ന ഒരു ആപത്കരമായ സ്ഥിതി വിശേഷത്തെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. അത് ശ്രീ. എം. പി. അബ്ദു സമദ് സമദാനി പറഞ്ഞില്ലെന്ന് മാത്രമല്ല, ഈ നയപ്രഖ്യാപനത്തിൽ ഒരു സ്ഥലത്തുമില്ല. ഇതിനകത്ത് ഒരു ഒളിച്ചുകളിയുണ്ട്. ഗവർണ്ണർക്ക് എഴുതിക്കൊടുത്തിട്ട് അദ്ദേഹം വെട്ടിമാറ്റിയ താണെങ്കിൽ അങ്ങനെ പറയാം. അല്ലാതെ എഴുതിക്കൊടുക്കാതെ ഗവർണ്ണറെ തൃപ്തിപ്പെടുത്താൻ വേണ്ടി ചെയ്തതാണെങ്കിൽ അങ്ങനെയും പറയാം. ഏതായാലും ഒരു കാര്യം ഉറപ്പാണ്, നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷതയെ

സംബന്ധിച്ച് ഒരു വാക്കും ഇല്ലാത്ത ഒരു നയപ്രഖ്യാപനം ഈ നാടിന്റെ ചരിത്രത്തിലെ ആദ്യത്തെ നയപ്രഖ്യാപനമാണിത്. 2014 ജനുവരി മൂന്നാം തീയതി ശ്രീ. നിഖിൽ കുമാർ നടത്തിയ നയപ്രഖ്യാപനത്തിൽ മതനിരപേക്ഷതയെക്കുറിച്ച് ഒരു വാചകമെങ്കിലും പറഞ്ഞിട്ടുണ്ടായിരുന്നു- "നമ്മുടെ രാജ്യത്തെ മതനിരപേക്ഷതയുടെ ചട്ടക്കൂടിനുമേൽ ഭീഷണി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിഷമഘട്ടമാണ് ഇത് എന്നുള്ളത് വീണ്ടും ഓർക്കുന്നത് നന്നായിരിക്കും" . ഇത് കഴിഞ്ഞ പ്രാവശ്യത്തെ നയപ്രഖ്യാപനത്തിലുള്ളതാണ്. ഇത് ആർക്കുവേണ്ടി, ഗവർണ്ണർക്ക് വേണ്ടി ഒഴിവാക്കിയതാണോ; ബി.ജെ.പി.ക്കുവേണ്ടി ഒഴിവാക്കിയതാണോ; അല്ലെങ്കിൽ നിങ്ങളുടെ സൗകര്യത്തിനുവേണ്ടി ഒഴിവാക്കിയതാണോ; ഇന്ത്യ ഇന്ന് നേരിടുന്ന അസാധാരണമായ ഒരു സവിശേഷ രാഷ്ട്രീയ സാഹചര്യത്തിന്റെ ആപത്തിനെക്കുറിച്ച് ഭാരതത്തിലെ ന്യൂനപക്ഷവും ജനസമൂഹവും മതനിരപേക്ഷവാദികളും അങ്ങേയറ്റത്തെ ഉത്കണ്ഠയോടുകൂടി ചിന്തിക്കുകയും ആകാംക്ഷയോടുകൂടി നിലപാട് സ്വീകരിക്കുകയുമെല്ലാം ചെയ്യുന്ന സന്ദർഭത്തിൽ അതിനെക്കുറിച്ച് ഒരു വാക്കുപറയാൻ, എന്തുകൊണ്ടാണ് ഈ ഒളിച്ചുകളിക്ക് ഇങ്ങനെയൊരു സാഹചര്യമുണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മറുപടി പറയുന്ന സാഹചര്യത്തിൽ എന്തുകൊണ്ട് വിട്ടുകളഞ്ഞുവെന്ന കാര്യം

പറയുന്നത് നന്നായിരിക്കും. നമ്മുടെ ഈ പ്രപഞ്ചം നിലകൊള്ളുന്നത് ആകാശം, ഭൂമി, ജലം എന്നീ മൂന്ന് തൂണുകളിലായാണ്. ഇവ മൂന്നും പരദേശിക്ക് പരവതാനി വിരിക്കുന്ന നയമാണ് രാജ്യത്തെ ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കടലിന്റെ കാര്യത്തിൽ മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് വന്നതോടുകൂടി വിദേശ ട്രോളിംഗ് വെസ്സലുകൾക്ക് തീറെഴുതിക്കൊടുക്കുന്ന സ്ഥിതി വരികയും കടൽ പരദേശിക്ക് ഉറപ്പാക്കുകയും ചെയ്യുന്ന നയം വന്നുകഴിഞ്ഞു. കര - നമ്മുടെ റെയിൽവേയും മറ്റു കാര്യങ്ങളെല്ലാം പ്രൈവറ്റൈസേഷനിലേക്കും നവരത്ന സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിലേയ്ക്കും വന്നുകഴിഞ്ഞു. ആകാശം - എയർ ബസ്സുകളെല്ലാം പ്രൈവറ്റൈസ് ചെയ്യുന്ന നയം വന്നുകഴിഞ്ഞു. ഈ പ്രപഞ്ചത്തെത്തന്നെ വിൽപ്പന നടത്തുന്ന ആപത്കരമായ ഒരു സാമ്പത്തിക നയം ഇവർ തുടരും. ഡോ. മൻമോഹൻ സിംഗിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും ചെയ്തിരിക്കുന്നുവെന്ന് വിമർശിക്കാനുള്ള ധാർമ്മിക അവകാശം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ് പാർട്ടിക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്നതാണ് ഇന്നത്തെ പ്രത്യേക സാഹചര്യം. മീനാകുമാരിയുടെ കാര്യം മാറ്റിവെച്ചാൽ ബാക്കിയൊക്കെ ഈ ഗവൺമെന്റ് നേരത്തെ തുടങ്ങിവച്ചതാണ്. മുമ്പ് കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയത്തെ ഇടതുപക്ഷ സ്വാധീനമില്ലാത്ത സ്ഥലങ്ങളിൽ മതനിരപേക്ഷ

ജനാധിപത്യ പാർട്ടികളും മറ്റു പാർട്ടികളും ഉപയോഗപ്പെടുത്തി അധികാരത്തിലെത്തി. രാഷ്ട്രീയമായ നിരീക്ഷണത്തിലെത്തിയാൽ സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ ഒരു നാണയത്തിന്റെ രണ്ട് വശമാണ് കോൺഗ്രസ്സും ബി.ജെ.പി.യും. ബി.ജെ.പി.യുടെ സാമ്പത്തിക നയത്തെ ജനങ്ങൾ എതിർക്കുമ്പോൾ അത് ഉപയോഗപ്പെടുത്തി കോൺഗ്രസ്സിന് തിരിച്ചുവരാൻ മുമ്പ് കഴിഞ്ഞിരുന്നു. ഇനി ഭാവിയിൽ ഇത് സാദ്ധ്യമാണോയെന്ന് പറയാൻ കഴിയില്ല. കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തെയും വിലക്കയറ്റത്തെയും പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിനെയും സ്വകാര്യവൽക്കരണത്തെയും രാജ്യത്ത് ഏറ്റവും ആപത്കരമായ സ്ഥിതി വിശേഷം തുടർന്നുവന്ന സാഹചര്യത്തെയും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ബി.ജെ.പി. ഇന്ത്യയിൽ അധികാരത്തിൽ വന്നത്. എന്നാൽ കോൺഗ്രസ് വിരുദ്ധവും ബി.ജെ.പി. വിരുദ്ധവുമായ ഒരു രാഷ്ട്രീയത്തിന്റെ സ്പേസ് ദേശീയ രാഷ്ട്രീയത്തിൽ വ്യത്യസ്ത രൂപത്തിൽ ഇപ്പോൾ റിഫ്ലക്ട് ചെയ്യുകയാണ്. അതിന് ഉദാഹരണമാണ് ആം ആദ്മി പാർട്ടി ഡൽഹിയിൽ വന്നത്. യഥാർത്ഥത്തിൽ ഞങ്ങൾക്ക് അവിടെ വോട്ട് കുറഞ്ഞതിനെക്കുറിച്ച് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ വിമർശനാത്മകമായി കളിയാക്കുകയുണ്ടായി. ഞങ്ങൾക്ക് അവിടെ വോട്ട് കിട്ടാൻ വോട്ട്

ഉണ്ടായിട്ടുവേണ്ടേ; വളരെ ചുരുക്കം വോട്ടേയുള്ളൂ അവിടെ. പ്രശ്നമെന്താണെന്നു വച്ചാൽ, ഇവിടെ ഗവർണ്ണറായിരുന്ന ബഹുമാന്യയായ ഷീലാ ദീക്ഷിത് നീണ്ട 15 വർഷക്കാലം ഡൽഹി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. പിന്നീട് അവിടെ തെരഞ്ഞെടുപ്പിലൂടെ ഒരു പ്രത്യേക ഇൗഗവൺമെന്റ് വന്നു. പിന്നെ രാജിവച്ചു, മാറ്റിവച്ചു, പുതിയ ഗവൺമെന്റ് വന്നു, ബി.ജെ.പി. അതിന്റെ എല്ലാ സ്വഭാവത്തോടുംകൂടി രാജ്യത്ത് മുടിയഴിച്ചു തുള്ളി. അരങ്ങ് ഒരുങ്ങി വലിയ പ്രതാപിയായി ശ്രീ. നരേന്ദ്ര മോദി നിൽക്കുന്നു. ആ ബി.ജെ.പി.യ്ക്കും **കിഴക്കായി** അവിടെ ഇതുവരെ ഭരിച്ചുകൊണ്ടിരുന്ന കോൺഗ്രസ്സിനും, ഞങ്ങൾ ജയിക്കുമെന്ന് പ്രതീക്ഷിച്ചിട്ടല്ല, ഉള്ള ചില സ്ഥലങ്ങളിലൊക്കെ നിർത്തിനോക്കി അത്രയേയുള്ളൂ. അതിനേക്കാൾ അപ്പുറത്തൊന്നുമില്ല. പക്ഷെ അങ്ങനെ വിമർശിക്കുമ്പോൾ നിങ്ങൾ സ്വയം കാണേണ്ട ഒരു കാര്യമുണ്ട്. ദീർഘകാലമായി ഡൽഹി ഭരിച്ചുകൊണ്ടിരുന്ന...... ബി.ജെ.പി. വന്നതിനെത്തുടർന്ന് സ്വീകരിച്ച നയത്തോട് ജനങ്ങൾ...... ഈ ഡൽഹി സംസ്ഥാനത്തിന് പ്രത്യേകതയുണ്ട്. കേരളം, ബംഗാൾ, ത്രിപുര തുടങ്ങി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ആളുകൾ താമസിക്കുന്ന പ്രത്യേകത ആ പ്രദേശത്തിനുണ്ട്. ഇന്ത്യയുടെ ഫേയ്സാണ് ഡൽഹി എന്നുപറയുന്നത്. അങ്ങനെ ബി.ജെ.പി.ക്ക് എതിരായിട്ടുള്ള ട്രെൻഡ് എന്തുകൊണ്ട്

കോൺഗ്രസ്സിന് അനുകൂലമായില്ല. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയും കേരളത്തിൽ നിന്നും അവിടെ ഇലക്ഷൻ പ്രചരണത്തിന് പോയല്ലോ; അതാത് പാർട്ടിയുടെ ആളെന്ന നിലയിൽ രാഷ്ട്രീയ ക്യാംപെയിനിന് പോകേണ്ടിവരും. പക്ഷെ ഇവിടെ നിങ്ങൾ ആലോചിക്കേണ്ട കാര്യം, എന്തുകൊണ്ട് ബി.ജെ.പി. അതിന്റെ സർവ്വ പ്രതാപവും ഉപയോഗിച്ച് പ്രചരണം കൊടുത്തിട്ടും അവർക്കെതിരായി രൂപംകൊണ്ട വികാരം കോൺഗ്രസ്സിന് അനുകൂലമായില്ല? ലെഫ്റ്റിന് അനുകൂലമാകാൻ അവിടെ ലെഫ്റ്റ് ഒരു ഫോഴ്സല്ല. ഒരു പാർട്ടിക്ക് അനുകൂലമാകണമെന്ന് ഒരു രാജ്യത്തെ ജനങ്ങൾക്ക് തോന്നണമെങ്കിൽ അവർ ഒരു ഫോഴ്സാണെന്ന വിശ്വാസം ജനങ്ങൾക്കുണ്ടാകണം. അവിടെ അതില്ല. ആ ദൗർബല്യം ഞങ്ങൾക്കുണ്ട്. അത് ശരിയാണ്. പക്ഷെ ഈ ദൗർബല്യത്തെ നിങ്ങൾ ഗൗരവത്തോടുകൂടി കണ്ടില്ലെങ്കിൽ ബി.ജെ.പി. വിരുദ്ധ സാഹചര്യത്തെ, രാഷ്ട്രീയ പ്രശ്നങ്ങളെ സത്യസന്ധമായി വിലയിരുത്തുന്നതിൽ നിങ്ങൾ പരാജയപ്പെട്ടാൽ ഇനി തുടർന്നും അധികാരത്തിലേക്ക് പൂർവ്വാധികം ശക്തിയോടുകൂടി വരാം എന്ന് കണക്കാക്കുന്നത് അസ്ഥാനത്തായിരിക്കും. ആ കാര്യം നിങ്ങൾ പ്രത്യേകം ഓർക്കുന്നത് നന്നായിരിക്കും. ഇടതുപക്ഷ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ലോക്സഭാ തിരഞ്ഞെടുപ്പിൽ തിരിച്ചടിയാണുണ്ടായത്. വോട്ടും സീറ്റും കുറഞ്ഞു.

സി.പി.എം.-ന്റെ പോളിറ്റ് ബ്യൂറോയും കേന്ദ്ര കമ്മിറ്റിയുമെല്ലാം സ്വയം വിമർശനപരമായി നടത്തിയിട്ടുള്ള പ്രമേയം ഞങ്ങളുടെ വൈബ്സൈറ്റിലുണ്ട്. ജനങ്ങളുമായുള്ള ബന്ധത്തിൽ അകൽച്ച സംഭവിച്ചിട്ടുണ്ടെന്നും ആ കുറവ് എങ്ങനെ പരിഹരിക്കാമെന്നുള്ളതുമാണ്. ജനങ്ങൾക്കിടയിൽ ജീവിക്കുകയും, അവർക്കുവേണ്ടി ചിന്തിക്കുകയും, പ്രവർത്തിക്കുകയും അവർക്കുവേണ്ടി മരിക്കുകയും ചെയ്യുക. അവരുടെ വിശ്വാസം ആർജ്ജിക്കുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ആ പ്രധാനപ്പെട്ട രാഷ്ട്രീയ സംഘടനാ ദൗത്യം നിർവ്വഹിക്കുക എന്നതാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കടമ. അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട സന്ദർഭമായി 21-ാം പാർട്ടി കോൺഗ്രസിലേക്കുള്ള രേഖകൾ തയ്യാറാക്കി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഞങ്ങൾക്കുള്ള കുറവുകൾ പരിഹരിച്ച് ജനവിശ്വാസം വീണ്ടെടുക്കാനുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തുക എന്നുള്ളത് പാർട്ടി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ നിങ്ങൾ ഈ കാര്യത്തിൽ ഗൗരവതരമായി....... ഇപ്പോൾ ഗോവധ നിരോധനം തുടങ്ങി ഒരുപാട് പ്രശ്നങ്ങൾ...... ഇൻഡ്യൻ ഹിസ്റ്ററി കൗൺസിലിന്റെ ചെയർമാനായി ഡോ. **സുദർശൻ റാവു**വിനെയാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. നാഷണൽ ട്രസ്റ്റിന്റെ ചെയർമാനായ നോവൽ സാഹിത്യകാരൻ ശ്രീ. സേതുവിനോട് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ഒരു

ആർ.എസ്.എസ്-കാരനെ കൊണ്ടുവന്ന് വച്ചിരിക്കുകയാണ്. അവിടെ ഹിസ്റ്ററി കൗൺസിലിന്റെ ചെയർമാൻ ഡോ. **സുദർശൻ റാവു**വിനെ നിയമിച്ചിരിക്കുകയാണ്. ഡോ. **സുദർശൻ റാവു** ഇൻഡ്യയുടെ ചരിത്രകാരൻമാരുടെ പട്ടികയിൽ ഏതെങ്കിലും പ്രഥമസ്ഥാനത്ത് നിൽക്കുന്ന കാറ്റഗറിയിലുള്ളയാളല്ല. രാമായണത്തെകുറിച്ചും മഹാഭാരതത്തെകുറിച്ചും അതിന്റെ ചരിത്രപരമായ പ്രത്യേകതകളെകുറിച്ചും വിശദീകരിക്കാൻ അദ്ദേഹത്തിന് പ്രാപ്തിയുണ്ടാകാം. പക്ഷേ ഇൻഡ്യയുടെ ചരിത്ര കൗൺസിലിന്റെ സ്ഥാനത്ത് ഇരിക്കാൻ ആർഹതയില്ല. ഭാരതത്തിന്റെ ഭാവി ചരിത്രം പ്രത്യേക രൂപത്തിലേയ്ക്ക് ദിശനൽകിക്കൊണ്ട് മുമ്പോട്ട് പോകുന്നതിനുള്ള അജണ്ടയാണ് ഇപ്പോഴുള്ളത്. അതിന്റെ ഭാഗമായല്ലേ ആസ്ട്രേലിയയിൽ പോയി ഗാന്ധിജിയുടെ പ്രതിമയ്ക്ക് മുൻപിൽ പ്രണാമം നടത്തി അനാച്ഛാദനം നടത്തി ലോകത്തിലെ പത്രക്കാരോട് ഗാന്ധിസം അംഗീകരിക്കുന്നുവെന്നും ഗാന്ധിസം നടപ്പാക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്നും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി പറഞ്ഞത്. ഹിറ്റ്ലറും ഇതാണ് പറഞ്ഞത്. കോൺസെൻട്രേഷൻ ക്യാമ്പുകളിൽ കൊണ്ടുപോയി കമ്മ്യൂണിസ്റ്റുകാരെയും ജനാധിപത്യവാദികളെയും കത്തോലിക്കരേയുമെല്ലാം തീയിലിട്ട് ചുട്ടെരിച്ചതിനുശേഷം ഹിറ്റ്ലർ പറഞ്ഞത് ഞങ്ങൾ നടപ്പാക്കുന്നത് നാഷണൽ സോഷ്യലിസമാണെന്നാണ്. അങ്ങനെ

പ്രഖ്യാപിച്ച ഹിറ്റ്ലറിസത്തിന്റെ അഭിനവ ഇൻഡ്യൻ പ്രതിരൂപമായി പങ്കുവഹിക്കുകയാണ് നമ്മുടെ പ്രധാനമന്ത്രിയെന്നുള്ളത് ആരെങ്കിലും വിമർശിച്ചാൽ അവരെ ഒരിക്കലും കുറ്റം പറയാൻ കഴിയാത്ത വിധത്തിലുള്ള മാപ്പർഹിക്കാത്ത തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ആപത്ത് മനസ്സിലാക്കി ദേശീയ രാഷ്ട്രീയത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തുന്നതിന് പകരം അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ മറവിൽ രാജ്യത്തെ വിസ്മരിക്കുക എന്ന അജണ്ടയിലേയ്ക്ക് കോൺഗ്രസ് പാർട്ടി പോകുന്ന എന്നുള്ളതാണ് നിങ്ങൾ നടത്തുന്ന ചർച്ചയുടെ സാരാംശം എന്നത് അതീവ ഗൗരവത്തോടുകൂടി കാണണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്.

കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ മതനിരപേക്ഷതയെക്കുറിച്ച് ഒരു വാക്കില്ലെന്ന് പറഞ്ഞു. നയപ്രഖ്യാപനത്തിന് ഒരു കടലാസിന്റെ വിലപോലും കൽപ്പിക്കുന്നുണ്ടോ; കഴിഞ്ഞ പ്രാവശ്യം 2014-ൽ specific high priority electronics ഉൽപ്പന്നങ്ങൾ ഭാരത സർക്കാരിന്റെ സഹായത്തോടെ രണ്ട് ഇലക്ട്രോണിക്സ് ഉൽപ്പാദക ക്ലസ്റ്ററുകളും കൊച്ചിയിൽ സ്ഥാപിക്കും, സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായി കൂടുതൽ വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കും, സംസ്ഥാന ഡേറ്റ

കേന്ദ്രത്തെ ക്ലൗഡ് എനേബിൽഡ് ആക്കും, ഡിജിറ്റൽ കേരളയുടെ ഭാഗമായി കേരളത്തിൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് നടപ്പാക്കും, തിരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കും, കായിക മേഖലയിൽ സ്പോർട്സ് കോളേജ് സ്ഥാപിക്കും, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ദേശീയ ലബോറട്ടറി നിലവാരം ഉയർത്തും, നട്ടെല്ലിന് അസുഖം ബാധിച്ചിട്ടുള്ളവർക്ക് മെഡിക്കൽ കോളേജിൽ പ്രത്യേകം റീജിയണൽ സ്പൈനൽ ഇൻജ്വറി യൂണിറ്റുകൾ സ്ഥാപിക്കും, എല്ലാ മെഡിക്കൽ കോളേജുകളും മിനി ആർ.സി.സി.യായി ഉയർത്തും, സർക്കാർ ഹോമിയോ കോളേജ് പദവി ഉയർത്തി ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി തുടങ്ങും, പ്രകൃതി വാതകം ഉപയോഗിച്ച് 400 മെഗാവാട്ടിന്റെ വൈദ്യുതി പദ്ധതി ബ്രഹ്മപുരത്ത് തുടങ്ങും, കൊച്ചി നഗരത്തിലെ തേവരയിൽ പുതിയ ബസ് ടെർമിനൽ ആരംഭിക്കും, ആലപ്പുഴ, കുമരകം മറ്റ് വിനോദസഞ്ചാരകേന്ദ്രങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുമെന്നും തേവരയിൽ ടൈടോക്ക് നിർമ്മിക്കുമെന്നുമെല്ലാം കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളാണ്. ഇതിൽ ഏതെങ്കിലുമൊന്ന് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; നയം പ്രഖ്യാപിച്ചിട്ട് അതിന് കടലാസിന്റെ വിലപോലും കൽപ്പിക്കാത്ത ഒരു സമീപനവും നയവുമാണ് ഭരണപരമായ പ്രവർത്തനത്തിൽ തുടർന്നുകൊണ്ടിരിക്കുന്നത്. ചില

കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എറണാകുളത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ആവർത്തിച്ച് പറഞ്ഞു. പക്ഷേ ഇപ്പോഴതിന്റെ സംഘാടകരും പ്രവർത്തകരുമെല്ലാം അതിനിശിതമായ വിമർശനങ്ങളുമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഏറ്റവും പ്രധാനപ്പെട്ടതായി കണക്കാക്കി നിരന്തരമായ മോണിറ്ററിംഗും ഇടപെടലുകളും നടത്തി ഇത് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്ന് ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും ആവശ്യപ്പെടുകയാണ്. അവിടെ സമിതി ചേർന്ന് നിശിതമായ വിമർശനത്തോടുകൂടിയുള്ള പ്രമേയങ്ങൾ പാസ്സാക്കുകയും അവ പത്രത്തിൽ വരുകയും ചെയ്തിട്ടുണ്ട്.

മറ്റൊരു കാര്യം, എൽ.എൻ.ജി. പദ്ധതിയെ സംബന്ധിച്ചുള്ളതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രയോറിറ്റി ഊർജ്ജ വികസന പദ്ധതിക്കുള്ള പശ്ചാത്തലം ഒരുക്കുക എന്നുള്ളതിനെ ആശ്രയിച്ചിട്ടാണ്. തലച്ചോറ് ക്ലിയറായാൽ പിന്നെ ബാക്കി അവയവങ്ങളെ ബാധിക്കില്ല. വ്യവസായങ്ങളുടെ വ്യവസായമാണ് വൈദ്യുതി. ഊർജ്ജ ഉൽപ്പാദന രംഗത്തുള്ള ഏറ്റവും പ്രധാനപ്പെട്ട റോ മെറ്റീരിയൽ ആണ് എൽ.എൻ.ജി. അത് ഉപയോഗപ്പെടുത്തുന്നതിന് നമ്മുടെ നിയമസഭയിൽ അടിയന്തര പ്രമേയം ചർച്ച

ചെയ്യപ്പെട്ടു. അല്ലാതെയുള്ള പ്രത്യേക പ്രമേയത്തിലൂടെയും ചർച്ച വന്നു. സാമാജികർ ചർച്ചയിൽ പങ്കെടുത്തു. അടിയന്തര ഇടപെടൽ നടത്തികൊണ്ട് പ്രശ്നത്തിൽ പരിഹാരം കാണുന്നതിൽ വേണ്ടത്ര പ്രാധാന്യം തിരക്കിനിടയിൽ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇത് ഫങ്ഷൻ ചെയ്യിട്ടില്ലെങ്കിൽ, ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി കാണുന്നില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭാവി വികസനത്തിന്റെ ഒരു ഇരുട്ടായിരിക്കുമതെന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകം പറയുകയാണ്.

കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, ആർട്ടിസാൻസ്, ഈറ്റ, പനമ്പ് തുടങ്ങിയ നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ ഇന്ന് തകർച്ചയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അവയെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് ഫലപ്രദമായി ഇടപെടണം. ഈ സഭയിലെ തന്നെ അംഗമായിട്ടുള്ള ഡോ. ടി.എം. തോമസ് ഐസക് നേതൃത്വം കൊടുക്കുന്ന കയർ തൊഴിലാളികളുടെ മാർച്ച് തിരുവനന്തപുരം ജില്ലയിലേയ്ക്ക് പ്രവേശിക്കുകയാണ്. സെക്രട്ടേറിയറ്റ് മാർച്ച് 12-ന് ഇവിടെ നടക്കുകയാണ്. അനിശ്ചിതകാല സമരം നടക്കുകയാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ ശ്രീ. പി.കെ. ഗുരുദാസൻ രാവിലെ ഉന്നയിച്ചിരുന്നു.

ആർട്ടിസാൻസ് മേഖല, കൈത്തറി, ഈറ്റ, പനമ്പ് തുടങ്ങി മേഖലകളിലും...... മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം മീനാകുമാരി കമ്മീഷൻ റിപ്പോർട്ടും സയ്യാറാവു റിപ്പോർട്ടും സി.എം.എഫ്.ആർ.ഐ. തീരപ്രദേശത്തെ ഫിഷർമാനെ സംബന്ധിച്ച് ഒരു മരണ വാറണ്ടാണ്. തീരപ്രദേശത്ത് ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളിക്ക് മത്സ്യബന്ധനം നടത്താനുള്ള അവകാശം നമ്മുടെ ഈ നിയമസഭ ഏകകണ്ഠമായി 2006-ൽ അംഗീകരിച്ചതാണ്. സുപ്രീംകോടതി വിധിയെ മറികടന്നുകൊണ്ട് ആ നിയമത്തിന് എതിരായിട്ടുള്ള ഒരു റിപ്പോർട്ടാണ് ഇപ്പോൾ സി.എം.എഫ്.ആർ.ഐ. കൊടുത്തിരിക്കുന്നത്. നമ്മുടെ തീരപ്രദേശത്തെ ജനങ്ങളെ സംബന്ധിച്ച് അവർക്ക് നേരെയുള്ളൊരു കൊലക്കയറാണ് യഥാർത്ഥത്തിൽ വന്നുകൊണ്ടിരിക്കുന്നത് എന്ന് കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് ആ കാര്യത്തിൽ അടിയന്തര സ്വഭാവത്തിൽ ഇടപെടണം എന്ന് ഞാൻ ഈ പ്രത്യേക സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

ഇവിടെ രാവിലെ ചർച്ചചെയ്ത വിഷയത്തിലേയ്ക്ക് വീണ്ടും കടക്കുന്നില്ല, കുറെയേറെ വിശദീകരിക്കപ്പെട്ടതാണ്. ഇവിടെ എന്നെ ഉദ്ധരിച്ച്, ഉദ്ധരിച്ച് പറയേണ്ട കാര്യമില്ല, ഞാൻ വിമർശിക്കും, ഞാൻ പറയും, ഞാൻ പറയില്ല, എന്നൊക്കെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞുവല്ലോ? ഇവിടെ സഭയ്ക്ക്

അറിയേണ്ട ഒരു കാര്യമുണ്ട്. തൃശ്ശൂരിലെ ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരനെ അതിദാരുണമായി കൊലപ്പെടുത്തിയ കേസ്, രണ്ട് കാസറ്റ് എന്റെ കയ്യിലുണ്ട്, രണ്ട് സി.ഡി. യും ഉണ്ട്, അതിലൊന്ന് ഇപ്പോൾ പബ്ലിഷ് ചെയ്യുന്നു. മറ്റൊന്ന് പിന്നെ പബ്ലിഷ് ചെയ്യും. ഇപ്പോൾ പബ്ലിഷ് ചെയ്തതിൽ ഡി.ജി.പി. ഇടപെട്ട കാര്യങ്ങളും, എ.ഡി.ജി.പി. കൃഷ്ണമൂർത്തി എസ്.പി. യോട് സംസാരിക്കുന്നതും, സ്വാമി എന്നു പറയുന്നതും, സ്വാമി ആര് എന്നതിനെ വ്യഖ്യാനിക്കുന്നതും ഒക്കെക്കൂടി ഒരുപാട് വാദപ്രതിവാദങ്ങളൊക്കെ നടന്നു. അതിനോട് ഹോം മിനിസ്റ്റർ ബഹുമാനപ്പെട്ട രമേശ് പ്രതികരിച്ചു ഡി.ജി.പി.യുമായി......... ആ കാസറ്റിൽ യാതൊരു എവിഡൻസുമില്ല, ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്ററും പറഞ്ഞു. ശ്രീ. ജോർജ് മറ്റൊരു പ്രധാനപ്പെട്ട ഗൗരവമുള്ള പ്രശ്നം ഉന്നയിച്ചു, പേര് പറയാതെ, രണ്ട് എം.എൽ.എ. മാർ ഈ കേസിൽ നിന്ന് അവരെ രക്ഷിക്കുവാൻ 6 കോടി രൂപ വാങ്ങിച്ചിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു. നമ്മളെല്ലാപേരും ഇവിടെ ജീവനോടെ ഇരിക്കുകയാണ്. അത് കോൺഗ്രസ്സ് എം.എൽ.എ. മാരാണ് എന്നും അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ രാജ്യത്ത് നടന്ന

ഞെട്ടിപ്പിക്കുന്ന, ഏറ്റവും ഭയാനകമായ, ഒരു കൊലപാതകത്തിന്റെ പ്രശ്നത്തിൽ ആ കുറ്റവാളികൾക്ക് സംരക്ഷണം നൽകി, കേസ് അട്ടിമറിക്കുവാൻ വേണ്ടി കാശുവാങ്ങി എന്ന് ഗുരുതരമായ പ്രശ്നം ഈ കേരള സമൂഹത്തിന്റെ മുൻപിൽ ഉന്നയിച്ചത് ഞങ്ങളാരുമല്ല, ഗവൺമെന്റിന്റെ ചീഫ് വിപ്പാണ്. ഗവൺമെന്റിന്റെ ചീഫ് വിപ്പ് പറയുന്നതാണ്, ഞങ്ങൾ ക്വാട്ട് ചെയ്യുന്നത്. ക്വാട്ട് ചെയ്യുന്ന ഞങ്ങളെ കുറ്റക്കാരാക്കരുത്. പറഞ്ഞത് ഉത്തരവാദിത്വത്തോടുകൂടി ഗവൺമെന്റ് ചീഫ് വിപ്പാണ്. മന്ത്രി പദവിക്ക് തുല്യമാണല്ലോ? താലിഭാഗ്യം ഉണ്ടായില്ലങ്കിലും പുത്രഭാഗ്യം ഉണ്ടായി എന്നു പറയുന്നതുപോലെ ഉള്ളതാണ് അത്, പിതാവായി, പക്ഷെ താലി കെട്ടിയില്ല. മന്ത്രിയുടെ റാങ്ക് ഉണ്ട്, മന്ത്രിയുടെ വകുപ്പില്ല. മന്ത്രിയുടെ സ്ഥാനം ഉള്ളതാണ് ചീഫ് വിപ്പ്, ഇവിടെ മറ്റൊരു സംശയം, ചോര പുരണ്ട വസ്ത്രങ്ങൾ കത്തിച്ചു കളഞ്ഞുവെന്നും, നിസാമിന് ജയിലിൽ വി.ഐ.പി. പരിഗണന കൊടുത്തുവെന്നും, പ്രത്യേകമായ ഭക്ഷണം വാങ്ങി കൊടുത്തുവെന്നും, മരണമൊഴി എടുത്തില്ലാ എന്നും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ചപ്പോൾ നാട്ടുകാർ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി മരണമൊഴി എടുത്തില്ലാ എന്ന്. ഇത്തരം

സാഹചര്യങ്ങളിൽ പോലീസിന്റെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയെ സംബന്ധിച്ച് പ്രത്യേകം അന്വേഷിക്കുവാൻ, കേസ് അല്ല അത് അതിന്റെ വഴിക്ക്, ഈ വീഴ്ചയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് മുൻപോട്ട് വരിക. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. പി.സി.ജോർജ് പറഞ്ഞിട്ടുള്ള കാര്യം അങ്ങേയറ്റം ഗൗരവമുള്ള ഒരു ആരോപണമാണ്. നിയമസഭാ സാമാജികരായി നമ്മൾ ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ നമ്മുടെ മാനാഭിമാനത്തെ ചോദ്യം ചെയ്യുന്ന പ്രശ്നമാണ് ഉയർന്നുവന്നിരിക്കുന്നത്. ഇതിന് ഉത്തരം തേടേണ്ടതുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് അഭിപ്രായം പറയേണ്ടതുണ്ട്. ഗവൺമെന്റിന്റെ മറുപടി പ്രതീക്ഷിച്ചുകൊണ്ട്, ഞാൻ ഈ പ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ........ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 മാർച്ച് മാസം 11-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും

സമ്മേളിക്കുന്നതിലേക്കായി സഭ വൈകിട്ട് 7.45-ന് പിരിഞ്ഞു.)

********